
www.malankaralibrary.com



www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# വിജ്ഞാനവാടി

വിവർത്തകൻ:

ചാക്കോ ശാസ്ത്രി, റാന്നി.

വെരാപ്പുഷ്പമുദ്രാലയം,
മഞ്ഞുമ്മൽ.
1956.

പകർപ്പവകാശം വിവർത്തകന്.

www.malankaralibrary.com

Imprimatur

Rt. Rev Zacharias Mar Athanasios,
*Bishop of Tiruvalla.*

TIRUVALLA,
25-11-55.

www.malankaralibrary.com

# സമർപ്പണം

കേരളകേദാരത്തിൽ താരും തളിരുമണിഞ്ഞു പരിരമ്യമായ് നിൽക്കുന്ന പുനരൈക്യ തരുവിൻെറ ശീതളപ്പുരപ്പിലേക്ക്, അലഞ്ഞുതിരിഞ്ഞ ആയിരങ്ങളെ ആനയിച്ചാശ്വസിപ്പിച്ച ആ രണ്ടു മഹജ്ജീവിതങ്ങൾക്ക്, ദിവംഗതരായ മാർ ഈവാനിയോസ് തിരുമനസ്സിലേയും മാർ സേവേറിയോസു തിരുമനസ്സിലേയും പാവനസ്മരണയ്ക്ക്.

www.malankaralibrary.com

# മറിച്ചുനോക്കിയാൽ


| അദ്ധ്യായം | | പേജ് |
|---|---|---|
| 1. | സജ്ജന സംസർഗ്ഗം നേടുക; | 1 |
| 2. | പിശാചിന്റെ കെണികളെ തട്ടിമാററുക | 3 |
| 3. | ദൈവത്തെ അന്വേഷിക്കുന്നതു് പരമജ്ഞാനം | 6 |
| 4. | നമ്മിൽ കുടികൊള്ളുന്ന തിന്മകളോടു പോരാടുക | 7 |
| 5. | ഭക്തിക്കുതകുന്ന കൃപാവരം | 9 |
| 6. | ദൈവവചനം ശ്രദ്ധയോടെ പാരായണം ചെയ്യുക | 10 |
| 7. | പ്രയാസങ്ങളിൽ ദിവ്യ സാന്ത്വനം | 12 |
| 8. | വിശുദ്ധാത്മാവിൽ അന്തഃകരണത്തിന്റെ ആഹ്ലാദം | 14 |
| 9. | വിനീത സഹോദരന്മാരുമായുള്ള സംഭാഷണം | 17 |
| 10. | മനുഷ്യഹൃദയത്തിന്റെ അസ്ഥിരത | 20 |
| 11. | കഷ്ടകാലത്തിൽ ദൈവത്തെ ആശ്രയിക്കുക | 23 |
| 12. | പ്രാർത്ഥനയും സത്ഗ്രന്ഥ പാരായണവുംമൂലമുള്ള നന്മ | 25 |
| 13. | ഔദാര്യത്തിന്റെ വൈശിഷ്ട്യവും ഫലങ്ങളും | 31 |
| 14. | പ്രലോഭനങ്ങൾക്കെതിരായി ജാഗ്രത | 36 |
| 15. | പരസ്പരം സഹിക്കുക | 38 |
| 16. | ദൈവസ്നേഹവും ലോകനിന്ദയും | 41 |
| 17. | നമ്മുടെ കർത്താവിനെ അനുകരിക്കുക | 46 |
| 18. | എക്കാലവും ദൈവത്തെ സ്തുതിക്കുക | 52 |


# താമരപ്പൊയ്ക


| | | |
|---|---|---|
| 1. | മനുഷ്യജീവിതത്തിന്റെ മൂന്നു വശങ്ങൾ | 53 |
| 2. | ദൈവമഹത്വത്തെക്കുറിച്ച് | 56 |
| 3. | ഭക്തനെ പ്രാതികൂല്യങ്ങളാൽ പരിശോധിക്കുന്നു | 57 |
| 4. | ദൈവസ്നേഹിതന്മാർ | 59 |
| 5. | സർവ്വനന്മകളും കൃതജ്ഞത | 60 |
| 6. | ആത്മാവു് കുരിശുമായി സംയോജിക്കുന്നു | 62 |
| 7. | പരിശുദ്ധൻ ദൈവത്തോടുകൂടെ വ്യാപരിക്കുന്നു | 63 |
| 8. | ഹൃദയസമാധാനം | 64 |

www.malankaralibrary.com




| അദ്ധ്യായം | | പേജ് |
|---|---|---|
| 9. | ദൈവമുമ്പാകെ സ്വയം പരിശോധിക്കുക | 66 |
| 10. | പ്രലോഭനങ്ങൾക്കെതിരായ പ്രാർത്ഥനയും ജാഗരണവും | 67 |
| 11. | ദുരഭിമാനവും ജഡികതിന്മകളും ദൂരീകരിക്കുവാൻ നിത്യശിക്ഷയെക്കുറിച്ചു് ഭീതി | 70 |
| 12. | കർത്താവിന്റെ പീഡാനുഭവത്തെ സ്മരിക്കുക | 72 |
| 13. | ഈശോയുടേയും തന്റെ മാതാവായ വി. കന്യക മറിയാമിന്റേയും നാമം വിളിച്ചപേക്ഷിക്കുക | 74 |
| 14. | തിന്മക്കെതിരായി പോരാടുക | 78 |
| 15. | സ്ഥൈര്യം | 80 |
| 16. | പീഡ സഹിക്കുന്നതിലുള്ള ദിവ്യ ആശ്വാസം | 82 |
| 17. | എല്ലായ്പ്പോഴും മനസ്സാക്ഷിയെ കാത്തുകൊള്ളുക | 84 |
| 18. | ഏകാന്തതയും മൗനവും | 87 |
| 19. | അഗതികളുടെ സഹായം | 93 |
| 20. | രോഗിയും ദരിദ്രനുമായ ലാസർ | 96 |
| 21. | വി. ലിഖിതങ്ങൾ നന്നായി പഠിക്കുക | 99 |
| 22. | ക്രിസ്തുവിനെപ്രതി ക്ഷമിക്കുക | 103 |
| 23. | വിനീതനായ സന്യാസിയുമായി സല്ലപിക്കുക | 104 |
| 24. | ബുദ്ധിപൂർവ്വം സംസാരിക്കുക. ഔദാര്യപൂർവ്വം വർത്തിക്കുക | 107 |
| 25. | അനിശ്ചിതമായ മരണം | 110 |
| 26. | നിത്യമഹത്വം | 115 |
| 27. | ദൈവഭക്തന്റെ പ്രാർത്ഥന | 119 |
| 28. | ദൈവവുമായുള്ള ഹൃദയൈക്യം | 121 |
| 29. | സത്യസമാധാനം ദൈവത്തിൽമാത്രമന്വേഷിക്കുക | 124 |
| 30. | നമ്മുടെ ലക്ഷ്യം ദൈവത്തിങ്കലേക്ക് | 127 |
| 32. | യേശുവിനോടും പരിശുദ്ധന്മാരോടുമുള്ള വി. കൂട്ടായ്മ | 130 |
| 34. | ദൈവം തന്നേ നിന്റെ പരമലക്ഷ്യം | 136 |

www.malankaralibrary.com

# കുറഞ്ഞൊന്നു പറഞ്ഞോട്ടേ

ഈ പുസ്തകം പ്രഖ്യാതമായ ക്രിസ്താനുകരണ കർത്താവിന്റേതുതന്നെയാണ്. ആദ്ധ്യാത്മിക ജീവിതത്തിനുതകിയ ഇത്തരം അനേകം കൃതികൾ അദ്ദേഹം ചമച്ചിട്ടുണ്ട്. എന്നുവെച്ചാൽ ഏതാണ്ടു പത്തുനാല്പതിൽപ്പരം പുസ്തകങ്ങൾ രചിച്ചിട്ടുണ്ടെന്ന്. അതിൽ പലതും ഇനിയും നാം കണ്ടിട്ടില്ല. വേദപുസ്തകത്തിന്റെ അടുത്ത സ്ഥാനമാണ് 'ക്രിസ്താനുകരണ'ത്തിനു ക്രൈസ്തവലോകം നൽകിയിരിക്കുന്നത്. വി. പൗലോസിനെപ്പോലെ ആദ്ധ്യാത്മിക ജീവിതത്തിന്റെ തത്വശാസ്ത്രവും പ്രായോഗികത്വവും അനുഭവത്തിലൂടെയും ഗ്രന്ഥപാരായണത്തിലൂടെയും നന്നായി ഗ്രഹിച്ചു തികഞ്ഞൊരു ഭക്തനും പണ്ഡിതനുമത്രേ തോമ്മസു അക്കെമ്പീസ്.

ക്രിസ്താനുകരണം, മിശിഹാനുകരണം, ക്രിസ്തുദേവാനുകരണം ക്രിസ്താനുഗമനം മുതലായ ഭിന്നനാമങ്ങളിൽ അറിയപ്പെടുന്ന Imitation of Christ എന്ന ഗ്രന്ഥം കെമ്പീസിലെ തോമ്മസിന്റേതുതന്നെയോ എന്നു സംശയമുണ്ട്. കാനൻസ് റെഗുലർ (Canons Regular) എന്ന സന്യാസിസഭാംഗമായ തോമ്മസ് അക്കെമ്പീസു (1308–1471) തന്നെയാണ് അതു പ്രഥമതഃ പ്രസിദ്ധീകരിച്ചത്.

അദ്ദേഹം ഹോളണ്ടിൽ വിൻഡേഷയി (Windesheim) എന്ന സ്ഥലത്തുണ്ടായിരുന്ന വി. ആഗസ്തിന്റെ ആശ്രമത്തിൽ ജീവിച്ചിരുന്നു. ആദ്ധ്യാത്മിക ജീവിതത്തിനുതകുന്ന ഈ കൃതികളെല്ലാം, അദ്ദേഹം സന്യാസിസഹോദരന്മാരുടെ ആദ്ധ്യാത്മിക ഗുരുവായിരുന്നപ്പോൾ, അവരുടെ ഉപദേശത്തിനുവേണ്ടി രേഖിച്ചവയാണത്രേ. ക്രിസ്താനുകരണത്തിലെ ചില ഭാഗങ്ങൾ, അഗാധചിന്തകനും തോമ്മസു അക്കെമ്പീസുൾപ്പെട്ട സഭയുടെ സ്ഥാപകനുമായ ഡീക്കൻ ജെരാർഡു ഗ്രോട്ടു (Gerard Grote 1340–1384) എഴുതിയതാണെന്നു അടുത്ത കാലത്തു കണ്ടുകിട്ടിയിട്ടുള്ള തെളിവുകളിൽനിന്നു അനുമിക്കുന്നു. ആദ്യപതിപ്പിൽ പേരില്ലാതിരുന്നതുകൊണ്ടും മററും പിൽക്കാലത്ത് ഇതിന്റെ കർത്തൃത്വം പലരിലും ആരോപിതമായിട്ടുണ്ട്. എങ്കിലും സർവ്വ

www.malankaralibrary.com



സാധാരണമായ അഭിപ്രായം തോമ്മസ് അക്കെമ്പീസിന്റേതു തന്നെയെന്നാത്രേ.

കത്തോലിക്കർ മാത്രമല്ല, സകല ക്രിസ്തീയ വകുപ്പുകാരും അക്കെമ്പീസിന്റെ ഗ്രന്ഥത്തെ പ്രത്യേകിച്ചു ക്രിസ്ത്യാനുകരണത്തെ കാര്യമായി മതിക്കുകയും അനുദിനം പാരായണം ചെയ്കയും ചെയ്യുന്നുണ്ട്. ആദ്ധ്യാത്മിക ജീവിതത്തിലെ വഴിത്താര കുസുമാസ്തൃതമല്ല, കണ്ടകാകീർണ്ണമാണെന്നും അതിന്റെ അന്ത്യം സുമോഹനവും സുനിശ്ചിതവും നിത്യാനന്ദപ്രദായകമെന്നും സയുക്തികം അദ്ദേഹം വിവരിച്ചു തെളിയിക്കുന്നു. മനഃശാസ്ത്രപരമായ അതിരിങ്കലൂടെ നമ്മെ വഴി നടത്തുന്നതുമൂലം അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾക്കൊരു പ്രത്യേകതയുണ്ട്.

ഇതിന്റെ മൂലം The garden of Rose & the Valley of lilis എന്ന ഒരു ഇംഗ്ലീഷ് പുസ്തകമാണ്. റവ. കരുവിള പാറക്കടവിൽ, തോമ്മസു പാറേക്കാടൻ എന്നിവർ ചേർന്നു ഇതിലെ കുറച്ചു് അദ്ധ്യായങ്ങൾ വിവർത്തനം ചെയ്തു. പൂർത്തിയാകുന്നതിനു മുന്നമേ 1952–ലേ ജൂബിലി പ്രമാണിച്ചു് നേരത്തേ അവർക്കു വൈദികപട്ടം ലഭിച്ചു. പൂർത്തിയാക്കാതിരുന്ന ഇതിന്റെ മൂലഗ്രന്ഥം അങ്ങനെ എന്റെ പക്കൽ എത്തി. അവരുടെ വിവർത്തനം നോക്കാതെ അനുദിനം വായിക്കുന്ന ഭാഗങ്ങൾ ഞാൻ ഭാഷാന്തരീകരിച്ചുപോന്നു.

ഒരു കൊല്ലംകൊണ്ടു വിവർത്തനം പൂർത്തിയായെങ്കിലും പലേ കാരണങ്ങളാലും ഇപ്പോഴേ പ്രകാശിപ്പിക്കാൻ കഴിഞ്ഞുള്ളു. ഇതിന്റെ പ്രഥമ പ്രസിദ്ധീകരണഭാരം സദയം കൈയ്യേററ ചെറുപുഷ്പം പ്രസ്സ് മാനേജർക്കും, ഭാഷാപരമായ തിരുത്തലുകൾ നൽകി പ്രോത്സാഹിപ്പിച്ചു ഭാഷാകുശലനും സാഹിത്യവിശാരദനുമായ റവ. വറഗീസ് കിളിച്ചിമല അവർകൾക്കും നമോവാകം.

അകത്തോലിക്കനായി ജനിച്ചുവളർന്നു എനിക്കും മററനേകായിരങ്ങൾക്കും കത്തോലിക്കാ തിരുസഭയിലേക്കുള്ള മനോജ്ഞപാത വെട്ടിത്തുറന്നു തന്ന രണ്ടു പ്രശസ്ത വ്യക്തികൾക്ക് ഇതു സമർപ്പിക്കുക സമുചിതമെന്നു കരുതുന്നു. കേരള ക്രൈസ്തവനഭസ്സിൽ ഉദിച്ചുയർന്നു വിരാജിച്ച ഒരു പൊൽത്താരമായിരുന്നു, കർമ്മധീരനും ധർമ്മയോഗിയും പണ്ഡിതശ്രേഷ്ഠനും ബുദ്ധിരാക്ഷസനും ക്രാന്തദർശിയും സന്യാസിവര്യനും സമുദായരക്ഷകനും ഒരു

www.malankaralibrary.com



മെത്രാപ്പോലീത്തായുമായിരുന്ന മാർ ഈവാനിയോസു തിരുമനസ്സുകൊണ്ടു്. ആ പാവനനാമം കേരളത്തിനു മാത്രമല്ല അഖിലക്രൈസ്തവലോകത്തിനും പുളകച്ചാർത്തണിയിച്ചതാണു്.

അദ്ദേഹം വെട്ടിത്തുറന്ന പാതയിലൂടെ പുനരൈക്യ രഥത്തെ നേരാംവണ്ണം നയിച്ച വേറൊരു സാരഥിയായിരുന്നു, തേജഃപ്രകാണ്ഡമായിരുന്ന ദിവംഗതനായ മാർ സേവേറിയോസു തിരുമനസ്സുകൊണ്ടു്. ആ രണ്ടു മഹാരഥന്മാരുടെ നാമം എനിക്കു അവിസ്മരണീയമാണു്, പുളകോത്‌ഗമകാരിയാണു്.

ഈ ആദ്ധ്യാത്മിക ഗ്രന്ഥം പാരായണം ചെയ്യുന്ന എല്ലാവരോടും സപ്രശ്രയം ഞാനഭ്യർത്ഥിക്കുന്നു ആ വന്ദ്യപിതാക്കന്മാരുടെ പ്രവർത്തനങ്ങളെ അതിവേഗം പൂർത്തിയാക്കാൻ നിങ്ങൾകൂടി ഒന്നു സഹായിക്കേണമെയെന്നു്. ഇനിയും അനേകം ലക്ഷം അകത്തോലിക്കർ നമ്മുടെ നാട്ടിൽ ശേഷിച്ചിട്ടുണ്ടു്. വിശ്വാസവൈപരീത്യത്തിലും ആശയക്കുഴപ്പത്തിലും അബദ്ധധാരണയിലുമാണു് അവരിൽ അനേകരും. സത്യത്തിന്റെ വെള്ളിദീപം അവർക്കുകൂടി ലഭിക്കുവാൻ, ഒരു കർത്താവും ഒരു വിശ്വാസവും ഒരു മാമോദീസായുമാകുവാൻ, എല്ലാവരും ക്രിസ്തുവിൽ ഒന്നാകുവാൻ നിങ്ങളുടെ പങ്കു നിർവ്വഹിക്കേണമെ.

ഈ ഗ്രന്ഥം നിങ്ങൾക്കു ആന്തരീകാനന്ദവും ആശ്വാസവും അനവരതമരുളട്ടെയെന്ന ആശംസയോടെ:

വിവർത്തകൻ:
ചാക്കോ ശാസ്ത്രി, റാന്നി.

www.malankaralibrary.com

# വിജ്ഞാനവാടിക

## അദ്ധ്യായം 1.

സജ്ജന സംസർഗ്ഗം നേടുക;
ദുർജ്ജന സഹവാസം വെടിയുക.

അനുയോജ്യരായ സുഹൃത്തുക്കളെ നേടുക;
അഹിതരെ പരിത്യജിക്കുക.

"നീ വിശുദ്ധരോടുകൂടി വിശുദ്ധനും; അശുദ്ധരോടുകൂടി അശുദ്ധനുമാകും. സങ്കി. 17. 26.

കർത്താവിൽ പ്രിയ സഹോദരാ, നീ ദുഷ്ടനോടും വക്രബുദ്ധിയുള്ളവനോടും ചേർന്നു വഷളാകാതിരിപ്പാൻ സൂക്ഷിക്കുക. നിയമവിധേയരല്ലാത്തവരോടു ചേരാതിരിക്കയും വിശിഷ്ടന്മാരെ സമീപിക്കയും ചെയ്യുക. വിജ്ഞാനികളും നിയമം പാലിക്കുന്നവരുമായ അവരിൽനിന്നു വിശിഷ്ടങ്ങളും ആശ്വാസദായകങ്ങളും സംസ്കാരസമ്പുഷ്ടങ്ങളുമായ വചനങ്ങൾ നിനക്കു കേൾക്കാം.

ജ്വലിക്കുന്ന കനൽ തണുത്ത കല്ക്കരിയിൽ ഇട്ടു എരിയിച്ചാൽ ചൂടും വെളിച്ചവും ലഭിക്കുന്നതുപോലെ ഭക്തിയും തീഷ്ണതയുമുള്ള ഒരു സഹോദരന്റെ സാമീപ്യം അഭക്തനായ ഒരുവനെ തീഷ്ണഭക്തനും ഗുണവാനുമാക്കിത്തീർക്കും. നന്മയുടെ മാധുര്യം അനുഭവപ്പെടുകയും അറിവിൽ അഭിവൃദ്ധി ഉണ്ടാകയും ചെയ്യും.

ക്രിസ്തുവിനെ പിൻചെന്നതുകൊണ്ടു് അപ്പസ്തോലന്മാർ വിശുദ്ധരാകയും വിശുദ്ധാത്മാവിനെ പരിപൂർണ്ണമായി പ്രാപിക്കുകയും ചെയ്തു.

www.malankaralibrary.com



അങ്ങിനെതന്നെ വി. പത്രോസിനെ അനുഗമിച്ചതിനാൽ മാർക്കോസ് സുവിശേഷത്തിൽ നല്ല അറിവുള്ളവനായിത്തീർന്നു. വി. അപ്പൊസ്തോലന്റെ അധരത്തിൽനിന്നു തന്നെയായിരുന്നു അത്യാദരവോടെ അദ്ദേഹമതു ശ്രവിച്ചിരുന്നതു്.

അങ്ങനെതന്നെ, ശൈശവം മുതൽ വി. പൗലോസിനെ അനുഗമിച്ചിരുന്നതുകൊണ്ടു് തിമോത്തെയോസ് വി. ഗ്രന്ഥത്തിൽ സുശിക്ഷിതനായി. കൂടാതെ, കൃപാവരത്തിന്റെ പ്രചോദനത്താൽ എഫേസൂസിലെ മെത്രാനായി അദ്ദേഹം അഭിഷേകം ചെയ്യപ്പെട്ടു. ഏകജാതനായ അരുമസന്താനത്തെ അത്യധികം ലാളിക്കുന്ന ഒരു പിതാവിനെപ്പോലെ, ഹൃദയപൂർവ്വം തന്നെ സ്നേഹിച്ച സ്വഗുരുവിനാലത്രേ അദ്ദേഹം അഭിഷിക്തനായതു്.

ജ്വലിക്കുന്ന തീക്ഷ്ണതയിൽ ജനങ്ങളോടു സുവിശേഷം പ്രസംഗിച്ചവനും വി. ഇഗ്നേഷ്യസിനോടുകൂടെ മഹത്വപൂർണ്ണമായ രക്തസാക്ഷിമകുടം ചൂടിയവനുമായ പോലിക്കാർപ്പും വി. യോഹന്നാൻ സുവിശേഷകന്റെ ശിഷ്യസത്തമനായിരുന്നതുകൊണ്ടു് അപ്രകാരമായി.

വിശ്വമെങ്ങും സുകീർത്തിതനാകയും വി. സഭയുടെ മല്പാന്മാരിൽ പ്രഥമസ്ഥാനീയനാകയും ചെയ്ത അനുഗ്രഹീത പിതാവായ അഗസ്റ്റീനോസും വി. അമ്പ്രോസിനാലാണല്ലൊ ഉപദേശിക്കപ്പെടുകയും സ്നാനിതനാകയും ചെയ്തതു്.

അത്ഭുതപ്രവർത്തനങ്ങളാലും സുകൃതനടപടികളാലും പ്രഖ്യാതനായിത്തീരുകയും ദൈവകൃപയാൽ ആശ്രമാദ്ധ്യക്ഷസ്ഥാനമലങ്കരിക്കുകയും ചെയ്ത യുവയോഗി, മൗവ്വൂരസ്, വി. ബെനഡിക്ടിന്റെ പാദാനുഗാമിയായിരുന്നല്ലോ.

പിന്നെയും, ദൈവത്തെ അത്യധികം സ്നേഹിച്ച ബർണാർഡ്, സിറേറാക്സിലെ ആബട്ടും ബഹുമാന്യനുമായ സ്റ്റീഫന്റെ അന്തേവാസിയായിരുന്നതുകൊണ്ടു് കാന്തിചിന്തുന്ന ആകാശനക്ഷത്രംപോലെ സ്വസഭയിൽ പ്രശോഭിച്ചു.

ഇങ്ങനെ പൗരാണികവും അധുനാതനവുമായ നിരവധി ഉദാഹരണങ്ങൾ നമുക്കു കാണാം. സജ്ജനസംസർഗ്ഗത്താൽ ആത്മരക്ഷ നേടിയവരും ദുർജ്ജനസഹവാസത്താൽ ആത്മരക്ഷ അപകടത്തിലാക്കിയവരും വളരെയെന്നു് ഇതു് തെളിയിക്കുന്നു. സദുപദേശം ഗുണകരവും ദുർഭാഷണം വിനാശകരവുമത്രേ. മത

www.malankaralibrary.com


നവ്രതവും ഏകാന്തതയും ആദ്ധ്യാത്മികാഭിവൃദ്ധിയെ പോഷിപ്പിക്കുന്നു. എന്നാൽ, വ്യഗ്രതയും ലോകബഹളവും ആദ്ധ്യാത്മികവളർച്ചയെ നിരോധിക്കുന്നു.

ഏകനായി ജീവിച്ച് ദൈവശുശ്രൂഷയിൽ വ്യാപൃതനായിരിക്കുക—അല്ലെങ്കിൽ ഭക്തരും വിശുദ്ധരുമായവരോട്ട ചേർന്നു യേശുവിൻെറ സുകൃതജീവിതത്തെക്കുറിച്ച് സംസാരിക്കുക.

വ്യർത്ഥമായ ആകാംക്ഷമൂലം ദിവ്യരഹസ്യങ്ങളെ അളന്നു തിട്ടപ്പെടുത്തുവാൻ ശ്രമിക്കരുത്. പ്രത്യുത, സ്വന്തം തെററുകളെ കണ്ടുപിടിക്കുവാനും ആത്മാവിൻെറ മുറിവുകളെ സുഖപ്പെടുത്തുവാൻ തക്ക പ്രതിവിധികൾ സമ്പാദിപ്പാനും അങ്ങിനെ പരിപൂർണ്ണ ആരോഗ്യം നേടുവാനും നന്നായി ശ്രമിക്കുക.

---

# അദ്ധ്യായം 2

## പിശാചിൻെറ കെണികളെ തട്ടിമാററുക.

"ബുദ്ധിമാൻ ശ്രവിക്കുകയും കൂടുതൽ വിജ്ഞാനിയാകയും ചെയ്യും" സദൃശ: 1. 5.

നന്മയെ സ്നേഹിക്കുന്ന യുവാവേ, നിത്യജ്ഞാനത്തിൻെറ വാക്കുകൾ ശ്രദ്ധിക്കുക. ലോകത്തിൻെറ സകല ജ്ഞാനസമ്പത്തും ഒരുമിച്ച് ചേർക്കുന്നതിലുമധികം പരിജ്ഞാനം ഇതിൽനിന്നു നിനക്കു ലഭിക്കും.

അപ്പൊസ്തോലനായ വി. യോഹന്നാൻ പറയുന്നു: "ലോകത്തെയും അതിലുള്ള യാതൊന്നിനേയും സ്നേഹിക്കരുത്" (യോ. 2. 5.) അമേദ്ധ്യം എന്നപോലെ ദൂരെയെറിയുക, വിഷത്തെയെന്നപോലെ അകലെയുപേക്ഷിക്കണം. നിത്യതയെക്കുറിച്ച് ധ്യാനിക്കുക. അപ്പോൾ, ലൗകികമായ പ്രലോഭനങ്ങൾ നിന്നെ വശീകരിക്കുകയില്ല.

നിൻെറ ആത്മാവിനു മുറിവേല്പിക്കുന്ന സകലത്തേയും ഉപേക്ഷിക്കണം. ഏതെങ്കിലും ഇടർച്ചയ്ക്കു ഹേതുവാകുന്ന ഒരു

www.malankaralibrary.com



വാക്കെങ്കിലും നിൻെറ വായിൽനിന്നും വീഴാതിരിപ്പാൻ ശ്രദ്ധാലുവായിരിക്കുക.

ദൈവശുശ്രൂഷയിൽ നിന്നും നിൻെറ പിതാവ് നിന്നെ പിന്തിരിപ്പിക്കുവാൻ പരിശ്രമിക്കുമ്പോൾ, എനിക്ക് സ്വർഗ്ഗത്തിൽ ഒരു പിതാവുണ്ടെന്ന് അദ്ദേഹത്തോടു സമാധാനം പറയുക.

നിൻെറ മാതാവോ സഹോദരിയോ നിൻെറ അഭിലാഷത്തിനു വിരോധമായി പ്രവർത്തിക്കുന്നപക്ഷം, അവർ മർത്ത്യരാണെന്നും വഞ്ചിക്കപ്പെട്ടാവുന്നവരാണെന്നും സൗമ്യമായി പറയുക. എന്തെന്നാൽ, "എന്നെ സൃഷ്ടിച്ചവൻ എന്നെ നയിക്കു" മെന്നുണ്ടല്ലോ.

ദൈവശുശ്രൂഷയിൽ തന്നെത്തന്നെ പ്രതിഷ്ഠിക്കുന്നവനു് ഒരു കുറവും ഉണ്ടാകയില്ല.

നിൻെറ സ്നേഹിതന്മാരെയെല്ലാം ദൈവപരിപാലനയ്ക്കു ഭരമേല്പിക്കുക. അവരുടെ മാനസാന്തരത്തിനും നിലനില്പിനും നന്മയ്ക്കുംവേണ്ടി പ്രാർത്ഥിക്കുകയാണ് നല്ലത്. എല്ലാററിനുമുപരിയായി, ലൗകികവസ്തുക്കളോടുള്ള വേഴ്ചമൂലം അവർ ദൈവത്തെ ദ്രോഹിക്കുന്നതിനും സ്വർഗ്ഗരാജ്യം നഷ്ടമാക്കുന്നതിനും ഇടവരാതിരിപ്പാൻ പ്രത്യേകം അപേക്ഷിച്ചുകൊള്ളണം.

വ്യഗ്രതയും സദാ സന്ദർശനവും നിൻെറ ഹൃദയത്തെ പരിഭ്രാകുലമാക്കും. എന്നാൽ "ലോകവും അതിൻെറ മോഹവും കടന്നുപോകും" എന്നോർക്കുക. (1 യോ. 2: 17) അങ്ങിനെ നീയും നിൻെറ ഇഷ്ടത്തിനു് വിഷയമായവയെല്ലാം തന്നെയും ഇല്ലാതെയാകും.

2. "വളരെയാകുന്നു സാത്താൻെറ കെണികൾ. ധനവും മാനവും വർദ്ധിക്കുമ്പോൾ പലരും ഉപദ്രവകരവും വിനാശകരവുമായ പ്രലോഭനങ്ങളിൽ വീണുപോകും." (1 തിമോ. 6: 9)

അനുദിന ഭക്ഷണപാനീയങ്ങളിലും കെണികൾ വളരെയുണ്ട്. നിയന്ത്രണമില്ലാത്ത ദൃഷ്ടി, അലസമായ നാവ്, ചഞ്ചലഹൃദയം, സത്പ്രവൃത്തികളിൽ അഭിരുചിയില്ലായ്മ ഇവയിലെല്ലാം ഒളിഞ്ഞു കിടപ്പുണ്ട് വളരെയപകടങ്ങൾ.

ബഹുമാനം, ധനം, ശക്തി ഇവയെല്ലാം മായയത്രെ. എന്താണ് നീ ഈ ലോകത്തിൽ അന്വേഷിക്കുന്നത്? എന്തു് കാണുന്നു

www.malankaralibrary.com



തിനു് നീ അഭിലഷിക്കുന്നു? ഇല്ലായ്മയും വ്യർത്ഥവുമായ ഈ വാസത്തിൽ ദൈവസ്നേഹവും നന്മയിലുള്ള നിലനിൽപും അല്ലാത്തുള്ളതെല്ലാം മായയും വഞ്ചനയുമത്രേ.

ലോകത്തെയും നിന്നെത്തന്നെയും നിരസിക്കാതെ ദൈവത്തെ പരിപൂർണ്ണമായി സ്നേഹിക്കുവാൻ നിനക്കു കഴികയില്ല. ദൈവസ്നേഹം "ഈ ലോകത്തിൽ നൂറുമടങ്ങും വരുവാനുള്ള ആയുസ്സിൽ നിത്യജീവിതവും" നിനക്കു നൽകും. (മർക്കോ. 10. 30)

3. തീർത്ഥാടകനായ സഹോദരാ, സ്വർഗ്ഗീയ സമാശ്വാസത്തിനു തടസ്സവും നേരിടാവുന്നതും നിത്യരക്ഷക്കു വിഘാതം വരുത്തുന്നതുമായ സുഖിതവും മമതയും ഉപേക്ഷിക്കുന്നതു് പ്രയാസമായി നിനക്കു തോന്നരുതു്.

നിന്നോടുകൂടി വിനോദിച്ചു് ഉല്ലസിച്ചവർ എവിടെ? അവർ പോയ്പോയി. കഴിഞ്ഞ കാലത്തെ മധുരസ്വപ്നങ്ങൾ എവിടെ? അവ വിസ്മൃതിയിലാണു. നമ്മുടെ ഭക്ഷണപാനീയങ്ങൾ എവിടെ? എന്നേക്കുമായി മറഞ്ഞു. നിൻെറ ഏകാന്തത നിനക്കു അനർത്ഥകരമായിരുന്നോ? ഉപവാസം ഉപദ്രവകരമായിരുന്നോ? അവ നിന്നെ ഒരുപ്രകാരത്തിലും ഉപദ്രവിച്ചില്ലെന്നു നിനക്കു പറയാം. ലോകത്തെയും അതിൻെറ പ്രൗഢിയേയും ദൈവശുശ്രൂഷയ്ക്കായി പരിത്യജിക്കുന്നവനാണു വിജ്ഞാനി. ലോകലഹരിയിൽ പ്രമത്തനാകുന്നവനു് ദുരിതം! എന്തെന്നാൽ, മരണത്തിൽ എല്ലാം നഷ്ടപ്പെടുകയും ആനന്ദദായകമായിരുന്നവ പിരിഞ്ഞുകയും ചെയ്യുന്നു. ഞാൻ സ്നേഹിച്ചിരുന്നവരെല്ലാം മരിച്ചു. ഇനി ഒരുനാളും അവർ തിരിച്ചു വരുകയില്ല. ദൈവം വിളിക്കുമ്പോൾ ഞാനും അവരെ അനുഗമിക്കും. ഭൂമിയിൽ, കടന്നുപോകുന്ന അതിഥികളെപ്പോലെ ആയിരുന്നു അവർ. ഞാനും ഒരു പരദേശിയത്രേ. എല്ലാം അവർ പരിത്യജിച്ചതുപോലെ, ഞാനും ചെയ്യേ മതിയാവൂ. ഒരു നിഴലുപോലെ അവർ കടന്നുപോയി. അവരെപ്പോലെ ഞാനും കടന്നുപോകും.

www.malankaralibrary.com

# അദ്ധ്യായം 3

## ദൈവത്തെ അന്വേഷിക്കുന്നതു് പരമജ്ഞാനം.

"പരിജ്ഞാനം കണ്ടെത്തിയവൻ ഭാഗ്യവാൻ"

(സദൃശ. 3. 13)

1. ക്രിസ്തു, തന്റെ ഉപദേശത്താലും മാതൃകയാലും നിന്നെ പഠിപ്പിച്ച പരിജ്ഞാനം തേടിക്കൊള്ളുക. അധർമ്മത്തെ വെറുക്കുന്നവനും സത്യം സംസാരിക്കുന്നവനും, നീതി പ്രവൃത്തിക്കുന്നവനും അഹങ്കാരരഹിതമായി വിശുദ്ധിയോടെ ജീവിക്കുന്നവനും ഭക്തിയോടും എളിമയോടും തീക്ഷ്ണതയോടുംകൂടെ അപകടപൂർണ്ണമായ പരീക്ഷകളെ തടയുന്നവനും ആകുന്നു യഥാർത്ഥ വിജ്ഞാനി. അവൻ ദൈവത്തിന്റെയും മനുഷ്യരുടേയും പ്രീയഭാജനമായിരിക്കും. അവന്റെ അന്തഃകരണം പരിശുദ്ധമായിരിക്കും. ദുഃഖം അവനോടു പൊരുത്തുകയില്ല. സമാധാനം അവന്റെ അവകാശമായിരിക്കും. ലോകം അറിഞ്ഞിട്ടില്ലാത്തതും ആസ്വദിച്ചിട്ടില്ലാത്തതുമായ ആശ്വാസം ദൈവം അവനു നൽകും.

2. എന്നാൽ, ലൗകികവിജ്ഞാനം വ്യർത്ഥവും ദൈവമുമ്പാകെ ഭോഷത്വവുമത്രേ. അതിനെ സ്നേഹിക്കുന്നവരെ അതു് അബദ്ധങ്ങളിൽ ചാടിക്കുന്നു. അതിന്റെ വിജയമുദ്ര ചൂടുന്നവരെ അവസാനം അതു ദുഃഖമഗ്നരാക്കുന്നു. എന്തെന്നാൽ, ജഡത്തിന്റെ വിജ്ഞാനം ആത്മാവിന്റെ വിനാശമാകുന്നു. ഇന്ദ്രിയത്തിന്റെ മോഹനീയാനന്ദങ്ങൾക്കു് സ്വയമേല്പിക്കുന്നവരെയെല്ലാം അടിച്ചുവീഴ്ത്തുന്നു. ജഡത്തിന്റെ ലജ്ജാകരമായ ആനന്ദങ്ങളും അനുഭവിക്കുന്നവർക്കു് ദുഃഖവും ഹൃദയവേദനയും മാത്രമാണു് ശേഷിക്കുക. എന്നാൽ, പരമജ്ഞാനം കർത്താവിന്റെ അത്യഗാധമായ വാക്കുകളിൽനിന്നും വിശുദ്ധമായ പ്രവൃത്തികളിൽനിന്നും നാം ശേഖരിക്കണം. സമ്പാദിക്കണം. ലോകത്തെ നിരസിക്കുവാനും അതിന്റെ പ്രലോഭനങ്ങളിൽനിന്നു് പറന്നകലുവാനും ശരീരത്തെ നിയന്ത്രിക്കുവാനും പ്രയാസത്തോടെ സഹിക്കുവാനും അദ്ധ്വാനത്തിനു വഴങ്ങുവാനും നന്മ സമ്പാദിക്കുവാനും ആ വിജ്ഞാനം നമ്മെ ക്ഷണിക്കുന്നു.

www.malankaralibrary.com

# അദ്ധ്യായം 4.

## നമ്മിൽ കുടികൊള്ളുന്ന തിന്മകളോടു പോരാടുക.

"സ്വർഗ്ഗരാജ്യം ബലവശ്യമാകുന്നു." (മത്താ. 11: 12)

ആരംഭിക്കുന്നവർ വളരെ; അവസാനിപ്പിക്കുന്നവർ വിരളം. പരിപൂർണ്ണത പ്രാപിക്കുന്നവർ എത്ര വിരളം! എന്തെന്നാൽ, ഒന്നുകിൽ നിഷ്പ്രയാസം ജഡമോഹങ്ങളിൽ നാം വീണുപോകുന്നു; അല്ലെങ്കിൽ പ്രാതികൂല്യങ്ങളാൽ നാം തടയപ്പെടുന്നു. കഷ്ടം! നിർമ്മലമനസ്സാക്ഷിയോടെ ദൈവത്തെ സ്നേഹിക്കുന്ന ഒരുവൻ പരിപൂർണ്ണമായി ജിതേന്ദ്രിയനാകുന്നതും സ്വയപരിത്യാഗിയാകുന്നതും വളരെ ചുരുങ്ങിയിരിക്കുന്നു.

ഭക്തനായ ഒരുവൻ പറയുന്നു: "പിടി കിട്ടുവാൻ എളുപ്പമല്ലാത്ത ഒരസാധാരണ പക്ഷിയത്രേ പരിപൂർണ്ണത. തന്നെത്താൻ വിജയിക്കുക എന്ന അവസ്ഥ ലഭിക്കുക എത്ര വളരെ പ്രയാസം. പുണ്യവാനാകുന്നതിനു കഠിനാദ്ധ്വാനം ചെയ്യാത്തവൻ ഒരിക്കലും നന്മയുടെ മാധുര്യംകൊണ്ടു് നിറയുകയില്ല. ഓരോ സുകൃതത്തിനും അതതിന്റെ മധുരിമയുണ്ടു്. നന്നായി അദ്ധ്വാനിക്കുന്നവൻ തൻമൂലം നവീകൃതനാകും. തിന്മയോടു പറ്റിച്ചേരുന്നവൻ അവസാനം ദുഷ്ടതയെ ജനിപ്പിക്കുന്നു. അവന്റെ അഭിമാനത്തിനു ക്ഷതം നേരിടുകയും വിശ്രാന്തി നഷ്ടമാകയും അസ്ഥിരത സംഭവിക്കുകയും ദുഃഖം വർദ്ധിക്കുകയും ഗുണകരവും വിശിഷ്ടവുമായ ആസ്വാദനം സ്വയം നശിക്കുകയും ചെയ്യുന്നു. എന്നാൽ, ന്യായമായ സന്തോഷങ്ങളെപ്പോലും പരിത്യജിക്കുന്നവൻ, അനുവദനീയമല്ലാത്തവയെ തടയുന്നു എന്നു് നിശ്ചയമായ തെളിവു തരുന്നു.

2. നായാട്ടുപട്ടികളുടെ മുഖം ബന്ധിച്ചാൽ അതു് കുരയ്ക്കുമെന്നു ഭയപ്പെടാനില്ല; അപ്രകാരം മൗനവ്രതം കാക്കുന്നവൻ അധരംകൊണ്ടു് പാപം ചെയ്യുമെന്നും ശങ്കിക്കേണ്ടതില്ല. ഏകനും മൗനിയുമായി ജീവിക്കുന്നവൻ കലഹത്തിൽനിന്നും കളവിൽനിന്നും അകന്നിരിക്കും. ശാപവും ഏഷണിയും കോപവും പിറുപിറുപ്പും അവരിൽനിന്നു ദൂരെ മാറും. ദുർഭാഷണത്തി

www.malankaralibrary.com



ന്ന് ചെവി കൊടുക്കാത്തവനും ലോകമോഹങ്ങളുടെ നേരെ കണ്ണടച്ചു കളയുന്നവനും നിഷ്പ്രയാസം അതിന്റെ കെണികളെ നിരോധിക്കുന്നു. വ്യർത്ഥസങ്കല്പങ്ങളിൽനിന്ന് അവന്റെ ചിന്ത അകലുകയും ചെയ്യുന്നു. ഇന്ദ്രിയങ്ങളെ കൃത്യമായി നിയന്ത്രിക്കുന്നതു് വിശുദ്ധിയുടെ അടിസ്ഥാനവും സമാധാനത്തിന്റെ ചട്ടവും ഭക്തിയുടെ ദർപ്പണവും ആകുന്നു.

ഹൃദയം കോപകലുഷിതമാകുമ്പോൾ ബുദ്ധിമാന്റെ ചിന്തയിൽനിന്നുപോലും വിജ്ഞാനം മറഞ്ഞുപോകുന്നു. കോപത്തോടെ സംസാരിക്കുന്നവൻ കുരയ്ക്കുന്ന വേട്ടപ്പട്ടിയെപ്പോലെയത്രേ. എന്നാൽ, ശാന്തമായ മറുപടി കോപകലഹങ്ങളെ ഒഴിവാക്കയും പീഡിതനു മുള്ളുകൾക്കു പകരം റോസപ്പുഷ്പങ്ങൾ നൽകുകയും ചെയ്യുന്നു.

ബുദ്ധിപൂർവ്വം സംസാരിക്കുന്ന നാവുള്ളവൻ ഭാഗ്യവാൻ. എന്തെന്നാൽ, മുൻകോപം വരുത്തിയ വ്രണങ്ങൾ അതു് പൊറുപ്പിക്കുന്നു.

3. ആരംഭത്തിലേ തിന്മയിലേക്കുള്ള ചായ്‌വിനെ തടയുക; കുരുന്നും വളയ്ക്കാവുന്നതുമായി അവ പ്രത്യക്ഷപ്പെടുമ്പോൾ, അവയുടെ വേരുകൾ ആഴത്തിൽ ഇറങ്ങുന്നതിനുമുമ്പേ—അവയെ നശിപ്പിക്കുക ക്ഷിപ്രസാദ്ധ്യമാണു്.

പ്രാർത്ഥനയും ധ്യാനവുമാകുന്ന ദിവ്യകർമ്മങ്ങളിൽ സ്ഥിരനായിരിക്കുന്നവൻ, മാധുര്യവും ആനന്ദവും വിളയിക്കുന്ന റോസും ലില്ലിയും തന്റെ പൂവനത്തിന്റെ ഓരങ്ങളിൽ നട്ടുപിടിപ്പിക്കുന്ന ബുദ്ധിശാലിയായ തോട്ടക്കാരനു തുല്യനത്രെ. എന്നാൽ, വി. ദൂതന്മാരോടു് സംസർഗ്ഗം ചെയ്യുന്നവനോ സ്വർഗ്ഗീയ പറുദീസായിൽ ആയിരിക്കും.

ആത്മാവിലും ശരീരത്തിലും വിശുദ്ധനായിരിക്കുന്നവൻ ദൈവദൂതസന്നിഭനത്രേ. എന്നാൽ, തിന്മയുടെ ചാച്ചിലിനു് അധീനപ്പെടുന്നവനും ദുശ്ചിന്തകളിൽ — വഷളായ വിചാരങ്ങളിൽ—സന്തോഷിപ്പിക്കുന്നവനും സാത്താന്റെ അടിമയാകുന്നു.

തിന്മയുടെ വശീകരണങ്ങളോടു് എതിരിടുക വളരെ പ്രയാസമേറിയതായിരിക്കാം; എന്നാൽ, നിത്യമായി പീഡിക്കപ്പെടുന്നതും നരകത്തീയിൽ വസിക്കുന്നതും എത്രയേറെ ദുഃഖകരം.

ചൂടുള്ളതു് വേറൊന്നിനെ ചൂടുള്ളതാക്കുന്നു; ഒരാണിക്കോ

www.malankaralibrary.com



ണ്ടു് വേറൊരാണി പുറത്താക്കാം; എന്നാൽ, ദുഃഖംമൂലം സന്തോഷം നിഷ്ക്രമിതമാകുന്നു.

ദൈവസ്നേഹം ഹൃദയത്തിൽ കുടികൊള്ളുമ്പോഠം, ഭൗതികവും അസ്ഥിരവുമായ എല്ലാ വികാരങ്ങളും ദൂരെ മറയുന്നു.

ലോകത്തിൻെറ അസംഖ്യ വശീകരണങ്ങളെ തട്ടിത്തുറിക്കുന്നവൻ ബുദ്ധിമാൻ. എന്തെന്നാൽ, ഭൗതികമകുടം അതിൻെറ സകല മഹത്വങ്ങളോടുംകൂടെയാണെങ്കിലും നിസ്സാരമാകുന്നു; എല്ലാററിൻേറയും അവസാനം മരണവും ശവക്കുഴിയും; പുഴുവും ചാമ്പലുമത്രേ. ഒരു മനുഷ്യൻ എത്രതന്നെ ഉയന്നാലും അവൻ ഒന്നുമില്ലാത്തവനാകും; മരണം, സകലവും അവനിൽനിന്നു എടുത്തുകളയുന്നു. എന്നാൽ, ആത്മനാ സ്വർഗ്ഗത്തിൽ വസിക്കുന്ന ഭൂമിയിലെ തീൎത്ഥാടകൻ സന്തുഷ്ടനായിരിക്കും.

---

# അദ്ധ്യായം 5.

## ഭക്തിക്കുതകുന്ന കൃപാവരം.

"ചിരിക്കുന്നവരായ നിങ്ങഠംക്കു് ദുരിതം! എന്തെന്നാൽ നീങ്ങഠം കരയേണ്ടിവരും" (ലൂക്കു്. 6: 25)

1. തിന്മയ്ക്കു തിന്മയോടുകൂടി സ്ഥിതി ചെയ്യാൻ കഴിയുന്നില്ല. അതുപോലെ ഭക്തി, സന്തോഷങ്ങളിലോ ഉത്സവാചരണത്തിലോ അല്ലാ അടങ്ങിയിരിക്കുന്നതു്; മാനമായ ദുഃഖാനുഭവങ്ങളിലത്രേ. സുകൃതപരിപൂൎണ്ണത പെട്ടെന്നു് സമ്പാദിക്കുക സാദ്ധ്യമല്ല. അല്പാല്പമായും ദുഃഖത്തിലും നെടുവീർപ്പിലും കൂടിയുമേ കഴികയുള്ളു. അതിനു, ദിനംതോറും നന്മയിൽ അഭിവൃദ്ധി പ്രാപിക്കാനുള്ള നിശ്ചയം പുതുക്കുകയും തന്നോടുതന്നെ യുദ്ധം ചെയ്യുകയും വേണം. അതിനു പലപ്പോഴുമുള്ള ഉപവാസം ജാഗരണം, പ്രാൎത്ഥന, ധ്യാനം, പഠനം, ആദ്ധ്യാത്മിക പാരായണം, അദ്ധ്വാനം, വ്യൎത്ഥഭാഷണ നിരസനം, മനഃപൂൎവ്വമുള്ള ഏകാന്തത ഇവ അപരിത്യാജ്യമത്രേ.

www.malankaralibrary.com



2. ദൈവത്തിൽ നിന്നല്ലാതുള്ള സകല സന്തോഷവും പെട്ടെന്ന് കടന്നുപോകുന്നു. അവ ആത്മാവിനെ മലിനപ്പെടുത്തുകയും മുറിവേല്പിക്കുകയും ചെയ്യും. സംസ്കൃത വചനങ്ങൾ, കേൾക്കുന്നവരെ ആനന്ദിപ്പിക്കും; പരുഷവാക്കുകൾ നമ്മുടെ സ്നേഹിതരെപ്പോലും വേദനിപ്പിക്കും. ദീർഘനാൾകൊണ്ടു സമ്പാദിച്ച ഫലം അല്പസംഭാഷണം നശിപ്പിച്ചുകളയും.

നന്മ ചെയ്യുന്നതിൽ ശുഷ്കാന്തിയുള്ളവനായിരിക്കുക; തിന്മ സഹിക്കുന്നതിൽ ദീർഘക്ഷാന്തിയും. രണ്ടിലും ദൈവത്തെ മഹത്വപ്പെടുത്തുകയാൽ എന്നാളും നീ സന്തുഷ്ടനായിരിക്കും. സന്തോഷത്തിൽ മാത്രമോ സന്താപത്തിൽമാത്രമോ നീ എപ്പോഴും ആയിരിക്കുകയില്ല. എന്നാൽ സകലവും നന്മയാക്കി പകർത്തുന്നവനും തിന്മയിൽനിന്നു നന്മ പുറപ്പെടുവിക്കുന്നവനും സന്തുഷ്ടനായിരിക്കും.

ദൈവത്തെ സ്നേഹിക്കുന്നവൻ, മാധുര്യവും കയ്പും ഒരുപോലെ അവിടത്തെ പക്കൽനിന്നു സ്വീകരിക്കുന്നു. മനുഷ്യരാൽ നിസ്സാരനെന്നു ഗണിക്കപ്പെടുന്നവനും സ്വശക്തിയിൽ ആശ്രയിക്കാത്തവനും ദൈവത്തെ ശരണം ഗമിക്കുന്നു; നീതിയുടേയും നന്മയുടേയും മാർഗ്ഗങ്ങളിൽ ചരിക്കുന്നു. യാതൊന്നും അവനെ അതിൽനിന്നു പിൻതിരിക്കുകയുമില്ല.

---

# അദ്ധ്യായം 6

## ദൈവവചനം ശ്രദ്ധയോടെ പാരായണം ചെയ്യുക

“തിരുവചനം പ്രമാണിക്കുന്നവർ ഭാഗ്യശാലികൾ” (ലൂക്ക്. 11: 28) സ്വർഗ്ഗീയാശ്വാസത്തെ തടയുന്ന മാനുഷികാശ്വാസങ്ങൾ ഉപയോഗശൂന്യങ്ങൾ. തിരുവചനം പാരായണം ചെയ്യുമ്പോൾ, ദൈവം നിന്നോടു സംസാരിക്കുന്നെന്ന് ഓർക്കുക. നിന്നെത്തന്നെ എളിമപ്പെടുത്തുക. കൃതജ്ഞത നിറഞ്ഞ ഹൃദയത്തോടെ ദൈവവാക്യങ്ങൾ സ്വീകരിക്കുക. പ്രസംഗിക്കുന്നവന്റെ

www.malankaralibrary.com



സാമൎത്ഥ്യക്കുറവും പോരായ്മയും നിമിത്തം സത്യത്തെ തിരസ്കരിക്കരുതു്. എന്നാൽ, നല്ല ജീവിതം ശ്രേഷ്ഠമായ അദ്ധ്യാപനമാണെന്നും നല്ലവ വായിക്കുന്നവൻ ദൈവത്തിന്റെ ദൗത്യവാഹിയാണെന്നും സ്മരിക്കുക.

വിശ്വസ്തനായ ഒരദ്ധ്യാപകൻ, വിനാശകരമായതിനെക്കുറിച്ചു് മൗനമവലംബിക്കുന്നു. ഗുണകരമായതിനെക്കുറിച്ചു് സവിസ്തരം പ്രതിപാദിക്കുന്നു. കാരണം, ശുദ്ധവും കേവലവുമായ സത്യം കാതുകൾക്കു് ഇമ്പകരമത്രെ.

വൻകാൎയ്യങ്ങളെക്കുറിച്ചുള്ള അതിസൂക്ഷ്മമായ പ്രതിപാദനം ബാലഹൃദയത്തിനു ഹാനികരമത്രേ. വ്യൎത്ഥ മുഖസ്തുതിക്കാർ ആത്മാവിനെ അബദ്ധത്തിൽ ചാടിക്കുന്നു.

പ്രതിപാദനത്തിൽ സത്യം മറക്കുന്നവൻ സമാധാനത്തിന്റെ ശത്രുവാകുന്നു. അവനെ ശ്രവിക്കുന്നവൎക്കു് ഇടൎച്ചയുണ്ടാകയും ചെയ്യും.

വിവേകത്തോടെ വിധിക്കുന്നവൻ ബഹുമാനാൎഹനാകുന്നു; ദയ കൂടാതെയും പരുഷമായും വിധിക്കുന്നവനോ കരുണ ലഭിക്കുകയില്ല.

വ്യാജമുള്ള അധരം തനിക്കുതന്നെ അനേക അനൎത്ഥങ്ങൾ വരുത്തിവയ്ക്കുന്നു. കാരണംകൂടാതെ അവൻ നിഷ്കളങ്കനെ പീഡിപ്പിക്കുന്നു; മറഞ്ഞിരിക്കുന്ന ശത്രുക്കളുടെ പിടിയിൽ അകപ്പെടുന്നു; ദിവസത്തിന്റെ പ്രഥമ യാമത്തിൽതന്നെ അവൻ സൽസ്വഭാവികളെ അപമാനിക്കുന്നു.

2. അധരങ്ങളിൽ വഞ്ചന നിറഞ്ഞിരിക്കുന്നവൻ, ശ്രവിച്ചിട്ടുള്ള രഹസ്യങ്ങൾ ദുരുപയോഗിക്കുന്നു; അതുകൊണ്ടു് അവനു് സ്നേഹിതന്മാർ വളരെ ചുരുങ്ങും.

ഇടൎച്ചയ്ക്കു കാരണമാകുന്നവയെ പരസ്യപ്പെടുത്തരുതു്; അതിനെക്കുറിച്ചു് മൗനമവലംബിക്കുന്നതു് ഏററം നല്ലതു്. സത്യം രക്ഷാകരമത്രെ അതു വിളിച്ചറിയിക്കുക. അടക്കമൊതുക്കത്തോടെ നടക്കുക; അതു് ചേൎച്ചയാകുന്നു. ആരേയും ഉപദ്രവിക്കാതിരിക്കുക; അതു് നീതിയാകുന്നു. എല്ലാവൎക്കും ഉപകാരിയായിരിക്കുക; അതു് ഭക്തിയാകുന്നു. നിന്റെ സഹോദരനെ വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും സംസ്കാരസമ്പന്നനാക്കുക; അതാകുന്നു മതം.

www.malankaralibrary.com



ബുദ്ധിമാനായ മനുഷ്യൻ പ്രവൃത്തിക്കുന്നതിനു മുമ്പേ ആലോചിക്കുന്നു; കാരണംകൂടാതെ അവൻ നിശ്ചയത്തെ വ്യത്യാസപ്പെടുത്തുന്നില്ല; അറിഞ്ഞുകൂടാത്തതിനെക്കുറിച്ചു അവൻ സംസാരിക്കുന്നില്ല; സംശയാധീനമായതിനെക്കുറിച്ചു് തീർച്ച പറയുന്നുമില്ല.

ഹൃദയസമാധാനത്തിനു് ഏററവും ആവശ്യമായിട്ടുള്ളതു് വായുടെ അടക്കമാകുന്നു. എന്നാൽ ഭോഷന്റെ അധരം വിവാദത്തിനു ഒരുങ്ങി തുറന്നിരിക്കുന്നു.

ദൈവത്തെ പ്രീതിപ്പെടുത്തുവാൻ ആഗ്രഹിക്കുന്നവൻ, ഹൃദയത്തേയും നാവിനേയും കാത്തുകൊള്ളണം. ഭക്തിയുടെ ദാനം നഷ്ടപ്പെടുകയോ സ്നേഹത്തിനു പ്രതിബന്ധം വന്നുകൂടുകയോ ചെയ്യുമെന്നു് അവൻ വിറയലോടെ ചിന്തിക്കുന്നു.

ഭംഗിവാക്കു് എത്ര പറഞ്ഞാലും കോശം നിറയുകില്ല; തീക്ഷ്ണതയേറിയ വാഗ്മിത്വം അലസനേയും അഹങ്കാരിയേയും വിശുദ്ധീകരിക്കുകയില്ല; എന്നാൽ, നന്മ ചെയ്യുന്നവൻ നന്മ കണ്ടെത്തും.

---

# അദ്ധ്യായം 7

## പ്രയാസങ്ങളിൽ ദിവ്യ സാന്ത്വനം.

"ഹൃദയ ഖേദമുള്ളവർക്കു കർത്താവു് സമീപസ്ഥൻ" (സങ്കീ 33. 19.)

ഒരുവൻ സുകൃതത്തിൽ എത്ര അഭിവൃദ്ധി പ്രാപിച്ചവനായാലും ഈ ലോകത്തിന്റെ ഭാരത്തിൽനിന്നും ദുഃഖത്തിൽനിന്നും ഒഴിവാക്കപ്പെടുന്നില്ല. എന്നാൽ, നീ ഞെരുക്കങ്ങളിലും ഹൃദയവ്യഥയിലും ആണെങ്കിൽ, യേശുക്രിസ്തുവിനോടുകൂടി നീ ക്രൂശിതനായെന്നു് ഓർത്തുകൊള്ളുക. പ്രാർത്ഥനയിൽ വിശുദ്ധാത്മാവിന്റെ സമാധാനം നീ കണ്ടെത്തിയെങ്കിൽ മരിച്ചവരിൽനിന്നു നീ ഉയിർത്തെഴുന്നേററിരിക്കുന്നു. ക്രിസ്തുവിനെപ്പോലെ, ത

www.malankaralibrary.com



ന്നോടുകൂടി പുതുജീവനിൽ പെസഹാ ആചരിക്കുകയും ഹൃദയത്തിൽ സമാശ്വസിക്കുകയും ചെയ്യുക.

ക്രൂരാക്ഷരങ്ങൾ നിനക്കെതിരായി പ്രയോഗിക്കുമ്പോൾ, നിന്റെ ആത്മരക്ഷക്കുവേണ്ടി കർത്താവിന്റെ പാനപാത്രം കുടിക്കുവാൻ നീ നിർബന്ധിതനായെന്നും വിചാരിക്കുക.

2. പിറുപിറുക്കരുതു്. പ്രത്യുത കയ്പ്പേറിയ ആ പാനീയം വൈമനസ്യം കൂടാതെ കുടിക്കുക. ജീവിതത്തിലും മരണത്തിലും നിശ്ചയമായും ദൈവം നിന്റെ സംരക്ഷകനായിരിക്കും. താൻ നിന്നെ ഒരിക്കലും വിസ്മരിക്കുകയില്ല.

നിനക്കെതിരായി തിന്മ സംസാരിക്കുന്നവന്റെ നേരെ വായടച്ചു് മൗനമായും ക്ഷമാപൂർവ്വവും വർത്തിക്കുന്നതിനേക്കാൾ ശ്രേഷ്ഠമായി എന്തുണ്ടു്!! ഇതാകുന്നു ക്രിസ്തു നൽകുന്ന സുമാതൃക. അവർ തനിക്കെതിരായി കള്ളസാക്ഷ്യം പറഞ്ഞപ്പോഴും പീലാത്തോസിന്റെമുമ്പിൽ അദ്ദേഹം മൗനമായിരുന്നു. (മത്താ, 26.) നിന്നോടുള്ള സ്നേഹത്താൽ അപമാനിക്കപ്പെടുകയും ചമ്മട്ടികൊണ്ടു് അടിക്കപ്പെടുകയും നീചന്മാരാൽ വധിക്കപ്പെടുകയും ചെയ്ത നിന്റെ ദൈവത്തെക്കാൾ, തീർച്ചയായും നീ കേമനല്ലല്ലോ.

കഷ്ടതയാകുന്ന തീച്ചൂളയിൽ പരിശോധിക്കപ്പെടുന്നതുവരെ ഒരുവനും സ്വന്തസുകൃതത്തേയും കഴിവിനേയും ഗ്രഹിക്കുന്നില്ല.

തന്നെ സമീപിക്കുകയും തന്നോടൊന്നിച്ചു ഭക്ഷണത്തിനിരിക്കുകയും ചെയ്ത ശുശ്രൂഷകർ ക്രിസ്തുവിൽ വളരെയായിരുന്നു; എന്നാൽ, തന്നെ അനുഗമിക്കുന്നതിനും മരുഭൂമിയിൽ തന്നോടുകൂടി ഉപവസിക്കുന്നതിനും ചുരുക്കംപേരെ മാത്രമേ അദ്ദേഹം കാണുന്നുള്ളു.

3. ക്രൂശിതനായ ഈശോയുടെ യഥാർത്ഥ സ്നേഹിതൻ പീഡകൾ നിരസിക്കുന്നില്ല; ദുഷ്ടജനങ്ങളിൽനിന്നു കഷ്ടതകളെ വകവയ്ക്കുന്നില്ല. നിന്ദ്യവും അഭിശപ്തവുമായ കുരിശുമരണത്തിനു സ്വയം വഴങ്ങിയ, ദിവ്യരക്ഷകനോടു് എല്ലാററിലും തുല്യനാക്കപ്പെടുന്നതിനും മടിക്കുന്നില്ല. എന്തെന്നാൽ "ജീവിക്കുന്നതു് ക്രിസ്തുവും; അവനുവേണ്ടി കഷ്ടത അനുഭവിച്ചു് മരിക്കുന്നതു് അത്യധികം ലാഭകരവുമത്രേ" (ഫിലി: 1. 21.)

നിന്റെ ദൈവസ്നേഹം എത്രകണ്ടു് തീക്ഷ്ണതരമോ, തദനുസരണം മരണഭയവും കുറഞ്ഞിരിക്കും. ക്രിസ്തുവിനോടുകൂടി ആന

www.malankaralibrary.com



ന്ദകരമായി ജീവിക്കുന്നതിനും നിത്യസന്തോഷാനുഭവത്തിൽ തൻെറ വി. ദൂതന്മാരോടു് പങ്കുകൊള്ളുന്നതിനുംവേണ്ടി ശരീരത്തിൻെറ വിടുതൽ—ഉത്സാഹപൂർവ്വം നീ ആഗ്രഹിക്കും.

നിർമ്മല മനസ്സോടെ ഈശോയെ സ്നേഹിക്കുന്ന ആത്മാവിനു് ഭാഗ്യം. അത്തരം ആത്മാക്കളിൽ, നിത്യനന്മയുടെ സ്നേഹം, കടന്നുപോകുന്ന വസ്തുക്കളോടു് അവജ്ഞ ജനിപ്പിക്കും. ആ ആത്മാക്കൾ ഈശോയ്ക്കുവേണ്ടി, ലോകജീവിതത്തിലെ തിന്മകളെ ക്ഷമാപൂർവ്വം സഹിക്കുന്നു. അവർ വിനയപുരസ്സരം ഈശോയുടെ പാദത്തിങ്കൽ നമസ്കരിക്കുകയും സുകൃതമാർഗ്ഗങ്ങളിൽ കൂടുതൽ കൂടുതൽ അഭിവൃദ്ധിയും, സ്ഥിരതയും, ദാർഢ്യവും ലഭിക്കുവാൻ പ്രാർത്ഥിക്കയും ചെയ്യുന്നു.

---

# അദ്ധ്യായം 8

## വിശുദ്ധാത്മാവിൽ അന്ത:ക്കരണത്തിൻെറ ആഹ്ലാദം.

"എപ്പോഴും, യഹോവയിൽ ആനന്ദിക്കുക." (ഫിലി. 4. 4)

ആത്മാവിൽ വെറുപ്പും മാത്സര്യവും ഉണ്ടാക്കുന്ന ദുർമുഖവും വിഷാദവും നിന്നിൽനിന്നകററുക. യേശുക്രിസ്തുവിൻെറ ജീവിതം, കഷ്ടാനുഭവം മുതലായവയെക്കുറിച്ചു് ധ്യാനിക്കുന്ന മധുമധുരവും അതിവിശുദ്ധവുമായ പതിവു് വശമാക്കിക്കൊള്ളുക. ഈ സുകൃതാഭ്യസനം മൂലം, പ്രലോഭനങ്ങളും ഹൃദയഭാരവും നീക്കിക്കളയുന്ന നല്ല ആശ്വാസം നീ കണ്ടെത്തും.

നല്ല ജീവിതം സ്തുത്യർഹമാകുന്നു; ഭക്തിരഹിതമായ ഭാഷണം ആക്കും അരോചകമത്രേ. നല്ല മനസ്സാക്ഷി ആത്മസംതൃപ്തി കൈവരുത്തുന്നു; എന്നാൽ തിന്മ നിറഞ്ഞ മാനസ്സമോ ആത്മവേദനക്കിടവരുത്തുന്നു.

നന്മചെയ്‌വാനായി പരിശ്രമിക്കുക, എന്നാൽ സ്വീകാര്യവും നിത്യവുമായ സമാധാനം നിനക്കനുഭവിക്കാം.

www.malankaralibrary.com



നീതിയുടെ മാർഗ്ഗത്തെ അചഞ്ചലമായി കാക്കന്നെങ്കിൽ ദുഷ്ടന്റെ തിന്മയെക്കുറിച്ച് നീ ഒന്നും ഭയപ്പെടേണ്ടതില്ല.

നർമ്മഭാഷണം ചിത്തമോദമുളവാക്കുന്നു; അതിന്റെ അർഹമായ ബഹുമാനം വിദൂരത്തിലും വ്യാപിക്കുന്നു.

അനർഹമായ ബഹുമാനം മുഖസ്തുതിക്കാരന്റെ അധരത്തിൽ വച്ചുതന്നെ ഉരുകിനശിക്കുന്നു. നീതിമാന്റെ പരുഷമായ ശാസനത്തെക്കാൾ ഭോഷന്റെ മുഖസ്തുതി അപകടകരമത്രേ.

2. വിനയത്തോടുകൂടിയ പ്രാർത്ഥന ആകാശത്തെ തുളച്ചു ചെല്ലുന്നു. ദൈവകോപത്തെ ശമിപ്പിക്കുന്നു. കർത്താവിന്റെ കരുണകൾ സമ്പാദിക്കുന്നു. പിശാചിന്റെ തന്ത്രങ്ങളെ നിരുപയോഗപ്പെടുത്തുന്നു.

വിനീതമായ ആത്മാനുതാപം മോചനം പ്രദാനം ചെയ്യുന്നു. എന്നാൽ, സ്വയനീതീകരണം ചെയ്ത കുററത്തെ വലുതാക്കുന്നു.

ഉത്തമമനസ്താപം പാപമാലിന്യങ്ങളെ തുടച്ചുകളയുന്നു; തീക്ഷ്ണമായ പ്രാർത്ഥന തപസ്സിനെ ലഘുപ്പെടുത്തുന്നു.

അലസഭാഷണം ഭക്തിയെ ക്ഷീണിപ്പിക്കുന്നു; എന്നാൽ, ധർമ്മഭാഷണം ആത്മാവിന്റെ ആനന്ദത്തെ വർദ്ധിപ്പിക്കുന്നു.

എല്ലാ സ്ഥലത്തും നമ്മുടെ ബാഹ്യേന്ദ്രിയങ്ങളെ സസൂക്ഷ്മം നിയന്ത്രിക്കണം. പുറത്തുപോയി പ്രവർത്തിക്കുവാൻ നിർബന്ധിക്കപ്പെടുന്നവന്, ആദ്ധ്യാത്മിക ശോധന ഗുണപ്രദമായിരിക്കും. നിരന്തരപ്രാർത്ഥന സുരക്ഷിതസങ്കേതവും മൗനവ്രതം സമാധാന നികേതനവുമത്രേ.

ശുഷ്കാന്തിപൂർവ്വം അനേകരും ആരംഭിക്കുന്നു; എന്നാൽ, അവസാനംവരെ നിലനില്ക്കുന്നവൻ മാത്രമേ മഹത്വത്തിന്റെ കിരീടം പ്രാപിക്കയുള്ളു.

ക്രിസ്തുവിന്റെ നുകം, അതിനെ സ്നേഹിക്കുന്നവർക്ക് മധുരമുള്ളതാകുന്നു; എന്നാൽ, ഭക്തിരഹിതനോ അതു ഭാരമേറിയതത്രേ. അഹങ്കാരിക്ക് അതു കയ്പ്പേറിയതും എളിമയുള്ളവന് ലഘുവും വിനീതനു ഇമ്പകരവുമാകുന്നു.

മാധുര്യവാനായ ഈശോ, സകലവും മധുരപൂർണ്ണവും ലഘുവുമാക്കുന്നു. ജഡിക മനുഷ്യൻ ഇന്ദ്രിയ സന്തോഷങ്ങൾമാത്രം അ

www.malankaralibrary.com



രോഷിക്കുമ്പോൾ, ആദ്ധ്യാത്മികൻ അവയെ വെറുക്കുകയും തടയുകയും ചെയ്യുന്നു.

നീചാഭിലാഷങ്ങളെ സ്വാത്മത്തിൽനിന്നും കെടുത്തുവാൻ കഴികയില്ല എന്നതത്രേ നീതിമാൻെറ വ്യഥാജനകമായ ഭാരം. എന്തുകൊണ്ട് ദൈവമിത് അനുവദിക്കുന്നു? അവൻ എന്നും എളിമയുള്ളവനായിരിക്കുവാനും ഇടവിടാതെ ദിവ്യസഹായം അപേക്ഷിക്കാനും തന്നെ.

3. അഭിമാനി അവൻെറ ബഹുമാനത്തിലും സമ്പന്നൻ അവൻെറ ധനത്തിലും പ്രശംസിക്കുന്നതുപോലെ, യഥാർത്ഥ എളിമയുള്ളവൻ തൻെറ ദാരിദ്ര്യത്തിലും, അപകർഷത്തിലും അഭിമാനം കൊള്ളുന്നു. ദൈവശുശ്രൂഷിയുടെ വലിയ പ്രതാപവും സമ്പത്തും സ്വർഗ്ഗരാജനായ ക്രിസ്തുവാകുന്നു.

ദൈവത്തെ കൂടാതുള്ള സ്നേഹം ദുഷിച്ചതും, ആനന്ദം മായയും സമ്പത്ത് ദാരിദ്ര്യവുമായിരിക്കും.

നിശ്ചയമായും ആത്മാവിൻെറ ദാഹം ശമിപ്പിക്കുവാൻ അതിനെ സൃഷ്ടിച്ച ദൈവത്തിനല്ലാതെ ആർക്കും കഴികയില്ല.

ഈലോകവസ്തുക്കളെ മോഹിക്കാത്തവൻ എല്ലാററിലും എല്ലായ്പോഴും സ്വതന്ത്രനായിരിക്കും. നന്മ ചെയ്യുന്നതും തിന്മ സഹിക്കുന്നതും എല്ലാററിലും ദൈവത്തെ പുകഴ്ത്തുന്നതും, ദൈവത്തിൻെറ നല്ല ദാനങ്ങൾകൊണ്ട് വ്യർത്ഥതയെ സമീപിക്കാതിരിക്കുന്നതും നീതിമാൻെറ ലക്ഷണമാകുന്നു. സ്വയം നിന്ദിക്കുന്നതും; വിചാരം, വചനം, പ്രവൃത്തി എന്നിവയിലെ എല്ലാ നന്മയും ദൈവത്തിൻെറ ദാനമെന്ന് സമ്മതിക്കുകയും ചെയ്യുന്നവൻ ഉചിതമായ മഹത്വം ദൈവത്തിനു സമർപ്പിക്കുന്നു.

വിചാരത്തിൽ വ്യർത്ഥമായ പുകഴ്ച വന്നുചേരുമ്പോൾ അത് തിരസ്കരിക്കുക. എന്നിട്ട്, പ്രവാചകനോടുകൂടി വിനയപുരസ്സരം ഇപ്രകാരം നിലവിളിക്കുക: "കർത്താവേ, ഞങ്ങൾക്കല്ല, ഞങ്ങൾക്കല്ല, അങ്ങേ തിരുനാമത്തെ മഹത്വപ്പെടുത്തേണമേ." (സങ്കീ. 113. 3)

മനുഷ്യൻെറ യഥാർത്ഥ വിജയം അടങ്ങിയിരിക്കുന്നത് സ്വാഭീഷ്ടത്തെ ജയിക്കുന്നതിലും അനിഷ്ടങ്ങളെ സ്വീകരിക്കുന്നതിലും അത്യധിക ദുഃഖത്തിനു കാരണമാകുന്നവയെ മടികൂടാതെ സഹിക്കുന്നതിലും ആകുന്നു.

www.malankaralibrary.com

# അദ്ധ്യായം 9

## വിനീത സഹോദരനുമായുള്ള സംഭാഷണം.

"താഴ്മയുള്ളവർക്കു് ദൈവം തന്റെ ദാനങ്ങളും നൽകുന്നു." (യാക്കോ. 4: 6)

ദൈവത്തിനു പ്രതിഷ്ഠിക്കപ്പെട്ട ഒരാൾ, അവന്റെ എല്ലാ വാക്കുകളിലും പ്രവൃത്തികളിലും താഴ്മയിലും അടക്കമൊതുക്കത്താലും അലംകൃതനായിരിക്കണം; ഒരിക്കലും അവൻ ക്ഷുദ്രകാര്യങ്ങളിൽ വ്യാപൃതനായിരിക്കരുതു്.

ദൈവസേവനത്തിനു് ഒരുങ്ങിയിറങ്ങിയിരിക്കുന്ന ഒരു യുവാവു്, വിശുദ്ധ ജീവിതം നയിക്കുമെന്നു് കരുതുന്നതിനു് മതിയായ കാരണങ്ങളുണ്ടു്. അവ, സന്യാസ പരിശീലന കാലത്തു് എളിമ അഭ്യസിക്കുകയും മൗനം പാലിക്കുകയും, ജ്യേഷ്ഠസഹോദരന്മാരുടെ മുമ്പിൽവച്ചു് മിതഭാഷണം ശീലിക്കുകയും ചെയ്യുന്നു. പതിവായി ശ്രദ്ധിക്കാത്തവനും മൗനപാലനം അഭ്യസിക്കാത്തവനും വിജ്ഞാനവും അറിവും വളരെ ചുരുക്കമായേ സമ്പാദിക്കയുള്ളു. പലതും അറിയാതെ കടന്നുപോകുന്നതിന്റെ കാരണം, അവർ ശ്രദ്ധാലുക്കളല്ലെന്നതുതന്നെ.

പൂർണ്ണമായി അനുസരിക്കുക, തീക്ഷ്ണതയോടെ പ്രാർത്ഥിക്കുക, ഭക്തിപൂർവ്വം ധ്യാനിക്കുക, ഉത്സാഹപൂർവ്വം പണിയെടുക്കുക, സാകൂതം പഠിക്കുക, ലോകബന്ധങ്ങളിൽനിന്നകന്നിരിക്കുക, ഏകാന്തതയെ സ്നേഹിക്കുക ഇവ ദൃശങ്ങളാകുന്ന ഉത്തമ ഭക്തിയും ആന്തരിക സമാധാനവും ദൈവത്തിനായി നേർന്നിരിക്കുന്നവരിൽ ചൊരിയുന്ന സുകൃതങ്ങളും.

ഉല്പത്തി പുസ്തകത്തിൽ നാം വായിക്കുന്നു. "ആബേലിന്റെ ബലിയെ ദൈവം ആദരിച്ചെന്നും കായീന്റേതു് നിരസിച്ചെന്നും" എന്തുകൊണ്ടു? ആബേൽ നിഷ്കളങ്കനും വിനീതനുമായിരുന്നു; കായീനോ അസൂയാലുവും തലതിരിഞ്ഞവനും.

അതുകൊണ്ടു് ആബേലിനെപ്പോലെ ആയിരിക്കുക; ക്ഷമാപൂർവ്വം, നിന്നെ ഞെരുക്കുന്നവരെ ശ്രവിക്കുക. കായീനെപ്പോ

www.malankaralibrary.com



ലെ സ്പർദ്ധിക്കരുത്. ഒരുപക്ഷേ, നിൻെറ ആന്തരിക സമാധാനത്തേയും സത്കീർത്തിയേയും നീ നശിപ്പിച്ചേക്കും. ദൈവത്തെ ദ്രോഹിക്കുന്നതിനേക്കാളം. സഹോദരനെ കോപിപ്പിക്കുന്നതിനേക്കാളം, സ്നേഹത്തെ ഭഞ്ജിക്കുന്നതിനേക്കാളം നല്ലതു് നിൻെറ വസ്തുക്കളുടെ വിനാശമാകുന്നു.

2. സ്വർഗ്ഗത്തിൽ നിനക്കു നിക്ഷേപമുണ്ടാകണമെങ്കിൽ ലോകത്തിൻെറ ഭാരം വലിച്ചെറിയുക: നിത്യാനന്ദമാണു് നിൻെറ ലക്ഷ്യമെങ്കിൽ ഇഹലോകത്തിലെ ക്ഷണികോല്ലാസങ്ങളെ നിരസിക്കുക.

സമാധാനം അഭിലഷിക്കുന്നെങ്കിൽ സംതൃപ്തനായിരിക്കുവാൻ ശ്രദ്ധിക്കുകയും കോപത്തിൻെറ വേരിനെ സൂക്ഷിക്കുകയും ചെയ്യുക. സ്വർഗ്ഗത്തിൽ വലിയവനാകാൻ ആഗ്രഹിക്കുന്നെങ്കിൽ ഭൂമിയിൽ ചെറിയവനായിരിക്കുക.

മനുഷ്യരുടെ മുമ്പാകെ നീതികരിക്കപ്പെടുവാൻ ശ്രമിക്കരുതു്. നിൻെറ ഹൃദയം നിനക്കെതിരായി സാക്ഷ്യപ്പെടുത്തുമ്പോഴും അവരുടെ പ്രശംസ അയഥാർത്ഥമായിരിക്കും.

സാഹസപ്രിയനും വാചാലനും ഒരുപോലെ തെററുകാരാണു്; ഇരുവരും നീതിയുടെ അതിർത്തികളെ അതിലംഘിക്കുന്നു.

സാഹസിയായ ഭോഷൻ, സ്വശക്തിയിൽ ആശ്രയിക്കുകയാൽ നശിച്ചുപോകുന്നു; എന്നാൽ, അശക്തരായ അനേകർ, ദൈവത്തെ വിളിച്ചപേക്ഷിച്ചു് തന്നിൽ ആശ്രയിക്കുകയാൽ ശക്തി പ്രാപിക്കുന്നു.

വിനീതരും ശാന്തശീലമുള്ളവരും എല്ലാവരാലും സ്നേഹിക്കപ്പെടുന്നു; എന്നാൽ ക്രൂരനും കഠിനനും തൻെറ അയല്ക്കാരനാൽപോലും നിരസിക്കപ്പെടുന്നു.

ക്ഷമാശീലനും മിതഭാഷിയും, സ്നേഹമര്യാദകളാൽ തൻെറ ശത്രുക്കളെ ജയിക്കുന്നു.

ഹൃദയപൂർവ്വം അന്യർക്കു് സ്വസഹായം നൽകുന്നവനും, അവരുടെ ദുഃഖങ്ങളിൽ സഹതപിക്കുന്നവനും വളരെ സ്നേഹിതന്മാരെ സമ്പാദിക്കുന്നു. തക്കസമയത്തു് മൗനം പാലിക്കാൻ കഴിയാത്തവനു് അനേകരുടെ മുമ്പാകെ പ്രയാസം അനുഭവിക്കേണ്ടതായിവരും.

www.malankaralibrary.com



3. സുകൃതത്തിൽ അഭിവൃദ്ധിപ്പെടുവാൻ പഠിച്ചവനും സ്വന്ത തെററുകളെ തിരുത്തുന്നവനും സദ്പ്രവൃത്തികളാൽ സഹോദരുടെ ആദരവ് സമാർജ്ജിച്ചവനും ആയ മനുഷ്യൻ ബുദ്ധിശാലിയും വിജ്ഞാനനിരതനുമാകുന്നു.

സർവ്വശക്തിയുപയോഗിച്ച് തിന്മകളോട് പോരാടുന്നവനാകുന്നു ശക്തിമാൻ. ഹൃദയത്തിലെ വഷളായ വികാരങ്ങളെ സംയമനം ചെയ്യുന്നവനാകുന്നു ശക്തനായ ഭരണാധിപൻ.

സംയമനമാകുന്ന ആയുധംകൊണ്ട് സ്വജഡത്തെ കീഴ്പ്പെടുത്തുന്നവൻ, ആയുധസജ്ജീകരണത്തോടുകൂടിയ ധീരനായ യോദ്ധാവാകുന്നു. ഭൂമിയിൽ പരിശുദ്ധമായി ജീവിക്കുന്നവൻ, സ്വർഗ്ഗീയരുടെ മദ്ധ്യേ ഒരു സ്ഥാനം അർഹിക്കുന്നുണ്ട്.

ജിതേന്ദ്രിയൻ ദൈവത്തിൻെറ സ്നേഹിതനും ദൂതന്മാരുടെ സുഹൃത്തും ബ്രഹ്മചാരികളുടെ സഹോദരനും വിശുദ്ധന്മാർക്കു പ്രിയപ്പെട്ട സഹപാഠരനുമാകുന്നു. വിശുദ്ധിയോട് എളിമയും യോജിപ്പിക്കുന്നവൻ ദുഷ്ടനെ ജയിക്കുകയും അടക്കമില്ലാത്തവനെ തോല്പിച്ചോടിക്കുകയും ചെയ്യുന്നു.

സുകൃതദണ്ഡുകൊണ്ട് തന്നെത്തന്നെ ഭരിക്കുന്നവൻ ഉത്കൃഷ്ടാചാര്യനാകുന്നു; തൻെറ ആധീനതയിലുള്ളവർക്ക് അദ്ദേഹം ഉത്തമ മാതൃക നൽകുകയും ചെയ്യുന്നു.

സുകൃതവാന്മാരെ അനുകരിക്കുന്നവൻ അവരുടെ ആശംസകൾ പാത്രവാണാകും; നന്മയിൽ ഉത്തമനായവൻ, യഥാർത്ഥമായും സ്വതന്ത്രനും ഉത്കൃഷ്ടനുമാകുന്നു.

പാപസ്പർശമേൽക്കാത്തവൻ സുന്ദരനും കോമളനുമാകുന്നു; എന്നാൽ, ഒരു പാപി ബാഹ്യമായി എത്ര അലംകൃതനായാലും ഉള്ളിൽ നീചനും ഹീനനുമായിരിക്കും. കൃപാവരത്താൽ നിറഞ്ഞിരിക്കുന്നവനും ഇഹലോകബഹുമാനങ്ങളെ അഭിലഷിക്കാതിരിക്കുന്നവനും സന്തുഷ്ടനും സമ്പന്നനുമാകുന്നു. എന്നാൽ, നന്മ കൈവെടിയുന്നതിനും ആത്മനാശം വരുത്തിക്കൂട്ടുന്നവനും ഭോഷനും വിവേകരഹിതനുമാകുന്നു.

അനന്തമായവയെ അന്വേഷിക്കുന്നതും "ഉപയോഗത്താൽ ശൂന്യമായിത്തീരുന്നവയെ" നിരസ്സിക്കുന്നതും ദിവ്യജ്ഞാനമാകുന്നു.

www.malankaralibrary.com



4. പിതാക്കന്മാരുടെ പ്രബോധനത്തെ പരിത്യജിക്കാത്തവൻ വിശ്വാസത്തെ പരിപൂർണ്ണമായി കാക്കുന്നവനും ബുദ്ധിമാനത്രേ.

ദൈവസ്നേഹവും കല്പനകളുടെ ആചരണവും യഥാർത്ഥജ്ഞാനമാകുന്നു.

ആരെങ്കിലും നിന്നോടു ഉപദേശം ചോദിക്കുന്നുവെങ്കിൽ എളിമയുടെ മാർഗ്ഗങ്ങളെ കാണിച്ചുകൊടുക്കുകയും നീ തന്നെ മുമ്പേ അതിൽക്കൂടി നടക്കുകയും ചെയ്യുക.

പരമാർത്ഥത്തിൽ, വിനീതനായവൻ വ്യർത്ഥത അറിയുന്നില്ല; ബഹുമാനം ഉപേക്ഷിക്കുന്നു; തിരസ്കാരണത്തിൽ സന്തോഷിക്കുന്നു. തെററിനും പകക്കും അവൻെറ സ്മരണയിൽ ഇടം കൊടുക്കുന്നുമില്ല.

---

# അദ്ധ്യായം 10

## മനുഷ്യഹൃദയത്തിൻെറ അസ്ഥിരത.

"ആരെങ്കിലും എന്നിലും ഞാൻ അവനിലും വസിക്കുന്നെങ്കിൽ അവൻ വളരെഫലം പുറപ്പെടുത്തും" (യോ 15: 5) മനുഷ്യൻെറ വിചാരങ്ങളും ഹൃദയ—വേഴ്ചയും ഇടവിടാതെ മാറിക്കൊണ്ടിരിക്കുന്നു; എന്നാൽ ദൈവത്തിൽനിന്നല്ലാതുള്ളതെല്ലാം മായയും അശുദ്ധവുമത്രേ. അസ്ഥിരവും ദുരാഗ്രഹപൂരിതവുമായ മർത്ത്യഹൃദയമെ, നിൻെറ ദൈവത്തെ ഉപേക്ഷിക്കയാൽ എന്തു് ദുരിതവും കയ്പുമാണു് നിനക്കു വന്നുകൂടുക? ആശ്വാസം നൽകാത്തതും നിൻെറ ആവശ്യങ്ങളെ സാധിപ്പിക്കാത്തതുമായ ക്ഷുദ്രകാര്യങ്ങൾക്കായി നീയെന്തിനു അദ്ധ്വാനിക്കുന്നു? സന്തുഷ്ടനാകുന്നതിനു നീ എന്തു ചെയ്യുന്നു; അഥവാ എവിടെയാകുന്നു അലഞ്ഞുതിരിയുന്നതു്? നിൻെറ ഹൃദയത്തിലേക്കു് അതിവേഗം പിൻതിരിയുക; ദൈവത്തെ എന്തുമാത്രം ദുഃഖിപ്പിച്ചുവെന്നു് പരിശോധിക്കുക; നീ വരുത്തിക്കൂട്ടിയ തിന്മയ്ക്കു പരിഹാരം ചെയ്യുക.

www.malankaralibrary.com



നിന്റെ ഹൃദയാന്തർഭാഗത്തു് ദൈവത്തിനായി ഒരു തിരുനിവാസം സജ്ജമാക്കുക; നിന്ദ്യവും നിഷ്പ്രയോജനവുമായ എല്ലാ സങ്കല്പങ്ങളേയും ബാഹ്യമായ എല്ലാ ചിന്തകളേയും മാററിക്കളയുക; അപ്പോൾ പരിശുദ്ധാത്മാവിന്റെ ദിവ്യസമാധാനത്താൽ നീ നിറയും.

2. പലപ്പോഴും പുറത്തു് അലഞ്ഞു തിരിയുന്നവർ ചുരുക്കമായേ നന്മ അനുഭവിക്കുന്നുള്ളു. ലോകത്തിൽ ഏററവും ഭംഗിയായി ശോഭിക്കുന്നതുപോലും യഥാർത്ഥമായ യാതൊന്നിലേക്കും നമ്മെ നയിക്കുന്നില്ല. കാഴ്ചകൊണ്ടു് കണ്ണുതൃപ്തിപ്പെടുന്നില്ല, കേൾവികൊണ്ടു് ഹൃദയം നിറയുന്നുമില്ല; ഇവയെല്ലാം സ്രഷ്ടാവിനു് മഹത്വം നൽകുന്നതിനല്ലെങ്കിൽ നിന്റെ കാഴ്ച ഒരു ദിവാസ്വപ്നമായിരിക്കും.

പരിശുദ്ധനായ ദാവീദ് ഇപ്രകാരം ആലപിക്കുന്നു: "ദൈവമെ, നിന്റെ പ്രവൃത്തികളിൽ ഞാൻ സന്തോഷിക്കുന്നു. നിന്റെ കൈവേലകളിൽ ഞാൻ ആനന്ദിക്കുന്നു" (സങ്കീ. 91: 5.) സൃഷ്ടവസ്തുക്കളൊന്നും ശാശ്വതമല്ല; അത്യുന്നതനായ ദൈവമൊഴികെ നിലനില്ക്കുന്നതായി ഒന്നുമില്ല.

സത്യത്തെ മുറുകെ പിടിക്കുക; അബദ്ധത്തിൽനിന്നും. അധർമ്മത്തിൽനിന്നും നിരർത്ഥകഭാവനയിൽനിന്നും നീ വിടുവിക്കപ്പെടും.

അയൽക്കാരനു് എതിരായി ഏഷണി കൂട്ടുന്നവന്റെ നെറുകയിലേക്കു് അതു് തിരിഞ്ഞുവീഴും.

ക്രിസ്തു സത്യമാകുന്നു; തന്നെ പിൻചെല്ലുന്നവർ സത്യത്തെയും സകല സുകൃതങ്ങളേയും സ്നേഹിക്കുന്നു.

തത്ക്കാലികങ്ങളായ ലാഭത്തിനോ ബഹുമാനത്തിനൊ വേണ്ടി സത്യത്തെ ബലികഴിക്കുന്നവൻ തന്റെ വിശ്വാസത്തെ അപകടത്തിലാക്കുന്നു; സുകൃതമാഹാത്മ്യങ്ങളോടു് യാത്ര പറയുന്നു.

ദൈവം സത്യമാകയിൽ മിഥ്യ അനേകനാളേക്കു മറഞ്ഞിരിക്കാൻ അനുവദിക്കുകയില്ല. ദുഷ്ടൻ, കുറച്ചു് കാലത്തേക്കു വഷളായ സ്വഭാവത്തെ നാട്യംകൊണ്ടു് മറച്ചേക്കാം. എന്നാൽ, അവസാനം സത്യം തെളിവാകയും അവൻ അറിയാത്ത നേരത്തു് പൂച്ചു് പുറത്താകയും ചെയ്യും.

www.malankaralibrary.com



ദൈവത്തിന് ഇഷ്ടവും പ്രസാദകരവുമല്ലാത്ത യാതൊന്നിലും നിന്റെ വിചാരവും ആഗ്രഹവും പതിയരുത്. അങ്ങിനെ തന്നെ ദൈവമഹത്വത്തിന്നായി സുകൃതമനുഷ്ഠിക്കുകയും നന്മ പ്രവൃത്തിക്കുകയും ചെയ്യുക.

3. സത്യം സംസാരിക്കുന്നവനും തിന്മയെ വെറുക്കുന്നവനും സ്വർഗ്ഗരാജ്യത്തിൽ വലിയവനായിരിക്കും. മറിച്ച് തിന്മ പ്രവൃത്തിക്കുന്നവനും സത്യത്തെ നിരസിക്കുന്നവനും നിത്യശിക്ഷ അനുഭവിക്കേണ്ടതായും വരും.

സത്യത്തിലും സ്നേഹത്തിലും വർത്തിക്കുക, അപ്പോൾ നീ ദൈവത്തിനും. മാലാഖമാർക്കും മനുഷ്യർക്കും പ്രിയങ്കരനായി തീരും.

ക്ഷണികമായ ചില കാര്യങ്ങളിൽ ദുഷ്ടൻ നിന്റെമേൽ വിജയം കൊള്ളുമ്പോൾ ഭയപ്പെടരുത്. നിത്യവും സമ്പൂർണ്ണവുമായ നന്മകൾ അനീതി സഹിക്കുന്നവർക്ക് ദൈവം പ്രദാനം ചെയ്യും.

നിന്റെ മനസ്സ് സമാധാനത്തിലും നിന്റെ ഹൃദയം ആക്ഷേപരാഹിത്യത്തിലും ആയിരിക്കുവാൻ നീ അഭിലഷിക്കുന്നുണ്ടെങ്കിൽ, താഴ്മയും ക്ഷമയും അനുസരണവുമുള്ളവനായിരിക്കുക.

നീ വികാരവിക്ഷോഭിതനാകുമ്പോൾ, നിന്നെപ്പോലെ ഒരു ഭയങ്കര ശത്രുവിനെ നിനക്കു അഭിമുഖീകരിക്കേണ്ടതായി വരികയില്ല.

നിന്റെ തെററുകളെ സസൂക്ഷ്മം പരിശോധിക്കുക. എന്നാൽ, അന്യരുടെ പ്രവൃത്തികളെ തൂക്കിനോക്കി പരിശോധിക്കുവാൻ നീ ഒരുമ്പെടുകയില്ല; നിനക്കതിനു നേരവും കാണുകയില്ല.

www.malankaralibrary.com

# അദ്ധ്യായം 11

## കഷ്ടകാലത്തിൽ ദൈവത്തെ ആശ്രയിക്കുക.

"യഹോവയിൽ ആശ്രയിച്ച് നന്മചെയ്യുക. (സങ്കി. 36. 3)

1. നിനക്കാനന്ദം ഉളവാക്കുന്ന താത്ക്കാലിക ഗുണങ്ങളെക്കുറിച്ച് പ്രശംസിക്കുകയോ, സ്നേഹിതരിലും പരിചിതരിലും ആശ്രയിക്കുകയോമരുത്. ഇവയെല്ലാം അനിശ്ചിതവും അപകടപൂർണ്ണവുമാകുന്നു. അതുകൊണ്ട്, ദൈവത്തെ സമാശ്രയിക്കുന്നവനും ആവശ്യനേരത്ത് തന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്നവനും ദുഷ്ക്കാലസന്ധിയിൽ ഉപേക്ഷിതനാകയില്ല.

ആരു് നല്ല ജീവിതം കഴിക്കുന്നുവോ, ആരുടെ വചനങ്ങൾ സംസ്കാരസമ്പുഷ്ടങ്ങളായിരിക്കുന്നുവോ, ഏതൊരുവൻ അന്യന് ഇടർച്ച വരുത്താതിരിക്കുന്നുവോ, ആരുടെ ദൃഷ്ടി അധർമ്മത്തെ സൂക്ഷിക്കുന്നുവോ, സ്വചിന്തയിൽ ദുർവ്വികാരങ്ങളെ ആരു് സൂക്ഷിച്ച് തടയുന്നുവോ അങ്ങനെയുള്ളവൻ ആന്തരിക സമാധാനം അനുഭവിക്കും. നിന്റെ വസതിയുടെ വാതായനമടക്കുക, അപ്പോൾ നിനക്ക് സുഖമായി ഉറങ്ങാം.

പിശാചിന്റെ എതിർപ്പുകളെ നേരിടുവാനായി ഒരു പരിചക്കുവേണ്ടി, ദിനംതോറും അല്പസുകൃതമെങ്കിലും അനുഷ്ഠിക്കാത്തവൻ, അവിചാരിതമായി ശത്രുവിന്റെ ഇരയാകാനെളുപ്പമുണ്ട്.

എല്ലാം ശുഭകരമായി പര്യവസാനിക്കാത്തപ്പോൾ ചിലർ പ്രാർത്ഥന മുടക്കിയിട്ട് പ്രലോഭനങ്ങളോട് എതിരിടുവാൻ തുനിയും. പക്ഷേ, പുണ്യം, ഞെരുക്കവും വേദനയും കൂടാതെ സമ്പാദിക്കപ്പെടാവുന്നതോ തത്പര്യപൂർവ്വമായ ശ്രദ്ധയില്ലാതെ നിലനിർത്താവുന്നതോ അല്ല.

ദുർവൃത്തിയും അസ്ഥിരതയും നിറഞ്ഞ മനസ്സ് നിയമങ്ങളെ വ്യഭിചരിപ്പിക്കുകയും പഞ്ജരമുക്തയായ പക്ഷിയെപ്പോലെ സ്വവസതി വിട്ട് പറന്നുപോകയും ചെയ്യുന്നു.

നീ രൂക്ഷതരമായി പരീക്ഷിക്കപ്പെടുമ്പോഴും കഠിനതരമായി ഞെരുക്കപ്പെടുമ്പോഴും പ്രയാസങ്ങളാൽ ഭാരപ്പെടുമ്പോഴും

www.malankaralibrary.com



അപഹസിക്കപ്പെടുമ്പോഴും നിരാശനാകരുത്. മനുഷ്യരുടെ നിന്ദനവും ഈ പരിശോധനയും നിന്റെ പാപത്തിന്റെ ഫലമായി നീ ന്യായപൂർവ്വം അർഹിക്കുന്നതാണെന്ന് കരുതിക്കൊള്ളുക. ക്ഷമയോടു് സഹിക്കുകയും പ്രത്യാശപൂർവ്വം ഇപ്രകാരം പറയുകയും ചെയ്യുക: "ദൈവമേ അങ്ങേ നീതിയെ ഞാൻ ഗ്രഹിക്കേണ്ടതിന് നീ എന്നെ എളിമപ്പെടുത്തിയതു്, എനിക്കു് വളരെ നല്ലതാകുന്നു." (സങ്കീ. 118: 71)

പ്രലോഭനങ്ങളിലും പ്രയാസങ്ങളിലും ദൈവസാഹായ്യത്തെ മനുഷ്യൻ ഗ്രഹിക്കുന്നു. അപ്പോഴാണ് ആവശ്യങ്ങൾ അവനു് ബോദ്ധ്യമാകുന്നതു്. പോരായ്മകളുടെ ബഹുലത അവൻ മനസ്സിലാക്കുന്നു. തന്റെ യജമാനന്റെ വസ്തുക്കൾ സ്വാഭീഷ്ടത്തിനുവേണ്ടി ദുർവിനിയോഗിക്കുകയും തൻമൂലം അന്യരുടെ നിന്ദക്കു പാത്രമാകുയും ചെയ്യുന്നവൻ ഭോഷനും അവിശ്വസ്തനുമായ ദാസനാകുന്നു.

തന്റെ സഹോദരങ്ങളെ നിന്ദിക്കുകയും അവരെക്കാൾ കേമമെന്നു് നടിക്കുകയും ചെയ്യുന്നവൻ, ദൈവത്തെയും തന്റെ വിശുദ്ധരേയും കോപിപ്പിക്കുന്നു. എന്നു്, നാം എളിമയില്ലാത്തവരായിത്തീരുകയും നമ്മുടെ തെറ്റുകളെക്കുറിച്ചുള്ള ഓർമ്മ മാഞ്ഞുപോകുയും, അവയെക്കുറിച്ചു് നാം വിലപിക്കാതിരിക്കുകയും ചെയ്യുമോ അന്നു നാമും അത്തരം തെറ്റുകളിൽ വീണുപോകും.

അന്യോന്യം സഹിക്കുന്നതും വഹിക്കുന്നതും നല്ലതാകുന്നു. പിന്നെന്തിനു്, മററുള്ളവരുടെ സ്വഭാവത്തെക്കുറിച്ചു് നാം ഉത്കണ്ഠിതരാകുന്നു? എന്തുകൊണ്ടു്, ആ സഹോദരനെ വഹിച്ചുകൂടാത്തവണ്ണം ഭാരമായിരിക്കുന്നു് എന്നു നാം വിലപിക്കുന്നു?

ചിലപ്പോൾ, ഒരാളുടെ തെററുകുററങ്ങളും ഉപേക്ഷയും മററും പരസ്യമായിപ്പോകാറുണ്ടു്. അതവനെ കൂടുതൽ എളിമയുള്ളവനും, സഹോദരന്മാരുടെ ദൗർബല്യത്തെ കൂടുതൽ സഹാനുഭൂതിയോടെ വീക്ഷിക്കുവാൻ കഴിവുള്ളവനും തെററിലുൾപ്പെടുന്നവരെ സമാധാനത്തിന്റെ മാർഗ്ഗത്തിൽ സ്നേഹപൂർവ്വം നടത്തുവാൻ മററുള്ളവർക്കു് സന്ദർഭം നൽകുന്നവനും ആക്കിത്തീർക്കുന്നു. സ്വന്ത അനുഭവസാക്ഷ്യത്താൽ അവൻ പറയും: "അവനും ഒരു മനുഷ്യനാകുന്നു, മാലാഖയും മററുമല്ല; എനിക്കു് സംഭവിച്ചതുപോലെ അവനും സംഭവിച്ചുപോയി. നാം സഹോദരന്മാരാണല്ലോ,

www.malankaralibrary.com



എന്റെ ലക്ഷ്യം പിഴച്ചതായിരുന്നു, അവന്റേതു് പക്ഷേ, നല്ലതായിരുന്നിരിക്കാം. തിന്മ ചെയ്യാത്തവനും ഒരിക്കലും തെറ്റിപ്പോകാത്തവനുമായി ദൈവം മാത്രമേയുള്ളു.

നിന്റെ സഹോദരൻ വഴുതി വീഴുമ്പോൾ നീയെന്തിനു് അവനെ പഴിക്കുന്നു. നിൽക്കുന്നു എന്നു വിചാരിക്കുന്നവൻ വീഴാതിരിപ്പാൻ സൂക്ഷിച്ചുകൊള്ളട്ടെ." (1 കോറി. 10: 12) ഇവിടെയായിരുന്നു നീ വീണതു്. ഒരു പരസ്യവീഴ്ച മൂലമുണ്ടായ ലജ്ജ, വ്യർത്ഥാഭിമാനത്തെ നിശ്ശേഷം ഇല്ലാതാക്കുന്നു.

# അദ്ധ്യായം 12

## പ്രാർത്ഥനയും സത്ഗ്രന്ഥ പാരായണവും മൂലമുള്ള നന്മ.

"ഇടവിടാതെ പ്രാർത്ഥിക്കുക." (1. തെസ. 5: 17)

"ഇടവിടാതെ പ്രാർത്ഥിക്കുകയോ?" എന്തിനു? പ്രലോഭനങ്ങളാലും പ്രയാസങ്ങളാലും നാം വലയം ചെയ്യപ്പെട്ടിരിക്കുന്നു; പൈശാചിക ദൂതരുടെ കെണികളാലും ദുർവികാരങ്ങളാലും നാം ചുററപ്പെട്ടിരിക്കുന്നു.

സുവാർത്തകൾ വിരളമായേ കേൾക്കുന്നുള്ളു. മറിച്ചു്, യുദ്ധം എല്ലായിടത്തും വ്യാപിച്ചിരിക്കുന്നു. അകത്തു് ഭയം, പുറത്തു് യുദ്ധം, അദ്ധ്വാനംകൂടാതെ ഒരു ദിവസംപോലും കടന്നുപോകുന്നില്ല. നമ്മുടെ കണ്ണുകളിൽ മരണഭയമില്ലാത്ത ഒരു വിനാഴികപോലും അവശേഷിച്ചിട്ടുമില്ല.

ദൈവത്തിന്റെ നീതിപൂർവ്വകമായ വിധിമൂലം നമ്മുടെ ചുററുമുള്ള ജാതികൾ അഗ്നിയാലും വാളാലും നശിപ്പിക്കപ്പെട്ടു. ഈ വിനാശത്താൽ ദുഷ്ടന്മാരുടെ തിന്മകളെ അവൻ ശിക്ഷിക്കുകയും തന്റെ തെരഞ്ഞെടുക്കപ്പെട്ടവരെ നിത്യസമ്മാനത്തിനു് നയിക്കുകയും ചെയ്യുന്നു. ആകയാൽ ഇടവിടാതെ പ്രാർത്ഥിക്കുന്നതു് അത്യന്തം ആവശ്യമാകുന്നു. അതു് ശത്രുവിന്റെ ജ്വലിക്ക

www.malankaralibrary.com



ന്ന അസ്ത്രങ്ങളെ നേക്കുവാൻ പോരുന്ന കഴിവുററ പരിചയായിരിക്കും.

പ്രാർത്ഥന മുടക്കുന്നവൻ പടയണി വിട്ടോടുകയായിരിക്കും. പടയിൽ പൊരുതാത്തവൻ മിക്കവാറും തോല്പിക്കപ്പെടുകയും വിജയമകുടം അവനു നഷ്ടമാകയും ചെയ്യും.

എപ്പോഴും പ്രാർത്ഥിക്കുവാനും മടുപ്പു കൂടാതെ യുദ്ധം ചെയ്‌വാനും ആർക്കു കഴിയും? ദൈവത്തിൽ ആശ്രയിച്ച് തന്റെ നാമം വിളിച്ചപേക്ഷിക്കുന്നവനു് എല്ലാം സിദ്ധിക്കും. എന്തെന്നാൽ, "സത്യമായി തന്നെ വിളിച്ചപേക്ഷിക്കുന്നവർക്കു് ദൈവം സമീപസ്ഥനാകുന്നു." (സങ്കീ. 144: 18) അധരംകൊണ്ടു് സദാ പ്രാർത്ഥിച്ചുകൂടായെങ്കിൽ ഹൃദയംകൊണ്ടു് പ്രാർത്ഥിക്കുക; നിന്റെ ആഗ്രഹത്തിന്റെ തീക്ഷ്ണതയാലും പരിശുദ്ധ നിയോഗത്താലും പ്രാർത്ഥിക്കാമല്ലോ. നന്മ ചെയ്യാനുള്ള ശുഷ്കാന്തിയും ദൈവത്തെ സേവിക്കാനുള്ള പ്രവണതയും, നിന്റെ ഹൃദയവേദിയിൽ തുടർച്ചയായി ദൈവത്തിനു സമർപ്പിക്കുന്ന ബലിയായിരിക്കും. കാരണം: "മടുപ്പു കൂടാതെ പ്രാർത്ഥിക്കുന്നവൻ" നന്മ ചെയ്യുന്നതിലും മടുത്തു പോകുന്നില്ല. കഴിഞ്ഞ കാലങ്ങളിലെ വീഴ്ചകളെക്കുറിച്ചു് വിലപിക്കാത്തവനും കൂടുതൽ സുകൃതാഭിവൃദ്ധിക്കുവേണ്ടി നെടുവീർപ്പിടുന്നവനും "പ്രാർത്ഥന മുടക്കുന്നില്ല" പരിശുദ്ധനായ ദാവീദിനോടുകൂടി പറയുന്നു: "ദൈവമേ, എന്റെ ആഗ്രഹം എപ്പോഴും നിന്റെ മുമ്പാകെയിരിക്കുന്നു; എന്റെ നെടുവീർപ്പുകൾ നിനക്കു മറവായിരിക്കുന്നതുമില്ല." (സങ്കീ. 37. 10)

2. ബാഹ്യകൃത്യങ്ങളാൽ ശ്രദ്ധ പതറുമ്പോഴും ചില ദുർവികാരങ്ങൾക്കു് നാം അധീനരാകുമ്പോഴും നമ്മുടെ ശുഷ്കാന്തിയെ ഉത്തേജിപ്പിക്കുവാൻ തിരുവചനവും ജ്ഞാനവായനയും വളരെ ഉപകാരപ്രദമാകുന്നു. ശ്രേഷ്ഠമായ പാരായണം ജീവിതമാർഗ്ഗങ്ങൾ നമ്മെ അഭ്യസിപ്പിക്കുന്നു. നല്ല മാതൃകകൾ അനുകരിക്കാൻ നാം പ്രേരിതരാകയും പ്രാർത്ഥനമൂലം അവയെ അനുഗമിക്കാൻ ആവശ്യമായ കൃപാവരം നമുക്കു ലഭിക്കുകയും ചെയ്യും.

ദൈവത്തെക്കുറിച്ചു് വായിക്കുക വളരെ അഭികാമ്യം, ദൈവത്തോടു് പ്രാർത്ഥിക്കുക അതിലും ശ്രേഷ്ഠം, ദൈവത്തിനുവേണ്ടി പ്രാർത്ഥിക്കുക അത്യുത്തമം.

www.malankaralibrary.com



വചനത്തിലും പ്രവൃത്തിയിലുമെല്ലാം ആരു് ദൈവമഹത്വമല്ലാതെ മററൊന്നും തന്നോടുതന്നെ മന്ത്രിക്കുന്നില്ലയോ ആ മനുഷ്യൻ അനുഗ്രഹീതനാകുന്നു. എല്ലാററിലും എല്ലാററിനുമുപരിയും അതുമാത്രം ആഗ്രഹിക്കുന്നവൻ എന്നും സ്വാതന്ത്ര്യനും അനുഗ്രഹീതനുമായിരിക്കും.

3. ഒരു സന്യാസി ഭക്തനെന്നു് എങ്ങിനെ പറയാം? പ്രാർത്ഥനക്കും, പഠനത്തിനും പാരായണത്തിനും മുൻപു് വ്യർത്ഥഭാഷണത്തിൽ ഏർപ്പെട്ടിരിക്കുന്നവൻ എങ്ങിനെ ഭക്തനാകും?

നീചകാര്യങ്ങളെക്കുറിച്ചു് പറയുകയും വ്യർത്ഥകാര്യങ്ങളിൽ ശ്രദ്ധിക്കാൻ ഇഷ്ടപ്പെടുകയും ചെയ്യുന്നവൻ തന്റെ ആത്മാവിനെ നിസ്സാരവിലക്കു് കൈമാററം ചെയ്യുന്നു.

പ്രയാസങ്ങളിലും പ്രലോഭനങ്ങളിലും നിന്റെ ആത്മാവിന്റെ പ്രശാന്ത തുറമുഖമാകുന്ന പ്രാർത്ഥനയിലേക്കു് അടുത്തുകൊള്ളുക. എത്ര അധികമായി നീ പ്രാർത്ഥനയിൽ ശരണപ്പെടുമോ അത്ര വലുതായിരിക്കും അതിന്റെ കഴിവുകൾ. എത്രകണ്ടു താമസിക്കുമോ അത്ര കുറഞ്ഞുപോകും നീ പ്രാപിക്കേണ്ട നന്മയും. സദാ സമയവും പ്രാർത്ഥിക്കുമെങ്കിൽ വളരെ നന്മ നീ പ്രാപിക്കും. കൂടുതൽ ശുഷ്കാന്തിപൂർവ്വമെങ്കിൽ, കൂടുതൽ ദൈവമഹത്വത്തിനു് ഇടയാകും.

നല്ലവനും കാരുണ്യവാനുമായ ദൈവം, നാം തന്നോടു് ആവശ്യപ്പെടണമെന്നു് അഭിലഷിക്കുന്നു. പ്രാർത്ഥനയ്ക്കുള്ള സന്ദർഭങ്ങളെ ധാരാളമായി നൽകുകയും പ്രാർത്ഥനക്കു് ഉത്തരമരുളുമെന്നു് വാഗ്ദാനം ചെയ്യുകയും ചെയ്തിട്ടുമുണ്ടു്. "ചോദിപ്പിൻ എന്നാൽ, നിങ്ങൾക്കു ലഭിക്കും" എന്നു താൻ അരുളിയിട്ടുണ്ടല്ലോ. (മത്താ. 17: 17)

ദൈവം തന്നോടുള്ള സംഭാഷണംമൂലം പ്രാർത്ഥനക്കു നമ്മെ ക്ഷണിക്കുകയും, തന്റെ മാതൃകമൂലം നമ്മെ നയിക്കുകയും; ഭീഷണിമൂലം നമ്മെ നിർബന്ധിക്കുകയും തന്റെ ദാനങ്ങൾമൂലം നമ്മെ ഉൽസുകരാക്കുകയും ചെയ്യുന്നു. പ്രാതികൂല്യങ്ങളാൽ നമ്മുടെ ഉപേക്ഷയെ ദൈവം ശിക്ഷിക്കുന്നു. ആനുകൂല്യങ്ങളാൽ നമ്മുടെ കീഴ്വഴക്കത്തെ പ്രതിസമ്മാനിക്കുന്നു. വേദനയുടെയും ആശ്വാസത്തിന്റെയും ഈ പ്രഭാതവും പ്രദോഷവുംകൊണ്ടു് നമ്മുടെ ജീവിതത്തിന്റെ ഒരു ദിവസം കഴിഞ്ഞുപോയി.

www.malankaralibrary.com



കൂടാതെ, ഭക്തിപൂർവ്വം പ്രാർത്ഥിക്കുന്നവരോടും ധ്യാനത്തേയും മൗനത്തേയും സ്നേഹിക്കുന്നവരോടുമായി ദൈവം സംസാരിക്കുന്നു; എന്നാൽ, ലോകത്തേയും അതിന്റെ വ്യർത്ഥഭാഷണത്തേയും സ്നേഹിക്കുന്നവരിൽനിന്നും ആന്തരിക സമാധാനം താൻ എടുത്തുകളയുന്നു.

4. സുവാർത്തകൾ ശ്രവിക്കുന്നതിൽ തല്പരരേ, നിങ്ങൾ വന്ന് യേശുക്രിസ്തുവിനോടുകൂടി സംഭാഷിക്കുക; സ്വർഗ്ഗരാജ്യത്തെക്കുറിച്ച് സംസാരിക്കുന്ന അദ്ദേഹത്തെ ശ്രദ്ധിക്കുക; വരുവാനുള്ള ന്യായവിധിയും, സ്വർഗ്ഗീയ ഉത്കർഷവും അദ്ദേഹം വിവരിക്കും. സ്വർഗ്ഗനിവാസികളുടെ ആഹ്ളാദവും അവിടെ ആനന്ദിക്കുന്ന ദൂതസംഘത്തിന്റെ നിരയും, തിരഞ്ഞെടുക്കപ്പെട്ടവരുടെ പ്രതാപവും മഹത്വവും, നിത്യകാലവും സന്തോഷത്തിലും ആഹ്ളാദത്തിലും കഴിക്കാൻ പോകുന്ന വിശുദ്ധരുടെ പ്രതിസമ്മാനവും നിങ്ങൾ ഗ്രഹിക്കും.

പ്രവാചകന്മാരെ ശ്രവിക്കുക; ക്രിസ്തുവിന്റെ മറഞ്ഞിരിക്കുന്ന രഹസ്യങ്ങളെ വെളിപ്പെടുത്തുകയും ദുഷ്ടന്മാരുടെമേൽ ആപതിക്കുന്ന ശിക്ഷകളെ അവർ വിളിച്ചു പറകയും ചെയ്യുന്നു.

അപ്പസ്തോലന്മാരേയും ഏവൻഗേലിസ്തന്മാരേയും ശ്രദ്ധിക്കുക; യേശുക്രിസ്തുവിന്റെ വിസ്മയകൃത്യങ്ങളും അത്ഭുതപ്രവൃത്തികളും ലോകമെങ്ങും അവർ പ്രസിദ്ധപ്പെടുത്തുന്നു.

തിരുസഭയുടെ മല്പാന്മാരെ കേൾക്കുക: വിശുദ്ധ കാര്യങ്ങളെക്കുറിച്ച് സ്വതസ്സിദ്ധമായ വാഗ്മിതയോടെ അവർ പ്രസംഗിക്കുന്നു. വി. ഗ്രന്ഥങ്ങളിൽ അസ്പഷ്ടമായവ അവർ വിവരിക്കുന്നു. സുകൃതനടപടികളെ ഭംഗിയായി ചിത്രിക്കുകയും പാഷണ്ഡതകളേയും ഷിദ്മങ്ങളേയും സകാരണം എതിർക്കുകയും ചെയ്യുന്നു.

അവരവരുടെ അഭിരുചിക്കും ആവശ്യത്തിനുമുതകിയ സത്യങ്ങൾ ഓരോരുത്തരും ഇതിൽനിന്ന് തിരഞ്ഞെടുക്കട്ടെ. ലളിതമായവയെ സംശയത്തിൽ തള്ളിക്കളകയോ ബുദ്ധിക്കതീതമായവയെ പരിശോധിക്കുകയോ ചെയ്യരുത്. ബുദ്ധിമാനെ വെല്ലുവിളിക്കുക ദുഷ്കരവും, വിശുദ്ധരേയും പരിശുദ്ധാത്മാവിനാൽ പ്രബോധിതരായവരേയും നിന്ദിക്കുന്നത് ഭക്തിരാഹിത്യവുമാകുന്നു.

www.malankaralibrary.com


5. നിർമ്മലമായ സത്യം ഗ്രഹിക്കുന്നതിനു സ്ഥിരമായി പരിശ്രമിക്കുക. ഏററവും നിസ്സാരങ്ങൾപോലും പ്രവൃത്തിക്കുവാൻ വിനയപുരസ്സരം നിശ്ചയിക്കുക. അവ നിനക്കു ഗുണകരമെങ്കിൽ, താമസമെന്യേ ഉന്നതരഹസ്യങ്ങളെക്കുറിച്ചുള്ള ജ്ഞാനം ദൈവം നിനക്കു നൽകും. എന്തെന്നാൽ, "നന്മ ചെയ്‌വാൻ അറിയാമായിരുന്നിട്ടും അപ്രകാരം ചെയ്യാത്തവനു് അതു് പാപമാകുന്നു." (വി. യാക്കോ. 4: 17)

വിജ്ഞാനസമ്പന്നനായിരിക്കുന്നവനും അതേസമയം തന്റെ സ്വഭാവത്തെ ക്രമീകരിക്കുവാൻ ആ ജ്ഞാനം ഉപയോഗിക്കാത്തവനും, ധാരാളം വായിക്കുന്നവനും ആ വായന തനിക്കു ഉപയോഗപ്രദമാക്കാത്തവനും വിഭവസമൃദ്ധമായ വിരുന്നുമേശയിൽനിന്നും വിശപ്പോടെ ഇറങ്ങിപ്പോകുന്ന മനുഷ്യനു തുല്യമത്രേ.

അല്പംമാത്രം അദ്ധ്വാനിക്കുന്നവനു് ആവശ്യങ്ങൾ ബഹുലങ്ങളായിരിക്കും. അതുപോലെ അല്പംമാത്രം പ്രാർത്ഥിക്കുന്നവൻ വളരെനാൾ മന്ദഭക്തനുമായിരിക്കും.

തിന്മയ്ക്കെതിരായി സ്വരമുയർത്തുന്നവൻ തന്നെത്തന്നെ തിരുത്തുന്നില്ലെങ്കിൽ, മുള്ളിനിടയിൽ ചിതറിയ നല്ല വിത്തിനു തുല്യമായിരിക്കും.

ആദ്യമായി തന്റെ ദുരഭിലാഷങ്ങളെ ത്യജിക്കാതെ പ്രാർത്ഥിക്കുവാൻ തുനിയുന്നവൻ, വാക്കുകളുടെ ബഹുലതയിൽനിന്നും അധികമൊന്നും ഫലം പുറപ്പെടുത്തുന്നില്ല.

സ്വഹൃദയത്തിൽനിന്നും ശ്രദ്ധയുള്ള സൂക്ഷ്മതയോടെ അശുദ്ധവിചാരങ്ങളെ തള്ളിക്കളയുന്നവൻ സന്തുഷ്ടനായിരിക്കും; തന്റെ സ്വർഗ്ഗീയ മണവാളന്റെ വെണ്മയുള്ള പരിശുദ്ധിയെ മുറിപ്പെടുത്തുവാൻ പോരുന്ന യാതൊന്നും ഹൃദയാന്തർഭാഗത്തു് മറഞ്ഞിരിക്കാൻ അനുവദിക്കാത്തവനും സന്തുഷ്ടനായിരിക്കും.

യഥാർത്ഥ ദുഃഖവും എളിമയുമുള്ള ഹൃദയത്തിൽനിന്നു് പുറപ്പെടുന്ന വിനീതമായ പാപനിവേദനം, ഹൃദയത്തിൽനിന്നു തിന്മയെ തുടച്ചുമാററുന്നു എന്നതിന്റെ ശരിയായ അടയാളമായിരിക്കും.

6. ഭക്തിയുള്ള ഒരു ക്രിസ്ത്യാനി പ്രാർത്ഥനയിൽ സന്തോഷം കണ്ടെത്തുന്നു; പാരായണതല്പരൻ അവന്റെ ഗ്രന്ഥത്തിലും,

www.malankaralibrary.com


ഭക്തിയുള്ള ആത്മാവു് സുകൃതവ്യാപാരത്തിലും, അഭിമാനി ബഹുമാനത്തിലും, വിനീതൻ നിന്ദ സഹിക്കുന്നതിലും, സമ്പന്നൻ അവൻെറ സ്വത്തിലും, യാചകൻ അവനു ലഭിച്ച ധമ്മത്തിലും ഭോജനപ്രിയൻ ഭക്ഷണപാനീയങ്ങളിലും അലസൻ അവൻെറ വ്യത്ഥഭാഷണത്തിലും ഒരു നല്ല മനുഷ്യൻ സ്വഭാവത്തിലും ബുദ്ധിമാൻ ജ്ഞാനത്തിലും ഉത്തമനായ സന്യാസി നിയമവിധേയത്വത്തിലും ആഹ്ളാദം കണ്ടെത്തുന്നു. എന്നാൽ ഇവയിൽ ഒന്നുപോലും ദൈവസ്നേഹത്തിൽ നിന്നുത്ഭവിക്കുന്ന ഒരു നല്ല മനസാക്ഷിയുടെ സമാധാനത്തോടു് ഉപമിച്ചുകൂടാ.

ഭയങ്കരനായ നിൻെറ ശത്രുവിനെ ജയിക്കാൻ നീയാഗ്രഹിക്കുന്നുവോ? ഓടിക്കൊള്ളുക; മിതമായി സംസാരിക്കുക, കോപിക്കാതിരിക്കുക, പ്രാത്ഥിക്കുക, ഉപവസിക്കുക, പഠിക്കുക, അദ്ധ്വാനിക്കുക, ശ്രദ്ധാലുവായിരിക്കുക ഇവയാകുന്നു പററിയ പ്രതിവിധി.

ഒരു പരിശുദ്ധ മനുഷ്യൻ വിശുദ്ധിയോടെ ചിന്തിക്കുന്നു, സത്യം സംസാരിക്കുന്നു, നീതിപൂവ്വം പ്രവത്തിക്കുന്നു, ഇപ്പോഴുള്ളവയെ നിരസിക്കുന്നു, നിത്യമായവയെക്കുറിച്ചു് ധ്യാനിക്കുന്നു.

വിനീതൻ അവനു നൽകപ്പെട്ട ഉപദേശം സ്വീകരിക്കുന്നു, കമ്മകുശലൻ അപകടങ്ങളെ തടയുന്നു, ക്ഷമാശീലൻ നിഷ്പ്രയാസം സഹിക്കുന്നു, ഉത്സാഹശാലി തൻെറ ജോലി ഉപേക്ഷിക്കാതിരിക്കുന്നു; നിസ്സാര തെററുകളെ തടയാത്തവൻ വലിയവയിൽ വീണുപോകും.

7. പ്രഭാതകാലത്തു് ഒരുവൻ മന്ദഭക്തനാണെങ്കിൽ, പ്രദോഷകാലത്തു് ഭക്തിയിൽ അത്ര ഉജ്ജ്വലിതനായി കാണുക എളുപ്പമല്ല. പ്രവൃത്തിരഹിതനായിരുന്ന ഒരുവൻ ക്രമേണ നന്നായി ജോലി ചെയ്യുമ്പോൾ ആത്മസംതൃപ്തി തോന്നുക സാധാരണമാണു്. മററുള്ളവർ അഭിനന്ദിച്ചില്ലെങ്കിൽതന്നെ ദൈവമുമ്പിൽ അവൻ കൃപ കണ്ടെത്തും; അതു് അത്യുത്തമവും വിലമതിക്കത്തക്കതുമായിരിക്കയും ചെയ്യും. എന്തെന്നാൽ, വിശുദ്ധരുടെ പ്രയത്നങ്ങൾക്കും കഷ്ടപ്പാടുകൾക്കും പ്രതിഫലമായി ദൈവം തന്നെത്തന്നെയും നിത്യവിശ്രാന്തിയും അവക്കു നൽകുന്നു.

മടിയൻ അലസതയിൽ തൃപ്തിപ്പെടുന്നില്ല. എന്നാൽ, പുണ്യപൂണ്ണൻ അനുവദിച്ചിട്ടുള്ളവപോലും നിരസിക്കുന്നു.

www.malankaralibrary.com



എളിമയിൽ അടിയുറച്ചവനും ഇഹലോക ബഹുമാനങ്ങൾ നിസ്സാരമെന്നു കരുതുന്നവനും നന്മയുടെ സുനിശ്ചിത മാർഗ്ഗത്തിൽകൂടി ബഹുദൂരം സഞ്ചരിക്കും.

ദൈവത്തെമാത്രം സന്തോഷിപ്പിക്കുന്നവൻ ബുദ്ധിപൂർവ്വം പ്രവർത്തിച്ചു ജീവിക്കുന്നു; ഏകാന്തതയിൽ വസിക്കുന്നതിനായി ലോകബഹളങ്ങളെ പരിത്യജിക്കുന്നു. ലൗകികങ്ങളെ അവഗണിക്കുകയും സ്വർഗ്ഗീയങ്ങളെ സ്നേഹിക്കുകയും സർവ്വോപരി ദൈവസ്നേഹത്തെ വിലമതിക്കുകയും ചെയ്യുന്നു.

---

# അദ്ധ്യായം 13

## ഔദാര്യത്തിൻെറ വൈശിഷ്ട്യവും ഫലങ്ങളും.

"എല്ലാം ദൈവസ്നേഹത്തിൽ ചെയ്യുവിൻ." (1 കോരി. 16: 14)

1. സ്നേഹം ഉന്നതമായ ഒരു പുണ്യമാകുന്നു. അതു് മററു സകല പുണ്യങ്ങളേയും അറിവിനേയും ദാനങ്ങളേയും അതിശയിക്കുന്നു.

പാപം ചെയ്യുന്ന ആത്മാവിനെ ശുദ്ധീകരിക്കുന്നതു് സ്നേഹമാണു് അതു് ചൂടു പിടിപ്പിക്കുകയും ജ്വലിപ്പിക്കുകയും ചെയ്യുന്നതു്. വിസ്മയനീയമായ മാധുര്യധോരണികൊണ്ടു നിറയ്ക്കുകയും മുഴുഭക്തിയോടും ശക്തിയോടും ബുദ്ധിയോടുംകൂടെ ദൈവസ്നേഹത്തെ വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

സ്നേഹം പാപിഷ്ഠനെ നീതീകരിക്കുകയും ബന്ധിതനെ വിട്ടുവിക്കുകയും ശത്രുവിനെ മിത്രമാക്കുകയും വൈദേശികനെ അയല്ക്കാരനാക്കുകയും അപരിചിതനെ പരിചിതനാക്കുകയും ചെയ്യുന്നു. അതു് അസ്ഥിരനെ നൈർമ്മല്യവാനും അഹങ്കാരിയെ വിനീതനും ദുരഭിമാനിയെ ശാന്തനും മന്ദനെ ഉണർവുള്ളവനുമാക്കുന്നു. സ്നേഹം നുറുങ്ങിയ ഹൃദയത്തിനു് സന്തോഷം വളർത്തുന്നു; ലുബ്ധൻെറ കരങ്ങൾക്കു് അയവു വരുത്തുന്നു; ജഡിക മനുഷ്യനെ ആദ്ധ്യാത്മിക പ്രബുദ്ധനാക്കുന്നു. അറിവില്ലാത്തവരെ

www.malankaralibrary.com



പഠിപ്പിച്ച വിജ്ഞാനം നൽകുന്നു. ഒരു വിശ്വാസിയുടെ ഉള്ളിൽ സ്വർഗ്ഗത്തിൽനിന്നും നമുക്കു നൽകപ്പെട്ട പ. റൂഹായുടെ സ്നേഹത്തിന്റെ സദ്വ്യാപാരങ്ങൾ ഇവയെല്ലാമായിരിക്കും.

ധീരത നിറഞ്ഞതാകുന്നു സ്നേഹത്തിന്റെ ഗതി. ഖെറുബികൾക്കും സെറാഫികൾക്കും സകല ദൂതസൈന്യങ്ങൾക്കുമുപരിയായി സ്നേഹം പറന്നുയരുന്നു.

അതു് മാർഗ്ഗവും ലക്ഷ്യവും നന്നായി ഗ്രഹിക്കുകയും ഒന്നൊഴിയാതെ സകലവും, എതിരായുള്ളതുമെല്ലാം രൂപീകരിക്കുകയും ചെയ്യുന്നു. സർവ്വജനത്തിന്റേയും ഹൃദയങ്ങളിൽ ആനന്ദകിരണങ്ങളെ വീശുന്നു. അതു് വ്യക്തിഗതമായ ആനന്ദാനുഭവങ്ങളിൽ സംസ്ഥാപിതമല്ല; പിന്നെയൊ, ആരുടെ ഹൃദയവികാരങ്ങൾ ദൈവത്തോടടുക്കുടിയായിരിക്കുന്നുവോ അങ്ങനെയുള്ളവൎക്കു് സന്തോഷം നൽകുന്ന ഒന്നാകുന്നു.

സ്നേഹം, സ്വർഗ്ഗത്തേയും ഭൂമിയേയും കരയേയും കടലിനേയും സംബന്ധിപ്പിക്കുന്നതാകുന്നു. സ്രഷ്ടാവിന്റെ മഹത്വത്തേയും പ്രതാപത്തേയും വിളിച്ചറിയിക്കുവാനുതകുന്ന—സൃഷ്ടിയുടെ അത്ഭുതങ്ങളെ ഗ്രഹിക്കുന്ന—സകല കണ്ണുകളിലും കാതുകളിലും നിറഞ്ഞിരിക്കുന്നതും സ്നേഹംതന്നെ.

ഏററവും ശ്രേഷ്ഠമായി സകലത്തേയും ഭരിച്ചു പരിപാലിച്ചുപോരുന്ന ബുദ്ധിശാലിയും ഉന്നതനും നിർമ്മാതാവുമായ അദൃശ്യശക്തിയുടെ കരങ്ങളെ തങ്ങളുടെ ഉണ്മയുടെ പരിപൂർണ്ണതയാൽ അത്ര തെളിച്ചു കാണിക്കാത്ത നിസ്സാരങ്ങളോ നിന്ദ്യങ്ങളോ ആയ ജീവികൾ ഒന്നുംതന്നെയില്ല. ഈ വിചാരം, ദൈവത്തെ പുകഴ്ത്തുവാൻ ഒരു ഭക്താത്മാവിനെ പ്രേരിപ്പിക്കും. എല്ലാ സ്ഥലത്തും സമയത്തും ദൈവസ്തുതി കീർത്തിപ്പാനും അവനു് പ്രചോദനം നൽകും. തീയുടെ മുമ്പിൽ മെഴുകു് ഉരുകുന്നതുപോലെ, സ്നേഹജ്വാലയിൽ ആത്മാവു് ആന്തരികമായി പ്രോജ്ജ്വലിതമാകും. ഇനിമേൽ അതു് ഭൂമിയുമായി ബന്ധപ്പെട്ടിരിക്കുകയില്ല. പ്രത്യുത, നൽകപ്പെട്ട ചിറകുകളാൽ ആകാശത്തിലേ നക്ഷത്രങ്ങൾക്കപ്പുറം പറന്നുയരുകയും, സകലത്തേയും സൃഷ്ടിച്ചു സംരക്ഷിക്കുന്ന ദൈവത്തെ തടവുകൂടാത്ത ആനന്ദത്തോടെ ആരിൽ സന്തോഷിക്കുവാൻ സാധിക്കുമോ, പരിപൂർണ്ണ സംരക്ഷ

www.malankaralibrary.com



യിൽ ആരിൽ വിശ്രമിക്കാമോ ആ ഏകദൈവത്തെ അന്വേഷിക്കുകയും ചെയ്യുന്നു.

2. ദൈവൈക്യം പ്രാപിച്ചിരിക്കുന്ന ഒരുവൻ അനുഭവിക്കുന്ന ആന്തരിക സന്തുഷ്ടിയും മാധുര്യവും ആക്കു വർണ്ണിക്കാം. നിതാന്തരമണീയങ്ങളായി ദൈവദൂതന്മാർ അനുഭവപ്പെടുന്ന നിത്യാനുഗ്രഹങ്ങളെ അല്പമായിട്ടെങ്കിലും നാം രുചിച്ചിരുന്നെങ്കിൽ, ഹാ! നാമെത്ര സന്തുഷ്ടരാകുമായിരുന്നു!!

ദിനംതോറും നമുക്കെതിരിടുന്ന പ്രലോഭനങ്ങളെ ധൈര്യപൂർവ്വവും സ്നേഹപൂർവ്വവും നേരിടുന്നതിന് നാം കടപ്പെട്ടവരാകുന്നു; നാം അതിനായി വിളിക്കപ്പെട്ടുമിരിക്കുന്നു. എന്തെന്നാൽ, നാം പലപ്പോഴും സന്തോഷത്തിൽനിന്നു സന്താപത്തിലേക്കും ആശ്വാസത്തിൽനിന്നു ദുഃഖത്തിലേക്കും, ചിരിയിൽനിന്നു കരച്ചിലിലേക്കും, സമാധാനത്തിൽനിന്നു ആന്തരിക യുദ്ധങ്ങളിലേക്കും ആത്മാവിന്റെ കലക്കങ്ങളിലേക്കും വഴുതിപ്പോകുന്നു.

തുടർന്ന് നമ്മുടെ വലിയ ഹൃദയസമാധാനത്തെ പലപ്പോഴും വലിയ ആശ്വാസരാഹിത്യം നേരിടുകയോ, അവിചാരിതമായ പ്രലോഭനങ്ങൾ നമ്മെ അലട്ടുകയോ, ശാരീരികാസ്വാസ്ഥ്യതകൾ നമുക്കു നേരിടുകയോ, ചില മനുഷ്യരിൽനിന്നും പ്രാതികൂല്യങ്ങൾ നാം അനുഭവിക്കുകയോ, നമ്മുടെ സ്നേഹിതന്മാർ നഷ്ടപ്പെടുകയോ, ശത്രുക്കളാൽ നാം ജയിക്കപ്പെടുകയോ, ആത്മിക കലക്കങ്ങൾ നമ്മെ നേരിടുകയോ, യുവജനങ്ങൾ അപഹസിക്കുകയോ വൃദ്ധജനങ്ങൾ വിമർശിക്കുകയോ, അധികാരികൾ രൂക്ഷമായി ശകാരിക്കുകയോ ചെയ്യുന്നു വന്നേക്കാം.

നമ്മുടെ ഹൃദയനിഗളത്തെ ശമിപ്പിക്കുന്നതിനോ ക്ഷീണിതരിൽ അലിവു തോന്നിക്കുന്നതിനോ പ്രലോഭനങ്ങളേയും പ്രയാസങ്ങളേയും നേരിടുവിക്കുന്നതിനോ ആകുന്നു ഇവയെല്ലാം നമുക്കു വന്നു ഭവിക്കുന്നത്.

ആകയാൽ, നമുക്ക് നമ്മെത്തന്നെ ആശ്രയിക്കാതിരിക്കാം. നമ്മുടെ ബുദ്ധിയേയും സൗകര്യത്തേയും മാത്രം അവലംബിക്കുന്നതും നല്ലതല്ല. എന്നാലോ, ദൈവത്തിനു കീഴ്പ്പെട്ട് എല്ലാവരോടും വിനയപൂർവ്വം പെരുമാറാം. ദൈവത്തെപ്രതിമാത്രം സർവ്വസൃഷ്ടിയേയും സ്നേഹിക്കുന്നതാകുന്നു സത്യമായ സ്നേഹം. (1. പത്രോ: 11. 13).

www.malankaralibrary.com



സ്നേഹം മൂലം ദൈവം ഭൂമിയിലേക്കിറങ്ങി വരുകയും സ്വർഗ്ഗകവാടങ്ങളെ മനുഷ്യനായി വീണ്ടും തുറക്കുകയും ചെയ്തു.

സ്നേഹംമൂലം, പാപികളെ രക്ഷിക്കുന്നതിനു ക്രിസ്തു എഴുന്നുള്ളി. സ്നേഹത്താലും കുരിശിൻെറ അപമാനത്താലും പിതാവിൻെറ വലത്തു പാർശ്വത്തേക്കു് ആരോഹണം ചെയ്യുകയും അവിടെ മനുഷ്യമക്കൾക്കു് ഉന്നതമായ ബഹുമാനങ്ങൾ കല്പിച്ചു നൽകുകയും ചെയ്തു.

3. സ്നേഹം അലസമായിരിക്കുന്നില്ല. ഉന്നതവും പവിത്രവുമായ കാര്യങ്ങളിൽ അതു് വ്യാപരിക്കുന്നു. വിനീതനും താഴ്മയുള്ളവനും അതു് കരുണാപൂർവ്വം മനസ്സോടുംകൂടെ വന്നുചേരുന്നു.

സ്നേഹം ബുദ്ധിപൂർവ്വം ബഹുമാന്യമായ എല്ലാ നിലകളിലും പ്രവർത്തിക്കുന്നു. അനുസരണയാവശ്യപ്പെടുന്ന നിസ്സാരജോലികളിൽപ്പോലും സന്തോഷം കണ്ടെത്തുന്നു. രോഗിയുടെ മുറിവുകൾ വെച്ചു കെട്ടുന്നതിലൊ അവരുടെ പാദങ്ങൾ ക്ഷാളനം ചെയ്യുന്നതിലോ അവരുടെ കിടക്കകൾ ശരിയാക്കുന്നതിലോ അവരുടെ വസ്ത്രങ്ങൾ മലിനതമാററി വൃത്തിയാക്കുന്നതിലോ പ്രയാസം തോന്നുന്നില്ല സ്നേഹത്തിനു്. സ്നേഹം ക്ഷമാപൂർവ്വം സഹിക്കുകയും അപമാനങ്ങളുടേയും പ്രതിലോഭങ്ങളുടേയും മദ്ധ്യേ സന്തോഷിക്കുകയും ചെയ്യുന്നു.

4. അഗ്നിയിൽ വിറകുകൾ എരിയുന്നതുപോലെ സ്നേഹാഗ്നിയിൽ തിന്മകൾ കത്തിയെരിയുന്നു. സ്നേഹം, അനുതാപത്താൽ ഹൃദയത്തെ ശുദ്ധീകരിക്കുകയും ഏററുപറച്ചിൽമൂലം കഴുകി വെടിപ്പാക്കുകയും പ്രാർത്ഥനമൂലം പവിത്രീകരിക്കുകയും ജ്ഞാനവായനമൂലം മനസ്സിനു കൂടുതൽ തെളിവു നൽകുകയും ഭക്തിപൂർവ്വം ധ്യാനിക്കുന്നതുകൊണ്ടു് ഹൃദയത്തെ ജ്വലിപ്പിക്കുകയും വി. ഏകാന്തതമൂലം ഹൃദയത്തിനു് ഉത്സാഹം വർദ്ധിപ്പിക്കുകയും ചെയ്യും. സ്നേഹജ്വാല ദൈവത്തോടു നമ്മെ യോജിപ്പിക്കുന്നു.

സ്നേഹം, ദൈവസ്തുതി പാടുവാൻ മനുഷ്യൻെറ അധരത്തെ ഉത്തേജിപ്പിക്കുന്നു. ദൈവത്തിനുവേണ്ടി അദ്ധ്വാനിക്കുവാൻ കരങ്ങളേയും ചരിക്കുവാൻ കാലുകളേയും ദൈവത്തിൻെറ അ

www.malankaralibrary.com



മേയ സൗന്ദര്യത്തെക്കുറിച്ചു ധ്യാനിക്കുവാൻ കണ്ണുകളേയും ദാനങ്ങളേക്കുറിച്ച് ഓക്കുവാൻ സ്മരണയേയും ദൈവത്തിനു പരികമ്മം ചെയ്യുവാൻ അവൻെറ ശരീരത്തേയും സ്വർഗ്ഗത്തിലോ ഭൂമിയിലോ ഉള്ള സകലത്തേയുംകാൾ ദൈവത്തെ സ്നേഹിക്കുന്നതിനു് എല്ലാ കഴിവുകളേയും വിനിയോഗിക്കുവാൻ സ്നേഹം മനുഷ്യനെ പ്രേരിപ്പിക്കുന്നു.

സ്നേഹം എളിമയോടു സമ്മേളിക്കുമ്പോൾ അതീതകാലത്തെ പാപത്തിനു പരിഹാരമാകുന്നു; വരാനുള്ള അപകടങ്ങളെ അതു നിവാരണം ചെയ്യുകയും, ആധുനികങ്ങളെക്കുറിച്ച് ശരിയായ ബോധം നൽകുകയും ചെയ്യും. നിരവധി സംശയങ്ങളിൽനിന്നു് അതു നമ്മെ വിടുവിക്കുന്നു. ജിജ്ഞാസക്കു് എതിരായി ഒരു സൂക്ഷിപ്പുകാരനും ഉപരിപ്ലവത്തിനു ഒരു തടസ്സവും ആയിരിക്കും. സ്നേഹം സകല വ്യത്ഥതയേയുമുപേക്ഷിക്കുന്നു. തെററിനെ ചൂണ്ടിക്കാണിക്കുകയും ലജ്ജാകരമായവയെക്കുറിച്ചു് ഭയം ജനിപ്പിക്കുകയും കടപ്പുമായതിനെ മയപ്പെടുത്തുകയും മറഞ്ഞിരിക്കുന്നതിനെ വെളിപ്പെടുത്തുകയും സ്വർഗ്ഗീയ രഹസ്യങ്ങളെ പ്രാത്ഥനമൂലം തെളിയിക്കുകയും അങ്ങനെ ഒരുവാക്കിൽ പറഞ്ഞാൽ അകമേയും പുറമേയുമുള്ള സകലത്തേയും ഭരിക്കുകയും ചെയ്യുന്നു. ഭക്താത്മാവിൽ, ദൈവത്തിനായി പ്രവത്തിച്ചുകൊണ്ടിരിക്കുന്ന സ്നേഹം കുറഞ്ഞുപോകയില്ല. മനുഷ്യപ്രകൃതിയുടെ ബലഹീനതയും അനപേക്ഷണീയമായ പരിതസ്ഥിതികളും ഒരുപക്ഷേ, ഹൃദയവിചിന്തനങ്ങളെ നന്നായി ഗ്രഹിക്കുന്നതിനു് സൗകര്യം നൽകിയെന്നു വരികയില്ല.

5. കളങ്കഹീനൻ എത്ര സന്തുഷ്ടനായിരിക്കുന്നു. അവനു് സർവ്വസ്വവും ദൈവമായിരിക്കും. ദൈവത്തിൽനിന്നന്യമായ യാതൊരു ആനന്ദമോ മഹത്വമോ അവൻ തേടുകയില്ല. ദൈവം അവനെ സ്നേഹിക്കുന്നു; കാരണം ദൈവസ്നേഹത്തെപ്രതി സകലവും അവനും പരിത്യജിച്ചിരിക്കുന്നു. സ്വസ്നേഹം ഉപേക്ഷിക്കുകയും വിശുദ്ധിയെ സംരക്ഷിക്കുവാൻ സുധീരം പോർ നടത്തുകയും ചെയ്യുന്നു.

ഭൗമിക സ്നേഹബന്ധങ്ങളിൽനിന്നും സ്വതന്ത്രനായ ഭക്താത്മാവു് ദൈവത്തിങ്കലേക്കു് സ്വയമുയരുന്നു. ആശാനുകൂലങ്ങളായ ബഹുമതിയും പദവിയും കാംക്ഷിക്കാതെ സൃഷ്ടലോകത്തിനുമു

www.malankaralibrary.com



പരീക്ഷതിച്ചുപൊങ്ങുന്നു. ലോകത്തോടു നമ്മെ ബന്ധിക്കുന്ന സകലത്തേയും സ്നേഹം വലിച്ചു പൊട്ടിക്കുന്നു. ഭാരമുള്ള ചുമടുകളെ ലഘുപ്പെടുത്തുകയും ദൈവത്തിനു സ്വീകാര്യമായവയെല്ലാം വിശ്വസ്തതാപൂർവ്വം നിർവ്വഹിക്കുന്നതിനു ബലപ്പെടുത്തുകയും ചെയ്യുന്നു.

സ്നേഹമുള്ളവൻെറ പ്രാർത്ഥന ക്രിസ്തുവിൻേറതുപോലെതന്നെ. സ്നേഹമിപ്രകാരം മന്ത്രിക്കുന്നു: പിതാവേ, എൻെറ ഇഷ്ടമല്ല, അങ്ങേ തിരുഹിതം എല്ലാ സ്ഥലത്തും കാലാകാലത്തോളം പൂർത്തിയാകട്ടെ. ആമ്മേൻ. (വി. മത്താ: 25)

# അദ്ധ്യായം 14.

## പ്രലോഭനങ്ങൾക്കെതിരായി ജാഗ്രത.

"പിശാചിനോട് എതിരിടുക; എന്നാൽ, അവൻ നിങ്ങളെ വിട്ട് ഓടിപ്പോകും." (യാക്കോ. 4: 7)

അഭ്യാസം, അദ്ധ്വാനം ഇവ മൂലവും പ്രാർത്ഥനയും, ധ്യാനവും മുഖാന്തിരവും നീതിമാൻ ആയിരിക്കുന്നിടത്തെല്ലാം ദൈവവുമായി സംയുക്തനായിരിക്കുന്നു. അപ്പോൾ ഒരുഭാഗത്ത് ദൂതസേനകൾ ആനന്ദനൃത്തം ചെയ്യുകയും മറുഭാഗത്തുനിന്ന് ദുഷ്ടാരൂപികൾ പ്രലോഭനങ്ങളും പ്രതിബന്ധങ്ങളും വരുത്തിക്കൂട്ടാൻ ശ്രമിക്കുകയും ചെയ്യുന്നു. നീ പ്രാർത്ഥനാനിരതനാകുമ്പോൾ, വിശുദ്ധാത്മാവിൻെറ ദിവ്യജ്വാലയിൽ നിന്നെന്നവണ്ണം ദുഷ്ടാരൂപികൾ ഓടി ഒളിക്കുന്നു. എന്നാൽ, നീ ചിരിച്ചു കളിച്ചുല്ലസിക്കുവാൻ തുടങ്ങുകയാണെങ്കിൽ അവർ വേഗം തിരികെ വരും, അങ്ങനെ ബോധപ്പുതർച്ചയുടെ അഗ്നിയെ ഊതിക്കത്തിക്കുകയും അതിൻെറ ജ്വാലകൾ നിന്നെ എരിയിക്കുകയും ചെയ്യും.

നല്ലവനും ശ്രദ്ധാലുവുമായ ഒരു അധികാരി, വ്യർത്ഥഭാഷണത്തിൽ ഏർപ്പെട്ടു സമയം പാഴാക്കുകയും സത്പ്രവർത്തികളെ ഉപേക്ഷിക്കുകയും ചെയ്യുന്നവരെ സത്പഥത്തിലേക്കാനയിക്കുന്നു.

www.malankaralibrary.com



മൗനമായിരിക്കുക, ദൈവത്തെക്കുറിച്ചുമാത്രം ചിന്തിക്കുക, ദൈവത്തിൽമാത്രം ആശ്വസിക്കുക, അപ്പോൾ സത്പ്രവൃത്തികളിൽ നിനക്കു വൈരസ്യം തോന്നുകയില്ല. നിന്റെ എല്ലാ നല്ല പ്രവർത്തനങ്ങളിലും വന്നുചേരുന്ന തടസ്സങ്ങൾ നീങ്ങിപ്പോകും.

2. നിസ്സാര കാര്യങ്ങളിലും വിശ്വസ്തനായിരിക്കുക; അപ്പോൾ സ്വർഗ്ഗത്തിൽ ദൈവമുമ്പാകെ നിന്റെ വിലയും നിലയും മഹനീയതമമാകും.

ഏകാന്തതയിൽ അലസനാകരുത്. പൊതുസ്ഥലങ്ങളിൽ അവ്യക്തമായി സംസാരിക്കുന്നവനോ, ഒരു മുശടനോ ആകരുത്. നിന്റെ മൗനവും ജാഗരണവുംമൂലം പിശാചിനെ ജയിക്കാം. മൗനിയായി ജോലി ചെയ്യുന്നവനേയും പ്രാർത്ഥനയും ധ്യാനവും മുടക്കാത്ത ഒരുവനേയും പിശാച് ഇഷ്ടപ്പെടുന്നില്ല.

നീ തനിച്ചോ സഹോദരന്മാരൊരുമിച്ചോ ഇരിക്കുമ്പോഴും സ്വയം ബലം പ്രയോഗിക്കുന്നതിനും, പ്രാർത്ഥിക്കുന്നതിനും, ജാഗരിക്കുന്നതിനും—ആത്മശാരീരികങ്ങളായ പ്രലോഭനങ്ങളെ എതിരിടുന്നതിനും ബദ്ധകങ്കണനായിരിക്കണം.

സധീരം പോർ നടത്തുക, തീക്ഷ്ണതയോടെ പ്രാർത്ഥിക്കുക, ബുദ്ധിപൂർവ്വം പെരുമാറുക, അഭ്യസനത്തിൽ നിരതനായിരിക്കുക, മൗനത്തെ സ്നേഹിക്കുക, ക്ഷമയോടെ സഹിക്കുക, ദൈവത്തിൽ പൂർണ്ണമായി ആശ്രയിക്കുക, കലക്കവും ഞെരുക്കവും ഇത്ര വലുതായിരിക്കുന്നതു് നിന്നെ പരിശോധിച്ചു നോക്കുന്നതിനാകുന്നു.

എല്ലാ സ്ഥലത്തും എല്ലാ വിധത്തിലും ക്ഷമ പരിശീലിക്കുന്നവൻ തന്റെ ശത്രുക്കളെ ജയിക്കുകയും മാററം കൂടാത്ത സമാധാനം ഈ ലോകത്തുവച്ചു് അനുഭവിക്കുകയും തെരഞ്ഞെടുക്കപ്പെട്ടവരോടുകൂടെ സന്തോഷത്തിന്റെ കിരീടം വരുവാനുള്ള ലോകത്തിൽ സമ്പാദിക്കുകയും ചെയ്യുന്നു.

MALANKARA
LIBRARY

www.malankaralibrary.com

# അദ്ധ്യായം 15

## പരസ്പരം സഹിക്കുക.

"നിങ്ങൾ അന്യോന്യം ഭാരങ്ങൾ വഹിക്കുവിൻ." (ഗലാ. 6: 2)

നാമെല്ലാവരും ക്രിസ്തുവിൻെറ ഏക ശരീരമായിരിക്കുന്നതുകൊണ്ടു് സഹോദർഭ്രതയാലും സഹോദരസ്നേഹത്താലും നാം പരസ്പര ബന്ധിതരാകേണ്ടതാകുന്നു. പുണ്യമാർഗ്ഗത്തിൽ ഒരുമിച്ചു് ചരിക്കുകയും വേണം.

നാമേവരും ക്രിസ്തുവിൻെറ അവയവങ്ങളാകുന്നു. വിശുദ്ധാത്മദാനത്താൽ മാമോദീസായിൽവച്ചു് നാം വീണ്ടും ജനിച്ചവരും കർത്താവിൻെറ പീഡാനുഭവത്താൽ രക്ഷിക്കപ്പെട്ടവരും ക്രിസ്തുവിൻെറ രക്തത്താൽ ശുദ്ധീകരിക്കപ്പെട്ടവരും ക്രിസ്തുവിൻെറ ശരീരത്താൽ പോഷിക്കപ്പെട്ടവരും ക്രിസ്തുവിൻെറ വചനത്താൽ അഭ്യസിക്കപ്പെട്ടവരും ക്രിസ്തുവിൻെറ അത്ഭുതങ്ങളാൽ ഉറപ്പിക്കപ്പെട്ടവരും ക്രിസ്തുവിൻെറ സുമാതൃകയാൽ പുണ്യത്തിലേക്കു് വഴി നടത്തപ്പെട്ടവരുമാകുന്നു. പിന്നെങ്ങിനെ നാം പരസ്പരം ഉപദ്രവിക്കും?

സഹോദരന്മാരേ, വാക്കാലോ പ്രവൃത്തിയാലോ സ്വ സഹോദരന്മാർക്കു് അപമാനം വരുത്തുന്നവൻ ക്രിസ്തുവിനെത്തന്നേ അപമാനിക്കുന്നു. ചെയ്ത തെററു് എത്രയും വേഗം തിരുത്തിയില്ലെങ്കിൽ കർത്താവുതന്നെ അവനെ ശിക്ഷിച്ചേക്കും.

സ്വർഗ്ഗസ്ഥനായ ദൈവമാകുന്നു നാമേവരുടേയും പിതാവു്. അതുകൊണ്ടു നാം ഉത്കൃഷ്ടകുലജാതരോ അപകൃഷ്ട വംശജരോ ജനനാൽ വിവിധ ദേശിയരോ ആയിരുന്നാൽതന്നേയും കർത്താവിൽ എല്ലാവരും സഹോദരങ്ങളാകുന്നു.

ഒരു ദൈവമാകുന്നു നമ്മേയെല്ലാം സൃഷ്ടിച്ചതു്. ആ ദൈവം തന്നെയാകുന്നു നമ്മേ ഭരിച്ചു പരിപാലിക്കുന്നതും. ആ ദൈവംതന്നെ പ്രശാന്തമായി അനുദിനം നമ്മെ വിളിക്കുന്നു. ആത്മാനുതാപംമൂലവും ആന്തരികമായും ഒരേ അനുഗ്രഹങ്ങൾക്കായി നമ്മെ ക്ഷണിക്കുന്നു. അതേ, നമ്മുടെ ആ ദൈവംതന്നെ നിത്യമായി നമുക്കു് വെളിപ്പെടുത്തുമെന്നു് വാഗ്ദത്തം നൽകിയിരിക്കുന്നു.

www.malankaralibrary.com



നീത്യവിശ്രാന്തിയിലും ദൂതഗണങ്ങളുടെ മദ്ധ്യേയും സ്വർഗ്ഗവാസികളായ സകലരുടേയുംകൂടെ ഒരേ അനുഗ്രഹം നാം സ്വീകരിക്കുകയും ചെയ്യും. നാമേവരും ഒരേ ദൈവത്തിന്റെ ദൂതഗണവും ഒരേ വിലയാൽ വീണ്ടെടുക്കപ്പെട്ടവരും ഒരേ ആത്മാവിനാൽ വിശുദ്ധീകരിക്കപ്പെട്ടവരുമാകുന്നു. അതുകൊണ്ട് പരസ്പരം സ്നേഹിക്കുന്നതിനും സേവിക്കുന്നതിനും നമുക്കുററ ശ്രമിക്കാം. നാം ക്രിസ്തുവിന് ഇഷ്ടപ്രദരാകണമെങ്കിൽ തന്റെ സ്നേഹത്തെപ്രതി നാം ഓരോരുത്തരും അന്യോന്യം ഭാരം വഹിക്കേണ്ടിയിരിക്കുന്നു. സ്നേഹംമൂലം ഒരുത്തൻ മററൊരുത്തനുവേണ്ടി പ്രാർത്ഥിക്കട്ടെ. എന്തെന്നാൽ, നാമെല്ലാവരും ദൈവത്തിലും നമുക്കെല്ലാവർക്കും ദൈവവും ഒരുപോലെയാകുന്നു. നമ്മുടെ സഹോദരന്മാരിൽ, എന്തെല്ലാം അപൂർണ്ണതകളോ ആബദ്ധ്യങ്ങളോ നാം കണ്ടാലും, അവർ എപ്രകാരം നമ്മോടു ക്ഷമിക്കണമെന്ന് നാം ആഗ്രഹിക്കുന്നുവോ അപ്രകാരം അവരോടു നാമും അതു ക്ഷമിക്കേണ്ടതാകുന്നു.

3. പ്രിയ സോദരാ, അന്യരോടു ക്ഷമിക്കുക; എന്നാൽ അവർ നിന്നോടും ക്ഷമിക്കും; മോചിക്കുക എന്നാൽ, നീയും മോചിതനാകും. പാപിയുടെ ബലഹീനതയേക്കുറിച്ച് സഹതാപം കാണിക്കുക, അപ്പോൾ നീയും അനുകമ്പാപൂർവ്വം വീക്ഷിക്കപ്പെടും; ദുഃഖിതരെ ആശ്വസിപ്പിക്കുക, എന്നാൽ നീയും ആശ്വസിപ്പിക്കപ്പെടും; വീഴുന്നവരെ ഉയർത്തുക, അപ്പോൾ നീയും ദൈവസഹായത്താൽ ഉയർത്തപ്പെടും.

സത്യമായും ദിവ്യന്യായത്തിന്റെ ഫലം നീതിയാകുന്നു. ആ സൂക്തി ഇപ്രകാരമായിരിക്കുന്നു: "നിനക്ക് അന്യരെന്തു ചെയ്യണമെന്ന് നീ ആഗ്രഹിക്കുന്നുവോ നീ തന്നെ അതു് അന്യർക്കു ചെയ്യുക".

ബലഹീനനായ മനുഷ്യൻ ഈ ലോകത്തിൽവച്ച് അധഃപ്പതിക്കുന്നതു് കണ്ടിട്ടു് നീ അത്ഭുതപരതന്ത്രനാകയോ കോപകലുഷിതനാകയോ വേണ്ട. എന്തെന്നാൽ സ്വർഗ്ഗത്തിൽ നിന്നു മാലാഖമാർപോലും അധഃപ്പതിച്ചു; ആദാം ഭൗമികപറുദീസായിൽനിന്നും പുറത്തുപോകേണ്ടിവന്നു, ആ മനോഹരമായ ഫലത്തിന്റെ ആകർഷണീയതയെ രോധിക്കുവാൻ കഴിയാതെ.

www.malankaralibrary.com



നിസ്സാരവസ്തുപോലും ഒരുവനെ അതികഠിനം പ്രലോഭിപ്പിച്ചേക്കാം. ചിലപ്പോഠം, അഗണ്യമായ കാര്യംതന്നെ ശക്തിപൂർവ്വം നേരിട്ടുവെന്നും വരാം. ദൈവം ഇതനുവദിക്കുന്നതു് നീതിവിരുദ്ധമല്ല. അല്പകാര്യങ്ങളിൽ നാം വിശ്വസ്തതാപൂർവ്വം വർത്തിക്കുവാൻ നമ്മേ അഭ്യസിപ്പിക്കുന്നതിനാകുന്നു, അല്ലെങ്കിൽ ഇതിലും വലിയവയേ നാമെങ്ങിനെ നേരിടും.

3. പ്രലോഭിതനായ സഹോദരനോടു് കരുണയും സ്നേഹവും കാണിക്കുക. അവൻ കലക്കത്തിലായിരിക്കുമ്പോഠം അവനുവേണ്ടി പ്രാർത്ഥിക്കുക.

നിനക്കു ലഭിക്കുന്ന നന്മയിൽ ഞാൻ ഭാഗഭാക്കാകുമ്പോഴും നിനക്കു വന്നുചേരുന്ന അനർത്ഥങ്ങളിൽ ഞാൻ സഹതപിക്കുമ്പോഴും അവ എൻേറതുംകൂടിയായിത്തീരുന്നു. മനുഷ്യരെല്ലാവരുംതന്നെ ബലഹീനരാകയാൽ സ്നേഹപൂർവ്വം ഓരോരുത്തരും മററൊരുവനുവേണ്ടി പ്രാർത്ഥിക്കേണ്ടതാവശ്യമാണു്.

മററൊരുവനിൽ കാണുന്ന പോരായ്കമൂലം നാമവനെ നിന്ദിക്കരുതു്. കാരണം, നമ്മിലുള്ള അത്തരം പോരായ്മയുടെ നേരെ നാം കണ്ണടച്ചു കളയുന്നു. അതു് കുരുടനെ കുരുടൻ അധിക്ഷേപിക്കുന്നതുപോലെയും, ചെകിടനെ ചെകിടൻ പരിഹസിക്കുന്നതുപോലെയും ഭോഷനെ ഭോഷൻ അവഹേളിക്കുന്നതുപോലെയുമായിരിക്കും. നിൻെറ സൂക്ഷത്തിനു ഏല്പിക്കപ്പെട്ടിട്ടില്ലാത്തവരുടെ സ്വഭാവത്തെക്കുറിച്ചു് നീ ഒരഭിപ്രായം പറയരുതു്. ആ സഹോദരനിൽ കാണുന്ന തെററുകഠം നിന്നിലുണ്ടോ എന്നു നോക്കി ഉണ്ടെങ്കിൽ തിരുത്തിക്കൊള്ളുക.

ഉദ്ദേശശുദ്ധിയോടുകൂടെ നിൻെറ സഹോദരനെ തിരുത്തുവാൻ നീ ആഗ്രഹിക്കുന്നെങ്കിൽ അതിനു് നീ നിന്നെത്തന്നെ തിരുത്തിക്കൊള്ളണം.

തൻമൂലം നീ അവനെ നവീകരിക്കുകയായിരിക്കും ചെയ്യുക. ബുദ്ധിപൂർവ്വവും സ്നേഹപൂർവ്വവുമായിരിക്കണം, വിദ്വേഷത്തോടെയൊ അസുഖത്തോടെയൊ ആയിരിക്കരുതു്.

നിഷ്കളങ്കമായും സഹോദര നിർവ്വിശേഷമായും നീ എന്നെ സ്നേഹിക്കുന്നെങ്കിൽ എനിക്കുവേണ്ടി പ്രാർത്ഥിക്കുകയും നിന്നോടു നീ എപ്രകാരമോ അപ്രകാരം എന്നോടും വർത്തിക്കുകയും ചെയ്യുക.

www.malankaralibrary.com



നിൻെറ സഹോദരനെ തിരുത്തുവാനിച്ഛിക്കുകയും അവനു വേണ്ടി പ്രാർത്ഥിക്കുക നിൻെറ കടമയാണെന്നു കരുതുകയും എന്നാൽ, അവൻെറ ബലഹീനതയെക്കുറിച്ച് സഹതാപംമാത്രം തോന്നുകയും ചെയ്യുന്നുള്ളുവെങ്കിൽ നീ ഒരു നല്ല വൈദ്യനായിരിക്കയില്ല. എന്നാലോ, ദുഷ്ടശത്രുവും ദുർവഹനായ ഭരണാധിപനുമായിത്തീർന്നേക്കും.

തനിക്കുവേണ്ടിയെന്നപോലെ അന്യനുവേണ്ടിയും പ്രാർത്ഥിക്കുന്നവൻ രണ്ടു പ്രകാരത്തിൽ നന്മ ചെയ്യുന്നു. പരിഹാരത്തിനുതകുന്ന കൃപാവരം ലഭിപ്പാനും ദുർബലപ്രകൃതിയായവനു ഉതപ്പ് നേരിടാതിരിപ്പാനും നിൻെറ സഹോദരൻെറ നേരെയുള്ള സ്നേഹം സത്യമായി തീരുവാനും കൂടുതൽ കൂടുതൽ പ്രാർത്ഥിക്കുക. നിൻെറ ഉപദേശത്തെ അവഗണിക്കുകയോ നിന്നെ ശ്രവിക്കാതിരിക്കുകയോ ചെയ്താൽ നിൻെറ സങ്കടം എത്ര വലുതായിരിക്കും.

എല്ലാവരും സമഭാവേന നിൻെറ സഹോദരന്മാരായിരിക്കട്ടെ. പരിമളധോരണി പരത്തുന്നതും വേദനവരുത്തുന്ന മുള്ളു നിറഞ്ഞതുമായ റോസ് ഒന്നുതന്നെയല്ലേ?

# അദ്ധ്യായം 16

## ദൈവസ്നേഹവും ലോകനിന്ദയും.

"നിങ്ങൾ എൻെറ സ്നേഹത്തിൽ വസിക്കുവിൻ. (യോഹ. 15: 9)

ക്രിസ്തുവിൻെറ വചനം കാതുകൾക്കിമ്പമുള്ളതും അനുസരിക്കുന്നവർക്ക രക്ഷാകരവുമാകുന്നു. ക്രിസ്തുവിനെ സ്നേഹിക്കുന്നത് ആത്മാവിനു് ആനന്ദമായിരിക്കും, അത് പറുദീസായുടെ അനുഭവം നൽകുന്നതുമാകുന്നു. അത് ലോകത്തെ അടച്ചുകളുകയും ദുഷ്ടനെ ജയിക്കുകയും നരകവാതിലിനെ ബന്ധിക്കുകയും സ്വർഗ്ഗകവാടത്തെ വിസ്താരമായി തുറക്കുകയും ചെയ്യുന്നു.

www.malankaralibrary.com



ലോകസ്നേഹവും ദൈവസ്നേഹവും പരസ്പര വിരോധികളുത്രേ. ഇവയൊരുമിച്ച് ഒരേ ഹൃദയത്തിൽ വസിക്കുക എളുപ്പമല്ല.

ക്രിസ്തുവിൻെറ സ്നേഹം, ഏലിയായുടെ രഥംപോലെ നമ്മെ സ്വർഗ്ഗത്തേക്കു നയിക്കുന്നു. സാത്താൻെറ വാഹനമാകുന്നു ലോകസ്നേഹം. അതു നമ്മേ നരകത്തിലേക്കു വലിച്ചിഴക്കും. ലോകസ്നേഹം മരണകരമായ മുറിവേല്പിക്കുന്നു. ലോകത്തെ മറന്നുകളഞ്ഞെങ്കിലേ നമുക്ക് സ്വർഗ്ഗത്തെ കണ്ടുപിടിക്കുവാൻ കഴികയുള്ളൂ,

നീതിമാൻെറ നിശിതശാസനയേക്കാറം അനർത്ഥകരമാണ് വ്യാജസ്നേഹിതൻെറ മുഖസ്തുതി.

വഞ്ചകൻെറ വിചാരം വ്യാജത്തെ അന്വേഷിക്കുന്നു; നീതിമാൻെറ ഹൃദയമോ സത്യത്തെ അതിൻെറ ഉറവിൽനിന്നും പാനം ചെയ്യുന്നു.

തൻെറ സഹോദരന് ഇടർച്ച വരുത്തുന്നവൻ സ്വയം ഇടറപ്പെടും.

എല്ലാം അറിയുന്നവനും എല്ലാററിനേയും സ്നേഹിക്കുന്നവനുമായ ദൈവം തൻെറ സാധുവായ അജപോതത്തെ ദീർഘനാറം അലയുവാൻ അനുവദിക്കയില്ല. അതിൻെറ കരച്ചിൽകൊണ്ട് അന്തരീക്ഷം മുഖരിതമാകാനും സമ്മതിക്കയില്ല. നേരിടാവുന്ന ഭയംകൊണ്ട് അതിനെ ആലയിലേക്കു പിൻതിരിപ്പിക്കയോ, സ്നേഹപൂർവ്വം സംവീക്ഷിക്കുകയോ, മാധുര്യപൂർവ്വം മനസ്സാക്ഷിയുടെ ആന്തരിക ശബ്ദത്താൽ കൂടാരത്തിലേക്ക് ആനയിക്കുകയോ ചെയ്യും.

2. എവിടെ ഐക്യവും സമാധാനവും വസിക്കുന്നുവോ അവിടെ ദൈവവും ദൈവത്തിൻെറ സകല നന്മയും വസിക്കുന്നു.

എവിടെ അഭിപ്രായഭിന്നതയും കലക്കവും കാണുന്നുവോ അവിടെ പിശാചും അവൻെറ സകല തിന്മയും വസിക്കുന്നു.

എവിടെ അഹംഭാവമുണ്ടോ അവിടെ നിന്ദനവും എവിടെ എളിമയുണ്ടോ അവിടെ വിജ്ഞാനവും കാണപ്പെടുന്നു. (സദൃശം. 11. 2)

അഹങ്കാരത്തെ നിലത്തിട്ടു ചവിട്ടുക. അപ്പോറം വലിയ സമാധാനം നീ കണ്ടെത്തും. അനാവശ്യമായ വാഗ്വാദം സ്നേഹത്തെ നശിപ്പിക്കുന്നതാകുന്നു.

www.malankaralibrary.com



ഏകാന്തതയും മൗനവും പാലിക്കുന്നതാകുന്നു ഒരു സന്ന്യാസിയുടെ സന്തോഷവും സമാധാനവും.

അദ്ധ്വാനത്തെ സ്നേഹിക്കുകയും പരിപൂർണ്ണമായി നിയമം അനുസരിക്കുകയും ചെയ്യുന്ന സാമൂഹ്യജീവിതത്തിൽ സന്ന്യസ്തർ അതിവേഗം പുണ്യപൂർണ്ണതയിലെത്തുന്നു.

ഉല്ലാസവും അലഞ്ഞുനടക്കലുംമൂലം ഭക്തിയുടെ മാധുര്യം ചിറകുകൊട്ടി പറന്നുപോകും. കാരണം, മടിയനും വ്യർത്ഥമായി സംസാരിക്കുന്നവനും ചുരുക്കമായേ അനുതപിക്കുന്നുള്ളു. അവൻ പാപമുക്തനായിരിക്കുന്നതു് വളരെ പ്രയാസവുമായിരിക്കും.

അനുസരണശീലമുള്ള മനസ്സ് ആനന്ദപൂരിതമായിരിക്കും. കഥയില്ലാതെ സംസാരിക്കുന്നവൻ തന്റെ കടമ നിരസിക്കേണ്ടിവരും.

രഹസ്യലാഭമുള്ളിടത്തു് സ്നേഹത്തിനു ഛേതം സംഭവിച്ചേക്കും. എവിടെ ക്രിസ്തുവിന്റെ തിരുവചനങ്ങൾ ശക്തിപ്പെടുന്നുവോ അവിടെ രക്ഷയുടെ വഴി സുരക്ഷിതമായിരിക്കും.

സഹോദരന്മാർ ഒരുമിച്ചു് വസിക്കുന്നിടത്തുനിന്നു് ഇമ്പകരമായ സംഗീതധ്വനി സ്വർഗ്ഗത്തിലേക്കു് ഉയരുന്നു.

ക്രമം പാലിക്കപ്പെടുന്നിടത്തു് പുണ്യവർദ്ധനവുണ്ടാകും.

ന്യായദീക്ഷയോടും ബുദ്ധിപൂർവ്വവും ചെയ്ത തെററിനെക്കുറിച്ചു് പരിഹാരം ചെയ്യുവനോടു് പരിഭവപ്പെടുന്നതു് ഉചിതമല്ല. അവന്റെ അധികാരിയുടെ മുമ്പാകെ അവനിൽ കുററമാരോപിക്കുകയുമരുതു്.

ഇതിനെക്കുറിച്ചു് ആരോ ഇങ്ങനെ പറഞ്ഞിരിക്കുന്നു: "എല്ലാ കാര്യത്തിലും സമചിത്തത പാലിക്കുക; അതാകുന്നു ഏററവും നല്ല പുണ്യം."

ക്ഷമയുണ്ടോ? വലിയ ഒരു ശത്രുവിനെ നീ ജയിച്ചുകഴിഞ്ഞു; അക്ഷമത പ്രദർശിപ്പിച്ചാൽ നിന്റെ സമാധാനം മുഴുവനും നഷ്ടപ്പെട്ടതുതന്നെ.

നിന്റെ വായ്ക്കു് ഒരു കടിഞ്ഞാണിട്ടുകൊള്ളുക; സംസാരിക്കുന്നതിനു മുമ്പേ നീ നിന്റെ വാക്കുകളെ തൂക്കിനോക്കണം.

വിശ്വാസവും സത്യവും സമ്മേളിക്കുന്നിടത്തു് സമാധാനവും സുരക്ഷിതവും സംവീക്ഷിക്കാം. വ്യാജവും അധർമ്മവും

www.malankaralibrary.com



സ്ഥിതി ചെയ്യുന്നിടത്തോ ദുസ്സാമർത്ഥ്യവും വ്യർത്ഥസങ്കല്പവുംമാത്രം അവശേഷിക്കും.

സ്നേഹമുള്ളിടത്തു് വിശുദ്ധാത്മാവിൻെറ അധിവാസമുണ്ടു്. അവിശ്വസ്തത ദൃശ്യമാകുന്നിടത്തു് കോപത്തിനു കാരണങ്ങൾ വളരെയായിരിക്കും. സത്യത്തെക്കുറിച്ചു് പരിജ്ഞാനം ലഭിക്കുന്നിടത്താകട്ടേ, പരമാർത്ഥ ഹൃദയമുള്ളവർക്കു സന്തോഷമായിരിക്കും ലഭിക്കുക. വ്യാജം പറയുന്ന അധരമുള്ളവൻ ഒരു അവിശ്വസ്ത സ്നേഹിതനേ ആയിരിക്കയുള്ളു. വിനയപൂർവ്വം ഏററു പറയുമെങ്കിലോ അവൻ മോചനം സമ്പാദിക്കും.

നമ്മുടെ ബുദ്ധികൊണ്ടു് കാര്യങ്ങൾ നിർവ്വഹിച്ചു കൂടാത്തപ്പോൾ ഏത്രയും തീക്ഷ്ണതയോടെ ദിവ്യസംരക്ഷണയെ നാം അഭയം തേടണം.

അനീതിയുടേയും അധർമ്മത്തിൻേറയും മാർഗ്ഗത്തെ തിരഞ്ഞെടുക്കുന്നവൻെറ അന്ത്യം വലിയ തിന്മയായിരിക്കും. പുണ്യമാർഗ്ഗത്തിൽ ചരിക്കുന്നവനിലും ക്ഷമ അഭ്യസിച്ചിട്ടുള്ളവനിലും സമാധാനത്തിൻെറ സുവർണ്ണ കിരണങ്ങൾ പ്രോജ്വലിതമാകും.

തിന്മ പ്രവർത്തിക്കുന്ന അഭക്തനായ മനുഷ്യനും നല്ലവനെന്നു് പുറമേ നടിക്കുന്ന കപടഭക്തനും ദുരിതം! എന്തെന്നാൽ, അവരാരുംതന്നെ താന്താങ്ങളുടെ തിന്മയുടെ ഫലമല്ലാതെ മറെറാന്നും സഹിക്കുന്നില്ല.

ഇരുഹൃദയമുള്ള മനുഷ്യൻ അവൻെറ എല്ലാ വഴികളിലും അസ്ഥിരനായിരിക്കും; (യാക്കോ. 1: 8) അവൻ ദുഷ്ടനുമായിരിക്കും. നീതിമാനും കേവലനുമായി നിഷ്കളങ്കനായിരിക്കുന്നവൻ അനുഗ്രഹീതനാകുന്നു; ദൈവം എല്ലാ കാര്യങ്ങളിലും അവനെ സഹായിക്കുകയും അവൻെറ പാദങ്ങളെ നീതിമാർഗ്ഗങ്ങളിലൂടെ ചരിപ്പിക്കുകയും ചെയ്യുന്നു.

ഒരുവൻ തൻെറ വാഗ്ദാനങ്ങളിൽ സ്ഥിരതയില്ലാത്തവനായിത്തീന്നാൽ ആരവനേ വിശ്വസിക്കും? പക്ഷേ, കൂടുതൽ നന്മക്കുവേണ്ടി തൻെറ ആദ്യ നിശ്ചയത്തിൽനിന്നും ഒരുവൻ വ്യതിചലിക്കുമ്പോൾ അവൻ സത്യത്തെ ബലികഴിച്ചുവെന്നു് പറഞ്ഞുകൂടാ.

www.malankaralibrary.com



3. പുണ്യപ്രവൃത്തികളെക്കുറിച്ച് ശ്രവിക്കുന്നതും ശ്രദ്ധിക്കുന്നതും വളരെ നല്ലതുതന്നെ. എന്നാൽ, അതിലെത്രയോ നല്ലതാണ് പുണ്യമഭ്യസിക്കുന്നത്.

ഏററം നല്ല ആത്മശോധന, ജീവിത നവീകരണത്തിനു് ഇടയാക്കത്തക്കതാകുന്നു. പാപത്തെ നിരോധിക്കുകയും പുണ്യത്തിലഭിവൃദ്ധിപ്പെടുകയുമാകുന്നു ആത്മപരിശോധനയുടെ ശ്രേഷ്ഠഫലം.

ഭക്തിപൂർവ്വം പ്രാർത്ഥിക്കുന്നതിൻെറ ഫലം ഹൃദയം ദൈവവുമായി ഐക്യപ്പെടുകയും വിശുദ്ധാത്മാവിൻെറ ചൂട് അനുഭവിക്കുകയും ചെയ്യുന്നു എന്നതുതന്നെ. വ്യർത്ഥവിചാരങ്ങളെ അകററിക്കളയുന്നവനു മാത്രമേ ശരിയായി പ്രാർത്ഥിക്കാൻ അറിഞ്ഞുകൂടു.

ക്രൂശിതരൂപം തൻെറ മുമ്പിൽ വച്ചിരിക്കുന്നവൻ പിശാച് വരുത്തുന്ന വ്യർത്ഥഭാവനകളെ തട്ടിയകററുന്നു. ക്രിസ്തുവിൻെറ പീഡാനുഭവങ്ങളെക്കുറിച്ച് അനുസ്യൂതം ധ്യാനിക്കുന്നവൻ നന്നായി അദ്ധ്വാനിക്കുന്നു. ഈശോയുടെ തിരുമുറിവുകളെക്കുറിച്ച് അനുദിനം ചിന്തിക്കുന്നവൻ, സ്വന്ത ആത്മാവിൻെറ മുറിവുകളിൽ, സുഖപ്പെടുത്തി ശുചീകരിക്കുന്ന പരിമളതൈലം ലേപനം ചെയ്യുകയാകുന്നു.

ഈലോക നന്മകളെ പരിപൂർണ്ണമായി ഉപേക്ഷിക്കുകയും ലോകബഹുമാനങ്ങളെ പ്രതീക്ഷിക്കാതിരിക്കുകയും ചെയ്യുന്നവനു് ഹൃദയവിശുദ്ധിയുണ്ട്. അവൻ തടവെന്യേ ദൈവശുശ്രൂഷക്കായി സ്വയം ഭരമേല്പിക്കുകയും ചെയ്യുന്നു.

പരിപൂർണ്ണമായി ദൈവത്തെ സ്തുതിച്ചു മഹത്വപ്പെടുത്തുവാൻ ആഗ്രഹിക്കുന്നെങ്കിൽ അഗാധമായ എളിമ അഭ്യസിക്കുകയും സ്വന്ത തെററുകളെക്കുറിച്ച് ചിന്തിക്കുകയും പ്രലപിക്കുകയും നെടുവീർപ്പിടുകയും വേണം. പാപിയുടെ വിനീതവും കളങ്കമററതുമായ അനുതാപം ദൈവത്തിൻെറ കാതുകളിൽ ആഞ്ഞടിക്കുന്ന ശക്തമായ സ്വരമായിരിക്കും.

4. നീ ചെയ്യുന്നതെല്ലാം ദൈവമഹത്വത്തിനായി ചെയ്യുക.

ദൈവം സകല അഹംഭാവവും അസൂയയും വ്യാജസ്തുതിയും ഇല്ലാതെയാക്കും. ദൈവമഹത്വത്തേയും ബഹുമാനത്തേയും തനി

www.malankaralibrary.com



ക്കായി എടുക്കുന്നവനെ ദൈവം ശിക്ഷിക്കാതിരിക്കയില്ല. അവൻ ചെയ്യുന്ന സകല പുണ്യവും ദൈവമഹത്വത്തിനായിട്ടായിരിക്കും. സ്വയോഗ്യതയിലോ ശക്തിയിലോ ആശ്രയിക്കാതെ സകലത്തിൻേറയും ആദികാരണമായ ദൈവത്തെ സകലനാഥനെന്ന് സമ്മതിച്ചേററുപറയുക. നീ സ്വയം മഹത്വീകൃതനായാൽ നിത്യബഹുമാനത്തേയും നന്മയേയും സർവ്വനന്മ സ്വരൂപിയായിരിക്കുന്ന ദൈവത്തേയും നീ ത്യജിക്കുകയായിരിക്കും.

വി. കന്യകമറിയം ആത്മാനുഭൂതിയിൽ നിറഞ്ഞപ്പോൾ—സ്രഷ്ടാവിൽനിന്നും സ്വീകരിച്ച അവർണ്ണ്യമായ ദാനങ്ങളുടെ പ്രഭൂതിയാൽ ആനന്ദനിർഭരയായപ്പോൾ—സർവ്വോത്കൃഷ്ടമായ അവളുടെ സങ്കീർത്തനത്തിൽ ഇപ്രകാരം പാടിപ്പറഞ്ഞിരിക്കുന്നു: "എൻെറ ആത്മാവ് എൻെറ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു." (ലൂക്ക. 1: 47)

വി. അപ്പസ്തോലൻ പറയുന്നു: "മനുഷ്യൻ വെറുമയായിരിക്കേ താൻ ശ്രേഷ്ഠനെന്നു കരുതിയാൽ അവൻ തന്നെത്താൻ വഞ്ചിക്കുന്നു." (ഗലാ. 6: 3) മൂന്നാം സ്വർഗ്ഗംവരെ ഉയർന്നവനായിട്ടും അദ്ദേഹം ആത്മപ്രശംസ ചെയ്യാതെ എല്ലാം ദൈവമഹത്വത്തിനുവേണ്ടി പ്രവർത്തിക്കയായിരുന്നു. "ഞാൻ എന്തായിരിക്കുന്നുവോ അതു ദൈവകൃപയാലാകുന്നുവെന്ന്" എപ്പോഴും അദ്ദേഹം പറയുമായിരുന്നു. (1. കൊറി. 15: 10)

---

# അദ്ധ്യായം 17

## നമ്മുടെ കർത്താവിനെ അനുകരിക്കുക.

"എൻെറ ഈ ചെറിയ സഹോദരരിൽ ഒരുവന് നിങ്ങൾ ചെയ്യുമ്പോഴെല്ലാം അതു് എനിക്ക് ചെയ്യുന്നതായിരിക്കും. (മത്താ. 25. 40)

ഈ വചനം ശ്രദ്ധിക്കുക. അതിലടങ്ങിയിരിക്കുന്ന മർമ്മമെന്തെന്നു് തൂക്കിനോക്കുക. നിൻെറ ജീവിതത്തെ ഭരിക്കുന്ന ഒരു മാനദണ്ഡമായി അതു് നിന്നോടുകൂടെയിരിക്കട്ടെ.

www.malankaralibrary.com



ആവശ്യമുള്ള കാര്യങ്ങളിൽ സ്വസഹോദരനെ സഹായിക്കുന്നവൻ കർത്താവിൻെറ സന്നിധിയിലേക്ക് തൻെറ കരങ്ങൾ നീട്ടുകയാകുന്നു.

ഉയരത്തിൽനിന്നും ലഭിക്കുന്ന ഭാരങ്ങളെ ക്ഷമാപൂർവ്വം സഹിക്കുന്നത് ക്രൂശിതനായ യേശുവിനെ സ്വഭുജങ്ങളിൽ വഹിക്കുകയാകുന്നു.

ദുഃഖിതനെ സമാശ്വസിപ്പിക്കുന്നത് ഈശോയ്ക്ക് ചുടുചുംബനങ്ങളർപ്പിക്കുകയാകുന്നു.

സ്വസഹോദരൻെറ തെററിനെക്കുറിച്ച് വിലപിക്കുന്നതും അതിൻെറ മോചനത്തിനായി അഭ്യർത്ഥിക്കുന്നതും ഈശോയുടെ പാദങ്ങളെ കഴുകിത്തുടക്കുകയാകുന്നു.

സഹോദരൻെറ കോപത്തെ ശമിപ്പിച്ച് സമാധാനം കൈവരുത്തുന്നത് ഈശോയ്ക്ക് ഒരു പുഷ്പമഞ്ജരി തയ്യാറാക്കുന്നതിനു തുല്യമത്രേ.

വിളമ്പിയ വിഭവങ്ങളിൽ നല്ലതും ഉത്തമവുമായ ഭാഗം തൻെറ സഹോദരനായി നീക്കിവയ്ക്കുന്നവൻ സ്നേഹമാകുന്ന അപ്പവും വീഞ്ഞുംകൊണ്ട് ഈശോയ്ക്ക് തൃപ്തി വരുത്തുകയാകുന്നു.

ഭക്തിപൂർവ്വം ദൈവത്തെ ധ്യാനിക്കുന്നവൻ ഈശോയെ ആത്മാവിൻെറ രഹസ്യമുറിയിലേക്ക് ആനയിക്കുകയാകുന്നു.

വി. വിജ്ഞാനത്തെ തൻെറ സഹോദരൻെറ മുമ്പിൽ വായിക്കുന്നവൻ മേത്തരമായ വീഞ്ഞ് ഈശോയുടെ അധരങ്ങളോടടുപ്പിക്കുകയാകുന്നു.

വ്യർത്ഥഭാഷണത്തെ നിരോധിക്കുന്നവൻ ഈശോയുടെ മേശക്കു ചുററും പാറന്നു നടക്കുന്ന ഈച്ചകളെ ആട്ടിയോടിക്കുകയാകുന്നു.

ഏഷണിക്ക് ചെവികൊടുക്കാത്തവനും അനുചിത ഭാഷണത്തെ തടയുന്നവനും ഈശോയുടെ ഭവനത്തിൽനിന്നും പേപ്പട്ടികളെ അടിച്ചോടിക്കുവാൻ ദണ്ഡുമേന്തി നിൽക്കുന്നവനാകുന്നു.

ഭോജനവേളയിൽ സ്വസഹോദരങ്ങൾക്ക് സംസ്കാരവും ബഹുമാനവും വർദ്ധിപ്പിക്കുന്നവൻ ഈശോയുടെ അതിഥിക്ക് ഒരു സ്വർഗ്ഗീയകാസാ നൽകുന്നവനായിരിക്കും; അതിൽനിന്നും ആനന്ദമാകുന്ന വീഞ്ഞുകൊണ്ട് മത്തനമാകും. മറിച്ച് സംസ്കാരവിഹീനനായി പെരുമാറുന്നവനോ ഭക്ഷണത്തിൻെറ സ്വാദ് നശി

www.malankaralibrary.com



പ്പിക്കുന്നു. അസ്പഷ്ടമായി സംസാരിക്കുന്നവനോ ഈശോയുടെ മേശവിരിയിൽ കറയും മലിനതയും പുരട്ടുന്നവനായിരിക്കും.

സ്നേഹിതരിൽനിന്നു് നിന്ദാവചനങ്ങളെ കേൾക്കുകയും തൻമൂലം ക്ലേശവും പീഡയും സഹിക്കുകയും ചെയ്യുന്നവൻ ഈശോയുടെ തിരുമുറിവുകൾക്കു് തൈലലേപനം ചെയ്യുന്നു.

പുണ്യത്താലും സുകൃതമാതൃകകളാലും സ്വ സഹോദരനോടു സംഭാഷിക്കുന്നവൻ പരിമളപൂർണ്ണമായ മധുമലരുകൊണ്ടു് ഈശോയ്ക്കു് ഒരു കുസുമമഞ്ജരി അർപ്പിക്കുകയായിരിക്കും.

ഭക്തിപൂർവ്വം പാരായണം ചെയ്യുകയും ഈശോയുടെ തിരുവചനങ്ങളെ പ്രഘോഷിക്കുകയും ചെയ്യുന്നവൻ ശ്രോതാക്കളുടെ നാസായിൽ സുഗന്ധവർഗ്ഗം പുരട്ടുകയായിരിക്കും ചെയ്യുന്നതു്.

അയൽക്കാരൻെറ തെററുകളെ സ്നേഹപൂർവ്വം സഹിക്കുകയും നല്ല അടിസ്ഥാനം അവക്കു് ഉപദേശിക്കുകയും ചെയ്യുന്നവൻ ഈശോയിൽനിന്നു് നിശ്ചയമായും കാരുണ്യം കണ്ടെത്തും.

തൻെറ സ്നേഹിതൻെറ ദൂഷ്യങ്ങളെ മറക്കുകയും ഇടർച്ചകളെ ആച്ഛാദനം ചെയ്യുകയും ചെയ്യുന്നവൻ ഈശോയുടെ നഗ്നാവയവത്തെ ആവരണം ചെയ്യുന്നു.

ഈശോയുടെ എളിയ ജീവിതത്തേയും അത്ഭുതപ്രവൃത്തിയേയുംകുറിച്ചു് ധ്യാനിക്കുകയും അങ്ങിനെ തൻെറ ആത്മാവിനെ മധുരപദാർത്ഥങ്ങളാൽ പോഷിപ്പിക്കുകയും ചെയ്യുന്നവൻ ഈശോയുടെ അധരത്തിൽനിന്നു് പാലും തേനും പാനം ചെയ്യുന്നു.

ക്രിസ്തുവിൻെറ സ്നേഹത്തെപ്രതി രക്തം ചിന്തുവാൻ ഇടയായതു് പരമാനന്ദമാണെന്നു് അനുഭവത്തിനുശേഷം വി. ആഗ്നസ് പറഞ്ഞിട്ടുണ്ടത്രേ.

രോഗിയായ ഒരു സഹോദരൻെറ സമീപേ ചെന്നു പാടുകയോ പ്രാർത്ഥിക്കുകയോ ചെയ്യുന്നതു് ഈശോയുടെ പിള്ളത്തൊട്ടിക്കരികേ ദൂതന്മാർ വീണ വായിക്കുന്നതിനു തുല്യമായിരിക്കും.

ഭക്തിപൂർവ്വം പ്രാർത്ഥിക്കുന്നവനും മധുരപദാർത്ഥങ്ങളെ നിരസിക്കുന്നവനും സകലതുമുപേക്ഷിക്കുന്നവനും പൂജരാജാക്കളോടുകൂടെ വിലയേറിയ മൂന്നുതരം സമ്മാനങ്ങൾ ഉണ്ണിയീശോയ്ക്കു തിരുമുൽക്കാഴ്ചയർപ്പിക്കുന്നു.

www.malankaralibrary.com



തൻെറ സഹോദരൻെറ കാലുകൾ കഴുകുന്നവനും വിനീത കാര്യങ്ങൾ പ്രവത്തിക്കുന്നവനും വി. യോഹന്നാൻ സ്നാപകനോടൊന്നിച്ച് ക്രിസ്തുവിനെ സ്നാനം ചെയ്യുന്നു.

സ്വന്ത വാസസ്ഥാനത്ത് ഏകാകിയും മൗനിയുമായി വസിക്കുന്നവൻ ക്രിസ്തുവിനോടൊന്നിച്ച് മരുഭൂമിയിൽ പ്രവേശിക്കുന്നു.

തൻെറ ദുരിച്ഛകളോട് ബലം പ്രയോഗിക്കുന്നവനും ശരീരത്തെ അമത്തി ജീവിക്കുന്നവനും ക്രിസ്തുവിനോടുകൂടെ ഉപവസിക്കുന്നു.

രക്ഷയുടെ വചനം തൻെറ സഹോദരനോട് സുവിശേഷിക്കുന്നവൻ സ്വർഗ്ഗരാജ്യത്തേയും ഈശോയേയും കുറിച്ച് പ്രസംഗിക്കുന്നു.

ബലഹീനനും പരീക്ഷകളിൽ ഉൾപ്പെട്ടവനുമായ ഒരു സഹോദരനു വേണ്ടി മുടങ്ങാതെ പ്രാത്ഥിക്കുന്നവൻ ഈശോയോടുകൂടെ ലാസറിനെ സന്ദർശിക്കുകയും മാത്തായോടും മറിയത്തോടും കൂടെ കല്ലറയ്ക്കൽ കരയുകയും ചെയ്യുന്നു.

3. മരിച്ച വിശ്വാസികൾക്കായി വിശുദ്ധ കർബാന അർപ്പിക്കുകയോ അവക്കുവേണ്ടി പ്രാത്ഥിക്കുകയോ ചെയ്യുന്നവർ ഈശോയോടുകൂടെ ലാസറിൻെറ കല്ലറ സന്ദർശിക്കുകയും വേദനയിൽനിന്നും കാരുണ്യപൂവ്വം വിടുവിക്കപ്പെടുന്നതിന്നു അപേക്ഷിക്കുകയും ചെയ്യുന്നു.

സഹോദരന്മാരുമൊത്ത് സാധാരണ ഭക്ഷണം കഴിക്കുന്നവനും അപ്പോഴത്തേ ജ്ഞാനവായന ശ്രവിക്കുന്നവനും ഈശോയോടും അവൻെറ ശിഷ്യന്മാരോടുംകൂടെ ഭക്ഷിക്കുകയും പാനംചെയ്യുകയും ചെയ്യുന്നു.

ഊട്ടുമുറിയിൽനിന്ന് ശ്രവിച്ച ദൈവതിരുവചനം സ്വഹൃദയത്തിൽ സംക്ഷേപിക്കുന്നവൻ അത്താഴസമയം ഈശോയുടെ മാവ്വിൽ പുതിയ അപ്പസ്തോലനായ വി. യോഹന്നാനോടുകൂടെ വിശ്രമിക്കുകയത്രേ.

വേദനാജനകമായവ ചെയ്യുന്നതിന് താമസംവരുത്താതെ എളിമയോടെ അനുസരിക്കുന്നവൻ, ശിഷ്യന്മാർ സഹിതം ഒലി

www.malankaralibrary.com



വു മലയ്ക്കുപോയ ഈശോയെ അനുഗമിക്കുന്നു. അവിടെയാണല്ലോ താൻ ഒററിക്കൊടുക്കപ്പെടുകയും ശത്രുക്കളാൽ പിടിക്കപ്പെടുകയും ചെയ്തതു്.

പ്രയാസത്തിലും പ്രലോഭനത്തിലും പ്രാർത്ഥനയെ ശരണം ഗമിക്കുന്നവൻ സാത്താന്റെ പോരാട്ടങ്ങൾക്കെതിരായി ദുഃഖനിമഗ്നനായ ഈശോയോടൊരുമിച്ചു വസിക്കുന്നു.

സ്വാഭീഷ്ടം പൂർണ്ണമായി പരിത്യജിക്കുന്നവൻ ദൈവേഷ്ടം ഈശോയോടൊരുമിച്ചു് പൂർത്തിയാക്കുന്നു. ഈശോയോടൊന്നിച്ചു് ധൈര്യപൂർവ്വം കാൽവരി വരേയും കുരിശു വഹിക്കുകയും ചെയ്യുന്നു.

തന്റെ ശത്രുക്കൾക്കുവേണ്ടി പ്രാർത്ഥിക്കുകയും മനഃപൂർവ്വം തനിക്കെതിരായി ചെയ്ത ദുഷ്കൃത്യങ്ങളെ ക്ഷമിക്കുകയും ചെയ്യുന്നവൻ ഈശോയോടൊരുമിച്ചു് ശത്രുക്കൾ നശിക്കാതിരിക്കുവാനും അവർ മനസ്സുതിരിഞ്ഞു ജീവിക്കുവാനും ഇച്ഛിക്കുന്നു.

ഹൃദയപൂർവ്വം ഭൌമികവസ്തുക്കളെ പരിത്യജിക്കുകയും ഇന്ദ്രിയസുഖങ്ങളെ നിരസ്സിക്കുകയും ചെയ്യുന്നവൻ ക്രിസ്തുവിനോടുകൂടി കുരിശിൽ പ്രായശ്ചിത്തം ചെയ്യുന്നു; അവന്റെ ആത്മാവു് വി. പൗലോസിന്റേതുപോലെ പറുദീസായിൽ ബന്ധിതമായിരിക്കും.

4. ഹൃദയത്തെ വിശുദ്ധിയിലും സമാധാനത്തിലും കാക്കുന്നവൻ ഈശോയെ ശുഭ്രമായ വെള്ളപ്പട്ടിൽ പൊതിഞ്ഞു സ്വന്തഹൃദയമാകുന്ന പേടകത്തിൽ നിക്ഷേപിക്കുന്നു.

അന്ത്യംവരേയും ഈശോയെ പരിസേവിക്കുന്നവൻ മോഹനമായ വിശ്രമം നേടുകയും കല്ലറയിൽ സമാധാനത്തോടെ നിദ്രകൊള്ളുകയും ചെയ്യും..

വി. കന്യകാമറിയത്തിന്റെ പ്രലാപത്തെക്കുറിച്ചു് കരയുന്നവൻ ഞെരുക്കകാലത്തിൽ ആ മാതാവിനാലും തന്റെ പ്രിയപുത്രനാലും ആശ്വസിപ്പിക്കപ്പെടുവാൻ അർഹനായിരിക്കും.

ഈശോയുടെ വചനങ്ങളും പ്രവൃത്തികളും അനുസ്മരിക്കുക അതിൽനിന്നു് ആത്മീയഭക്ഷണം സമ്പാദിക്കുകയും ചെയ്യുന്നവൻ ഈശോയുടെ പീഡാനുഭവത്തെ ലഘൂകരിക്കുവാൻ ഉതകുന്ന ജഡാമാംസി തൈലമൊരുക്കുകയാകുന്നു.

www.malankaralibrary.com



തനിക്കു ലഭിച്ച അനുഗ്രഹങ്ങൾക്കു് വിനീതവും ഭക്തിനിർഭരവുമായ കൃതജ്ഞത പ്രദർശിപ്പിക്കുന്നവൻ മഗ്ദലമറിയയോടുകൂടെ വിലയേറിയ സുഗന്ധതൈലം ഈശോയുടെ കല്ലറയ്ക്കൽ കൊണ്ടുവരുന്നു.

പാപത്തെക്കുറിച്ചു് സങ്കടപ്പെട്ടു അനുതപിക്കുകയും പരിഹാരം ചെയ്യുവാൻ ഉറയ്ക്കുകയും ചെയ്യുന്നവൻ പാപമരണത്തിൽനിന്നും ഈശോയോടുകൂടി ഉയിർക്കുന്നു.

ഭക്തിമാന്ദ്യത്തെ ഉപേക്ഷിക്കുകയും പൂർവ്വശുശ്രൂഷ്ഠാന്തിയിലേക്കു് പിൻതിരികയും ചെയ്യുന്നവൻ ഒരു പുതിയ പെസഹാ ആഘോഷിക്കുകയും സന്തോഷഭരിതനായി ഹല്ലേലൂയ്യാ പാടുകയും ചെയ്യുന്നു.

ലൗകികാനന്ദങ്ങളെ നിരസിക്കുന്നവൻ അതിന്റെ അപകട മേഖലകളെ തരണം ചെയ്യുന്നു; സന്യാസജീവിതം ഇഷ്ടപ്പെടുന്നു, അതിന്റെ കടമകളെ അനുസരിക്കുന്നു; ഈശോയോടുകൂടെ "മാളികയുടെ മുകളിലുള്ള മുറിയിൽ" സ്വാതന്ത്ര്യമായും രഹസ്യമായും ദൈവത്തെ ശുശ്രൂഷിക്കുന്നതിനു് – പ്രവേശിക്കുന്നു അവിടെ പരിശുദ്ധമായി ജീവിക്കുകയും പരിശുദ്ധാത്മാവിന്റെ ദാനങ്ങളെ അധികമായി പ്രാപിക്കുകയും ചെയ്യും.

ഭൗമിക വസ്തുക്കളെ വെറുക്കുകയും സ്വർഗ്ഗീയമായവയെക്കുറിച്ചുള്ള ചിന്ത മൂലം ജ്വലിക്കുകയും ചെയ്യുന്നവൻ ലോകത്തെ ഉപേക്ഷിച്ചിട്ടു് ഈശോയോടുകൂടെ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നു.

"ജീവിക്കുന്നതു് ക്രിസ്തുവും മരിക്കുന്നതു് ലാഭവുമായിക്കരുതുന്ന ആത്മാവു് അനുഗൃഹീതമാകുന്നു." (പിലി: 1: 21) എന്തെന്നാൽ, ക്രിസ്തുവിനുവേണ്ടി ജീവിക്കുന്നവൻ തന്നെത്താൻ മരിക്കേണ്ടിയിരിക്കുന്നു. ക്രിസ്തുവിൽ സന്തുഷ്ടനും വിജ്ഞനുമായിരിക്കുവാൻ ആഗ്രഹിക്കുന്നവൻ നശ്വരമായ സകലതിനേയും ത്യജിച്ചേ മതിയാവൂ.

ലോകവസ്തുക്കളെ പരിപൂർണ്ണമായി വിച്ഛേദിക്കുക വേദനാജനകമായിരിക്കും. അതിലും കടുപ്പമായിരിക്കും മരണം. എന്നാൽ, ക്രിസ്തുവിനോടുകൂടി സന്തോഷിക്കുക രക്ഷയും നിത്യജീവനുമായിരിക്കും.

www.malankaralibrary.com



ദൈവം പൂർണ്ണമായും എൻേറതായിരിക്കുന്ന നിമിഷം എപ്പോഴാം വരും? ഞാൻ മുഴുവനും ദൈവത്തിൻേറതായിത്തീരുന്നത് എന്നായിരിക്കും? ഞാൻ എന്നു് ദൈവവുമായി സംയോജിക്കും?

കണ്ടാലും! വിശ്വസ്തയായ ആത്മാവു് മഹത്വത്തിൽ ദൈവവുമായി സംയോജിക്കുന്നതുവരെ പൂർണ്ണമായും അനുഗ്രഹീതയല്ല.

സജീവവിശ്വാസവും എരിയുന്ന സ്നേഹവും ദൈവത്തെ മുഖാമുഖം ദർശിക്കുന്നതുവരെ സ്നേഹത്തിൻെറ പടവിയിലൂടെ കുതിച്ചുകയറുക. അവിടെ മാലാഖമാരുടെ ആനന്ദവും അനുഗ്രഹവും ഉണ്ടായിരിക്കും.

നമ്മുടെ കർത്താവായ ഈശോ ദിവ്യദർശനം നമുക്കു നൽകട്ടെ. നമുക്കുവേണ്ടി ക്രൂശിൽ കഠിന യാതനകളനുഭവിച്ചു. ആമ്മേൻ.

---

# അദ്ധ്യായം 18

## എക്കാലവും ദൈവത്തെ സ്തുതിക്കുക.

എൻെറ വായു് എപ്പോഴും കർത്താവിനെ സ്തുതിക്കും. (സങ്കീ. 33: 1.)

ആ നാമത്തിൻെറ മധുരം കാതുകൾക്കു എത്ര ഇമ്പകരം.

എന്നാൽ, അഭിമുഖമായി ദർശിക്കുക അതിലും എത്രയോ മാധുര്യപ്രദം!!

മാലാഖമാരുടെ ആ നവ്യ സ്തുതിഗീതം ആവർത്തിച്ചാലപിക്കുക എത്ര മനോഹരം!

---

www.malankaralibrary.com

# താമരപ്പൊയ്ക

## മനുഷ്യജീവിതത്തിൻെറ മൂന്നു പ്രശങ്ങൾ

ഞാൻ വയലിലെ പുഷ്പമാകുന്നു; താഴ്‌വരയിലേ ലില്ലിയും. (ഉത്തമ. 1: 1.)

ഇതു് വി. സഭയോടു നമ്മുടെ കർത്താവരുളിയ തിരുവചനമാകുന്നു; പ്രത്യേകിച്ചു് ഓരോ വ്യക്തിയോടും. എന്തെന്നാൽ, തിരുസ്സഭയുടെ ഉന്നതതലവൻ വിശ്വാസികളുടെ നായകനും ക്രിസ്തുവാകുന്നു. താൻ സകല പുണ്യങ്ങളും നിറഞ്ഞ പുഷ്പവും വയലിലേ താമരയും എളിമയേയും വിശുദ്ധിയേയും സ്നേഹിക്കുന്നവനും ആകുന്നു.

ക്രിസ്തുവിനെ പരിസേവിക്കുവാനും സ്വർഗ്ഗീയ മണവാളനെ സന്തോഷിപ്പിക്കുവാനും നീ ആഗ്രഹിക്കുന്നുവെങ്കിൽ നിൻെറ ദുർവികാരങ്ങളെ അമർത്തിക്കൊൾക. പുണ്യസൗരഭ്യം നിറഞ്ഞ പുഷ്പങ്ങളെ ശേഖരിക്കുക; അലസതയെ പരിത്യജിക്കുക; ശുഷ്കാന്തിയോടെ പഠിക്കുക. പുസ്തകങ്ങൾ എഴുതുക; ഉപകാരപ്രദങ്ങളായ കൈവേലകൾ ചെയ്യുക; നിരന്തരം പ്രാർത്ഥിക്കുക; ലോകബഹളങ്ങളിൽനിന്നും ഓടിയകലുക; ഏകാന്തതയെ സ്നേഹിക്കുക; അലസവും ഉപദ്രവകരവുമായ ഭാഷണത്തെ വെറുക്കുകയും ചെയ്യുക.

2. അകമേ സുകൃതിയല്ലെങ്കിൽ ബാഹ്യമായി നീ എത്രതന്നെ ശ്രമിച്ചാലും ദൈവതിരുമുമ്പിൽ നീ നല്ലവനായി ഗണിക്കപ്പെടുകയില്ല. ഒരു പാത്രം ഭംഗിയുള്ളതും നല്ലതുമായി കാണപ്പെടാം. പക്ഷേ, അകം ശൂന്യമായിരിക്കും.

വീഞ്ഞു നിറച്ചിരിക്കുന്ന പാത്രത്തിൽനിന്നും മേത്തരമായ ഗന്ധം പുറപ്പെടുന്നതുപോലെ, ഉത്തമനും പ്രവൃത്തിയിൽ പരിശുദ്ധനുമായിരിക്കുന്ന മനുഷ്യൻെറ ഹൃദയത്തിൽനിന്നും ആത്മവാക്യങ്ങളും സത്പ്രവൃത്തികളും പുറപ്പെടുകയും അതു് ദൈവത്തിനു മഹത്വം കൊടുക്കുകയും സമീപവർത്തിക്കു് ഉപകാരപ്രദമാകയും ചെയ്യും. എൻെറ സഹോദരാ, നീ ആയിരിക്കുന്ന നിലയെക്കുറിച്ചു് നന്നായി ചിന്തിക്കുക. നീ എല്ലപ്രകാരം ലോക

www.malankaralibrary.com



ത്തിൻെറ മുമ്പിൽ കാണപ്പെടുന്നുവോ അതു് ദൈവത്തെ മഹ-
ത്വപ്പെടുത്തുന്നതിനും നിൻെറ സഹവത്തികളെ സംസ്കാരസമ്പ-
ന്നരാക്കുന്നതിനും ഉതകുന്നതായിരിക്കട്ടെ.

നന്മയാകട്ടെ തിന്മയാകട്ടെ എന്തുതന്നെ നീ ചെയ്താലും അ-
തു ദൈവം കാണുന്നുണ്ടെന്ന സ്മരണ നിന്നിലുണ്ടായിരിക്കണം.

നീ തിന്നുകയോ കുടിക്കുകയോ ചെയ്യുമ്പോഴും ഉറങ്ങുകയോ
വിശ്രമിക്കുകയോ ചെയ്യുമ്പോഴും നിൻെറ ആഗ്രഹങ്ങൾക്കു വഴങ്ങു-
മ്പോഴും ജഡികവൃത്തികൾ ചെയ്യുമ്പോഴും നിൻെറ സ്വഭാവം മൃഗ-
ങ്ങളുടേതിനു തുല്യമായിരിക്കും; അലഞ്ഞു നടക്കുകയും, തൃപ്തി-
യാകുന്നതുവരെ തിന്നുകുടിച്ചു തങ്ങളുടെ വയറുകൾ വീർപ്പിക്കു-
കയും ചെയ്യുന്നവൻ കൊമ്പുകൊണ്ടു കുത്തുന്നവരും പല്ലുകൊണ്ടും
നഖംകൊണ്ടും പറിച്ചുകീറുന്നവരും തങ്ങളെ നിരോധിക്കുന്നവ-
രെ ഭീഷണിയോടെ തുറിച്ചുനോക്കുന്നവരും ഹീനമായ ശബ്ദം
കൊണ്ടു് അന്തരീക്ഷത്തെ മുഖരിതമാക്കുന്നവരും ജഡികരു് —
ഭോജനപ്രിയരും — ലുബ്ധരും — അഹങ്കാരികളും വികാരാധീന-
രും കലഹപ്രിയരുമാകുന്നു. ദൈവത്തിൻെറ പരിശുദ്ധാത്മാവു്
അവരോടുകൂടിയില്ല. അവർ അവരുടെ വികാരങ്ങൾക്കു് അ-
ധീനരായി മാത്രമിരിക്കും.

3. എന്നാൽ നീ ജാഗരിക്കുമ്പോഴും പ്രാർത്ഥിക്കുമ്പോഴും
വായിക്കുമ്പോഴും സങ്കീർത്തനങ്ങൾ ആലപിക്കുമ്പോഴും ദൈവത്തെ-
യും തൻെറ പരിശുദ്ധന്മാരേയും പാടി സ്തുതിക്കുമ്പോഴും ഉപവ-
സിക്കുകയും തിന്മയിൽനിന്നു് ഒഴിഞ്ഞിരിക്കുകയും നിൻെറ അ-
യൽക്കാരനു് ഉപകാരം ചെയ്യുകയും ചെയ്യുമ്പോഴും സ്വന്ത അ-
ക്രമങ്ങളെക്കുറിച്ചു് കരഞ്ഞു പ്രലപിക്കുമ്പോഴും അവയെക്കുറിച്ചു്
അനുതപിക്കുമ്പോഴും ദൈവത്തിൽനിന്നു മോചനമർത്ഥിക്കുമ്പോഴും
അവ പരിശുദ്ധാത്മാവിൻെറ പ്രവത്തികളായിരിക്കും. ആലോ-
ചനകളെ പിൻചെല്ലുകയും നിൻെറ ആദ്ധ്യാത്മിക കടമകളെ
പൂത്തിയാക്കുകയും, ചെയ്യുക. അത്തരം സ്വഭാവം സ്വർഗ്ഗത്തിലെ
മാലാഖമാരുടേതിനു സമമാകുന്നു, ദൈവസന്നിധിയിൽനിന്നു
പിൻവാങ്ങാതെ അവർ ദൈവമഹത്വത്തേയും സ്തുതിയേയും പ്ര-
കീർത്തിക്കുകയാണല്ലോ.

എന്നാൽ, നീ വികാരവിക്ഷോഭങ്ങൾക്കധീനനാകുമ്പോൾ
അഹംഭാവിയാകുമ്പോൾ, ക്ലേഷണിയും പിറുപിറുപ്പുമുണ്ടാകു-

www.malankaralibrary.com



മ്പോൾ, തെററ ചെയ്യുയോ കള്ളം പറകയോ ചെയ്യുമ്പോൾ, മററുള്ളവരെ ഉപദ്രവിക്കുകയോ, നിൻെറ അയൽക്കാരനു നേരിട്ട ആപത്തിൽ സന്തോഷിക്കുകയോ ചെയ്യുമ്പോൾ, അവൻെറ അഭിവൃദ്ധി നിനക്കു വേദനാജനകമാകുമ്പോൾ, നിൻെറ ഹൃദയത്തിൽ അവനെ നീ നിന്ദിക്കുമ്പോൾ, സ്വകാര്യ സാമ്രാജ്യം ജാഗ്രതയോടെ നീ പ്രവത്തിക്കുമ്പോൾ, നീ പിശാചിൻെറ പ്രലോഭനങ്ങളെ പിൻചെല്ലുമ്പോൾ, അധമ്മപൂണ്ണമായ നിൻെറ സ്വഭാവം അക്രമങ്ങളാൽ പിശാചിൻേറതിനു തുല്യമാകുമ്പോൾ, അധമ്മത്തിൻെറ ആത്മാവിന് അതിൻെറ വികാരങ്ങൾ മാത്രം ആലോചന നൽകുമ്പോൾ, ശരിയായ ലക്ഷ്യമില്ലാതെ തലതിരിച്ചിലിൽ മാത്രം ആശ്രയിക്കുമ്പോൾ, ചെയ്യാവുന്ന തിന്മയെല്ലാം വരുത്തിക്കൂട്ടുകയോ അതിനു മുതിരുകയോ ചെയ്യുമ്പോൾ, നീ സാത്താൻെറ അടിമ മാത്രം. അവനിൽ യാതൊരു നന്മയുമില്ല, അവൻ മനുഷ്യമക്കളെ തിന്മക്കടിമയാക്കുവാൻ അതികഠിനം പ്രയത്നിക്കുന്നു. എന്തിന്? പാപത്തിന്നധീനരായി പ്രഹരമേല്ക്കുന്നതിനുതന്നെ.

നീതിമാൻെറ ജീവിതം ദൈവദൂതന്മാരുടേതിനു തുല്യമാകുന്നു. ജഡികനായ മനുഷ്യൻേറതാകട്ടെ മൃഗങ്ങളുടേതിനു തുല്യവും; അഹങ്കാരിയുടേതോ പൈശാചികവും ആയിരിക്കും.

അധമ്മികൾ വിരിക്കുന്ന വലയിൽ കുടുങ്ങിപ്പോകാതിരിപ്പാൻ ദൈവഭൃത്യരേ, സൂക്ഷിച്ചുകൊൾവിൻ. ദൈവത്തിൻെറ ഭയങ്കര സിംഹാസനത്തിൻമുമ്പാകെ നിങ്ങൾ വഞ്ചിതരായിപ്പോകും, എന്തു ചെയ്യേണ്ടുവെന്ന് നിങ്ങൾ അറിയുകയുമില്ല.

www.malankaralibrary.com

# അദ്ധ്യായം 2

## ദൈവമഹത്വത്തെക്കുറിച്ച്

"അനാഥനും എളിയവനും നിന്റെ നാമത്തെ സ്തുതിക്കും." (73: 21 സങ്കീ.) പ്രാർത്ഥിക്കുമ്പോഴോ ധ്യാനിക്കുമ്പോഴോ ആത്മികവരൾച്ചയോ മാന്ദ്യമോ ദുഃഖമോ അനുഭവപ്പെട്ടന്നെങ്കിൽ നിരാശനാകയോ, വിനയപുരസ്സരം യേശുവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്നതിൽ അതൃപ്തനാകയോ ആകരുതു്.

ആത്മിക ദാരിദ്ര്യത്തിൽ ദൈവത്തിനു് മഹത്വവും കൃതജ്ഞതയും അർപ്പിക്കുക. "കർത്താവേ, എളിയവനും ദരിദ്രനും നിന്റെ നാമത്തെ സ്തുതിക്കും" എന്ന വചനം നിനക്കാശ്വാസമരുളും. എന്തെന്നാൽ, വിശുദ്ധരും ഭക്തരുമായ അനേക ആത്മാക്കൾ ഈ ആദ്ധ്യാത്മിക വരൾച്ചമൂലം പരിശോധിക്കപ്പെട്ടിട്ടുണ്ടു്. വളരെ നാളത്തേക്കു് ദൈവമവരെ ഉപേക്ഷിച്ചിരുന്നുവോ എന്നും അവർക്കു തോന്നിയിട്ടുണ്ടു്. തൻമൂലം അവർ ക്ഷമ അഭ്യസിക്കുന്നതിനും ദയാപൂർവ്വം മററുള്ളവരോടു് പെരുമാറുന്നതിനുംവേണ്ടിയായിരുന്നു അതു്. സ്വന്തദുഃഖവും ആവശ്യവും നിമിത്തം ആദ്ധ്യാത്മികാനന്ദാനുഭവനേരത്തു് ആത്മപ്രശംസകൂടാതിരിക്കുന്നതിനുമാകുന്നു. സങ്കീർത്തകനോടുകൂടി ഇപ്രകാരം പറയുക: "ഞാൻ എളിയവനും ദരിദ്രനുമാകുന്നു" (69. 6.) യഹോവയിൽ ഞാനാശ്രയിക്കും. അവനെന്റെ ശക്തിയും രക്ഷയുമാകുന്നു. സകല നന്മയും ദൈവത്തിൽ നിന്നാകുന്നുവല്ലോ.

2. ആനന്ദാധിക്യം നിന്നെ വലയം ചെയ്യുമ്പോൾ ആത്മസ്തുതിയിൽനിന്നൊഴിഞ്ഞിരിക്കുക. അവ്വണ്ണം സങ്കടത്തിന്റെ കറുത്തമേഘം നിന്നെ ചുററുമ്പോൾ നിരുത്സാഹിയാകാതെയുമിരിക്കുക. എല്ലാം ദൈവത്തിൽനിന്നാകയാൽ സന്തോഷപൂർവ്വം സ്വീകരിച്ചു് തൃപ്തിയടയുകയത്രേ വേണ്ടതു്. എന്തെന്നാൽ, ദൈവത്തിൽനിന്നല്ലാതെ നിനക്കെന്തുള്ളൂ.

ഭക്തിയുടെ വരം നിനക്കു ലഭിക്കുമ്പോൾ, ഉന്നത സ്വർഗ്ഗത്തിൽനിന്നു് നീതിസൂര്യൻ നിന്റെമേൽ പ്രകാശിക്കുമ്പോൾ ശോഭയിലും ആനന്ദപരിസ്ഫൂർത്തിയിലും നീ നടക്കും. എ

www.malankaralibrary.com



ന്നാൽ, വ്യർത്ഥവിചാരത്താലോ ദുരഭിമാനത്താലോ വഞ്ചിതനാകുവാൻ നീ സ്വയം അനുവദിക്കുന്നെങ്കിൽ നീ ദുർഭഗനായ മനുഷ്യനായിരിക്കും നിശ്ചയം.

ദുരുപയോഗം മൂലമോ അശക്തിയാലോ ഭക്തിയുടെ നൽവരം നിന്നിൽനിന്നെടുക്കപ്പെട്ടപ്പോൾ പിന്നെ പ്രാർത്ഥനകളയാതൊരു മാധുര്യവും തോന്നുകയില്ല. എന്നാൽ കൃതജ്ഞതാപുരസ്സരം ഈ നഷ്ടത്തെ സ്വീകരിക്കുക. നിന്നെ എളിമപ്പെടുത്തുവാനാകുന്നു ഈ ദാനങ്ങൾ നിന്നിൽനിന്നെടുത്തുകളയുന്നതു്. പിന്നീടത്തേതിൽ ദൈവം സ്നേഹത്തിൻെറ കവചം നിന്നെ അണിയിക്കും.

തൻെറ മക്കളെ നല്ലവരാക്കുന്നതിനായിട്ടാകുന്നു ദൈവം അവരെ ശിക്ഷിക്കുന്നതു്. മറവിയുടെ കൂടുതൽ നിമിത്തം ദിവസംതോറും നാം തെററുചെയ്യുന്നു. ആത്മനിഗ്രഹത്തിൻെറ അഭിരുചി ലഭിക്കുന്നതിനും നിൻെറ യോഗ്യതകളെക്കുറിച്ചുള്ള അഹങ്കാരം തടയുന്നതിനും ദൈവശിക്ഷ ഉപകരിക്കും. വി. പൗലോസ് പറയുന്നു: "നിഗളിക്കാതെ ദൈവത്തെ ഭയപ്പെടുക" എന്നു്. (റോമ. 11. 20)

സ്വന്ത അയോഗ്യതകളെക്കുറിച്ചു് അഗാധമായി ചിന്തിക്കുന്ന ആത്മാവു് വളരെ സമ്പാദിക്കുന്നു. അതു് ചെയ്യേക്കാവുന്ന സകല നന്മയുടേയും മഹത്വം ദൈവത്തിനു അർപ്പിക്കുകയും ചെയ്യുന്നു.

---

# അദ്ധ്യായം 3

## ഭക്തനെ പ്രാതികൂല്യങ്ങളാൽ പരിശോധിക്കുന്നു.

"നീതിമാന്മാരെ, കർത്താവിൽ ആനന്ദിപ്പിൻ" (സങ്കീ. 32. 1.)

സ്വർഗ്ഗത്തിൽ ആനന്ദം നിത്യമാകുന്നു; നരകത്തിൽ ദുഃഖവും അപ്രകാരംതന്നെ. എന്നാൽ. ഇവ രണ്ടും ചിലപ്പോൾ ഭൂമിയിൽ കാണാം. അതു് ദുഷ്ടനേയും ശിഷ്ടനേയും പരിശോധിക്കുന്നതിനാകുന്നു.

www.malankaralibrary.com


വസന്തകാലത്തു് ആകാശം ശുഭ്രവും മനോഹരവുമായിരിക്കും. വർഷകാലത്തോ തമസ്സും മേഘവുംകൊണ്ടു് ആകാശം ആവൃതമാണു്. അതുപോലെ ഭക്താത്മാവിനും വസന്തശോഭയും വർഷകാലപരിക്ലന്തിയും നേരിടും.

കൃപാവരം ലഭിക്കുകയും അവൻ പ്രകാശിതനാകയും ചെയ്യുമ്പോഠം, മുമ്പു് അറിയപ്പെടാതിരുന്ന അനേകസത്യങ്ങഠം അവനു് വെളിവാകും; മുമ്പു് അഗ്രാഹ്യമായിരുന്നതു് ഇപ്പോഠം സുഗ്രഹമാകും.

അവൻ അത്യധികം സന്തോഷിക്കുകയും ആനന്ദകീർത്തനങ്ങളാൽ അവൻെറ മാനസ്സോല്ലാസത്തെ വെളിപ്പെടുത്തുകയും ചെയ്യുന്നു. പിന്നെത്തേതിലൊ, പരിശോധനയുടെ തീച്ചൂള ചൂടുപിടിക്കുകയും ഭക്തിയുടെ വരം എടുക്കപ്പെടുകയും മഞ്ഞുപോലെ മരവിപ്പിക്കുന്ന ശിശിരം നേരിടുകയും ബുദ്ധി മങ്ങുകയും ആത്മാവു് ഭീതിയാൽ പര്യാകുലമാകയും ചെയ്യും.

അപ്പോഠം, ദൈവത്തെ പ്രീതിപ്പെടുത്തുന്നതും നമുക്കേററം ആവശ്യമായിരിക്കുന്നതുമായ സഹിഷ്ണുത നമ്മെ സഹായിക്കും. അത്തരം പ്രാതികൂല്യങ്ങളിൽ പുണ്യപുരോഗതിയും നിത്യവിശ്രാന്തിയുടെ വർദ്ധനവും നമുക്കുണ്ടാകും.

2. ദൈവശിക്ഷ ആത്മാവിനെ വിനയപ്പെടുത്തുകയും വിശുദ്ധീകരിക്കുകയും ചെയ്യുന്നു; നമ്മുടെ അഹങ്കാരത്തെ നശിപ്പിക്കുകയും വ്യർത്ഥാഭിമാനത്തെ ദൂരീകരിക്കുകയും ചെയ്യും.

ആത്മാവു് ശരീരത്തോടു ചേർന്നിരിക്കുകയും രണ്ടും പരസ്പരം സഹകരിക്കുകയും ചെയ്താൽ ക്രിസ്തുവിനെ സ്നേഹിക്കുന്നതിൽ വളരെ അഭിവൃദ്ധിപ്പെടും.

ദുഷ്കാലത്തും ക്ഷേമകാലത്തും നന്മ ചെയ്യുക എന്നതു് ശ്രേഷ്ഠജ്ഞാനത്തിൻെറയും ഉന്നത പുണ്യത്തിൻെറയും തെളിവാണു്.

എൻെറ ആത്മാവേ, എല്ലാക്കാലത്തും യഹോവയെ വാഴ്ത്തുക. സീയോനെ, രാവും പകലും കർത്താവിനു കീർത്തനങ്ങഠം ആലപിക്കുക. ഭൂമിയിലും സ്വർഗ്ഗത്തിലും ദൈവസന്നിധിയിൽ നിൻെറ പ്രതിഫലം വലുതായിരിക്കും. അഭിവൃദ്ധിയും വൃദ്ധിനാശവും നന്മയും തിന്മയും, സന്തോഷവും സന്താപവും എല്ലാം നിൻെറ ആദ്ധ്യാത്മികോപകാരാർത്ഥം ഭവിക്കട്ടെ. വി. അപ്പൊസ്തോലൻ പറയുന്നതുപോലെ: "ദൈവത്തെ സ്നേഹിക്കുന്നവ

www.malankaralibrary.com



ക്കു് സകലവും നന്മയ്ക്കായി ഭവിക്കുന്നു. ദൈവത്തെ ഭയപ്പെടുന്നവരായി അപ്രകാരമുള്ളവരെ വിശുദ്ധരെന്നു് സംബോധന ചെയ്യാം എന്നു നാമറിയുന്നുവല്ലോ.' (റോമ. 8. 28.) എല്ലാക്കാര്യങ്ങളിലും ദൈവഹിതം അനുവർത്തിക്കുന്നവർ അനുഗൃഹീതരാകുന്നു.

---

# അദ്ധ്യായം 4.

---

## ദൈവസ്നേഹിതന്മാർ.

"ചെറിയവരും വലിയവരുമായി ദൈവത്തിൻെറ സകല വിശുദ്ധന്മാരുമേ, അവനെ സ്നേഹിപ്പിൻ" (സങ്കി. 30: 24.)

ധനവാന്മാരും ദരിദ്രരുമേ, അവനെ സ്നേഹിക്കുക; വലിയവരും ചെറിയവരുമേ, അവനെ നിങ്ങൾ സ്നേഹിപ്പിൻ. എന്തെന്നാൽ, സമ്പന്നനേയും അഗതിയേയും ഉന്നതനേയും നിസ്സാരനേയും സൃഷ്ടിച്ചതു് അവനാകുന്നു.

സത്യത്തിൽ ദൈവത്തെ സ്നേഹിക്കുന്നവൻ വിശുദ്ധമായി തന്നെ സ്നേഹിക്കുന്നു; അതായതു് ദൈവത്തിനുവേണ്ടി അവൻ ദൈവത്തെ സ്നേഹിക്കുന്നു. ദൈവത്തോടുകൂടി ആനന്ദിക്കുന്നതിനല്ലാതെ മററൊന്നും അവൻ അഭിലഷിക്കുന്നുമില്ല. അത്തരം സ്നേഹം, താല്ക്കാലികഗുണങ്ങളേയൊ സൗകര്യങ്ങളേയോ ഒരുപക്ഷെ, ആന്തരികാശ്വാസത്തേയോ നിത്യവിശ്രാന്തിയെത്തന്നെയോ കാംക്ഷിക്കുന്നില്ല. പ്രത്യുത അചിന്ത്യവും അതുല്യവുമായ പരമനന്മയെമാത്രം പരിഗണിക്കുന്നു.

ഇക്കാരണത്താലാണു് ദൈവസ്തുതി പാടുവാൻ സങ്കീർത്തകൻ നമ്മെ ക്ഷണിക്കുന്നതു്. 'ദൈവം സർവ്വനന്മസ്വരൂപിയാകയാൽ അവനു മഹത്വം കൊടുപ്പിൻ' (സങ്കി. 105.) ദൈവത്തെ സ്നേഹിക്കുന്നവക്കു് ഇതു എത്ര മധുരമായ വചനം!! എന്നാൽ, അനുതാപവിവശനായ ദുഃഖിതൻെറ ആശ്വാസത്തിനുവേണ്ടി ഇപ്രകാരം പറയാം. "തൻെറ കരുണ തലമുറ തലമുറയോളംതന്നെ".

www.malankaralibrary.com


ദുർബലരും അസ്ഥിരരുമേ, ഈ വചനത്തിൻെറ മാധുര്യം രുചിക്കുവിൻ. നിങ്ങളുടെ പാപം എന്തുതന്നെയായിരുന്നാലും നിരാശരാകരുത്. "എന്തെന്നാൽ, അവൻെറ കൃപ കാലാകാലത്തോളം ഉണ്ടാകും."

നമ്മുടെ എളിമ എത്ര അഗാധവും നമ്മുടെ സ്നേഹം എത്ര ഉജ്ജ്വലവുമായിരിക്കുമോ അത്രയധികം നാം ദൈവത്തെ പ്രീതിപ്പെടുത്തുന്നവരാകും.

ഏററം നിസ്സാരജീവിയെപ്പോലും തന്നെപ്പോലെ കരുതുന്നവനും ദൈവഹിതത്തിനു എതിരായിട്ടുള്ള സകലത്തേയും പരിവർജ്ജിക്കുന്നവനും അനുഗൃഹീതനാകുന്നു.

സ്നേഹനിർഭരമായും ഉദ്ദേശശുദ്ധിയോടും എല്ലാം പ്രവൎത്തിക്കുന്നവനും അനുഗൃഹീതൻതന്നെ. ദൈവമഹത്വവും പ്രതാപവും ബഹുമാനവുമൊഴികെ അവനൊന്നും ആഗ്രഹമില്ല.

സ്വീകരിച്ചവയെല്ലാം മനസ്സോടെ ദൈവത്തിനു വിട്ടുകൊടുക്കുകയും സ്വയോഗ്യതകൊണ്ട് തനിക്കു യാതൊന്നും ലഭിച്ചിട്ടില്ലയെന്നു സമ്മതിക്കുകയും ചെയ്യുന്നവൻ ഉത്തമനാകുന്നു.

---

# അദ്ധ്യായം 5

## സൎവ്വനന്മക്കും കൃതജ്ഞത.

"എന്നോടുകൂടി കൎത്താവിനെ സ്തുതിക്കുക; നമുക്കൊരുമിച്ച് അവൻെറ നാമത്തിന് മഹത്വം കൊടുക്കാം" (സങ്കീ. 33. 4)

സ്വല്പനന്മയേക്കുറിച്ചുപോലും അത്യധിക കൃതജ്ഞത ദൈവത്തിനു നേരുന്നതു് ഉചിതമായ സ്തുതിയും, എല്ലാററിലും ഉയന്നിരിക്കുന്നവൻെറ നന്മാബാഹുല്യത്തെ ചേരുംവണ്ണം പ്രകീൎത്തിക്കുകയുമായിരിക്കും. എന്തെന്നാൽ, നിസ്സാരമോ നിന്ദ്യമോ ആയി അത്യുന്നതനായ ദൈവതൃക്കരങ്ങളിൽനിന്നു യാതൊന്നും വരുന്നില്ല.

www.malankaralibrary.com



സൂക്ഷ്മതയോടെ ദൈവതിരുഹിതത്തിനെതിരായവയെ നിരോധിക്കണമെന്നും അങ്ങിനെ ഹൃദ്യമായ കൃതജ്ഞതകൾ തെളിവു നൽകണമെന്നും നമ്മുടെ സ്നേഹം മറെറാന്നിൽ തല്പരമാകരുതെന്നുമല്ലാതെ മറെറാന്നും ദൈവം നമ്മോട് ആവശ്യപ്പെടുന്നില്ല.

2. സ്വയനിന്ദയും അഗാധമായ വിനയവുമുള്ളവൻ ദൈവമുമ്പിൽ ശ്രേഷ്ഠനാകുന്നു. ദൈവദാനങ്ങളിലും അനുഗ്രഹങ്ങളിലും പങ്കുകൊള്ളുവാൻ താനയോഗ്യനെന്നാണ് അവൻെറ വിചാരം. ദൈവത്തിൽനിന്ന് എന്തെങ്കിലും നന്മ സ്വീകരിച്ചാൽ അതു് മായാമോഹങ്ങളുടെ പൂർത്തീകരണത്തിനോ മനുഷ്യപ്രീതി സമ്പാദിക്കുന്നതിനോ അവൻ ഉപകരിക്കുന്നില്ല.

ജോബിനെപ്പോലെ ദുഃഖിതനും നിന്ദയാലും വേദനയാലും നിരസ്സിതനും, വസ്തുവകകൾ കവർച്ച ചെയ്യപ്പെട്ടവനും സ്നേഹിതന്മാരാൽ തിരസ്കൃതനും പിശാചിനാൽ പരീക്ഷിക്കപ്പെട്ടവനും ദുർഭാഷണത്താലും പ്രയാസങ്ങളാലും മൂടപ്പെട്ടവനുമായ ഒരുവൻ പ്രയാസങ്ങളിൽ ആനന്ദിക്കുകയും ദൈവത്തെ സ്തുതിക്കുകയും തൻെറ വി. നാമത്തെ പ്രകീർത്തിക്കുകയും _ തൻെറ ആത്മാവിനു വലിയ ലാഭം തൻമൂലമുണ്ടായി എന്നു കരുതുകയും തിന്മകളും ദുരിതങ്ങളും ഭാരമായി തോന്നുമ്പോൾ ദൈവസ്നേഹത്തെപ്രതി അവയെല്ലാം പിറുപിറുപ്പുകൂടാതെ സഹിക്കുകയും ചെയ്യുന്നെങ്കിൽ ശ്രേഷ്ഠരിൽ ശ്രേഷ്ഠനാകുന്നു.

3. ജോബിനെപ്പോലെ, 'തന്നെ അടിച്ച കരം ആരുടേതെന്നു ഗ്രഹിക്കുന്ന'വനും അതിനു സ്വയം അർപ്പിച്ചു ശിക്ഷയുടെ വടിക്ക് കീഴ്‌വഴങ്ങുന്നവനും ദൈവകൃപയിൽ പൂർണ്ണമായി ആശ്രയിക്കുന്നവനും തൻെറ തിരുഹിതത്തിനു പക്ഷം കൂടാതെ ശിരസ്സു നമിക്കുന്നവനും അനുഗൃഹീതനാകുന്നു.

എല്ലാററിനും മുമ്പായും എല്ലാററിനും മേലായും ദൈവഹിതം അന്വേഷിക്കുന്നവനും, മനുഷ്യരുടെ മുമ്പാകെ നിസ്സാരനായി ഗണിക്കപ്പെടുന്നതിൽ സന്തോഷിക്കുന്നവനും അപമാനത്തിൻെറയും അപവാദത്തിൻേറയും മദ്ധ്യേ ആനന്ദിക്കുന്നവനും താല്ക്കാലിക നഷ്ടങ്ങൾ സ്വാത്മത്തിന് നന്മ വരുത്തുന്ന സേവകരെന്നു കരുതുകയും ചെയ്യുന്നവനും ഉത്തമനാകുന്നു.

www.malankaralibrary.com

# അദ്ധ്യായം 6

## ആത്മാവു് കുരിശുമായി സംയോജിക്കുന്നു.

"ഞെരുക്കകാലത്തു് ഞാനവനോടുകൂടെയുണ്ടായിരിക്കും." (സങ്കി. 90: 15.)

ആത്മാവു്: നാഥാ, ഞാനീ ശ്രവിക്കുന്നതിന്റെ സാരമെന്തു്? നിന്റെ ഭൃത്യനു് അവ മനസ്സിലാക്കിക്കൊടുക്കേണമേ. ഈ വചനമുൾക്കൊള്ളുന്ന ആശ്വാസം എനിക്കു വെളിവാക്കുക.

നാഥൻ: എന്റെ മകനേ എന്നെ ശ്രവിക്കുക. നിന്റെ ഹൃദയം ദുഃഖനിമഗ്നമാകുമ്പോൾ നീ ഈശോയോടൊരുമിച്ചു് ക്രൂശിൽ ബന്ധിതനോ?

ആശ്വാസവും ശുഷ്ക്കാന്തിയും ലഭിക്കുമ്പോൾ വി. ഗീതങ്ങൾ ആലപിച്ചുകൊണ്ടു് ആനന്ദം പ്രകടിപ്പിക്കുവാൻ നിർബന്ധിതനാകുന്നുണ്ടോ? ഈശോയോടൊരുമിച്ചു് ആത്മികനവീകരണത്തിൽ നീയും ഉയർത്തപ്പെടുന്നുവോ? നീ മരിച്ചവരിൽ നിന്നുയിർക്കുകയും ആഹ്ളാദത്തിന്റെ ഹല്ലേലൂയ്യാ പാടുകയും ചെയ്യുക.

മുട്ടുകൾ മടക്കി നെടുവീർപ്പിനാലും കണ്ണീരിനാലും പാപത്തിനു മോചനം നീ യാചിക്കുമ്പോൾ സ്വർഗ്ഗകവാടം നീ ശക്തിയായി മുട്ടിത്തുറക്കുകയായിരിക്കും.

ലൗകികമോഹങ്ങളെ നീ പരിത്യജിക്കുമ്പോൾ, നിത്യനന്മകളെക്കുറിച്ചു് നിഷ്ഠയോടെ ധ്യാനിക്കുമ്പോൾ ഈശോയോടൊരുമിച്ചു് നീ സ്വർഗ്ഗത്തിൽ എത്തും. അവിടെ വാനദൂതരോടുകൂടെ വസിക്കാം.

ആകയാൽ ശാന്തനും വിനീതനുമായിരിക്കുക, ബലഹീനതകളെ വെടിയുക, വന്നുചേരുന്നവ ബഹുമാനസമേതം സ്വീകരിക്കുക; ഈശോയെക്കുറിച്ചു് ക്ഷമാപൂർവ്വം നിന്റെ കുരിശു വഹിക്കുക; നിന്റെ നിത്യരക്ഷയെപ്രതി ദിനംതോറും കുരിശിക്കപ്പെടുക; ശാരീരിക പീഡകൾ ക്ഷമാപൂർവ്വം സഹിക്കുന്നതു് തിന്മകൾക്കു് ഒരു മറുമരുന്നും പാപങ്ങൾക്കു് പരിഹാരവും വരുവാനുള്ള അനുഗ്രഹങ്ങളുടേയും മഹത്വത്തിന്റേയും പ്രതീക്ഷയുമാകുന്നു. ആമ്മേൻ.

www.malankaralibrary.com

# അദ്ധ്യായം 7

## പരിശുദ്ധൻ ദൈവത്തോടുകൂടേ വ്യാപരിക്കുന്നു.

"പ്രകാശത്തിൽ വ്യാപരിക്കുവിൻ" (യോഹ. 12: 35.)

1. ദിവ്യപ്രകാശത്തിൽ നടക്കുന്നവൻ ഈ ലോകകാര്യങ്ങളെ ആഗ്രഹിക്കുന്നില്ല. അവൻ തൻെറ ഹൃദയവികാരങ്ങളെ സ്വർഗ്ഗസ്ഥനായ ദൈവത്തിൽ കേന്ദ്രീകരിക്കുന്നു. എന്തെന്നാൽ, സർവ്വ നന്മയുടേയും പൂർണ്ണത അടങ്ങിയിരിക്കുന്ന നമ്മുടെ കർത്താവീശോമിശിഹായാകുന്നു സത്യവിശ്വാസിയുടെ മറഞ്ഞിരിക്കുന്ന നിക്ഷേപം.

ഒരുവൻ എത്രതന്നെ ധനവാനായിക്കൊള്ളട്ടെ, ദൈവം അവൻെറ സ്നേഹിതനല്ലെങ്കിൽ അവൻ ദുർഭഗനും ഒന്നും തികയാത്തവനുമായിരിക്കും.

ദൈവം സ്നേഹിതനായിരിക്കണമെന്നു വിചാരിക്കുന്നവൻ തന്നെ സ്നേഹിക്കുകയും തൻെറ കല്പനകൾ കാത്തുകൊള്ളുകയും ചെയ്യട്ടെ.

2. അനാവശ്യ ഭാഷണത്തെ വെറുക്കുമ്പോൾ നീ ദൈവകല്പനകളെ കാക്കുകയാണ്, നിൻെറ പ്രതാപം ലക്ഷ്യമാക്കാതെ, എല്ലാ മഹത്വവും നീ ചെയ്യേക്കാവുന്നതും മററുള്ളവരിൽ നിനക്കു ദൃശ്യമാകാവുന്നതുമായ സകല നന്മയും ദൈവത്തിൻെറ പരിശുദ്ധവും പരിപൂർണ്ണവുമായ ബഹുമാനത്തിനു നീ കാഴ്ചയർപ്പിക്കുകയായിരിക്കും, സുകൃതമാതൃക മററുള്ളവർക്ക് ഉപദേശിക്കാതെ നീ തന്നെ ചെയ്തുകാണിക്കുകയാണെങ്കിൽ.

സ്വയം സംതൃപ്തൻ ഭോഷനെ പ്രീതിപ്പെടുത്തുകയും ദൈവത്തിന് അപ്രിയം വരുത്തുകയും ചെയ്യുന്നു.

അങ്ങനെ നീ പറയുകയോ പ്രവർത്തിക്കുകയോ ചെയ്യുന്ന സകലവും ദൈവമഹത്വം വർദ്ധിപ്പിക്കുന്നതാകട്ടെ, അങ്ങനെ ഉപരിവർദ്ധമാനമായ നന്മകൾ കൈവരികയും ചെയ്യും.

മറിച്ച് പുഴക്കൾക്ക് ആഹാരമായിത്തീരേണ്ട നീ എന്തിനു തല്ക്കാലഗുണങ്ങളിൽ പ്രശംസിതനാകുന്നു.

യുവാവേ, പകുതവന്ന വൃദ്ധൻെറ വാക്കുകൾ ശ്രദ്ധിക്കുക.

www.malankaralibrary.com



അലസതയിലേക്ക നിന്നെ ആകർഷിക്കുന്ന സകലവും പരിത്യജിക്കുക, എല്ലാററിനും മുമ്പായി ദൈവത്തെ അന്വേഷിക്കുകയും ആത്മാർത്ഥമായി തന്നെ സ്നേഹിക്കുകയും ചെയ്യുന്നതിനു നീ നിന്റെ ഹൃദയത്തിലേക്കു കടന്നു ചെല്ലുക; അവിടെ നീ സമാധാനം കണ്ടെത്തും.

# അദ്ധ്യായം 8.

## ഹൃദയസമാധാനം

"അവൻ സമാധാനത്തിൽനിവസിക്കുന്നു". (സങ്കീ. 75: 3.)

ആത്മാവ്: നാഥാ, സത്യസമാധാനത്തിൽ നിവസിക്കുന്നവൻ ആരാകുന്നു?

നാഥൻ: ശാന്തനും ഹൃദയത്തിൽ വിനീതനുമായവൻ, മററുള്ളവരുടെ ആത്മാവിന്റെ സ്ഥിതി നീയന്വേഷിക്കുന്നതെന്തിനു്, നിന്റെ ഹൃദയവിചാരങ്ങൾ ഏവയെന്നു് നീ ശ്രദ്ധിക്കാതിരിക്കുമ്പോൾ?

എന്നെ ശ്രവിക്കുക. അത്യുദാരമായ സമാധാനം അനുഭവിക്കുന്നവൻ ആരെന്നോ? അഗാധമായ എളിമയുള്ളവനും ദൈവത്തിനുവേണ്ടി സകലവും സന്തോഷത്തോടെ സഹിക്കുവാൻ താല്പര്യമുള്ളവനും ആകുന്നു. ഉത്കൃഷ്ടസമാധാനത്തിന്റെ അനുഭോക്താവ്.

അപ്രകാരമുള്ളവനു്, ദൈവം ഹൃദയത്തിൽ നിവസിക്കുകയാൽ യാതൊരുവനും ഭാരമായി തോന്നുന്നില്ല.

പ്രാർത്ഥനമൂലം ധ്യാനം, ഗാനം, പാരായണം, കടന്നുപോകുന്ന ലോകമായകളെക്കുറിച്ച്‌ മൗനം ഇവ മൂലവും ദൈവവുമായി സംസാരിക്കുന്നവൻ അനുഗൃഹീതൻ.

നീ എവിടെയൊക്കെ ആയിരിക്കുമോ എവിടെയെല്ലാം പോകുമോ എങ്ങോട്ടെല്ലാം സഞ്ചരിക്കുമോ അവിടെയെല്ലാം നിന്റെ വിചാരം നിന്നെ പിൻതുടരും. എന്നാൽ ദുർവികാരം

www.malankaralibrary.com



ദുഃഖഹേതുകമാവും, നന്മയെക്കുറിച്ചു് ധ്യാനിക്കുന്നതു് ആത്മാവിനു് ആനന്ദപ്രദവുമാകുന്നു.

കോപം കലക്കം ഉണ്ടാക്കുന്നു, അസൂയ ആത്മാവിനെ അന്ധമാക്കുന്നു, വെറുപ്പോ അതിനെ വധിക്കുന്നു.

സദ്ഗ്രന്ഥപാരായണം നല്ല കാര്യങ്ങൾ ഗ്രഹിപ്പിക്കുന്നു, പ്രാർത്ഥന ആത്മാവിനു് ചൂടു പിടിപ്പിക്കുകയും ചെയ്യുന്നു; സദ്കർമ്മമാകട്ടെ നിയമത്തെ പൂർത്തിയാക്കുന്നു.

2. നർമ്മഭാഷണം ഹൃദയത്തെ പവിത്രമാക്കുന്നു. ദുർഭാഷണമോ ഹൃദയത്തെ അശുദ്ധിയാക്കും. വ്യർത്ഥഭാഷണം ഉപദ്രവമുണ്ടാക്കും, കൈപ്പു നിറഞ്ഞ വാക്കു് ദുഃഖം വരുത്തും, കാരുണ്യവചനം പരിഭ്രാന്തനെ ആശ്വസിപ്പിക്കും. സുകൃതത്തെക്കുറിച്ചു് സംസാരിക്കുന്നതു് ശ്രേഷ്ഠമാകുന്നു. താത്വികപ്രതിപാദനം വിശ്വാസത്തെ ബലപ്പെടുത്തും. ദിവ്യസൂക്തങ്ങളോ ഹൃദയത്തെ സ്വർഗ്ഗോൻമുഖമാക്കും.

സർവ്വ തിന്മയിൽനിന്നും നിന്റെ ഹൃദയത്തെ നിർമ്മലമാക്കുക; എന്നാൽ, നിനക്കു സമാധാനത്തിൽ ആനന്ദിക്കാം.

ദൈവത്തിൽനിന്നല്ലാതെ യാതൊരു സമാധാനവും വരുന്നില്ല. സുകൃതികൾക്കു താൻ സമാധാനമാകുന്നു. ദൈവത്തിനായി എല്ലാം ചെയ്യുന്നവനാരോ അവനെ ദൈവം സ്നേഹിക്കുന്നു.

മൗനിയായിരിക്കുക, ദൈവനാമത്തെപ്രതി സഹിക്കുക, താൻ നിന്നെ സകല ഭാരങ്ങളിൽനിന്നുമകററുകയും അസമാധാനത്തിൽനിന്നു കാത്തുകൊള്ളുകയും ചെയ്യും.

പരിശുദ്ധ ജീവിതവും നിർമ്മലമനസ്സാക്ഷിയും ഞെരുക്കത്തിലും മരണത്തിൽപോലും ദൈവാശ്രയത്തെ നമ്മിൽ ജനിപ്പിക്കും; എന്നാൽ, ദുഷ്ടമനസ്സാക്ഷി എപ്പോഴും ഭയംകൊണ്ടു നിറഞ്ഞിരിക്കുകയും പശ്ചാത്താപഭാരത്താൽ പീഡിതമാകയും ചെയ്യും.

കോപിഷ്ഠൻ ഒരു തിന്മയിൽനിന്നു് തദ്വപരീയായ മറെറാരു ദുഷ്ടതയിലേക്കു ക്ഷണേന നിപതിക്കും; വിനീതനും ക്ഷമാശീലനുമേ, തന്റെ ശത്രുവിനേക്കൂടി സ്നേഹിതനാക്കും, ദൈവം അവനു് അനുകൂലമായിരിക്കും. എന്തെന്നാൽ, അവനു ദോഷം ചെയ്ത ശത്രുവിനേയും അവൻ സ്നേഹിച്ചു.

www.malankaralibrary.com

# അദ്ധ്യായം 9

## ദൈവമുമ്പാകെ സ്വയം പരിശോധിക്കുക

"എന്നോടുകൂടി ചേർക്കാത്തവൻ ചിതറിക്കപ്പെടും." (മത്താ. 12: 30)

ദുഷ്ടന്റെ ബഹുമുഖങ്ങളായ പ്രലോഭനങ്ങൾ നിന്നെ അലട്ടുമ്പോൾ, നിന്റെ ഹൃദയം കയ്പു നിറഞ്ഞ കാസാ പാനം ചെയ്യുമ്പോൾ, നിന്റെ സഹവാസിയിൽനിന്നും ഞെരുക്കവും വേദനയും നേരിടുമ്പോൾ, ഭക്തിമാന്ദ്യത്തിലോ വലിയ പതർച്ചയിലോ നീ വീണുപോകുമ്പോൾ ഒരു ഏകാന്തസ്ഥാനത്തേക്കു മാറിപ്പോകുക. അവിടെ പരിശുദ്ധ കുരിശിന്റെ സന്നിധിയിൽ സാഷ്ടാംഗം പ്രണമിക്കുക. അഥവാ വി. മാതാവിന്റെ രൂപത്തിൻമുമ്പിലോ ആസ്തിക്യപ്രബോധത്തെ ആവിഷ്കരിക്കുന്ന വല്ല പടങ്ങളുടെ മുമ്പിലോ, ഏതെങ്കിലും വിശുദ്ധന്മാരുടെ രൂപത്തിന്റെ മുമ്പിലോ ആയിക്കൊള്ളട്ടെ, അവിടെയിരുന്നുകൊണ്ടു സ്വയം പരിശോധിക്കുക. കർതൃപ്രാർത്ഥന ഉരുവിട്ടോ മുഖ്യദൂതന്റെ അഭിവാദ്യം ചൊല്ലിക്കൊണ്ടോ സ്മരണയുടെ ചുരുൾ നിവിർത്തു വായിക്കുക.

ഈശോയോടും മാതാവിനോടും പ്രത്യേകമായി അപേക്ഷിക്കുക. നഷ്ടപ്പെട്ട ആശ്വാസം പുനർലബ്ധമാകുവാൻ സ്വർഗ്ഗദൂതന്മാരോടും ആകാശത്തിലെ അസംഖ്യ സേനകളോടും അഭ്യർത്ഥിക്കണം. ദാവീദിനോടുകൂടി ഇപ്രകാരം പറയുക: "കർത്താവേ, എന്റെ ആഗ്രഹങ്ങളെല്ലാം അങ്ങേ തിരുമുമ്പിൽ. എന്റെ നെടുവീർപ്പുകൾ നിനക്കു മറവായിരിക്കുന്നതുമില്ല." (സങ്കീ. 37: 10)

"കർത്താവേ, എന്റെ യൗവനകാലംമുതൽ ഞാൻ നിന്നിൽ ആശ്രയിച്ചു. എന്റെ ഞെരുക്കത്തിൽ ഞാൻ നിന്റെ പക്കലേക്കു ഓടുത്തു വരുന്നു."

2. നിന്റെ പ്രാർത്ഥന ഇപ്രകാരമായിരിക്കട്ടെ. കർത്താവേ, നിന്റെ കല്പനകളെ കാക്കുവാൻ എന്നെ പഠിപ്പിക്കേണമെ. അങ്ങേ പ്രീതിപ്പെടുത്തുവാൻവേണ്ടി എന്റെ അഭിലാഷങ്ങളെ ഉ

www.malankaralibrary.com



പേക്ഷിപ്പാനും അങ്ങയുടെ തിരുഹിതത്തെ നിറവേററുവാനും സംഗതിയാക്കേണമെ. എന്റെ ആത്മരക്ഷയെ അങ്ങു സുരക്ഷിതമാക്കേണമെ.

നാഥാ, അങ്ങേക്കു ഹിതമല്ലാത്തവ ചെയ്യുവാനോ ആഗ്രഹിക്കുവാനോ എനിക്കിടയാകരുതേ. എന്റെ അയൽക്കാരനെ ദ്രോഹിക്കുവാനോ അങ്ങേ കല്പനയെ മറന്നു പ്രവൎത്തിപ്പാനോ അങ്ങേ വിശുദ്ധന്മാരുടെ മാതൃകയെ നിഷേധിപ്പാനോ സംഗതിയാകരുതേ.

കൎത്താവേ, ഞാൻ തെററു ചെയ്യുന്നെങ്കിൽ നിന്റെ കാരുണ്യത്താൽ എന്നെ തിരുത്തുക. നിന്റെ കോപത്തിൽ എന്നെ നശിപ്പിക്കരുതേ. നീ എന്റെ ദൈവവും ഞാൻ നിന്റെ ദാസനുമാകുന്നു. സാധുവും ബലഹീനനും നിന്റെ കൃപയും കരുണയും ആവശ്യമുള്ളവനുമാകുന്നു. നിന്റെ നാമം തലമുറ തലമുറയോളം വാഴ്ത്തപ്പെട്ടതാകട്ടെ. ആമ്മേൻ.

---

# അദ്ധ്യായം 10

## പ്രലോഭനങ്ങൾക്കെതിരായ പ്രാൎത്ഥനയും ജാഗരണവും

(ജഡത്തിന്റേയൊ, ആത്മാവിന്റേയൊ, ലോകത്തിന്റേയൊ, പിശാചിന്റേയൊ) "പ്രലോഭനങ്ങളിൽ ഉൾപ്പെടാതിരിപ്പാൻ ഉണൎന്നും പ്രാൎത്ഥിച്ചുമിരിപ്പിൻ" മൎക്കോ. 14: 38.

ജഡം മോഹങ്ങളിലേക്കും ആത്മാവു് അഹങ്കാരത്തിലേക്കും ലോകം വ്യൎത്ഥതയിലേക്കും പിശാചു് അസൂയയിലേക്കും നമ്മെ നയിക്കുന്നു.

ക്രിസ്തു നമ്മോടരുളിയിട്ടുണ്ടു്, സ്വൎഗ്ഗം അവകാശമാക്കുന്നതിനും നരകയാതന നിരോധിക്കുന്നതിനും നാം വിരക്തിയും എളിമയും സ്നേഹവും ലോകനിരസനവും സമ്പാദിച്ചിരിക്കണമെന്നു്.

സുചിന്ത്യമായ ഈ അന്ത്യത്തിനു നാം ഉണൎവ്വോടെ പ്രാൎത്ഥിക്കണം. സ്ഥലകാലഭേദം കൂടാതെ പ്രലോഭനങ്ങളിൽനിന്നു

www.malankaralibrary.com



വിരമിക്കുകയൊ വിശ്രമിക്കുകയൊ ചെയ്യാതെ ദുഷ്ടശത്രു നമ്മെ വലയം ചെയ്യുന്നതുമൂലം ഒരു ഭാഗത്തും നാം സുരക്ഷിതരല്ല. "ആരേ വിഴുങ്ങേണ്ടു എന്നന്വേഷിച്ച് ഓടിനടക്കുകയാകുന്നു സാത്താൻ." (1. പത്രോ. 5: 8.) ആരേയാകുന്നു ദുരിതത്തിലും നിരാശയിലും തള്ളിയിടേണ്ടതു്, ആരേയാകുന്നു പ്രാർത്ഥനയിൽനിന്നും ആദ്ധ്യാത്മികാഭ്യാസങ്ങളിൽനിന്നും പിൻതിരിക്കേണ്ടതു് എന്നാവൻ അന്വേഷിച്ചു നടക്കുന്നു.

2. മനുഷ്യന്റെ ബലഹീനതയും ശത്രുവിന്റെ സാമർത്ഥ്യവും പിശാചിന്റെ തിന്മയും പ്രാർത്ഥനയുടെ പ്രാബല്യവും അറിയാവുന്നതുകൊണ്ടാകുന്നു നമ്മുടെ കർത്താവീശോമിശിഹാ, നമ്മിലുള്ള തിന്മകളാകുന്ന നമ്മുടെ ശത്രുക്കളെ നിശ്ശേഷം പരാജിതരാക്കുവാൻ നാമാഗ്രഹിക്കുന്നെങ്കിൽ, ഉണൎന്നിരുന്നു പ്രാർത്ഥിക്കണമെന്നു ശക്തിപൂർവ്വം തന്റെ ശിഷ്യസംഘത്തേയും സകല വിശ്വാസികളേയും ഉത്ബോധിപ്പിക്കുന്നതു്.

പിശാചിന്റെ പരീക്ഷണങ്ങളിൽ അകപ്പെടാതിരിപ്പാനും അവന്റെ ആലോചന ശ്രദ്ധിക്കാതിരിപ്പാനും ജാഗരണപൂർവ്വം പ്രാർത്ഥിക്കുക.

മുഴുവൻ സങ്കീർത്തനവും ആലപിപ്പാൻ നീ പ്രാപ്തനല്ലെങ്കിൽ ഒന്നുമാത്രം ചൊല്ലുക ഒരു വാക്യം, ഈശോയുടെ സ്തുതിക്കായിട്ടോ തന്റെ അമലജനനിയുടേയോ വിശുദ്ധരിൽ ആരുടെയെങ്കിലുമോ സ്തുതിക്കായി ഒരു ഗീതമോ ആലപിക്കുക. അങ്ങിനെ നിന്റെ ഹൃദയം ദൈവത്തിങ്കലേക്കുയരട്ടെ. നിന്റെ നെടുവീർപ്പുകൊണ്ടോ, നിന്റെ അധരമുതിരുവിടുന്ന വാക്യശകലങ്ങൾകൊണ്ടോ, ആയാലും വേണ്ടില്ല.

എളിമയോടെ തന്നെ വിളിച്ചപേക്ഷിക്കുന്നവൎക്കു ദൈവം സമീപസ്ഥനാകുന്നു. "വിനയസമേതം പ്രാർത്ഥിക്കുന്നവന്റെ യാചന മേഘങ്ങളെ തുളച്ചു ചെല്ലുന്നു." (എക്ലേ. 35: 21.) ദൈവശരണത്തിൽ ഉറച്ചിരിക്കുക, പിശാചിന്റെ പരിപാടികളേയും പ്രയത്നങ്ങളേയും ഭീഷണികളേയും മായാമോഹങ്ങളേയും നീ തട്ടിനീക്കും.

3. മററുള്ളവരുടെ സാന്നിദ്ധ്യം പ്രാർത്ഥനയിൽനിന്നും നിന്നെയകററുന്നുവെങ്കിൽ ക്രിസ്തുവിന്റെ ഉപദേശാനുസരണം "കതകുകൾ ബന്ധിച്ചു നിന്റെ മുറിയിൽ കയറി രഹസ്യത്തിലു

www.malankaralibrary.com



ള്ള നിൻെറ പിതാവിനോടു പ്രാർത്ഥിക്കുക. (വി. മത്താ. 6: 6.) നിൻെറ ആവശ്യങ്ങൾ ഏവയെന്നും നിൻെറ ഹൃദയാഭിലാഷങ്ങളും വിചാരഗതികളും എന്തെന്നും താനറിയുന്നു.

പ്രാർത്ഥനയിൽ നീ തന്നോടപേക്ഷിക്കുന്ന അവസരങ്ങളിലെല്ലാം ഇങ്ങനെതന്നെ പറയുക: "പിതാവേ, എൻെറ ഇഷ്ടമല്ല, അങ്ങേ തിരുഹിതം നിറവേറട്ടെ. അങ്ങേ മഹത്വത്തിനുചിതമായതും എൻെറ ആത്മാവിനു നന്മയുമായവ എനിക്കു നൽകുക."

സഹോദരന്മാരൊരുമിച്ച് നീ ഗായകസംഘത്തിൽ ആയിരിക്കുമ്പോൾ, ദൈവതിരുസിംഹാസനത്തിൻ മുമ്പാകെ സ്തോത്രഗീതമാലപിക്കുന്ന ദൂതന്മാരെപ്പോലെ, ധ്യാനപൂർവ്വം പാടുകയും വായിക്കുകയും ചെയ്യണം.

ഹൃദയത്തെ സ്പർശിക്കത്തക്കവണ്ണം അനുതാപത്തോടെ പാടുക; അപ്പോൾ ദൈവത്തിനു പ്രിയമാകാത്തക്കവിധം മനുഷ്യരെ പ്രീതിപ്പെടുത്താം. കാരണം, ശബ്ദമാധുരിയേക്കാൾ, ദൈവം ഹൃദയത്തിൻെറ നിലയേയത്രേ കാണുന്നതു്. ആത്മപ്രശംസയാൽ ദൈവത്തെ കോപിപ്പിക്കുകയും എളിമയോടെ പ്രാർത്ഥിക്കുന്നതിനാൽ തന്നെ നാം പ്രീതിപ്പെടുത്തുകയും ചെയ്യുന്നു. ദുഃഖവിവശമായ ഹൃദയത്തിലേ നെടുവീർപ്പുകൾ ദൈവത്തിൻെറ പക്കൽ നിന്നും വരപ്രസാദത്തെ കൊണ്ടുവരുന്നു. സുകൃതത്തിനു മാററുകൂട്ടുന്നു. വ്യഗ്രചിത്തൻെറ ഗാനം ഭക്തിയെ നശിപ്പിക്കുന്നു. അപ്രകാരമുള്ള സകല തെററുകൾക്കും അശ്രദ്ധക്കും ദൈവതിരുമുമ്പിൽ നാം കണക്കു ബോധിപ്പിക്കേണ്ടിവരും.

ദൈവകരുണ അപ്രകാരമുള്ള സകല കുററങ്ങളിൽനിന്നും നമ്മേ പരിരക്ഷിക്കുകയും സ്വർഗ്ഗരാജ്യത്തിലേക്കു നയിക്കുകയും ചെയ്യട്ടെ. ആമ്മേൻ.

www.malankaralibrary.com

# അദ്ധ്യായം 11

## ദുരഭിമാനവും ജഡികതിന്മകളും ദൂരീകരിക്കുവാൻ നിത്യശിക്ഷയേക്കുറിച്ച് ഭീതി.

"അങ്ങേക്കുറിച്ചുള്ള ഭയംകൊണ്ട് എന്റെ ശരീരത്തെ പിളർക്കേണമെ." (സങ്കീ. 118: 120) ഈ പ്രാർത്ഥന ജഡത്തിന്റെ പൈശാചികാഭിനിവേശങ്ങളെ തടയുന്നതിനു പററിയതാകുന്നു. നമ്മുടെ അഹങ്കാരത്തെ സമർത്ഥമായി ഇല്ലായ്മ ചെയ്യുകയും ചെയ്യും. ഈ രണ്ടു ശത്രുക്കളും മനുഷ്യനെതിരായി സമരം ചെയ്യുകയും ദിനംതോറും അവനെ സങ്കടത്തിലാഴ്ത്തുകയും ചെയ്യുന്നു. ചിലപ്പോൾ ജഡം അതിന്റെ ക്രമരഹിതമായ ആശാപാശങ്ങൾമൂലം ഉഗ്രമായി പീഡിപ്പിക്കുന്നു. ചിലപ്പോൾ നാം മനുഷ്യപ്രീതിയെ അന്വേഷിക്കുകയും സകല നന്മപ്രവർത്തികളും നിരർത്ഥകമായ സംതൃപ്തിക്കുവേണ്ടി കാഴ്ചയണയ്ക്കുകയും ചെയ്യുന്നു.

ഇവ രണ്ടും വലിയ തിന്മയാകുന്നു. ഉഭയകക്ഷികളും ഭയങ്കരരായ അനർത്ഥകാരികളുമായിരിക്കും.

ദുർഭഗവും നശ്വരവുമായ ദേഹം തിന്മയ്ക്കു നിന്നെ പ്രേരിപ്പിക്കുമ്പോൾ, കെടാത്ത അഗ്നിയുടെ ഭയങ്കരതയെ സ്മരിക്കുക. കാമാഗ്നിയെ നരകാഗ്നി കെടുത്തിക്കളയട്ടെ. എന്തെന്നാൽ, അശക്തമായവ ശക്തമായവയിൽ ലയിച്ചുപോകുമെന്ന ചൊല്ല് സാർത്ഥകമാകുന്നു. ആത്മാവോ അഗ്നിയിൽക്കൂടിയെന്നവണ്ണം രക്ഷപ്പെടും. (1 കൊ. 3: 15.)

ശാരീരികാനന്ദങ്ങളെല്ലാം ക്ഷണികങ്ങളാകുന്നു. ശരീരസൗന്ദര്യം, പ്രതാപം, ബഹുമാന്യത, ഈലോകസൗഭാഗ്യങ്ങൾ, എല്ലാം മായയും വഞ്ചനയുമാകുന്നു.

ശക്തിയായ തലവേദന ആവലാതിയും നെടുവീർപ്പുമുണ്ടാക്കുന്നു. തൻമൂലം ചിന്തിക്കുവാൻ അശക്തനും വ്യഗ്രചിത്തനുമാകുന്നെങ്കിൽ, മരണത്തേക്കുറിച്ചുള്ള ഭയവും നരകശിക്ഷയേക്കുറിച്ചുള്ള ഭീതിയും പ്രലോഭനങ്ങളെ ജയിക്കുന്നതിനും തിന്മയി

www.malankaralibrary.com



ലേക്കുള്ള അഭിനിവേശത്തെ നേരിടുന്നതിനു് ഒരു പാപിയെ സഹായിക്കും.

2. ഭയരഹിതൻ ക്ഷണേന തിന്മയിൽ നിപതിക്കും. ദൈവത്തിൻേറയും, തൻെറ വിശുദ്ധന്മാരുടേയും സന്നിധിയിൽ വിനീതനാകാത്തവൻ വിധിദിവസം പിശാചിനാൽ നിന്ദിതനും എന്നേയ്ക്കും അവരാൽ പീഡിതനുമായി ഭവിക്കും.

മനുഷ്യർക്കെന്നപോലെ ദൈവദൂതന്മാക്കും സകല സൃഷ്ടികൾക്കും സ്വീകാര്യമായതും മാററംകൂടാത്തതുമായ സമയവിധിയെ ശ്രദ്ധിക്കുക. "ദൈവം നിഗളികളെ നിരസ്സിക്കുകയും എളിമയുള്ളവക്കു് വരപ്രസാദം നൽകുകയും ചെയ്യുന്നു: (യാക്കോ. 4: 6)

എന്നാൽ, ദൈവകാരുണ്യം തൻെറ വിശുദ്ധരിലും തിരഞ്ഞെടുക്കപ്പെട്ടവരിലും തലമുറ തലമുറയോളോമുണ്ടായിരിക്കും.

അഹങ്കാരികളേ, വിറയ്ക്കുവിൻ. നിങ്ങളുടെ എല്ലാ പ്രവൃത്തികളേയും ദൈവം വിധിക്കും. താത്ക്കാലിക കീർത്തിയാകുന്നമായയിൽ പ്രശംസിക്കാതിരിപ്പിൻ.

നിങ്ങൾക്ക ചെയ്യേണ്ടതും ചെയ്യാവുന്നതും ചെയ്തുകഴിഞ്ഞാൽ ആയിരത്തിലൊന്നുപോലും പാടില്ലാത്തതായി വളരെയധികം അവശേഷിക്കുന്നു.

ദൈവകോപത്തിൻെറ ദണ്ഡിനെ ഭയപ്പെടുവിൻ, വരാനുള്ള വിധിയേക്കുറിച്ചു് പേടിച്ചു വിറയ്ക്കുവിൻ.

സകല സുകൃതങ്ങളും സമ്മാനാർഹങ്ങളാകുന്നു; സകല ദുഷ്കൃതങ്ങളും ശിക്ഷാർഹങ്ങളുമായിരിക്കും.

നിൻെറ വസതി അഗ്നിക്കിരയാകുമെങ്കിൽ നീ ഭീതനാകില്ലേ? ആ സമയം നീ എഴുന്നേററു് ഓടിപ്പോകില്ലേ? ഭയത്താൽ നിൻെറ ആത്മാവിൽ അപ്രകാരമൊരവസ്ഥ സംജാതമാകണം. ഒരിക്കലുമവസാനിക്കാത്ത വേദനയെക്കുറിച്ചുള്ള ഒരു ഭീതി നിന്നിലുണ്ടാകട്ടെ. നരകശിക്ഷയെക്കുറിച്ചു് സജീവവും ഭയജനകവുമായ വിചാരമുള്ള ഒരുവൻ തൻമൂലം മാന്ദ്യമുപേക്ഷിക്കുകയും അവൻെറ ഭക്തിയെ പ്രോജ്ജ്വലിപ്പിക്കുകയും ചെയ്യും.

www.malankaralibrary.com

# അദ്ധ്യായം 12

## ദുർവികാരങ്ങളെ ശമിപ്പിക്കാൻ കർത്താവിൻെറ പീഡാനുഭവത്തെ സ്മരിക്കുക.

"കരയുന്നവർ ഭാഗ്യശാലികൾ; കാരണം, അവർ ആശ്വാസം പ്രാപിക്കും" (മത്തേ. 5, 3.)

ആരാണ് അവരെ ആശ്വസിപ്പിക്കുന്നത്? നിശ്ചയമായും ക്രിസ്തുതന്നെ. ഹൃദയത്തിൻെറ ഉള്ളറകളിൽ; ലോകത്താലല്ല; സ്ഥായിയായ ആശ്വാസം നൽകാൻ അതിനു കഴിവില്ലല്ലോ.

വ്യർത്ഥവും അലസവുമായ ഭാഷണവും പൊട്ടിച്ചിരിയും കർത്താവിൻെറ അതിദുഃഖകരമായ പീഡാനുഭവത്തോടു സമീപിക്കുന്നില്ല.

കർത്താവിൻെറ ശിരസ്സിൽ വെച്ച ക്രൂരമായ മുടിയുടെ മുള്ളുകളിലൊന്നുകൊണ്ട് എൻെറ ദേഹത്തെവിടെയെങ്കിലും ഒരു മുറിവു പററിയിരുന്നെങ്കിൽ ഞാൻ ഇപ്രകാരം ആനന്ദിക്കുമായിരുന്നോ? ഒരിക്കലുമില്ല. വേദനമൂലം ഉച്ചത്തിൽ കരഞ്ഞു നിലവിളിക്കുമായിരുന്നു.

കർത്താവിനെ ക്രൂശിനോടു ചേർത്തു ബന്ധിച്ച ആണികളിലൊന്നുകൊണ്ട് എൻെറ കാലിൽ ഒരു മുറിവുണ്ടായിരുന്നെങ്കിൽ ലോകയിമ്പങ്ങളുടെ പിന്നാലെ ഞാനോടിപ്പോകുമായിരുന്നോ? തീർച്ചയായും ഇല്ല. ഞാൻ വീണുകിടന്നു ദുഃഖത്തോടെ കരയുകയും എനിക്കു നേരിട്ട വേദനയാൽ കർത്താവിൻെറ പീഡാനുഭവത്തെക്കുറിച്ച് കരഞ്ഞു പ്രലപിക്കുകയും ചെയ്യുമായിരുന്നു.

അധികമായ കണ്ണീരുകൊണ്ടും വേദനകൊണ്ടും എൻെറ പാപങ്ങളെ തുടച്ചു മാററിയിരുന്നെങ്കിൽ ഞാൻ ഭാഗ്യവാനാകുമായിരുന്നു.

നമ്മുടെ രക്ഷകനായ ഈശോയുടെ തിരുമുറിവുകളെക്കുറിച്ചു നാം ധ്യാനിച്ചു കരഞ്ഞാൽ നമ്മുടെ ദുഃഖം എത്ര വിശുദ്ധവും നമ്മുടെ കണ്ണുനീർ എത്ര മധുരവുമായിരിക്കും.

2. പ്രാതികൂല്യങ്ങൾ നേരിടുമ്പോൾ, പ്രലോഭനങ്ങൾ വ

www.malankaralibrary.com



ന്നണയുമ്പോഴും, ബലഹീനതയെ സ്മരിക്കുമ്പോഴും പ്രാത്ഥനയാകുന്ന പരിച്ഛ, ധരിക്കുകയും വി. കുരിശിന്റെ അടയാളം വരക്കുകയും ചെയ്യുക. കത്താവിന്റെ തിരുമുറിവുകളിൽ അഭയം അന്വേഷിക്കുകയും പീഡാനുഭവത്തെക്കുറിച്ച് ധ്യാനിക്കുകയും അങ്ങനെ നിന്റെ ആത്മാനുകൂലങ്ങൾക്കായി ദിവ്യമായ പരിഹാരം സമ്പാദിക്കുകയും ചെയ്യുക.

ഭാരമുള്ള കുരിശിൽ ആണികളാൽ തുളയ്ക്കപ്പെട്ട വി. കരങ്ങളോടുകൂടി നഗ്നനായി നിന്നോടുള്ള സ്നേഹത്തെപ്രതി തൂങ്ങിക്കിടക്കുന്ന ഈശോയെക്കുറിച്ച് സാവധാനം ചിന്തിക്കുക.

ആ മുൾമുടി ദർശിക്കുക; ക്രൂരമായ എത്ര മുള്ളുകൾ അങ്ങേ തിരുശിരസ്സിനെ തുളച്ചുവെന്നു എണ്ണിനോക്കുക. അമൂല്യമായ അങ്ങേ തിരുരക്തം എന്തുമാത്രം അദ്ദേഹം ഒഴുക്കി.

കത്താവിനെ പീഡിപ്പിക്കുവാൻ ഉപയോഗിച്ച കരുക്കളെല്ലാം നിന്റെ മുമ്പിൽ നിരത്തിവച്ച്, രാവും പകലും നിന്റെ രക്ഷയെപ്രതി ഇവയെല്ലാം സഹിച്ച ഈശോയെ ഓൎത്തു ധ്യാനിക്കുക. അല്ലെങ്കിൽ ദുഷ്ടശത്രു നിന്റെ ഉള്ളിൽ നുഴഞ്ഞു കടക്കുകയും വ്യർത്ഥവിചാരങ്ങളാലും അശുദ്ധ സങ്കല്പങ്ങളാലും നിന്റെ ഹൃദയത്തെ മലിനമാക്കിയേക്കും.

3. മൃദുലമായ വിശിഷ്ടതല്പം നിനക്കുള്ളായിരിക്കരുതു്. നമ്മുടെ കത്താവീശോമിശിഹായുടെ കാലിത്തൊഴുത്തിലെ വി. ജനനത്തെ നീ യഥാർത്ഥം സ്മരിക്കുക. ഇടുങ്ങിയതും മോശവുമായ ഒരുപുൽക്കൂട്; അവിടെയല്ലേ നമ്മുടെ നാഥൻ പിറന്നതു്; അവിടെനിന്നല്ലേ തന്റെ കരച്ചിലിന്റെ ശബ്ദം നാം ശ്രവിക്കുന്നതു്? തനിക്കു ഭരണങ്ങളൊന്നുമില്ല. അല്പം വയ്ക്കോലല്ലാതെ തന്റെ കിടക്കയ്ക്കു് വിശിഷ്ടമായ അലങ്കാരങ്ങളുമില്ല. തന്റെ വിശപ്പടക്കുവാൻ സ്വമാതാവിന്റെ സ്തന്യമെന്യേ യാതൊന്നുമില്ല. ഹാ! എത്ര ദയനീയം!

നിന്റെ കിടക്കയുടെ പതുപതുപ്പും ദരിദ്രാവസ്ഥയും ഈശോയുടെ പാറയിലേ കല്ലറയുടെ ഓമ്മയെ നിനക്കു നൽകട്ടെ. നിനക്കുവേണ്ടി ക്രൂശിതമായ തിരുമേനി ശയിച്ചതവിടെയല്ലേ? കല്ലറയുടെ ഉള്ളിൽ മരിച്ചവനേപ്പോലെ സംസ്കരിക്കപ്പെട്ടു ഒരു വലിയ കല്ലും അതിന്മീതെ വെച്ചു.

ലോകത്തിന്റെ മായാമോഹങ്ങളെ വിസ്മരിച്ചുകൊണ്ടു് ക

www.malankaralibrary.com



ത്താവിൻെറ ദിവ്യസമാധാനത്തിൽ ഉറങ്ങി ആശ്വസിക്കുക. മനുഷ്യദൃഷ്ടിയിൽ സ്വീകാര്യവും ആനന്ദപ്രദവുമായതെല്ലാം ഉപേക്ഷിച്ചേക്കുക. എങ്കിൽ നീ ഉറക്കമുണന്നുവരുമ്പോറം സുകൃതത്തിലും കൃപയിലും വർദ്ധിച്ചവനായിരിക്കും. അവസാനദിനം വീണ്ടും നീ എഴുന്നേല്ക്കും. എന്തിനു? കർത്താവിൻെറ തിരഞ്ഞെടുക്കപ്പെട്ടവരോടുകൂടി നിത്യമഹത്വം അനുഭവിക്കുന്നതിനായി.

---

# അദ്ധ്യായം 13

## ഈശോയുടേയും തൻെറ മാതാവായ വി. കന്യക മറിയാമിൻേറയും നാമം വിളിച്ചപേക്ഷിക്കുക.

"എൻെറ കാലുകറം ഇടറാതിരിപ്പാനായി ഞാൻ നടക്കേണ്ട പാതയെ തെളിയിക്കേണമെ. (സങ്കീ. 16. 15)

കർത്താവായ ഈശോയെ, അങ്ങേ മാർഗ്ഗങ്ങറം എത്ര ഭംഗിയുള്ളതും വിശുദ്ധിയുള്ളതുമാകുന്നു. അതിലൂടെ സഞ്ചരിക്കുന്നവർ സുരക്ഷിതരും പരിപൂർണ്ണരും നീതിയുള്ളവരുമായിരിക്കും.

അങ്ങേ മാർഗ്ഗങ്ങറം സമാധാനപൂർണ്ണവും വിശുദ്ധവുമാകയാൽ വിശ്വാസിയേയും വിനീത ഹൃദയനേയും സ്വർഗ്ഗത്തേക്കു നയിക്കുന്നു.

എതിലേയെല്ലാം നീ സഞ്ചരിക്കുമോ ഏതെല്ലാം മാർഗ്ഗങ്ങളിൽ ചുററിനടക്കുമോ എവിടെയെല്ലാം വിശ്രമിക്കുമോ അവിടെയെല്ലാം, ഈശോയുടേയും തൻെറ വി. മാതാവായ മറിയാമിൻേറയും നാമം വിളിച്ചപേക്ഷിക്കുക. ശരണപൂർവ്വം സങ്കീർത്തകൻെറ ഈ വചനങ്ങളെ ആവർത്തിക്കുക. "കർത്താവെ, എൻെറ പാദമിടറാതിരിപ്പാനായി ഞാൻ സഞ്ചരിക്കുന്ന വഴിയെ നീ ക്രമപ്പെടുത്തേണമെ." അതിനോടുകൂടി ഇങ്ങിനെ ചേർത്തു പറയുക: "ഈശോയെ, എൻെറ വ്യാപാരത്തെ സമ്പൂർണ്ണമാക്കുക; അങ്ങേ മാർഗ്ഗങ്ങളിൽ എൻെറ കാൽ ഉതയ്ക്കാതിരി

www.malankaralibrary.com



ക്കട്ടെ" വൃത്ഥതയെ ദർശിക്കുന്നതിനും അലസഭാഷണത്താൽ എന്റെ ആത്മാവിനു മുറിവേല്ക്കുന്നതിനും ഇടയാക്കരുതേ.

2. ഈ പ്രാർത്ഥന ആയിരിക്കട്ടെ നിന്റെ ജീവിതപാഥേയം. ഇതൊരു സഹായകദണ്ഡാകുന്നു. ഭക്തിപൂർവ്വം സദാനേരവും ഇതുരുവിടുക.

"ഈശോയേ, മറിയമേ, എല്ലായ്പ്പോഴും എന്റെ മാർഗ്ഗങ്ങളെ കാത്തുകൊള്ളുക. നിങ്ങൾ എനിക്കു എതുനേരവും നല്ല കാവൽക്കാരായിരിക്കേണമെ. ഞാൻ ഇടവഴികളിലും മററും അലഞ്ഞു തിരിവാൻ അനുവദിക്കരുതേ. എന്നെ വലയം ചെയ്യുന്ന മായാമോഹങ്ങളാൽ എന്റെ ഇന്ദ്രിയങ്ങളും ഹൃദയവും എന്നെ വഞ്ചിക്കാൻ ഇടയാക്കരുതേ."

ഹാ! എത്ര ചെറുതും മനോഹരവുമായ ഒരു പ്രാർത്ഥനയാകുന്നു. "ഈശോയെ മറിയമേ" എന്നുള്ളത്. നിഷ്പ്രയാസം സ്മരിക്കാം, അതിമധുരവും ആനന്ദവും നിറഞ്ഞ ഒരു പ്രാത്ഥന. ലോകമോഹങ്ങളിൽനിന്നു പറന്നകലുന്ന തീത്ഥാടകൻ അതിൽ സമാശ്വസിക്കും. സുരക്ഷിതമായി ഉദ്ദിഷ്ടസ്ഥാനത്തു ചെല്ലുവാൻ ശക്തി നൽകുന്ന ഒരു പ്രാത്ഥനയാണിതു്. യാത്രാക്ലേശങ്ങളെ അതു് മാററിത്തരും. ആത്മീകപതർച്ചയെ ഇല്ലാതെയാക്കും; അതവനെ ആശ്വാസംകൊണ്ടു നിറക്കും; എതിരിടേണ്ടിവരുന്ന പ്രതിബന്ധങ്ങളെ ധൈര്യപൂർവ്വം അഭിമുഖീകരിപ്പിക്കും; നിത്യജീവിതത്തിലേക്കുള്ള നേരായ പാതയിലൂടെ അതവനെ നയിക്കും.

ലോകത്തിലെ പ്രഭുക്കളുടേയും പ്രധാനന്മാരുടേയും അകമ്പടിയേക്കാളും സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സകല വിശുദ്ധന്മാരേക്കാളും ഈ വി. പ്രാർത്ഥന നിശ്ചയവും വിശ്വസ്തവുമായ അകമ്പടിയായിരിക്കും.

തങ്ങളുടെ നാഥനായ ഈശോയെ ഭക്തിപൂർവ്വം പിൻചെല്ലുന്നവക്കും സർവ്വ സൃഷ്ടികളുടേയും ബഹുമാനവും വണക്കവും പുകഴ്ചയും അർഹിക്കുന്ന തന്റെ മാതാവായ വാഴ്ത്തപ്പെട്ട മറിയാമിനെ പിൻചെല്ലുന്നവക്കും സകല സ്വർഗ്ഗീയനിരകളും എല്ലാ ആനുകൂല്യങ്ങളും ചെയ്തുകൊടുക്കുന്നു.

ഭൗമികജീവിതത്തിൽ ആരു് ഈ പ്രാത്ഥനയെ സ്വസ്നേഹിതനായി സ്വീകരിക്കുമോ അവനു് മരണനേരത്തിൽ ഇതു

www.malankaralibrary.com



ശോയും മറിയവും സംരക്ഷകരായിരിക്കും.

ഈശോയോടും മാതാവിനോടുമൊരുമിച്ച് സ്വർഗ്ഗലോകത്തിൽ നിത്യം വസിച്ചാനന്ദിക്കണമെങ്കിൽ ഇവിടെവച്ചൊരിക്കലും ഈശോയെ നിഷേധിക്കരുത്.

ഈശോയും മേരിയും നിന്റെ ഹൃദയത്തിലുണ്ടെങ്കിൽ നീ അലഞ്ഞുതിരിയുമെന്ന് ഭയപ്പെടേണ്ടതില്ല; പ്രത്യുത, നിന്റെ പാദങ്ങൾ കൂടുതൽ സുരക്ഷിതങ്ങളായിരിക്കും. അവർ നിന്റെ സ്തോത്രത്തിന്റേയും അനുഗ്രഹത്തിന്റേയും ആനന്ദത്തിന്റേയും ഹൃദയമോദത്തിന്റേയും കണ്ണുനീരിന്റേയും നെടുവീർപ്പിന്റേയും ആശ്ലേഷത്തിന്റേയും ആശംസയുടേയും ആരാധനയുടേയും വിഷയമായിരിക്കട്ടെ.

ഈശോയേയും മറിയത്തേയും നിരന്തരം വിളിച്ചപേക്ഷിക്കുന്നവരും ഭക്തിപൂർവ്വം വണങ്ങുന്നവരും സ്നേഹപൂർവ്വം സ്മരിക്കുന്നവരും എല്ലാററിലുമുപരിയായി ബഹുമാനിക്കുന്നവരും ഉത്സാഹത്തോടും സന്തുഷ്ടിയോടും അവരുടെ മഹത്വത്തെ കീർത്തിക്കുന്നവരും ശ്രേഷ്ഠതയോടെ അവരെ മഹത്വപ്പെടുത്തുന്നവരും തീക്ഷ്ണതയോടെ അവരെ സ്നേഹിക്കുന്നവരും അവരുടെ സ്നേഹം സ്വാത്മാക്കളുടെ ആനന്ദമായി കരുതുന്നവരും അവരുടെ ഉന്നതിയെ പാടി പുകഴ്ത്തുന്നത് തങ്ങളുടെ സന്തോഷമെന്ന് കരുതുന്നവരും സാക്ഷാൽ അനുഗ്രഹീതരാകുന്നു.

ഹാ! ഈശോയുടെ തിരുനാമം എത്ര മധുരതമം! അങ്ങേ വത്സലമാതാവായ വി. മറിയത്തിന്റെ തിരുനാമം എത്ര മാധുര്യമുള്ളത്!

കെടാത്ത സന്തോഷത്തിലും അനന്തമായ ആനന്ദത്തിലും സ്വർഗ്ഗസേനകളുടെ പരിവാരത്തോടെ ഈശോയും തന്റെ വി. മാതാവും മരുവുന്ന സ്വർഗ്ഗലോകത്തെക്കുറിച്ച് ഈ പരദേശവാസകാലത്തിൽ സദാ സ്മരിക്കുന്ന തീർത്ഥകൻ ഭാഗ്യശാലിതന്നെ.

ക്രിസ്തുവിനോടു ചേർന്നു സ്വർഗ്ഗത്തിലായിരിക്കുവാൻ ആഗ്രഹിക്കുന്നവനും ഈലോകത്തിൽ വിടുതി അന്വേഷിക്കാത്തവനുമായ തീർത്ഥകനും അനുഗ്രഹീതൻ.

അനുദിനം തന്റെയപ്പം സ്വർഗ്ഗത്തിൽനിന്നു യാചിക്കുന്നവനും തന്റെ യജമാനന്റെ മേശയിൽനിന്നും ചില കഷണങ്ങളെങ്കിലും ലഭിക്കുന്നതുവരെ അർത്ഥനക്കായി നീട്ടിയ കരങ്ങളെ മ

www.malankaralibrary.com


ടക്കാത്തവനും അനുഗൃഹീതനാകുന്നു.

സ്വർഗ്ഗീയ വിരുന്നിനു ക്ഷണിക്കപ്പെടുന്നതുവരെ ക്ഷമയോടെ കാത്തിരിക്കുന്നവനും ഇവിടെ, ക്രിസ്തുവിന്റെ സ്നേഹക്കൂദാശയെ സ്വീകരിക്കുന്നവനും കുഞ്ഞാടിന്റെ അത്താഴത്തിനു വിളിക്കപ്പെട്ടവനും ഭാഗ്യവാൻ.

വിശുദ്ധ കർബാന ഭക്തിപൂർവ്വം സ്വീകരിക്കുന്നവനും ബഹുമാനത്തോടും ആദരവോടും വി. കർബാന അർപ്പിക്കുന്ന വൈദികനും ആദ്ധ്യാത്മികമായി ഈശോയോടും മാതാവോടുമൊന്നിച്ച് ഭക്ഷണമേശക്കിരിക്കുകയാകുന്നു. അങ്ങനെയുള്ളവൻ ഈശോയുടെ ശിഷ്യനും വാഴ്ത്തപ്പെട്ട കന്യകാമാതാവിന്റെ ശുശ്രൂഷകനും ദൂതന്മാരുടെ സ്നേഹിതനും അപ്പസ്തോലന്മാരുടെ സഹചരനും ദൈവത്തിന്റെ സേവകനും വിശുദ്ധന്മാരുടെ ബന്ധുവും സ്വർഗ്ഗത്തിന്റെ സ്നേഹിതനുമായിരിക്കും.

അവൻ ലോകബഹളങ്ങളിൽനിന്നൊഴിയുന്നു; വ്യർത്ഥഭാഷണത്തിൽനിന്നു പിൻതിരിയുന്നു; ഈശോയുടെ തിരുവചനത്തെ ധ്യാനിക്കുന്നു; ഹൃദയവേദ്ഗകളെ സസൂക്ഷ്മം ശ്രദ്ധിക്കുന്നു; ഈശോയേയും തന്റെ വി. മാതാവിനേയും വിശുദ്ധന്മാരേയും സങ്കടപ്പെടുത്തുന്ന എല്ലാവറേയും കരുതലോടെ പറഞ്ഞുപേക്ഷിക്കുന്നു.

"അവൻ കർത്താവിൽനിന്നു അനുഗ്രഹവും രക്ഷകനായ ദൈവത്തിൽനിന്നു അനുഗ്രഹവും പ്രാപിക്കും." (സങ്കീ. 23: 5) അവൻ വിളിച്ചപേക്ഷിക്കുമ്പോഴൊക്കെയും ദൈവം തന്റെ പരിശുദ്ധ സ്വർഗ്ഗത്തിൽനിന്നും അവനെ ശ്രവിക്കും. അവൻ ഏതാപത്തിൽപെട്ടാലും എന്തെല്ലാം അപകടങ്ങൾ അവനെ വലയം ചെയ്താലും സാരമില്ല.

ശിഷ്യന്മാർ സമുദ്രമദ്ധ്യേ കപ്പൽഛേദത്തിലകപ്പെടാൻ തുടങ്ങിയപ്പോൾ അവർ ഈശോയെ വിളിച്ചപേക്ഷിക്കുകയും താൻ പ്രത്യക്ഷപ്പെട്ട് "ഭയപ്പെടേണ്ട" (യോഹ. 6. 20) "ധൈര്യമായിരിക്കുക, ഞാനാകുന്നു." (മത്താ. 14: 27) എന്നരുളുകയും ചെയ്തില്ലേ?

ഈശോയുടെ സ്വരം മധുരപൂർണ്ണവും ആശ്വാസദായകവുമാണ്. സംരക്ഷിക്കുവാൻ കഴിവുററതും ആത്മാവിനെ ആനന്ദിപ്പിക്കാൻ പര്യാപ്തവും ക്ഷമിക്കാൻ പോരുന്നതും നിത്യജീവിതത്തിലേക്ക് എത്തിച്ചേരുവാൻ കൃപ നൽകുന്നതുമാകുന്നു അത്.

www.malankaralibrary.com

# അദ്ധ്യായം 14

## വിശുദ്ധന്മാരെ അനുകരിച്ച് തിന്മക്കെതിരായി പോരാടുക.

"നിന്റെ ഹൃദയത്തെ ശക്തിപ്പെടുത്തി പരാക്രമിയെപ്പോലെ പ്രവർത്തിക്കുക." (സങ്കീ. 30: 25)

ഈശോയുടെ പീഡാനുഭവവും കുരിശും വിശുദ്ധന്മാരുടെ കഷ്ടാനുഭവവും ജീവിതത്തിലെ വേദനകളെ എങ്ങിനെ സഹിക്കണമെന്ന് നമ്മെ ഉപദേശിക്കുന്നു. അപ്രകാരം വി. മാതാവിന്റെ നൈർമ്മല്യവും പരിശുദ്ധ കന്യകകളുടെ ആത്മവിശുദ്ധിയും വിധവകളുടെ പരിപാകതയും ജഡത്തിന്റെ പ്രലോഭനങ്ങളെ എങ്ങിനെ എതിരിടണമെന്ന് നമ്മെ പഠിപ്പിക്കുന്നു. അത് ധനത്തെ പരിവർജ്ജിക്കണമെന്നും ബഹുമാനത്തെ തിരസ്കരിക്കണമെന്നും ലോകമായകളെ ഉപേക്ഷിക്കണമെന്നും നിമ്മലസ്നേഹത്തിനും സ്വർഗ്ഗീയ കാര്യങ്ങൾക്കുമായി നാം സ്വയം ഭരമേല്പിക്കണമെന്നും ഉപദേശിക്കുന്നു.

ദൈവഭക്താത്മാ, അജയ്യമായ ക്ഷമയുടെ മാതൃകകളായ ധീരാത്മാക്കളെ അനുഗമിക്കുക. അവരെപ്പോലെ പിശാചിനേയും അവന്റെ പ്രലോഭനങ്ങളേയും നേരിടുക.

അബലകളായിരുന്ന കന്യകകൾ ധൈര്യപൂർവ്വം ജഡാഭിലാഷങ്ങളേയും എല്ലാ തിന്മകളേയും നിരോധിച്ചെങ്കിൽ ആ പ്രബുദ്ധത നിനക്കും പ്രേരകമാകട്ടെ ജഡാഭിലാഷങ്ങളേയും തിന്മകളേയും നിരോധിക്കുന്നതിന്.

ദുർഭഗനായ നിനക്കു ദൈവം തന്റെ കൃപമൂലം ലൗകീക സമ്പത്ത് നൽകുന്നെങ്കിൽ മായാമോഹങ്ങളെ തൃപ്തിപ്പെടുത്തുവാൻ നീയതു് ഉപയോഗിക്കരുത്. നിന്റെ മൂഢഹൃദയം അതിന്മേൽ പതിയാതിരിപ്പാൻ ശ്രദ്ധിക്കണം. എത്രനാളത്തേക്ക് അത് നിനക്കുണ്ടായിരിക്കുമെന്നോ എത്ര കാലം നിനക്കതിൽ സന്തോഷിക്കാൻ കഴിയുമെന്നോ ആര്ക്കറിയാം.

ദീർഘായുസ്സിനോ സമ്പത്തിനോവേണ്ടി പ്രാർത്ഥിക്കരുത്. ഒരു നല്ല മനസ്സാക്ഷിയുടെ സാക്ഷ്യം അഭിലഷിക്കുക, അതായി

www.malankaralibrary.com


രിക്കും ഏററം വലിയ നിക്ഷേപം. നീ ലോകത്തിൽ എത്ര വലിയ ധനികനായിരിക്കുമോ അത്രകണ്ട കണിശമായ ഒരു കണക്ക് സ്വർഗ്ഗത്തിൽ കൊടുക്കേണ്ടിവരും.

2. കണ്ടാലും! ഈ ലോകത്തിൻെറ നന്മ വഞ്ചിക്കുന്നതാകുന്നു. അതിൻെറ പ്രതാപം എത്ര ക്ഷണികം! സമ്പത്തിനും ബഹുമാനത്തിനും പ്രതാപത്തിനും ജീവിതാനന്ദത്തിനും ശേഷം കണ്ണുനീരും പ്രലാപവും ഭീതിയും രക്ഷപെടാൻ നിർവ്വാഹമില്ലാത്ത നരകശിക്ഷയും നമ്മേ നേരിടുന്നു.

എന്നാൽ, തിരഞ്ഞെടുക്കപ്പെട്ടവരുടെ ആനന്ദം എത്ര വലുതു്. അവർ ദൈവത്തോടും, വിശുദ്ധ ഗണത്തോടും എല്ലാ സന്തോഷങ്ങളുടെ സമാഹാരമായി ഒരിക്കലും അവസാനിക്കാത്ത ആനന്ദലഹരിയിൽ ആയിരിക്കും.

ക്രിസ്തുവിൻെറ സ്നേഹത്തെപ്രതി സകലവും പരിത്യജിച്ചവരും നിത്യരാജ്യത്തിലേക്കു നയിക്കുന്ന ഇടുങ്ങിയ പാതയിലൂടെ സഞ്ചരിക്കുന്നവരുമായ സന്തോഷത്തിൻെറ പുരുഷന്മാരേ, വിജ്ഞാനമതികളായ കന്യകകളേ, നിങ്ങൾ ഭാഗ്യശാലികൾ.

3. യേശുക്രിസ്തുവിൻെറ ദാസന്മാരും ഭക്തന്മാരും വിശ്വാസികളുമേ, ഈ ജീവിതത്തിൽ സൂക്ഷ്മതയോടും, പ്രാർത്ഥനയോടും ഉപവാസത്തോടും അദ്ധ്വാനത്തോടും ആത്മശരീരങ്ങളുടെ നേരെയുള്ള നിരവധി പ്രലോഭനങ്ങളെ എതിരിടുന്ന യുദ്ധത്തോടുംകൂടെ വ്യാപരിപ്പാൻ പരിശീലിക്കുവിൻ.

ശരീരത്തെ അമർത്തി ഭരിച്ചില്ലെങ്കിൽ ആത്മാവിനെതിരായി അതു പ്രബലപ്പെട്ടേക്കും. പിന്നീടു് ആത്മാവിനെ വ്യാമോഹിപ്പിക്കുകയും അതിനെ നരകപാതാളത്തിലേക്ക് വലിച്ചിഴക്കുകയും ചെയ്യും.

ക്ഷണികമായ ഈ ജീവിതത്തിനുശേഷം നരകത്തിലേ അതിവേദന നമ്മുടെ ശരീരം സഹിക്കണമെങ്കിൽ എന്തിനു നാമിപ്പോൾ അതിനെ താലോലിക്കണം. അന്ധകാരത്തിൻെറ അരൂപികളോടും ദുഷ്ടന്മാരുടെ അശുദ്ധ സന്തതികളോടും നിത്യമായി നരകത്തിൽ വസിക്കുന്നതിനു് ഇത്ര പെട്ടെന്നു് നിന്ദ്യമായ വിധി നമ്മെ പാർത്തിരിക്കുന്നെങ്കിൽ, ഇവിടെ മനുഷ്യരാൽ ബഹുമാനിക്കപ്പെടുന്നതുകൊണ്ടു് എന്തു പ്രയോജനം?

വലിയ പരീക്ഷകൾ പാസ്സായവരും പണ്ഡിതന്മാരുമായ

www.malankaralibrary.com


ച്ചർ തിരഞ്ഞെടുക്കപ്പെട്ടവരുടെ ഗണത്തിൽ നിന്നും തള്ളപ്പെട്ടെന്നെങ്കിൽ ദൈവത്തിൻേറയും തൻെറ വിശുദ്ധരുടേയും മുമ്പിൽ അവരുടെ ലജ്ജയും പ്രയാസവും എത്ര വലുതായിരിക്കും. എന്നാൽ, ക്രിസ്തുവിൻെറ സ്നേഹത്തെപ്രതി കഷ്ടതകൾ സഹിച്ചവർ ദൈവത്തിൻേറയും അങ്ങേ വിശുദ്ധരുടേയും സന്നിധിയിൽ എത്തുമ്പോൾ യഥാർത്ഥ ബഹുമാനവും പ്രതാപവും പ്രാപിക്കും.

തൻെറ നാമത്തെപ്രതി പ്രയാസവും ബുദ്ധിമുട്ടും സഹിച്ച സ്വ ശിഷ്യരെ നോക്കി ആശ്വാസദായകമായ ഈ വചനം ഈശോ അരുളി: "മനുഷ്യർ നിങ്ങളെ നിന്ദിക്കുകയും നിങ്ങൾക്ക വിരോധമായി സകല ദുഷ്ടാരോപണങ്ങളേയും വ്യാജമായി പറകയും ചെയ്യുമ്പോൾ നിങ്ങൾ സന്തോഷിച്ചാനന്ദിപ്പിൻ. അപ്പോൾ നിങ്ങളുടെ പ്രതിഫലം സ്വർഗ്ഗത്തിൽ വർദ്ധിച്ചിരിക്കുന്നു." (വി. മത്താ. 5: 11, 12)

---

# അദ്ധ്യായം 15

## സ്ഥൈര്യം

"കർത്താവിൻെറ ജോലിയിൽ എപ്പോഴും സ്ഥിരതയോടിരിപ്പിൻ." (1 കോറി. 15: 58)

പ്രിയ സഹോദരാ, നീ ലോകത്തിൽ അവിടെയും ഇവിടെയും ഓടിനടക്കുന്നു, പല കാര്യങ്ങൾ കാണുകയും കേൾക്കുകയും ചെയ്യുന്നു. എന്നാൽ, സ്വർഗ്ഗരാജ്യത്തുനിന്നു നീ അകന്നു പോകുന്നെങ്കിൽ ഇവയെല്ലാംകൊണ്ടും നിനക്ക് എന്തുപകാരമെന്നു പറയാമോ? സ്വർഗ്ഗലോകത്തുനിന്ന് ദൂരെ മാറിപ്പോകുന്നെങ്കിൽ ഇവയിൽനിന്നെല്ലാം നിനക്ക് എന്തു ലാഭം കിട്ടും?

തൻെറ ആത്മാവ് അലഞ്ഞുതിരിയുന്ന നിമിഷം, ആത്മശോധന നടത്തുകയും ശരീരത്തേയും ആത്മാവിനേയും നിയന്ത്രിക്കുകയും ഏകാന്തതയിലും ധ്യാനത്തിലും ദിവസങ്ങൾ കഴിച്ചുകൂട്ടുകയും കണ്ണുനീരിലും നെടുവീർപ്പിലും ദൈവത്തോട് ക്ഷമ ചോദിക്കുകയും ചെയ്യുന്നവൻ അനുഗൃഹീതനാകുന്നു.

www.malankaralibrary.com



എന്നാൽ, ആവശ്യമില്ലാതെ തന്റെ ഏകാന്തതയെ വിട്ടു പുറത്തുപോകുന്നവനും വിലയേറിയ സമയത്തിന്റെ അധികഭാഗവും നിരുപയോഗമാക്കുന്നവനും മററുള്ളവർക്ക് ഇടർച്ച വരുത്തുന്നവനും ദുരിതം!

വിജ്ഞതയെ ആഗ്രഹിക്കുന്നവനും ദൈവത്തിനായി സ്വാത്മത്തെ പ്രതിഷ്ഠിക്കുന്നവനും നിരന്തരം പ്രാർത്ഥിക്കുന്നവനും ഉപകാരപ്രദമായ പ്രവൃത്തികളിൽ ഏർപ്പെട്ടിരിക്കുന്നവനും അധ്യയനം മൂലം ബുദ്ധിയേയും മനസ്സിനേയും പോഷിപ്പിക്കുന്നവനും രക്ഷയുടെ സത്യത്തെക്കുറിച്ച് സ്നേഹപൂർവ്വം അനുധ്യാനം നടത്തുന്നവനും ദൈവം ആന്തരികസമാധാനം ധാരാളമായി നൽകുന്നു.

3. മടിയനും വ്യർത്ഥഭാഷിയും ശരിയായ ശിക്ഷ അർഹിക്കുന്നു. അവരുടെ കൂട്ടുകെട്ട് നിരോധിക്കേണ്ടതാണ്. അല്ലെങ്കിൽ നിഷ്കളങ്കരെ അവരുടെ ദുർഭാഷണം ചീത്തയാക്കും. അവരുടെ സ്വഭാവത്തിന്റെ വഷളത്വം മററുള്ളവരിലും വ്യാപിക്കും. അവൻ പൈതങ്ങളിൽ ഇടർച്ചയും കലഹവും വിതക്കുന്നവനാകും.

വ്യർത്ഥതയിലേക്കും വിനോദങ്ങളിലേക്കും ഹൃദയചാച്ചിലുള്ള എന്റെ സഹോദരാ, ശുദ്ധീകരണസ്ഥലത്തിലെ പീഢയെക്കുറിച്ച് സ്മരിക്കുക. സകല കൊള്ളരുതായ്മകളും വ്യർത്ഥഭാഷണങ്ങളും വിചാരങ്ങളും പ്രവൃത്തികളും നിമിത്തം അവിടെ നീ നിശിതമായി ശിക്ഷിക്കപ്പെടും.

പിശാചുക്കളോടെ നിത്യകാലം നരകശിക്ഷ അനുഭവിക്കുന്നതിലും മ്ലേച്ഛരുടെ ഓഹരി കിട്ടുന്നതിലും എത്രയോ നന്നാണ് ഭയത്തോടും വിറയലോടും കണ്ണുനീരോടുംകൂടെ ഇവിടെ തപസ്സനുഷ്ഠിക്കുന്നത്.

നിശ്ചയമായും നരകാഗ്നിയിൽ യാതൊരു സന്തോഷവും ആനന്ദവും നീ കണ്ടെത്തുകയില്ല. അവിടെനിന്നും നിന്നെ പുറത്താക്കുന്നതിന്ന് ആർക്കും കഴികയുമില്ല.

4. നിത്യശിക്ഷയെ തടയുന്നതിനും മരണശേഷം നിത്യാനന്ദം പ്രാപിക്കുന്നതിനും ഇന്ദ്രിയാഭിലാഷങ്ങളെ നിഗ്രഹിക്കുകയും ലൗകികമോഹങ്ങളുടെ കപടതയെ മനസ്സിലാക്കുകയും

www.malankaralibrary.com



ചെയ്യുന്നതിനും ഈ സത്യങ്ങളെക്കുറിച്ച് ചിന്തിക്കുകയും അവധാനപൂർവ്വം ധ്യാനിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. ലൗകികർക്കു ദുരിതം! അതിലുമുപരി ദുരിതമാണ് സ്വർഗ്ഗീയവിധിയെക്കുറിച്ച് ചിന്തിക്കാത്തവർക്കും മനഃപ്പരിവർത്തനം വരുത്താത്തവർക്കും. ഇതുവരേയും അവരുടെ ശരീരം ഇത്തരം ഒരു വേദനയുടെ രുചി അറിഞ്ഞിട്ടില്ല.

---

# അദ്ധ്യായം 16

## ക്രിസ്തുവിനെപ്രതി പീഢ സഹിക്കുന്നതിലുള്ള ദിവ്യ ആശ്വാസം.

"ലോകത്തിൽ നിങ്ങൾക്കു പ്രയാസങ്ങൾ അനുഭവപ്പെടും. എന്നാൽ, ധൈര്യമായിരിക്കുക, ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു" (യോഹ. 17: 35.)

സുഭാഷിതങ്ങളിൽ പറയുന്നു, അനർത്ഥകാലത്ത് ഒരു സ്നേഹിതൻ ഉണ്ടായിരിക്കുന്നതു് അഭിലഷണീയമെന്ന്. എന്നാൽ, നമ്മുടെ കഷ്ടതകൾക്കും ബലഹീനതകൾക്കും പങ്കാളിയായ നല്ലവനും ഉത്തമനുമായ ആ സ്നേഹിതൻ ആരാകുന്നു.

നമുക്കുവേണ്ടി കഷ്ടതയനുഭവിച്ച ക്രൂശിക്കപ്പെട്ടവനും വി. സുവിശേഷത്തിൽ, വൈദ്യനെന്നും ആത്മാക്കളുടെ പാലകനെന്നും സാധുക്കളുടേയും ബലഹീനരുടേയും ഞെരുക്കപ്പെടുന്നവരുടേയും സംരക്ഷകനെന്നും സ്വയം സംബോധന ചെയ്ത ഈശോമ്ശിഹായാകുന്നു ആ ഉത്തമസ്നേഹിതൻ. താൻ രോഗികളുടെ വൈദ്യനും വീഴ്ചക്കാരുടെ ഉദ്ധാരകനുമാകുന്നു. താനരുളിച്ചെയ്യുന്നു: "രോഗികൾക്കല്ലാതെ സുഖമുള്ളവർക്കല്ല വൈദ്യനെക്കൊണ്ടാവശ്യമെന്ന്" (മാർക്ക. 2: 17.)

അപ്രകാരം രാജപ്രവാചകനായ ദാവീദും പറയുന്നു: "ഹൃദയവേദന അനുഭവിക്കുന്നവരുടെ സമീപേ കർത്താവുണ്ട്" (സങ്കീ. 2.) വേറൊരു സങ്കീർത്തനത്തിൽ, പ്രലോഭനങ്ങളും പ്രയാ

www.malankaralibrary.com



സങ്ങളും അനുഭവിക്കുന്ന തന്റെ ദാസന്മാക്ക് ധൈര്യം നൽകുവാൻ ദൈവംതന്നെ ഇപ്രകാരം അരുളുന്നു. "ഞെരുക്കകാലത്തിൽ ഞാൻ അവനോടുകൂടെയിരിക്കും. ഞാൻ അവനെ മഹത്വപ്പെടുത്തി ബഹുമാനിക്കും. (90: 15)

പരീക്ഷിക്കപ്പെട്ടവനും പീഢ അനുഭവിച്ചവനും നിരവധി ദുഃഖങ്ങൾ സഹിച്ചവനുമായ ക്രിസ്തുവിൽ, ദുഃഖിതരും ഞെരുക്കപ്പെടുന്നവരുമായ സകലർക്കും ആശ്വാസം കണ്ടെത്താം.

അത്യുത്തമനും തന്റെ എല്ലാ വ്യാപാരങ്ങളിലും നീതിമാനും ആയിരിക്കുന്ന ദൈവം തീർച്ചയായും ഈ ജീവിതത്തിൽ ദുഃഖങ്ങളും പ്രയാസങ്ങളും അയച്ചുതരുന്നത് നമുക്ക് രക്ഷാകരവും ഉപകാരപ്രദവുമാകുന്നതിനുതന്നെ. അനേകതരപാപങ്ങൾ ചെയ്തുകൂട്ടിയ നീ ആരാകുന്നു? തന്റെ ഏകജാതനെപ്പോലും അവശേഷിപ്പിക്കാതിരുന്ന ദൈവത്തിന്റെ കരങ്ങളെ ശിക്ഷയിൽ നേരിടാമെന്ന് നീ ധൈര്യപ്പെടുന്നുവോ? കുററക്കാരനും ഉപയോഗശൂന്യനുമായ ഭൃത്യൻ, സ്വയജമാനന്റെ ചെറിയ ശിക്ഷകളെ പിറുപിറുപ്പുകൂടാതെ സഹിക്കുക നീതിയും ന്യായവുമാകുന്നു. തന്റെ അത്യന്തഇഷ്ടനായ, നിഷ്കളങ്കനായ, പുത്രൻകൂടി അനവധി അടികളാൽ മുറിവേററല്ലോ

മരണവിഷത്തെ ഇല്ലായ്മ ചെയ്യുന്നതിനും ആത്മശരീരസൗഖ്യങ്ങളോടെ നിത്യമരണത്തിൽനിന്നു വിമുക്തനാകുന്നതിനും രോഗനിവാരണം വരുത്തി ആരോഗ്യം വീണ്ടെടുക്കുന്നതിനും വൈദ്യൻ നൽകിയ കയ്പുള്ള കഷായം കുടിക്കുക, നീതിയും ഉചിതവുമാകുന്നു. അതിഭാരമുള്ള സങ്കടങ്ങളാകുന്ന ചുമടുകൾ നിഷ്കളങ്കനായ സ്വനാഥൻ വഹിച്ചുവെന്ന സ്മരണ, കുറഞ്ഞ ഭാരങ്ങൾ വഹിക്കുന്ന ഭൃത്യന്മാക്ക് ആശ്വാസപ്രദമായിരിക്കും. ക്ഷമാപൂർവ്വം സഹിക്കുന്നത് പാപത്തിന്റെ മാലിന്യങ്ങളെ കഴുകുന്നതിനും നിത്യജീവിതത്തിന്റെ അച്ചാരമാകുന്നതിനും വേണ്ടിയാണെന്ന് ഒരു രോഗി ചിന്തിക്കുന്നെങ്കിൽ, അതവനു് എന്തുമാത്രം ആശ്വാസമായിരിക്കും നൽകുക.

3. യജമാനനെപ്പോലെ വസ്ത്രം ധരിക്കുന്നത് അടിമക്ക് എത്ര (വളരെ) ശ്രേഷ്ഠമായിരിക്കും. പുത്രനും അവകാശിയുമെന്നവണ്ണം രാജകീയ അങ്കി, കുഞ്ഞാടിന്റെ നിത്യവിരുന്നിൽ ശോഭ ആചരിക്കുന്നതിനായി നല്കപ്പെടുന്നതാകുന്നു.

www.malankaralibrary.com



വിനയവും അത്യാവശ്യമായ വസ്തുക്കളുടെപോലും നിരസ്സനവും പ്രാതികൂല്യങ്ങളിൽ സഹനവും പുണ്യനിലനിൽപ്പും ആയിരുന്ന ഈശോ ധരിച്ച വസ്ത്രം.

ദൈവം നൽകുന്ന ശിക്ഷകൾ കൃതജ്ഞതാപൂർവ്വം സ്വീകരിക്കുന്നവൻ പ്രയാസങ്ങളിൽ ആത്മരക്ഷ കണ്ടെത്തുകയും സ്വർഗ്ഗത്തിൽ ശ്രേഷ്ഠമായ കിരീടം പ്രാപിക്കുകയും ചെയ്യുന്നു.

"അഗതിയുടെ ഞെരുക്കങ്ങൾ ഗ്രഹിക്കുന്നവൻ അനുഗ്രഹീതനാകുന്നു" (സങ്കീ. 40: 1) ഈശോ സകല സൃഷ്ടികളിലും സമ്പന്നനായിരുന്നെങ്കിലും നമ്മുടെ സ്നേഹത്തെപ്രതി ദരിദ്രനും എളിയവനുമായി സമ്പത്തും ജീവിതാശകളും നിരസ്സിക്കുന്നവൻ ഭാഗ്യവാൻ. ആത്മരക്ഷക്കായി മരണംവരെ, അനുദിനം സ്വന്തകുരിശുവഹിച്ച് ഈശോയുടെ പാദങ്ങളെ ബുദ്ധിപൂർവ്വം അനുഗമിക്കുക.

# അധ്യായം 17

## എല്ലായ്പ്പോഴും മനസ്സാക്ഷിയെ കാത്തുകൊള്ളുക.

"എന്റെ ആത്മാവ് എല്ലായ്പ്പോഴും നിന്റെ കൈകളിൽ ഇരിക്കുന്നു"

നിത്യരക്ഷ പ്രാപിക്കണമെന്ന ആഗ്രഹത്തെ കവിഞ്ഞ ഉപകാരപ്രദമോ രക്ഷാകരമോ ആയവ ഒന്നുംതന്നെയില്ല. ആകയാൽ നിന്റെ ആത്മരക്ഷയെക്കുറിച്ച് നിരന്തരം ധ്യാനിക്കുക.

സകല ആധ്യാത്മിക ഗ്രന്ഥങ്ങളും തുറന്നു ഒന്നു വായിക്കുക; ദൈവത്തിലല്ലാതെയും സുകൃതജീവിതം കൂടാതെയും യാതൊരു രക്ഷാമാർഗ്ഗവും അവിടെയെങ്ങും കാണുകയില്ല.

അതുകൊണ്ടല്ലേ നമ്മുടെ കർത്താവും രക്ഷകനുമായ ദിവ്യ ഈശോ സ്വശിഷ്യരോടരുളിയതു്: "ഒരു മനുഷ്യൻ സർവ്വലോകവും നേടിയിട്ട് അവന്റെ ആത്മാവ് നശിച്ചാൽ അവനെന്തു പ്രയോജനം" എന്ന്? (മത്താ. 16: 26)

www.malankaralibrary.com



ഈ വചനത്തെക്കുറിച്ചു് യഥാതഥം ചിന്തിക്കുന്നവനും തന്റെ സമ്പത്തു് വർദ്ധിപ്പിക്കുന്നതിനേക്കാളും ശരീരത്തെ താലോലിക്കുന്നതിനേക്കാളും ആത്മാവിന്റെ കാര്യത്തിൽ ദത്തശ്രദ്ധനാകുന്നവനും സുവിശേഷത്തിൽ പറയുന്ന വിജ്ഞാനിയായ വ്യാപാരിക്കു സമനാകുന്നു. (മത്താ. 13: 45) അവൻ കടന്നുപോകുന്ന ഈലോകവസ്തുക്കളെക്കാൾ അനശ്വരമായി ആത്മാവിനെ വിലമതിക്കുന്നു.

അവൻ, ആ ഒരു താലന്തിന്റെ വിലയെ പുഛിച്ചു അവജ്ഞാപൂർവ്വം അതിനെ നിലത്തു കുഴിച്ചുമൂടിയ ബുദ്ധികെട്ട (ആ) ഭൃത്യനെക്കാൾ ക്രിസ്തുവിന്റെ പ്രശംസയാർജ്ജിച്ച ബുദ്ധിമാനും, അഞ്ചുതാലന്തുകൊണ്ടു് പത്തും രണ്ടുതാലന്തുകൊണ്ടു നാലും സമ്പാദിച്ച നല്ല ദാസനു തുല്യനാകുന്നു. അഗതികളുടെ പ്രാർത്ഥനയിൽ പങ്കുലഭിക്കുവാനായി സ്വധനത്തെ അവർക്കു വീതിച്ചുകൊടുക്കുന്നവൻ ദൈവത്തിന്റെ ബലിവേദിയിൽ അതർപ്പിക്കുകയാകുന്നു. ലഭിച്ച അല്പമായ ഉപകാരങ്ങൾക്കായിട്ടും കർത്താവിനു് കൃതജ്ഞത പ്രകാശിപ്പിക്കുകയും ചെയ്യുന്നു. (മത്താ. 25: 14)

അല്പത്തിൽ വിശ്വസ്തനായ നല്ല ദാസൻ അനുഗ്രഹീതൻ. (ലൂ. 19: 17) ജീവിതത്തിലെ ഓരോ നിമിഷവും ഉപകാരപ്രദമാംവിധം അവൻ ചെലവിടുന്നു. അവനെ ബന്ധിക്കാത്ത കാര്യങ്ങളിൽ അവൻ തല ഇടുന്നില്ല. ദൈവത്തെ പ്രസാദിപ്പിക്കുവാൻ അവൻ ഒരു ചെകിടനും ഊമനുമായിത്തീരുന്നു. ലോകബഹളങ്ങളിലും അവൻ സമാധാനപൂർവ്വം വസിക്കുന്നു. 'അവന്റെ ആത്മാവു് എപ്പോഴും ദൈവത്തിന്റെ കൈകളിൽ'.

അയല്ക്കാരന്റെ സ്വഭാവത്തെ നീ ശ്രദ്ധിക്കേണ്ടതില്ല. അഥവാ, ദൈവസ്നേഹത്തെപ്രതിയും ഉപവിയേക്കുറിച്ചുമോ ആകട്ടെ.

2. വ്യർത്ഥമനുഷ്യരുടെ മായസ്തുതിയെ മോഹിക്കരുതു്. അവരുടെ നിന്ദയെ പരിഗണിക്കയുംവേണ്ട. നിന്റെ ആത്മാവിനെ ഉപദ്രവിക്കുന്നതിനു പകരം അവരുടെ അവമതി അതിനെ വിശുദ്ധീകരിക്കുകയും അത്യുജ്ജ്വലമായ ഒരു കിരീടം സ്വർഗ്ഗത്തിൽ ലഭിക്കുന്നതിനു അർഹമാക്കയും ചെയ്യുന്നു. ഇതു

www.malankaralibrary.com



ലോകത്തിൽ ദൈവസ്നേഹത്തെപ്രതി അപമാനം സഹിക്കാത്തവർ സ്വർഗ്ഗരാജ്യത്തിൽ പ്രകീർത്തിതരാകയില്ല.

പ്രാർത്ഥനയും ധ്യാനവും. എന്നോടുള്ള സ്നേഹത്താൽ അത്യധികം പീഡിതനായ എന്റെ ദൈവമേ, അങ്ങയോടുള്ള സ്നേഹത്തെപ്രതി സങ്കടങ്ങൾ അനുഭവിക്കുകയും എന്റെ കഴിവനുസരിച്ച് അങ്ങേ കാൽച്ചുവടുകളെ അനുഗമിക്കുകയും ചെയ്യുക എനിക്കു ചേർച്ചയാകുന്നു. അങ്ങ് വി. പത്രോസിനോട് "എന്നെ അനുഗമിക്ക" (യോ. 21: 23) എന്നു കല്പിച്ചുവല്ലോ. എന്നാൽ, കഷ്ടം! എത്ര അല്പമാത്രമായിട്ടേ ഞാൻ അങ്ങേ പ്രതി സഹിക്കുന്നുള്ളു.

അനവധി പ്രതിജ്ഞകൾ ഞാൻ ചെയ്യുന്നുണ്ടെങ്കിലും പത്തിലൊന്നുപോലും തികക്കുവാൻ എനിക്കു കഴിയുന്നില്ല. വളരെയധികം കാര്യങ്ങളെക്കുറിച്ചു ഞാൻ പറയുന്നുണ്ടെങ്കിലും ഒന്നും തന്നെ ഞാൻ പ്രവർത്തിക്കുന്നില്ല. എനിക്കു യാതൊരു ഒഴികഴിവുമില്ല; തെററുകൾ എല്ലാം എന്റേതുതന്നെ. അലസതയും നിഷ്ക്രിയതയും ദിവസംതോറും എന്റെ പാപങ്ങളെ വർദ്ധിപ്പിക്കുന്നു ഞാനെന്തു പറയേണ്ടു? കഷ്ടം! ഞാനങ്ങേക്കാരുണ്യത്തെ വിളിച്ചുകരയുന്നു. "കർത്താവേ, ഞാൻ പാപംചെയ്തുപോയി. എന്നോടു കരുണയായിരിക്കേണമെ."

ഇപ്രകാരം ഞങ്ങൾക്കു മുമ്പേപോയ വിശുദ്ധരും നയിക്കപ്പെട്ടു. അവരും ഈ പാഠം ഞങ്ങൾക്കു നൽകിയിരിക്കുന്നു എന്നും അങ്ങേ വിശ്വാസികളുടെ രീതി ഇപ്രകാരമാണല്ലോ.

ദൈവത്തിന്റെ സ്നേഹിതരും വിശുദ്ധരുമേ, ഞാൻ ബലഹീനനാകുന്നു. വിനയപൂർവ്വം നിങ്ങളുടെ സാഹായ്യത്തെ ഞാനപേക്ഷിക്കുന്നു. എനിക്കുവേണ്ടി പ്രാർത്ഥിക്കുവിൻ.

അഗതിയുടെ പ്രാർത്ഥന. വിശുദ്ധരിൽ വിശുദ്ധനും എന്റെ കർത്താവും ദൈവവുമേ, അങ്ങേ എളിയ ദാസന്റെ പ്രാർത്ഥനാശബ്ദത്തെ ശ്രവിക്കേണമെ. 'എന്നെ സഹായിക്കുക; ഞാൻ രക്ഷിക്കപ്പെടും. എപ്പോഴും അങ്ങേ ന്യായവിധിയെക്കുറിച്ച് ഞാൻ ധ്യാനിക്കും. (സങ്കീ. 118: 117.)

വിനീതർക്കും അങ്ങേ സ്നേഹിക്കുന്നവർക്കുമായി അവിടുന്നു തയ്യാറാക്കിയിട്ടുള്ള സ്വർഗ്ഗത്തെ അവകാശമാക്കുവാൻ ഈ നിസ്സാരദാസനു കഴിഞ്ഞിരുന്നെങ്കിൽ! അങ്ങേ തിരുഅധരത്താൽ

www.malankaralibrary.com



അരുളിയപ്രകാരം എന്റെ പൂൎണ്ണഹൃദയത്തോട് എന്റെ ശക്തിയായ കൎത്താവേ, അങ്ങേ ഞാൻ സ്നേഹിച്ചിരുന്നെങ്കിൽ! അങ്ങാകുന്ന എന്റെ പ്രത്യാശയും എന്റെ രക്ഷയും. എന്റെ അനുഗ്രഹങ്ങളെല്ലാം എപ്പോഴും അങ്ങയുടെ നേരെ തന്നെ

അറിവിന്റെ പൂൎണ്ണതയാൽ തെറ്റുകളിൽനിന്ന് എന്നെ കാക്കേണമെ. വിശുദ്ധ ഹൃദയത്താൽ അശുദ്ധിയിൽനിന്നും, സത്യവിശ്വാസത്താൽ സകല സംശയങ്ങളിൽനിന്നും, പ്രത്യാശയുടെ സ്ഥൈൎയ്യത്താൽ സകല അവിശ്വാസത്തിൽനിന്നും. എരിയുന്ന സ്നേഹത്താൽ സകല ദുഃഖത്തിൽ നിന്നും തിരസ്കാരത്തിൽനിന്നും, ക്ഷമാധിക്യത്താൽ എല്ലാ ആകുലങ്ങളിൽനിന്നും, പരിശുദ്ധ ചിന്തയാൽ എല്ലാ ദുൎവികാരങ്ങളിൽനിന്നും, നിരന്തര പ്രാൎത്ഥനയാൽ പിശാചിന്റെ എല്ലാ പ്രാതികൂല്യങ്ങളിൽനിന്നും, ശ്രേഷ്ഠമായ പാരായണശ്രദ്ധയാൽ തുടൎച്ചയായ അശ്രദ്ധയിൽനിന്നും, ഉപകാരപ്രദമായ ജോലിയാൽ നിരുത്സാഹത്തിൽനിന്നും നിദ്രാശീലത്തിൽനിന്നും, അങ്ങേ വിശുദ്ധ പീഡാനുഭവസ്മരണയാൽ ദുഷ്പ്രവണതകളെ തൃപ്തിയാക്കണമെന്നുള്ള വിചാരത്തിൽനിന്നും എന്നെ കാത്തുകൊള്ളേണമെ. കൎത്താവേ, ഈ ദിവ്യവരങ്ങളുമായി അങ്ങെഴുന്നെള്ളി വന്ന് അവിടുത്തെ ദിവ്യപ്രബോധനങ്ങളിൽ എന്നെ സ്ഥിരപ്പെടുത്തേണമെ. അമ്മേൻ.

# അദ്ധ്യായം 18

## ഏകാന്തതയും മൗനവും.

"ഞാൻ പറന്നു മരുഭൂമിയിലെത്തി അവിടെ പാൎക്കും" (സങ്കീ. 54: 8.)

1. എന്തിന്? അങ്ങിനെ ചെയ്യുന്നതുകൊണ്ട് നിരവധി ഗുണങ്ങൾ എന്റെ ആത്മാവിനു ലഭിക്കും. ലോകം ഇന്ദ്രിയങ്ങളെ പ്രലോഭിപ്പിക്കുന്ന സകല പതൎച്ചകളേയും ഹൃദയത്തിൽ നിന്നകററി അതിനു സമാധാനം നല്കാം.

www.malankaralibrary.com



നാം കാണുകയോ കേൾക്കുകയോ ചെയ്തിട്ടില്ലാത്ത യാതൊന്നും നമ്മുടെ സങ്കടത്തെ വർദ്ധിപ്പിക്കുകയൊ നമ്മുടെ ആത്മസമാധാനത്തെ നശിപ്പിക്കുകയോ ചെയ്യുന്നില്ല.

അതുകൊണ്ടു് ഏകാന്തവും മൗനവും ആന്തരീകസമാധാനത്തിനു ഗുണപ്രദമാകുന്നു. നന്നായി പ്രാർത്ഥിക്കുവാൻ അതു നമ്മെ സഹായിക്കുന്നു. ലോകബഹളങ്ങളിലെന്നതിനേക്കാൾ എത്രെളുപ്പമാണു് വിജനപ്രദേശത്തു് വസിച്ചുകൊണ്ടു് ഏകാന്തവും മൗനവും കാക്കുക.

വെള്ളത്തിൽനിന്നും കരയ്ക്കെടുക്കുന്ന മത്സ്യം പെട്ടെന്നു ചത്തുപോകുന്നു. അതുപോലെ സ്വഭവനം മറിവിട്ടുപോകുന്ന സന്യാസി മലിനനാകയും പതർച്ചയിൽപ്പെടുകയും ചെയ്യുന്നു.

ശിശിരത്തിലേ ദുർഭിക്ഷതയെ പരിഹരിക്കുന്നതിനു ശേഖരിച്ച തേൻ മധുകോശത്തിലാക്കുവാൻ ബുദ്ധിശാലിനിയായ തേനീച്ച പുഷ്പത്തിൽനിന്നും അതിവേഗം തിരികെപ്പോകുന്നു. അതിൻെറ അദ്ധ്വാനഫലം നഷ്ടമാകാതിരിപ്പാൻ അതു വായുവിൽ പരക്കുന്നതിനുമുമ്പേ സ്വീകരിച്ചു മധുകോശത്തിൽ സംഗ്രഹിക്കുന്നു. ചെറിയ ചിമിഴിൽ അടച്ചു സൂക്ഷിച്ചാൽ പരിമളം മധുരതമമായിരിക്കും. പക്ഷേ പരന്ന പാത്രത്തിൽ തുറന്നു വച്ചാലോ അതിൻെറ പരിമളം അതിവേഗം നഷ്ടപ്പെടുകയും ചെയ്യും.

വേലികെട്ടി സൂക്ഷിക്കുന്ന പൂവനത്തിലേ പുഷ്പങ്ങൾ ശോഭയുള്ളവയായി നില്ക്കും, വേലി അവയെ പരിരക്ഷിക്കുന്നതുകൊണ്ടു്. എന്നാൽ, മനുഷ്യകരങ്ങൾ സ്പർശിച്ചാലുടൻ അവ വാടുകയായി.

റോസയുടെ പുതുപ്പൂക്കൾ വേലിക്കുള്ളിൽ വികസിക്കുന്നു. പൊതുനിരത്തിലെങ്കിലോ കാണുന്നവർ പറിച്ചെടുക്കുകയും പെട്ടെന്നു വാടിക്കരിയുകയും ചെയ്യും.

അപ്രകാരംതന്നെ അസ്ഥിരതയാലും അശ്രദ്ധയാലും ലോകത്തിലേക്കിറങ്ങുന്ന സന്യാസിയും ഭക്തിമാധുര്യത്തെ നഷ്ടപ്പെടുത്തുന്നു. അശ്രദ്ധയിൽനിന്നോടിയകലുന്നവൻ തൻെറ പലായനത്തിൽ പരിശുദ്ധിയുടെ മധുരപരിമളം സർവ്വത്ര പ്രസരിപ്പിക്കും.

www.malankaralibrary.com



കാററത്ത് പിടിച്ചാൽ ദീപശിഖ കെട്ടുപോകുന്നു. എന്നാൽ അതൊരു ചിമ്മിനി കൊണ്ടു മൂടുക; ഉടൻ പ്രകാശിക്കും. അപ്രകാരമാണ് ഭക്തിയുടെ കാര്യത്തിലും. നിനക്കതു് സ്വന്ത മുറിയിൽവെച്ചു ഭദ്രമായി കാക്കാം. എന്നാൽ, ലോകവ്യാപാര ബഹളത്തിൽ അതു തുറന്നുവെച്ചാൽ എല്ലാം നാനാവിധമായതു തന്നെ.

ആകയാൽ, ഭക്തിയും ഹൃദയസമാധാനവും കാംക്ഷിക്കുന്നെങ്കിൽ നീ ഏകാന്തതയേയും മൗനത്തേയും സ്നേഹിക്കുക. കാരണം, ഉപദ്രവംകൂടാതെ മനുഷ്യരുടെ ഇടയിൽ ഇറങ്ങണമെങ്കിൽ നീ സുരക്ഷിതവും ബലവുമുള്ള പടച്ചട്ടതന്നെ ധരിച്ചിരിക്കണം.

സ്വർഗ്ഗത്തിൽനിന്നും പിതാവായ ദൈവം ആദേശിച്ചയച്ച വി. മാലാഖയുമായി സ്വകാര്യമുറിയിൽ സംസാരിച്ച വി. കന്യകാമറിയത്തെപ്പോലെ നീയും സ്വന്തമുറിയിൽ തനിയെ വസിക്കുക. ഭക്തിയെ സ്നേഹിക്കുന്നെങ്കിൽ നിൻെറ മുറിയിൽ ഏകാന്തമായിരിക്കുക. ഒരുപക്ഷേ, സ്വർഗ്ഗത്തിൽനിന്നും നിൻെറ പക്കലും ഒരു മാലാഖ വന്നേക്കാം. നിൻെറ വിശ്വസ്ത കാവൽക്കാരൻ അദ്ദേഹം പിശാചിൻെറ മായാമോഹങ്ങളിൽനിന്നു് നിന്നെ കാക്കുകയും ചെയ്യും.

മൗനത്തെ കാര്യമായി മതിക്കുന്ന ഒരാൾ ഇങ്ങനെ പറഞ്ഞിരിക്കുന്നു: "മററുള്ളവരുമായി വളരെ നേരം സംസാരിച്ചു കഴിയുമ്പോൾ എൻെറ മനസ്സാക്ഷി എന്നെ കുററപ്പെടുത്താതിരിക്കുക വളരെ അപൂർവ്വം."

വേറൊരാൾ പറയുന്നു: "മൗനത്തിനു ശേഷമുള്ള നമ്മുടെ വാക്കുകൾ വളരെ ഉത്തേജദായകങ്ങളായിരിക്കണം."

മൂന്നാമതൊരാൾ പറയുന്നു: "സന്ദർഭോചിതമായ ഒരു വാക്കു അത്യുത്തമംതന്നെ."

അവസാനം നാലാമതൊരാൾ പറയുന്നു: "തൻെറ അധരങ്ങളെ അടച്ചു സൂക്ഷിക്കുന്നവൻ അസത്യത്തിൽനിന്നും ഏഷണിയിൽനിന്നും സ്വതന്ത്രനായിരിക്കും.

3. അധരങ്ങളിൽനിന്നു യാതൊരു ആബദ്ധമോ വഞ്ചനയോ വ്യർത്ഥസ്തുതിയോ അശുദ്ധിയോ പുറപ്പെടാത്ത ഒരുവൻെറ പ്രഭാഷണത്തെ എത്ര സന്തോഷത്തോടും ബഹുമാനത്തോടും മററുള്ളവർ ശ്രദ്ധിക്കും! പലരും പലതിനെക്കുറിച്ചും വളരെയധി

www.malankaralibrary.com



കം സംസാരിക്കുന്നു. നാവ് തിന്മയോടു ചാഞ്ഞിരിക്കയാൽ അ പകടം കൂടാതിരിക്കുക ദുസ്സാദ്ധ്യം. എന്നാൽ, നീ ഏകാന്തതയി ലേക്ക് മാറിപ്പോകുമെങ്കിൽ അവിടെ, നിൻെറ നാവിനെ കാ ത്തും നിരന്തരം പ്രാർത്ഥിച്ചും സമാധാനചിത്തനായി വസിക്കാം.

മൗനമായി സുകൃതം അഭ്യസിക്കുന്ന ഉത്തമന്മാരെ ബഹുമാ നിക്കുക. വെറുതെ അതുമിതും പറയുന്ന വ്യർത്ഥഭാഷിയെ ശാ സിക്കുക; നാട്യം അഭിനയിക്കുന്നവരെ തിരസ്കരിക്കുകയും ചെയ്ക.

ബഹളത്തിൽനിന്നകലുക, വിജനതയെ സ്നേഹിക്കുക, ഭക്ത രേയും വിനീതരേയും അനുകരിക്കുക. നിനക്കുവേണ്ടി ക്രൂശിത നായ ക്രിസ്തുവിനെപ്രതി നിന്നെ ഉപദ്രവിക്കുന്നവരെ ക്ഷമാപൂ ർവ്വം സഹിക്കുക.

4. ഒരു നവസന്യാസാർത്ഥി ഒരിക്കൽ പ്രായമുള്ള ഒരു സ ന്യാസിയോട് സാധാരണ ഗതിയിൽ ആത്മസമാധാനവും ഭ ക്തിയും സമ്പാദിക്കുവാൻ ഏററം പററിയ മാർഗ്ഗമേതെന്ന് ചോ ദിച്ചു. ആ വൃദ്ധമുനി, "പിതാക്കന്മാർ പരിശീലിച്ച മൗനമുദ്രയെ കാത്തുകൊള്ളുക; മനുഷ്യരുടെ ബഹളങ്ങളെ വർജ്ജിക്കുക. തന്ദ്രാ ലു ആകാതിരിക്കുക" എന്നിങ്ങനെ പറഞ്ഞുകൊടുത്തു.

ദൈവത്തിനും ദൈവദൂതന്മാർക്കും സന്തുഷ്ടിപ്രദവും സന്യസ്ത ജീവിതത്തിൽ ഒഴിച്ചുകൂടാത്തതുമായ മൂന്നു കാര്യങ്ങൾ ഉണ്ട്.

ഒന്ന്: അലസത വെടിയുവാൻ പ്രയത്നം ശീലിക്കുക.

രണ്ട്: ഹൃദയക്ഷീണവും അസ്വാസ്ഥതയും മാററുന്നതിനു വി ശുദ്ധ പുസ്തകത്തിൽനിന്നു വായിച്ചു ധ്യാനിക്കുക.

മൂന്നു: പിശാചിൻെറ യുദ്ധമിടുക്കു നിഷ്പ്രയോജനമാക്കു വാൻ നിരന്തരം പ്രാർത്ഥിക്കുക.

ആദ്ധ്യാത്മികജീവിതം നയിച്ച പുരാതന പിതാക്കന്മാർ പഠിപ്പിച്ചു; ആധുനിക പിതാക്കന്മാർ അതോടു കൂട്ടിച്ചേർത്തു; മൗനവും പ്രാർത്ഥനയും ദൈവത്തിൽനിന്നു അനുഗ്രഹത്തെ വി ളിച്ചു വരുത്തുകയും ആത്മാവിനെ നന്നായി പ്രകാശിപ്പിക്കുക യും അത്യഗാധരഹസ്യങ്ങളെക്കുറിച്ച് ഫലപ്രദമായി ധ്യാനി ക്കുവാൻ അതിനെ തയ്യാറാക്കുകയും ചെയ്യുന്നുവെന്നു.

എന്നാൽ, ബഹുകാര്യവ്യഗ്രനായി ജീവിക്കുന്നവനും വ്യ ർത്ഥഭാഷണത്താൽ അലസനായി കഴിയുന്നവനും സ്വർഗ്ഗീയദാന

www.malankaralibrary.com



ങ്ങൾക്ക് തന്നെത്തന്നെ അനർഹനാക്കുന്നു; സ്വസഹോദരങ്ങൾക്ക് ഉപദ്രവഹേതുവും.

മായാമോഹിയായ മനുഷ്യന്നു മൗനിയായിരിക്കുക പ്രയാസം. അവൻ മററുള്ളവരേക്കാൾ പ്രകീർത്തിതനായിത്തീരുന്നതിനും വിജ്ഞനായി എണ്ണപ്പെടുന്നതിനും ആഗ്രഹിക്കുന്നു.

അഹമ്മതിയോടെ സംസാരിക്കുന്നവൻ എല്ലാവരാലും നിന്ദിക്കപ്പെടും. എന്നാൽ, ക്രമമായി മൗനം കാക്കുന്നവനെ മററുള്ളവർ ബഹുമാനിക്കും. സ്വയം അവഗണിക്കുന്നവനും തന്നെക്കാൾ മററുള്ളവർ ശ്രേഷ്ഠരാണെന്നു കരുതുന്നവനും ഹൃദയത്തിന്റെ അത്യഗാധവിനയം വെളിപ്പെടുത്തുന്നു. എന്നാൽ, സ്വയം പര്യാപ്തത നടിക്കുന്നവനും ദൈവഹിതത്തിനു വിരോധമായും അവന്റെ എല്ലാ സഹോദരന്മാർക്ക് എതിരായും തന്റെ അഹങ്കാരത്തെ വെളിപ്പെടുത്തുകയും സ്വാഭിപ്രായത്തിനു പ്രാമാണ്യം നൽകുന്നവന്റെ ഈ തിന്മ കുഷ്ഠരോഗത്തേക്കാൾ അപകടകരമാകുന്നു. അങ്ങിനെയുള്ളവരെ ദൈവം വെറുക്കുകയും ചിലപ്പോൾ അവിചാരിതമരണത്താൽ ശിക്ഷിക്കുകയും ചെയ്യും.

നിസ്സാരനും നിഷ്കളങ്കനും അധികാരത്തിനു് വിനയപൂർവ്വം കീഴ്‌വഴങ്ങുന്നവനും എപ്പോഴും സന്തുഷ്ടനായിരിക്കും. അവന്റെ സുരക്ഷിതത്വത്തെ യാതൊന്നും ചലിപ്പിക്കയില്ല.

അല്പം സംസാരിക്കുക; ദുർഭാഷണം വെടിയുക; ഉപകാരപ്രദമല്ലാത്ത ഒന്നും സംസാരിക്കാതിരിക്കുക; അടക്കമായി എല്ലാം ചെയ്യുക; അപ്പോൾ നിന്റെ സഹോദരന്മാരുടെ മദ്ധ്യേ നീ സുകീർത്തിതനാകും.

“സകലത്തിലും മിതത്വം കാക്കുക. മദ്ധ്യവർത്തിത്വം ഏററം നല്ല സുകൃതമാകുന്നു.” (കാതോ.) ക്രിസ്തുവും അപ്രകാരം പഠിപ്പിക്കുന്നു” നിങ്ങൾ ഷോയിരിക്കുവിൻ. സമാധാനം നിങ്ങളുടെ മദ്ധ്യേ” (മർക്കോ 9: 49)

വി. പൗലോസ് പറയുന്നു: “എപ്പോഴും കൃപാവരത്തിൽ സംസാരിക്കുവിൻ. ഉപ്പുകൊണ്ടു് രസം വരുത്തിയപ്രകാരം”. (കൊലോ. 4: 6)

സുചരിതനായ ജോബ് പറയുന്നു: “ഉപ്പുകൊണ്ടു് രസം വരുത്താത്ത ചവർപ്പുള്ളവ എങ്ങിനെ ഭക്ഷിക്കും?” (ജോ. 6: 6)

www.malankaralibrary.com



5. വിരക്തനും വിനയാന്വിതനുമായ മനുഷ്യൻ അവ ൻെറ അധരത്തേയും ഹൃദയത്തേയും നിരന്തരം സൂക്ഷിക്കുന്നു. പാപത്തിൽ വീണു ദൈവത്തെയോ തൻെറ സഹോദരനെയോ ഉപദ്രവിക്കാതിരിപ്പാൻ തിന്മയിലേക്കു ചാഞ്ഞിരിക്കുന്ന അവൻെറ സകല പ്രവണതകളേയും അടക്കി മരുവുന്നു. കെട്ടുകഥകൾ ശ്രവിക്കുന്നതിൽ ഇഷ്ടപ്പെടുകയും അവ മററുള്ളവരോടു വിവരിക്കുകയും ചെയ്യുന്നവനിൽ ശരിയായ അനുതാപം കാണുകയില്ല. ഹൃദയത്തെ സൂക്ഷിക്കാതിരിക്കുകയും അധരത്തെ കാത്തുകൊള്ളാതിരിക്കുകയും ചെയ്യുന്നവനു് അല്പമായ പശ്ചാത്താപവരംപോലും ലഭിക്കുകയില്ല. സംസാരപ്രിയനായ സന്യാസി സംസാരത്തിൻെറ സീമകളെ അതിവേഗം ഉല്ലംഘിക്കും.

ക്രൂശിതനായ ഈശോയെക്കുറിച്ചുള്ള സ്മരണ നിന്നിലുണ്ടെങ്കിൽ വ്യർത്ഥഭാഷണങ്ങൾക്കായി അത്ര പെട്ടെന്നു് നിൻെറ അധരങ്ങൾ ചലിക്കുകയില്ല. എന്നാൽ, ഈശോ നിൻെറ ഹൃദയത്തിൽ പ്രതിഷ്ഠിതനല്ലാത്തതുകൊണ്ടു് ആശ്വാസം തേടി വിദൂരത്തിൽ നീ അലയുന്നു. ബലഹീനവും വിഭ്രാന്തികരവുമായ ആശ്വാസം, ഹൃദയദാഹത്തെ തൃപ്തിപ്പെടുത്താൻ അപര്യാപ്തമായ ആശ്വാസം പാപത്താൽ മുറിവേററ ഹൃദയത്തെ പൊറുപ്പിക്കുന്നതിനു് ഈശോയ്ക്കു മാത്രമേ കഴികയുള്ളൂ.

നിമിഷനേരത്തിൽ, ഒററവാക്കിൽ എൻെറ എല്ലാ രോഗങ്ങളേയും ഇല്ലാതെയാക്കുവാൻ ഈശോക്കു കഴിയും. തൻെറ കൃപാവരത്തിൻെറ ശക്തി, പാപത്തിൻെറ വിനാശകങ്ങളെ അപേക്ഷിച്ചു്, അതിൻെറ ഫലങ്ങളിൽ നിണ്ണായകവും വിസ്തൃതവുമാകുന്നു.

മിക്കപ്പോഴും അശ്രദ്ധയും പതർച്ചയും വരുത്തുന്ന വ്യർത്ഥഭാഷണങ്ങൾക്കു് എന്തിന്നു നീ ചെവികൊടുക്കുന്നു?

രാവും പകലും നിനക്കാശ്വാസവും പ്രാതികൂല്യങ്ങളിൽ ശക്തിയും നൽകുന്ന ക്രിസ്തുവിൻെറ വചനങ്ങളെ എന്തുകൊണ്ടു് നീ ചെവിക്കൊള്ളുന്നില്ല?

www.malankaralibrary.com

# അദ്ധ്യായം 19

## അഗതികളുടെ സഹായം. ദൈവമാകുന്നു അവരുടെ സഹായകൻ.

"അഗതിയെ നിൻെറ സംരക്ഷണക്കായി വിട്ടിരിക്കുന്നു. അനാഥക്കു നീ സഹായകനായിരിക്കണം." (സങ്കീ. 19: 36)

കഷ്ടതകളിൽ ആശ്വാസകൻ ദൈവമായിരിക്കുന്നവനും, ഞെരുക്കങ്ങളിൽ ദൈവംമാത്രം സഹായകനുമായുള്ള അഗതി ധന്യനാകുന്നു. അവൻ ദൈവത്തിൽ ആശ്രയിക്കുന്നതിനാൽ, നിത്യാനുഗ്രഹങ്ങളുടെ നാട്ടിൽ മഹത്വത്തിൻെറ കിരീടം അവനെ പ്രതീക്ഷിച്ചിരിക്കുന്നു.

ക്രിസ്തുവിനെ സ്നേഹിക്കുന്നതു നിമിത്തം മനസ്സാ വരിക്കുന്ന ദാരിദ്ര്യം ദൈവതിരുമുമ്പാകെ വിലയേറിയ ഒരു സുകൃതമാകുന്നു. അങ്ങിനെയുള്ളവൻെറ നിത്യവിശ്രാന്തി സ്വർഗ്ഗത്തിലായിരിക്കും; ദൂതന്മാരുടെ സംരക്ഷണയിൻകീഴിൽ. കള്ളന്മാർ അവിടെ മോഷണം നടത്തുകയോ പരാക്രമികൾ അപഹരിച്ചെടുക്കുകയോ ചെയ്യുകയില്ല. ഒരു കൊലപാതകിക്കു് അവൻെറ സമ്പാദ്യങ്ങളെ പിടിച്ചുപറിക്കുവാൻ സാദ്ധ്യവുമല്ല.

ധനവാന്മാരെ വട്ടമിടുന്ന ആപത്തുകളിലും ആകുലതകളിൽനിന്നും ഒഴിഞ്ഞിരിക്കും ലൗകിക നന്മകളെ പരിത്യജിക്കുന്ന ക്രിസ്തുവിൻെറ ദാസൻ.

ക്രിസ്തുവിനേയും ക്രിസ്തുരാജ്യത്തേയും സ്നേഹിക്കുന്നതു നിമിത്തം വിശ്വസ്തയായ ആത്മാവു് ലൗകികമായ സകലത്തേയും പരിത്യജിക്കുന്നു. സത്യമായ സ്വാതന്ത്ര്യത്തെ അനുഭവിക്കുകയും സകലവും ക്രിസ്തുവിൽ സ്വീകരിക്കുകയും ചെയ്യുന്നു. താൻ നമ്മോടുള്ള സ്നേഹത്തെപ്രതി ദരിദ്രനായി, കഷ്ടതകൾക്കു വിധേയനായി, നഗ്നനായി ക്രൂശിന്മേൽ തറക്കപ്പെട്ടു; തല ചായിക്കുവാൻ ഇടമില്ലാതെയും കാൽകരങ്ങൾ ചലിപ്പിക്കുവാൻ കഴിയാതെയും.

നമ്മിൽ ആർക്കു നമ്മുടെ നഗ്നതയെ മിശിഹായുടേതുമായി താരതമ്യം ചെയ്യാൻ കഴിയും. ഒരുത്തക്കും സാദ്ധ്യമല്ല; നിശ്ചയം-

www.malankaralibrary.com



എന്തെന്നാൽ, "അവൻെറ നാമം മാത്രമാകുന്നു ശ്രേഷ്ഠമായതു്. അവൻെറ സ്തുതി ആകാശത്തിനും ഭൂമിക്കുമുപരി" (സങ്കീ. 148: 13)

രക്ഷാകരമായ ദാരിദ്ര്യമേ, മനുഷ്യരുടെ മദ്ധ്യേ നിന്ദയല്ലാതെ നിനക്കിപ്പോൾ മറ്റൊന്നും ലഭിക്കുമായിരുന്നില്ല; ദൈവം സ്വേച്ഛയാ നിനക്കു അധീനനാകാതിരുന്നെങ്കിൽ?

സന്തോഷപ്രദമായ എളിമത്തമേ, കൺമോഹങ്ങളിൽനിന്നു ഞങ്ങളെ വിടുവിക്കുകയും നിരവധി പാപസാഹചര്യങ്ങളിൽനിന്നു ഞങ്ങളെ നീ ഒഴിവാക്കുകയും ചെയ്യുന്നു.

2. ലൗകിക ബഹുമാനങ്ങളെ ആഗ്രഹിക്കാത്തവനും വാക്കാലോ പ്രവൃത്തിയാലോ മായയെ മോഹിക്കാത്തവനും തൻമൂലം വീഴ്ച കൂടാതിരിക്കുന്നവനും സത്യമായും ആത്മാവിൽ ദരിദ്രനാകുന്നു.

ഇച്ഛാനുസാരം സ്വീകരിക്കുന്ന ദാരിദ്ര്യം എത്ര മഹത്തായ സുകൃതം! സ്വന്തമായി മറ്റൊന്നുമില്ലായ്കയാൽ സ്വർഗ്ഗകവാടങ്ങളെ അതാത്മാവിനു് തുറന്നുകൊടുക്കുന്നു. സ്വർഗ്ഗത്തിൽ സമ്പാദിച്ചിട്ടുള്ള മഹത്വകിരീടങ്ങളിൽ പുതിയ രത്നം പതിക്കുന്നു.

ക്രിസ്തുവിൻെറ വേലയിൽ നാം ആയുസ്സു് ചെലവഴിച്ചുകഴിയുമ്പോൾ രക്തസാക്ഷികളുടെ ക്ഷമയുടെ കൊടി പിടിക്കുവാൻ അതു നമ്മെ അർഹരാക്കുന്നു.

ദാരിദ്ര്യത്തെ അനുഗമിക്കുന്ന സകല ആകുലതകളും അസൗകര്യങ്ങളും നാം ക്ഷമാപൂർവ്വം സഹിക്കുമ്പോൾ, ദൈവസ്നേഹത്തെപ്രതി തനിക്കു പരിസേവ ചെയ്യുവാൻ ഇതു നമ്മെ പ്രേരിപ്പിക്കുന്നു.

പ്രയാസങ്ങളും ദുഃഖങ്ങളും ഉപകാരപ്രദമാക്കുവാൻ അറിയാവുന്നവനും തിരസ്കാരങ്ങൾ ക്ഷമാപൂർവ്വം സഹിക്കുന്നവനും എന്നിട്ടും ദൈവത്തിനു വിധേയനായിരിക്കുന്നവനും ധന്യൻ.

ആവശ്യങ്ങളാൽ നീ പര്യാകുലനാകുമ്പോൾ ദാരിദ്ര്യം നിൻെറ ഹൃദയത്തെ മുറിപ്പെടുത്താതിരിക്കട്ടെ. മനുഷ്യർ നിന്നെ നിന്ദിക്കുകയോ സ്നേഹിതന്മാർ നിന്നെ ദ്വേഷിക്കുകയോ ചെയ്യുമ്പോൾ നീ കോപിക്കേണ്ട. നിൻെറ ഹൃദയം ക്രിസ്തുവിങ്കലേക്കു തിരിയ്ക്കുക. താൻ നിനക്കുവേണ്ടി ബലഹീനനും ദരിദ്രനുമായില്ലേ. ദൈവത്തിൽ—ദൈവത്തിൽമാത്രം—ആശ്വാസം തേ

www.malankaralibrary.com



ട്ടുക. എന്നാൽ, നിത്യമായി നിൻെറ ആത്മാവ് സന്തോഷിക്കും. ദൈവത്തിൽ നിന്നാദ്യമായി നിത്യസമാധാനം നീ കാണുകയില്ല. എത്ര വലിയവനായാലും ആവശ്യനേരത്ത് നിനക്കുത്തരം നല്കാൻ ആരും കാണുകയില്ല, ദൈവമല്ലാതെ.

3. യേശുക്രീസ്തുവിനെ നിൻെറ സ്നേഹിതനും സഹോദരനുമായി സ്വീകരിക്കുക. സകലവും ഉപേക്ഷിച്ച് അദ്ദേഹത്തെ പിൻതുടരുക. തൻെറ ശുശ്രൂഷയിൽനിന്നും നിന്നെയകററുന്ന സകല കൂട്ടായ്മയും നീ നിരസിക്കണം. വീണ്ടും നീ ലോകത്തിലേക്കു നയിക്കപ്പെട്ടാൽ അതിൻെറ അർത്ഥം നീ നരകവാതില്ക്കലേയ്ക്കു അടുത്തു എന്നത്രേ. "എന്തെന്നാൽ, വിനാശത്തിലേക്കുള്ള പാത വിസ്താരം കൂടിയതും അതിൻെറ വാതിലുകൾ വീതികൂടിയതുമാകുന്നു. അതിലൂടെ സഞ്ചരിക്കുന്നവർ അനേകരുമത്രേ" എന്ന് ഈശോ പറയുന്നു. (മത്താ. 7: 13.)

നീ ആവശ്യപ്പെടുന്ന ആശ്വാസം അവനിൽ മാത്രമേ നീ കാണുകയുള്ളൂ. ഈ ലോകവും അതിലെ സകല മായാമോഹങ്ങളും, ക്രീസ്തുവിനെപ്രതി തിരസ്കരിക്കുന്നവനു് സ്വർഗ്ഗരാജ്യം നല്കാൻ താൻ പ്രാപ്തനാണു്. എന്തെന്നാൽ, "ലോകവും അതിൻെറ മോഹങ്ങളും കടന്നുപോകുന്നു" (1 യോഹ. 2: 17.) പുക കാററിനാൽ ചിതറിക്കപ്പെടുന്നതുപോലെയും വയലിലേ പുഷ്പങ്ങൾ വാടിക്കരിയുന്നതുപോലെയും.

മനസ്സോടെ ദാരിദ്ര്യം വരിച്ച പ്രിയ സഹോദരാ, നിൻെറ എല്ലാ പ്രവർത്തികളുമായി ധൈര്യപൂർവ്വം മുന്നേറുക. ദൈവശുശ്രൂഷയിൽ രാവും പകലും സ്ഥിരനായിരിക്കുക. നിൻെറ ഭക്തി തിരഞ്ഞെടുത്തിരിക്കുന്നതു് സമാധാനപൂർവ്വമായ വാസത്തെയാകുന്നു. നീ നിൻെറ മാതാപിതാക്കളേയും ബന്ധുജനങ്ങളേയും ഉപേക്ഷിച്ചിരിക്കുന്നതു് ദൈവവുമായി പൂർണ്ണഐക്യം നേടുന്നതിനാണെന്നു ഓർത്തുകൊള്ളുക. സകല വിശുദ്ധ ഗണത്തോടുമൊരുമിച്ച് ക്രീസ്തുവിൻെറ രാജ്യത്തിൽ നിനക്കവരുമായി ചേർന്നു സന്തോഷിക്കാം.

ലോകത്തിലേ നിസ്സാരവേദനകളും നിമിഷസമയത്തേ ദുഃഖങ്ങളും നിത്യവിശ്രാന്തിയുടെ സന്തോഷത്താൽ സ്വർഗ്ഗത്തിൽ പരിഹരിക്കപ്പെടും.

www.malankaralibrary.com



ക്രിസ്തുവിൻെറ തിരുമുറിവുകളെക്കുറിച്ചു് ധ്യാനിക്കുക. സാധുവായ ലാസറിൻെറ വ്രണങ്ങളെ സ്മരിക്കുക. അങ്ങിനെ നിൻെറ അന്ത്യനിമിഷങ്ങൾ മാധുര്യപ്രദങ്ങളും ഈ ലോകത്തിൽ നിന്നുള്ള വേർപാടു് വേദനരഹിതവും ആയിത്തീരും.

---

# അദ്ധ്യായം 20

## രോഗിയും ദരിദ്രനുമായ ലാസർ.

ഞാൻ രോഗിയും ദുഃഖിതനുമാകുന്നു. ദൈവമേ, എന്നെ രക്ഷിക്കേണമെ. (സങ്കീ 68: 30.)

സ്വർഗ്ഗരാജ്യം ലഭിക്കുവാൻ പരിശ്രമിക്കുന്നവനും ദാരദ്ര്യത്തിലും ഞെരുക്കത്തിലും കഴിയുന്നവനും ഇങ്ങിനെ പ്രാർത്ഥിക്കുന്നു.

ഞെരുക്കമനുഭവിക്കുന്ന അഗതികളേ, ക്ഷമാപൂർവ്വം നിങ്ങളുടെ ദുഃഖങ്ങളും ഇല്ലായ്മകളും കുറച്ചുനാളത്തേയ്ക്കുകൂടി സഹിക്കുവിൻ. നിങ്ങളുടെ വീട്ടതലിൻെറ നാഴികയ്ക്കു് അധികനാൾ പാർത്തിരിക്കേണ്ടതില്ല.

ദൈവത്തിനു കൃതജ്ഞത പ്രകാശിപ്പിക്കുക. രോഗികളോടും ദരിദ്രരോടുമൊരുമിച്ചു് ഈ ലോകത്തിൽ ഞെരുക്കപ്പെടുന്നതു്, ധനശക്തികളുടെ ഭോഗലാലസതയിൽ ഇവിടെ കഴിഞ്ഞുകൂടിയ ദുഷ്ടരോടുകൂടെ നരകത്തിൽ പീഡിപ്പിക്കപ്പെടുന്നതിനേക്കാൾ നല്ലതാകുന്നു.

ദൈവത്തിനെതിരായോ സഹോദരനു വിരോധമായോ നീ ചെയ്തുപോയിട്ടുള്ളവയെ ഓർത്തുനോക്കി, അതിനു ശിക്ഷയായി ദൈവത്തിൽ നിന്നു ലഭിക്കുന്നതെന്തും സ്വീകരിക്കുക. നീ പരിപൂർണ്ണമായി പരിഹരിച്ചിട്ടില്ലാത്തവയുടെ പൊറുതി തൻമൂലം സംലബ്ധമാകും.

യേശുക്രീസ്തുവിൻെറ ദാരുണപീഡകളുടേയും മുറിവുകളുടേയും സ്മരണ നിന്നെ ആശ്വാസിപ്പിക്കട്ടെ. ദൈവസ്നേഹത്തെ

www.malankaralibrary.com



പ്രതീ നിനക്ക സഹിക്കാൻ കഴിയുന്നതിൽ കൂട്ടതലായി, ഉഗ്രമാ യ പീഡകരം ആ ദിവ്യരക്ഷകൻ നിനക്കവേണ്ടി സഹിച്ചു.

അഗതിയും വ്രണങ്ങളാൽ നിറഞ്ഞവനുമായ ലാസർ മരണ ശേഷം അബ്രാഹമിന്റെ മാറ്വിൽ ആനന്ദസമേതം സ്വീകരിക്ക പ്പെട്ടു എന്ന സ്മരണയാൽ ഈശോയിൽ ആശ്വസിക്കുക. വിരുന്ന കരം കഴിച്ചു് തിന്നു മദിച്ച ആ ധനികനോ മരണശേഷം, നി ത്യനരകത്തിൽ എറിയപ്പെട്ടുവെന്നതു് എത്ര ഭയങ്കരം.

ഒന്നുകിൽ ലാസറിന്റെ ഇല്ലായ്മയും ഞെരുക്കവും കുറച്ചു നാളത്തേക്ക നീ സ്വീകരിക്കണം. അനന്തരം ക്രിസ്തുവിനോട്ടുകൂ ടി നിത്യാനന്ദത്തിലേക്ക്, അഥവാ അല്പകാലംകൊണ്ടവസാനി ക്കുന്നതും അതിനുശേഷം നിത്യാഗ്നിയിൽ കഴിച്ചിടപ്പെടുന്നതും പിശാചുക്കളാൽ ദുരിതം അനുഭവിക്കപ്പെടുന്നതുമായ നരകത്തി ലേക്ക നയിക്കുന്ന ധനപ്രതാപം. ഇവയിലൊന്നു നിനക്ക തെര ഞ്ഞെടുക്കാം.

ബുദ്ധിമാനോട്ട അധികം പറയേണ്ടതില്ല.

2\. കഴിവിനതീതമാകുന്നതിനുമുമ്പേ ദുഷ്ടവികാരങ്ങളെ കണ്ടുപിടിച്ചു് തിരുത്തുന്നവൻ ഉത്തമനാകുന്നു. അല്ലെങ്കിൽ പ ശ്ചാത്താപരഹിതനായ പാപിക്കുള്ള ഭയങ്കര ശിക്ഷ അനുഭവി ക്കുന്നതിനു വിധിക്കപ്പെട്ടേക്കാം.

ആരിൽ മതോപദേശം യാതൊരു ഗുണവും വരുത്തുന്നി ല്ലയോ ആരു് തപസ്സിന്റെ അരുചി നേടുന്നില്ലയോ അവൻ ഒരു ദിവസം കഠിനതരമായ വേദന അനുഭവിക്കേണ്ടിവരും. അ തും നിഷ്പ്രയോജനമായും നിത്യകാലവും.

ഇവിടെ ദാരിദ്ര്യവും വേദനയും അനുഭവിച്ച ലാസർ മര ണശേഷം ഈ ശിക്ഷയിൽനിന്നു വിടുതൽ പ്രാപിച്ചു സന്തോഷ ത്തോട്ടുകൂടി അബ്രഹാമിന്റെ മടിയിലേക്ക ദൂതന്മാരാൽ സംവഹി ക്കപ്പെട്ടു.

അഗതിയായ ലാസറിന്റെ ജീവിതത്തെ പരിശോധിക്ക ക. അവന്റെ അനർത്ഥങ്ങളിൽ നിരവധി ആശ്വാസങ്ങളും കർത്താ വിന്റെ കാരുണ്യപൂർണ്ണമായ നന്മ അവനു നൽകുന്നു.

ഈശോ ഒരു ധനികനെ അവന്റെ അനർത്ഥത്തിൽ സന്ദർ ശിച്ചാശ്വസിപ്പിച്ചതായി ഞാൻ കേട്ടിട്ടില്ല. ധനവാന്റെ ക

www.malankaralibrary.com



ജനകൾ ആദരിപ്പാൻ അവനു ഭൃത്യസഞ്ചയമുണ്ടല്ലൊ; ഉൽക്ക ണ്ഠിതരായ സഹോദരങ്ങൾ അവനെ വട്ടമിടുന്നു. ഇവനോ പറ യുന്നു: നായ്ക്കൾ വന്നു് ലാസറിന്റെ വ്രണങ്ങൾ നക്കിയെന്നു്, അ ത്രമാത്രമായിരുന്നു അവന്റെ കെടുതിയിൽ അവനു ലഭിച്ചുള്ളു്. മനുഷ്യരിൽനിന്നും യാതൊരാശ്വാസവും കിട്ടിയില്ല; ശുനക ന്മാർ അവന്റെ ചുറവം കൂടിയതല്ലാതെ. ഇതിൽ കൂടുതലായി ഒരു കഷ്ടതയുണ്ടോ? എന്നിട്ടും പിറുപിറുക്കുകയോ അക്ഷമതയു ടെ ഒരു വചനം അവന്റെ നാവിൽനിന്നു പുറപ്പെടുകയോ ചെ യ്തുമില്ല. പ്രത്യുത, അവൻ ദൈവത്തെ സ്തുതിച്ചുകൊണ്ടിരുന്നു. മനുഷ്യരിൽനിന്നു ലഭിക്കേണ്ട ആശ്വാസം തിരസ്കൃതമായ പ്പോൾ മൃഗങ്ങളുടെ തിര്യഗ്ബോധത്തിൽനിന്നും അവനു സുഖം ലഭിച്ചു.

ആകയാൽ, വേദന അനുഭവിക്കുന്ന എന്റെ പ്രിയ സഹോ ദരാ, വളരെ നാളത്തേക്കു സമസ്താശ്വാസങ്ങളും നഷ്ടപ്പെട്ടിരു ന്നാൽത്തന്നെയും നിന്റെ രോഗം നിന്നെ അത്യധികം ഭാരപ്പെ ടുത്തിയിരുന്നാൽത്തന്നെയും പിറുപിറുക്കരുതു്. "ഇഹലോക ത്തിൽവെച്ചു് വെട്ടി ദഹിപ്പിക്കുന്നതു് പരലോകത്തിൽ നഷ്ടം സഹിക്കാതിരിക്കുന്നതിന്നാണു്". അതേ, അതിന്നായിട്ടു ദിവ്യ നടത്തിപ്പു് ഇപ്രകാരം വരുത്തിയിരിക്കുന്നതെന്നു ഓർത്തുകൊ ള്ളുക.

ഒരുപക്ഷേ, അല്ല പോരായ്മകൾ വല്ലതും ഉണ്ടായിരുന്നെ ങ്കിൽത്തന്നെയും ദൈവതിരുമുമ്പാകെ ലാസർ ഒരു കുററക്കാരനാ യിരുന്നില്ല. എന്നാൽ, നീയോ എത്ര കഠിനതരമായി അങ്ങേ വേദനപ്പെടുത്തിയിരിക്കുന്നു?

ആകയാൽ, നിന്റെ രോഗങ്ങളെ ക്ഷമയോടെ നേരിടുക. ചിലപ്പോൾ മാനുഷികാശ്വാസങ്ങൾ ലഭിക്കാതെ പോയെങ്കിൽ സന്തോഷിക്കുക. അങ്ങനെ ലാസറിനോടൊരുമിച്ചു് സ്വർഗ്ഗരാ ജ്യകവാടങ്ങൾ കയറി അകത്തു ചെല്ലുവാൻ നീ യോഗ്യനാകട്ടെ.

www.malankaralibrary.com

# അദ്ധ്യായം 21

## വി. ലിഖിതങ്ങൾ നന്നായി പഠിക്കുക.

അങ്ങേ തിരുവചനങ്ങളുടെ പ്രസ്താവന പ്രകാശത്തെ നല്കുന്നു. അതു് ശിശുക്കളെ പ്രബുദ്ധരാക്കുകയും ചെയ്യുന്നു. (സങ്കീ. 118. 130)

1. പഴയ പുതിയ നിയമങ്ങളിൽ എഴുതിയിരിക്കുന്ന സകലവും നമ്മുടെ പഠനത്തിനും തന്മൂലം വിശ്വസ്തതാപൂർവ്വം നാം ദൈവസേവനത്തിൽ വ്യാപൃതരാകുന്നതിനും പാപത്തെ അത്യധികം വെറുക്കുന്നതിനും, സീമാതീതനായി വിശുദ്ധനായ ദൈവത്തെ ഇഹലോകത്തിലും പരലോകത്തിലും സ്നേഹിക്കുന്നതിനുമായിട്ടാകുന്നു.

നിനക്കറിഞ്ഞുകൂടാത്തതു് മററുള്ളവരോടു വിനയപൂർവ്വം ചോദിച്ചു ഗ്രഹിക്കുക. നിന്നെക്കാൾ പണ്ഡിതരായവരോടു ബഹുമാനപുരസ്സരം, നീ ഗ്രഹിച്ചിട്ടില്ലാത്തവയെ, ചോദിച്ചു നന്നായി മനസ്സിലാക്കണം. എന്തെന്നാൽ, "ദൈവതിരുവചന പ്രസ്താവന ശിശുക്കളുടെ ഹൃദയത്തെ പ്രകാശിപ്പിക്കുന്നു."

അത്യുന്നത സത്യങ്ങളെ ഗ്രഹിക്കുക നിനക്കു വിഷമമെങ്കിൽ അറിവിൽ ചെറിയവരായ "ശിശുക്കളോടു" ചേർന്നു പഠിക്കുക. അങ്ങനെയുള്ളവരെക്കുറിച്ചാകുന്നു നമ്മുടെ കർത്താവു് പറഞ്ഞതു്: "പൈതങ്ങൾ എന്റെ അടുക്കൽ വരുന്നതിനു് അനുവദിക്കുവിൻ. എന്തെന്നാൽ സ്വർഗ്ഗരാജ്യം അപ്രകാരമുള്ളവരുടേതാകുന്നു" എന്നു്. (മത്താ. 19: 14)

നിന്റെ ബുദ്ധിക്കു അഗ്രാഹ്യമായിരിക്കുന്നവയെക്കുറിച്ചു് ഒരു വിധി പറയാതിരിക്കുവാൻ ശ്രദ്ധിക്കണം. അപ്രകാരമുള്ളവയെ നിനക്കു വെളിവാക്കുവാൻ വിശുദ്ധാത്മാവിനോടു പ്രാർത്ഥിക്കുകയും ചെയ്യുക. സജീവമായ വിശ്വാസത്തോടെ പരിശുദ്ധാരൂപിയുടെ പ്രേരണയെ പിൻചെല്ലുക. എന്തെന്നാൽ, താൻ സകല സത്യങ്ങളുടേയും ഉറവയാകുന്നു. ഒരിക്കലും തെററിനു് സാക്ഷ്യം നിൽക്കുകയുമില്ല.

www.malankaralibrary.com



2. ചില കാൎയ്യങ്ങളെക്കുറിച്ച് നീ സംശയിക്കുന്നെങ്കിൽ അതു നിൻെറ അജ്ഞതയാലാണെന്നു കരുതുക. അല്ലാതെ നിത്യരക്ഷക്കാവശ്യമായ സകലവും ഉൾക്കൊള്ളുന്ന വി. ഗ്രന്ഥത്തിൻെറ പോരായ്മ മൂലമോ തെളിവില്ലായ്മയാലോ അല്ല.

ഉത്സാഹപൂൎവ്വം അംഗീകൃതഗ്രന്ഥം വായിക്കുക. സഭയിലെ മല്പാന്മാർ അതിനു നൽകിയിട്ടുള്ള വിശദീകരണങ്ങൾ ശ്രദ്ധാപൂൎവ്വം നോക്കി അവ പഠിക്കുവാൻ നോക്കണം.

എന്തായാലും ഇതിലുള്ള ആസക്തി പ്രാൎത്ഥനയിൽനിന്നും നിന്നെ പിന്തിരിക്കാതിരിക്കട്ടെ അതുപോലെ വിശുദ്ധ കുർബാനയിൽനിന്നും പലപ്പോഴും വി. കുർബാനയുടെ സന്ദർഭത്തിലും, തീവ്രമായ പ്രാൎത്ഥനയാലും, മറഞ്ഞിരിക്കുന്ന പല കാര്യങ്ങളെ ദൈവം ഭക്താത്മാക്കൾക്കു വെളിപ്പെടുത്തിയിട്ടുണ്ട്. ആകാംക്ഷയോടെ അവയെ അന്വേഷിക്കുന്ന 'തനിക്കു താൻ പോരുന്ന' പലരിൽനിന്നും അതു മറയ്ക്കപ്പെട്ടിരിക്കുന്നു.

ലളിതഭാഷണം പൈതങ്ങൾക്കും അറിവില്ലാത്തവൎക്കും ജ്ഞാനം വർദ്ധിപ്പിക്കുന്നു. എന്നാൽ, വലിയ വിശദീകരണങ്ങളും മറ്റും അവൎക്കു മനസ്സിലാക്കുവാൻ പ്രയാസവും ഉപകാരഹീനവുമായിരിക്കും.

ഭക്ഷണശാലയിലും ഗായകസംഘത്തിലും വായിക്കുന്നതു എന്തെന്നു ശ്രദ്ധിക്കുക, അവിടെ പാരായണം ചെയ്യുവയിലെ രഹസ്യാൎത്ഥങ്ങൾ സോത്സാഹം അന്വേഷിച്ചറിയുക. നീ വായിക്കുന്നതിൽനിന്നും വായിച്ചു കേൾക്കുന്നതിൽനിന്നും ദൈവതിരുവചനത്തിലെ മധു പിഴിഞ്ഞെടുക്കണം.

അനുദിനം നാം നമ്മുടെ അറിവിനോട് ഓരോന്നു കൂട്ടിച്ചേൎത്തുകൊണ്ടിരിക്കുമെങ്കിലും വിശേഷതരമായി ഇത്തരം സത്യങ്ങളെക്കുറിച്ച് ആരായുമെങ്കിലും മാലാഖമാരെപ്പോലെ വിശുദ്ധവും പൂൎണ്ണവുമായ അറിവു് നമുക്കുണ്ടാകയില്ല. ക്രിസ്തുവിൻെറ സഹായത്താൽ നിത്യാനന്ദ മഹത്വത്തിൽ നാം പ്രവേശിക്കുംവരെ ദിവ്യദർശനാനന്ദം നമുക്കുണ്ടാകയുമില്ല.

3. ഗുരുത്വമുള്ള ഭക്ഷണസാധനങ്ങൾ ശിശുക്കൾക്കു് ഉപദ്രവകരമത്രേ. ലഘുവും മധുരതരവുമായ ഭക്ഷണങ്ങളായിരിക്കണം ശിശുക്കൾക്കും രോഗികൾക്കും നൽകേണ്ടതു്.

www.malankaralibrary.com



ഒരു സാധാരണ സംഗീതവും ഇമ്പകരമായ ഒരു പാട്ടും, ഇടിമുഴക്കംപോലെ ചെവികളെ തകൎക്കുന്നതും മനോജ്ഞതയെ അപേക്ഷിച്ച് പ്രക്ഷീണതയെ വരുത്തുന്നതുമായ ശബ്ദസംക്ഷോഭത്തെക്കാൾ ശ്രോതാവിന്റെ കാതുകൾക്ക് ആനന്ദപ്രദമായിരിക്കും.

ശോഭയേറിയ പ്രകാശം കണ്ണുകളെ അഞ്ചിക്കുന്നു. സാമാന്യ വെളിച്ചമോ പ്രവൎത്തിക്കുന്നതിനു കാഴ്ച നൽകുന്നു.

ആഴമുള്ള നദി നീന്തിക്കടക്കുവാൻ ശ്രമിക്കുന്ന ബുദ്ധിഹീനനായ യാത്രികൻ മുങ്ങി മരിച്ചേക്കാം. എന്നാൽ, പാലത്തിലൂടെ പോകുന്നവൻ ഭയമോ ആപത്തോ കൂടാതെ മറുകര എത്തും.

തടിച്ച കാളകൾ വീണ ചത്തുപോകുവാൻ ഇടയാകാവുന്ന ഇടുങ്ങിയ വഴികളിലൂടെ കുഞ്ഞാടുകൾ സസുഖം സഞ്ചരിക്കുന്നു.

അല്പ്രകാരമാകുന്ന നിശ്ചലവിശ്വാസവും വിനീതമായ കീഴ്വഴക്കവുമുള്ള ആത്മാവ് കൃപ കണ്ടെത്തുന്നത്. സ്വശക്തിയിൽ അമിതവിശ്വാസം പ്രകടിപ്പിക്കുന്ന ആത്മാവിനു ഉള്ളത്തുകൂടെയും നഷ്ടപ്പെട്ടും.

ഉന്നതജ്ഞാനം അഹങ്കാരിയെ പെട്ടെന്നു മുഖസ്തുതിക്കു വിധേയനാക്കുന്നു. ഒടുവിൽ അതിൽ പ്രശംസിക്കുന്നവൎക്കു കലക്കത്തിന്നിട വരുത്തുകയും ചെയ്യുന്നു.

4 ഹൃദയമുരുകുന്ന പ്രാൎത്ഥനയാൽ നിൎമ്മലാത്മാക്കൾ കണ്ണീരിൽ കുളിക്കുന്നതു ഞാൻ കണ്ടിട്ടുണ്ട്. അതേസമയം മധുരതരമായ ശബ്ദത്തിൽ ഇമ്പകരമായി പാടുന്നവൎക്ക് ഹൃദയവരൾച്ചയല്ലാതെ യാതൊരു വികാരവിച്ഛിന്നതയും സംഭവിക്കുന്നുമില്ല. എന്താണീ വ്യത്യാസം? നിൎമ്മലവും വിനീതവുമായ ആത്മാവ് വിചാരത്തിലും വചനത്തിലും ദൈവമഹത്വംമാത്രമേ അന്വേഷിക്കുന്നുള്ളു എന്നതുതന്നെ. അത്തരം ശുദ്ധാത്മാക്കളുടെ അന്തരംഗം ദൈവത്തോടുകൂടെ സ്വൎഗ്ഗത്തിലായിരിക്കും. ഉത്കണ്ഠിതനും അശ്രദ്ധനുമായ പാട്ടുകാരന്റെ ഹൃദയമോ മനുഷ്യരോടുകൂടെ വീഥികളിലും പൊതുനിരത്തുകളിലും അലഞ്ഞുതിരിയും.

സാവധാനം സങ്കീൎത്തനങ്ങൾ വായിക്കുകയോ ശ്രദ്ധയോടും ഭക്തിയുടെ മാധുൎയ്യത്തിലും പലപ്രകാരം അവയാലപിക്കുകയോ ചെയ്യുന്നവൻ അതിന്റെ ആന്തരികാൎത്ഥങ്ങളെ കാൎയ്യമായി ശ്രദ്ധിക്കുന്നു. സ്വന്തമോഹങ്ങളുടെ സംതൃപ്തിക്കായിട്ടല്ലാതെ, കൎത്താ

www.malankaralibrary.com


വിൻെറ മഹത്വത്തെ അന്വേഷിക്കുന്ന ഹൃദയപരമാർത്ഥികൾക്ക് താൻ എത്ര മാധുര്യപ്രദൻ.

അതിനെ ശ്രവിക്കുന്നവരുടെ ഹൃദയത്തെ അനുതാപംകൊണ്ടു പൂരിതമാക്കാൻ കഴിയുംവിധം ദൈവമഹത്വത്തെ പ്രകീർത്തിക്കുന്ന സംഗീതകൻെറ സ്വരം ശ്രേഷ്ഠമാകുന്നു.

5. പൂവൻകോഴി കൂവുന്നതിനുമുമ്പ് ചിറക് വീശിയടിക്കുംപോലെ നല്ല സഹോദരൻ അന്യരെ തിരുത്തുന്നതിനു മുന്നമേ സ്വാപരാധങ്ങളെ കണ്ടുപിടിച്ച് നശിപ്പിക്കും. ബുദ്ധിപൂർവ്വവും വിജയകരവുമായി തിരുവചനങ്ങൾ പ്രസംഗിക്കുവാൻ അഭിലഷിക്കുന്നവൻ ആദ്യമേ സ്വന്ത തെററുകളെ തിരുത്തേണ്ടതാകുന്നു.

ആകയാലത്രേ വി. പൗലോസ് മററുള്ളവരോട് പ്രസംഗിച്ചപ്പോൾ സ്വയം മഹാപാപിയെന്ന് ഏററു പറഞ്ഞതു്. "ഈശോ ഭൂമിയിലേക്കു വന്നതു് പാപികളെ രക്ഷിപ്പാനായിട്ടത്രെ. അവരിൽ മുമ്പൻ ഞാനാകുന്നു. (1. തിമോ. 1: 15) അപ്പസ്തോലനെന്നു വിളിക്കപ്പെടുവാൻപോലും ഞാൻ യോഗ്യനല്ല" അതിപരിശുദ്ധനായുള്ളോവേ, എന്തുകൊണ്ടു്? "ദൈവത്തിൻെറ തിരുസഭയെ ഞാൻ പീഡിപ്പിച്ചതുകൊണ്ടുതന്നെ."

എന്നിട്ട് ഇപ്പോളെങ്ങിനെ അവിടുന്നു തിരഞ്ഞെടുക്കപ്പെട്ട ഒരു പാത്രമായി? അതും സകല പരിശുദ്ധിയും നിറഞ്ഞവനും പ്രശംസിക്കു അതിമാത്രം യോഗ്യനുമായ ഒരു പാത്രം! ഞാനിതു് എന്നിൽനിന്നുതന്നെയോ മററുള്ളവരിൽ നിന്നോ പ്രാപിച്ചതല്ല. ആത്മമൂലേന എളിമപ്പെടുന്നതിനും ഹൃദയശാന്തത പ്രാപിക്കുന്നതിനും സുവിശേഷത്തിനു അനുസരണയുള്ളവനായിരിക്കുന്നതിനും ഞാൻ അഭ്യസിക്കപ്പെട്ടുവോ ആ കർത്താവീശോയുടെ ആഹ്വാനത്താലും വെളിപാടിനാലുംതന്നെ. എന്നിൽ നന്മയായി ഒന്നുമില്ല എന്നെനിക്കറിയാം. ഞാൻ പറയുന്നതും പ്രവർത്തിക്കുന്നതും, മരണംവരെയും വിശ്വാസപൂർവ്വം ഞാൻ പ്രസംഗിക്കുമെന്ന ഈ പ്രത്യാശയിലേക്കു എന്നെ ക്ഷണിച്ച കൃപയുടെ ഉടയവനായ ക്രിസ്തുവിനാൽത്തന്നെ. എന്തെന്നാൽ, "ഞാനെന്തായിരിക്കുന്നുവോ അതു ദൈവകൃപയാലാകുന്നു." (1 കോ: 15: 9) അവൻെറ കൃപ, എന്നിൽ വ്യർത്ഥമായിപ്പോയില്ല. എന്നെ രക്ഷിക്കു

www.malankaralibrary.com



കയും വിലയേറിയ തന്റെ രക്തത്താൽ വീണ്ടെടുക്കുകയും ചെയ്തവനിൽ ഞാൻ ചെന്നെത്തുന്നതുവരെ അതു് എന്നിൽ ഉണ്ടായിരിക്കുകയും ചെയ്യും.

---

# അദ്ധ്യായം 22

## ക്രിസ്തുവിനെപ്രതി ക്ഷമിക്കുക.

"നിന്റെ ക്ഷമയാൽ നീ ആത്മാക്കളെ നേടും" (ലൂക്കാ. 21: 19)

നിശിതമായി നീ വിമർശിക്കപ്പെടുകയോ അന്യായമായി കുററാരോപിതനാകയോ ചെയ്യുമ്പോൾ പ്രഥമ കോപത്തിൽ അവിഹിതമായ മറുപടി പറയാതെ മൗനമായിരിക്കുകയോ വിനയപൂർവ്വം പ്രത്യുത്തരം നൽകുകയോ ചെയ്യുക. കള്ളസാക്ഷികൾ അപവദിക്കുകയും ചമ്മട്ടിയടിയേല്പുകയും ചെയ്തിട്ടും പിറുപിറുക്കാതെ ക്ഷമാപൂർവ്വം സഹിച്ച ഈശോയുടെ മാതൃക അനുകരിക്കുക.

അഥവാ ഉപകാരപ്രദമാകയാലോ അത്യാവശ്യം മൂലമോ നിന്റെ പ്രവൃത്തികളെ ന്യായീകരിക്കണമെങ്കിൽ ക്രിസ്തു ചെയ്തതുപോലെ ഉത്തമമായി ചെയ്തുകൊള്ളുക. മഹാ പുരോഹിതന്റെ സേവകൻ തന്നെ പ്രഹരിച്ചപ്പോൾ താഴ്മയോടും എന്നാൽ യുക്താനുസാരവും താൻ അവനോടു സംസാരിച്ചു. അപ്രകാരം നീയും മററുള്ളവർക്കു മാതൃകയായിരിക്കുക. അപ്പോൾ നിനക്കു സ്വൈര്യതയുണ്ടാകും.

ദുഷ്ടനാവുകളുടെ വിരോധഭാഷണങ്ങളിലും മറെറല്ലാ പരിതസ്ഥിതികളിലും സഹിഷ്ണുതയോടിരിക്കുക; നിന്റെ പ്രതിരോധികളുടെനേരെ ഭക്തിപൂർവ്വം മൗനം പാലിക്കുക.

2. നിന്റെ ആത്മാവിന്റെ ആന്തരിക വ്യാപാരങ്ങളിൽ ക്ഷമയുടെ സ്ഥാനം എത്ര വിലയേറിയ ഒരു സുകൃതമെന്നു സ്മരിക്കുക. അതു് ആത്മാവിനെ സകലവിധ പുണ്യങ്ങളാലും അ

www.malankaralibrary.com



ലങ്കരിക്കുകയും രക്തസാക്ഷികളുടെ നിരയിലേക്കു നീക്കി നിര്‍ത്തുകയും ചെയ്യും.

ക്രിസ്തു തന്‍റെ തിരുവചനങ്ങളാല്‍ ഇതു് പഠിപ്പിച്ചു; തന്‍റെ പീഡാനുഭവങ്ങളാല്‍ വിശദീകരിച്ചു. ജനത്തിലെ മൂപ്പന്മാരുടേയും പുരോഹിത പ്രധാനന്മാരുടേയും പക്കല്‍ കുററാരോപിതനായപ്പോഴും ഈശോ മൗനിയായിരുന്നില്ലേ? "ഞാന്‍ വിനീതനും ഹൃദയശാന്തനുമാകയാല്‍ എന്നില്‍നിന്നു പഠിക്കുവിന്‍. അപ്പോഴും നിങ്ങളുടെ ആത്മാക്കഠം ആശ്വാസം പ്രാപിക്കും." (മത്താ. 11: 29) എന്നു താന്‍ പഠിപ്പിച്ചതു് പ്രായോഗികമായി കാണിക്കയായിരുന്നു അവിടെവെച്ചു്.

ആത്മാര്‍ത്ഥമായ വിനയാഭ്യസനത്തിലും, സകല ശത്രുക്കളേയും കീഴടക്കിക്കൊള്ളുന്ന അത്യഗാധമായ ക്ഷമയിലും, ദൈവത്തിലല്ലാതെ മററൊരിടത്തും സത്യസമാധാനവും പ്രശാന്തിയും നീ കണ്ടെത്തുകയില്ല.

ആകയാല്‍, ദൈവത്തെ ശരണം ഗമിക്കുക. ചെറുതോ വലുതോ ആയ യാതൊരു സൃഷ്ടിയേയും ശരണം പ്രാപിക്കരുതു്. ദൈവത്തെക്കൂടാതെ അവയെല്ലാം മിഥ്യയാകുന്നു. സകല നന്മയും ദൈവത്തിലുണ്ടല്ലോ.

# അദ്ധ്യായം 23

## വിനീതനായ സന്യാസിയുമായി സല്ലപിക്കുക.

"എന്‍റെ പ്രിയേ, നമുക്കു് ഓടിപ്പോകാം." (ഉത്തമഗീതം 18: 14)

എന്തിനു ഞാന്‍ ഓടിപ്പോകണം? നിരവധി അപകടങ്ങഠം നാനാഭാഗത്തുനിന്നും നിന്നെ കെട്ടിവലിക്കുകയും സംസാരസംബന്ധികഠം അതില്‍ വീണുപോകയും ചെയ്യേക്കാമെന്നതുകൊണ്ടു്.

ദൈവസേവനത്തിനു തന്നെത്താന്‍ പ്രതിഷ്ഠിക്കുന്നവര്‍ ഏകാന്തതയേയും പ്രാര്‍ത്ഥനയേയും അദ്ധ്യയനത്തേയും അഭ്യാ

www.malankaralibrary.com



നത്തേയും സ്നേഹിക്കണം. ഉപകാരപ്രദങ്ങളായ പ്രവൎത്തനങ്ങളാൽ തിന്മയുടെ ആക്രമണത്തിൽനിന്നും ആത്മാവിനെ നേടാം. ഫലപ്രദമായും അന്യൎക്കു മാതൃകയായും സമയം ചെലവഴിക്കാം.

ലോകത്തെ സ്നേഹിക്കുകയും അതിൽ മനഃപൂൎവ്വം അടിഞ്ഞു കിടക്കുകയും ചെയ്യുന്നവൻ വിരളമായേ സ്വാത്മത്തെ കറപ്പെടാതെ സംരക്ഷിക്കുന്നുള്ളു. പലപ്പോഴും പുറമേക്കു പുറപ്പെട്ടതിലും ഭക്തി കുറഞ്ഞവനായിട്ടേ ആ സമാധാനസ്ഥാനത്തു് പ്രത്യാഗമിക്കുന്നുള്ളു.

ഭക്തിയും ക്രമവുമുള്ള ഭാഷണം ആരേയും പ്രീണിപ്പിക്കും. പരുഷവും ബഹുമാനഹീനവുമായ സംസാരമോ സ്നേഹിതരെ മുറിപ്പെടുത്തുന്നതാകുന്നു.

സുകൃതത്തെ സ്നേഹിക്കുന്നവൻ സത്യം സംസാരിക്കുന്നു. വ്യാജം പറയുന്നവനോ തന്റെ അയല്ക്കാരനെ വഞ്ചിക്കുകയും സ്വയം നിന്ദിതനാകയും ചെയ്യുന്നു.

തന്റെ നല്ല പ്രവൎത്തികൾപോലും പ്രകീൎത്തിക്കപ്പെടാൻ യഥാൎത്ഥ വിനയമുള്ളവൻ ആഗ്രഹിക്കുന്നില്ല. ചെയ്ത സകല നന്മയും ദൈവത്തിന്റേതായും തിന്മയെല്ലാം സ്വന്തമായും അവൻ സമ്മതിച്ചുപറയും. അസത്യവാദി ക്രീസ്തുവിനെ അവന്റെ ഹൃദയത്തിൽനിന്നും ഓടിക്കുന്നു. മതത്തിലെ ദിവ്യരഹസ്യങ്ങളുടെ ആഴമളക്കാൻ ശ്രമിക്കുന്നവൻ തെററിലുൾപ്പെടുകയും അബദ്ധത്തിൽ നിപതിക്കുകയും ചെയ്യുന്നു. തെളിവായും അവക്രമമായും സംസാരിക്കുന്നവനെ ബഹുജനങ്ങൾ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യും.

2. ഒരേ ദൈവത്തിന്റെ സൃഷ്ടികളാകയാൽ നാമെല്ലാവരും സഹോദരങ്ങളാണു്. തെററുചെയ്ത പിതാവിൽനിന്നും ജനിക്കയാൽ എല്ലാവരും പാപികളുമാണു്. ക്രിസ്തുവിന്റെ കൃപയാൽ ഒരേ വിശ്വാസത്തിലേക്കു നാം വിളിക്കപ്പെട്ടിരിക്കുന്നു. ഒരേ മാമ്മോദീസായാൽ നാം വീണ്ടും ജനിക്കപ്പെട്ടു. ക്രിസ്തുവിൽ നാമെല്ലാവരും ഏകശരീരമാകുന്നു. ആകയാൽ തന്റെ അടുത്തവനെ യാതൊരു പ്രകാരത്തിലും നിന്ദിക്കുകയോ അപമാനിക്കുകയൊ വേദനിപ്പിക്കുകയോ അരുതു്. നമ്മുടെ ആവശ്യങ്ങളിൽ മററുള്ളവർ എപ്രകാരം നമ്മോടു ചെയ്യണമെന്നു് നാം

www.malankaralibrary.com



ആഗ്രഹിക്കുന്നുവോ അപ്രകാരം കഴിവുപോലെ അവരെ സഹായിക്കുകയും ഉപദേശിക്കുകയും ചെയ്യുക.

സദോപദേശത്താൽ അസ്ഥിരനെ വിശ്വാസത്തിൽ ഉറപ്പിക്കുന്നവൻ സ്വർഗ്ഗീയാഹാരംകൊണ്ടു് രോഗിയെ പോഷിപ്പിക്കുന്നു.

വേദന അനുഭവിക്കുന്നവനെ ആശ്വാസിപ്പിക്കുന്നവൻ, ദാഹപരവശന്ന ജീവപാനീയം നൽകുന്നു.

വിനയവചനങ്ങളാൽ സഹോദരന്റെ കോപത്തെ ശമിപ്പിക്കുന്നവൻ അവന്റെ നാവിനെ മധുകൊണ്ടു ലേപനം ചെയ്യുന്നു. കടിക്കുന്ന പട്ടിയെ തടയുന്നതുപോലെ, നാവിനെ കടിഞ്ഞാണിട്ടു സൂക്ഷിക്കുന്നവൻ തന്റെ സഹോദരന്മാരുടെ മദ്ധ്യേ സമാധാനം കൈവളത്തുന്നു.

മററുള്ളവരേക്കാൾ ശ്രേഷ്ഠനെന്നു മതിക്കപ്പെടാൻ കാംക്ഷിക്കുന്നവൻ അല്പനെന്നും അസമാധാനഹേതുകനെന്നും സ്വയം പ്രഖ്യാപിക്കുകയാകുന്നു.

എല്ലാററിലും വിനയം കാക്കുന്നവൻ കൂടുതൽ കൃപയും ബഹുമാനവും സ്വീകരിക്കുന്നതിന്നു അർഹൻതന്നെ.

ഭക്തനും എളിയവനും പ്രാർത്ഥനയാൽ പൈശാചിക കെണികളെ പൊട്ടിച്ചു രക്ഷപെടുന്നു. അഹങ്കാരിയോ വ്യർത്ഥാഭിമാനത്താൽ നീതനായി അവന്റെ കെണിയിൽ വീണുനശിക്കുന്നു.

ഇതിൽനിന്നും നല്ലവനായ ഈശോ നമ്മെ കാത്തുകൊള്ളുകയും സ്വർഗ്ഗത്തിലേ നിത്യാനന്ദം നമുക്കു നൽകുകയും ചെയ്യട്ടെ ആമ്മേൻ.

www.malankaralibrary.com

# അദ്ധ്യായം 24

## ബുദ്ധിപൂർവ്വം സംസാരിക്കുക. ഔദാര്യപൂർവ്വം വർത്തിക്കുക.

"വൈദ്യാ, നീ നിന്നെത്തന്നെ സുഖപ്പെടുത്തുക." (ലൂക്കാ 4: 23.)

നിൻെറ അയല്ക്കാരനെ മാടിവിളിക്കുന്നതിനും അവനോടു സംസാരിക്കുന്നതിനും മുന്നമേ ഈ വചനങ്ങളെ ഓർമ്മയിൽ വരുത്തുക. അന്യായമായോ, അവിവേകമായോ അവനെ തിരുത്തുന്നതിൽ, അവൻേറതിനേക്കാൾ വലിയ തെററ് നീ ചെയ്യാതിരിക്കുന്നതിന്.

താൻ ആരെ ഗുണദോഷിക്കുന്നതിനു ആഗ്രഹിക്കുന്നുവോ അവൻെറ സ്വഭാവത്തേയും പ്രകൃതിയേയും കുറിച്ച് സമജ്ജസമായി പഠിക്കുന്നതിനു ബുദ്ധിമാൻ തരമന്വേഷിക്കുന്നു. അല്ലെങ്കിൽ, ഒരുപക്ഷെ, പൊറുക്കാൻ ചെയ്യുന്നത് മരിക്കാനിടയാക്കിയേക്കും.

വിലയേറിയ പരിമള വർഗ്ഗങ്ങൾ നിറച്ച സുവർണ്ണനിർമ്മിതമായ ഒരുപാത്രംപോലെ വിവേകിയുടെ അധരം ബഹുമാനാർഹമാകുന്നു.

നിൻെറ വചനവിശുദ്ധിയും പ്രവർത്തിയുടെ ചിട്ടയും ലൗകികരെ വിജ്ഞരാക്കുന്നതിനും മന്ദോഷ്ണരെ ചൂടുപിടിപ്പിക്കുന്നതിനും തിരസ്കൃതരെ തിരിച്ചു വിളിക്കുന്നതിനും പതറിയ ഹൃദയത്തിനു അനുതാപം നൽകുന്നതിനും അറിവില്ലാത്തവരെ പഠിപ്പിക്കുന്നതിനും ഭക്തരെ കൂടുതൽ ഉജ്ജ്വലിപ്പിക്കുന്നതിനും ഇടയാക്കട്ടെ. നല്ലവരുടെ സുമാതൃക ലോകമോഹങ്ങളെ വെടിയുന്നതിനു മതിയായ പ്രേരകമാകുന്നു. അതു് ജീവിതത്തെ നവീകരിക്കുന്നതിനു ലൗകികവിജ്ഞാനത്തെക്കാൾ ശക്തിയേറിയതാകുന്നു.

2. അന്യരെ ഉപദേശിക്കുവാനോ ഗുണദോഷിക്കാനോ ഉള്ള ആഗ്രഹം, കഴിവിൻേറയോ സുകൃതത്തിൻേറയോ ഒരു തെളിവായി ഗണിച്ചുകൂടാ. തന്നെത്താൻ ഭരിക്കുന്നതും കൃതജ്ഞതയോടെ തിരുത്തലുകൾ സ്വീകരിക്കുന്നതും ഹൃദയത്തെ സംസ്കൂ

www.malankaralibrary.com



രിക്കുന്നതിനു് ശുഷ്കാന്തിയോടെ പ്രയത്നിക്കുന്നതും ദൈവത്തിന്റേയും മനുഷ്യരുടേയും മുമ്പിൽ പരിജ്ഞാനമായി ഗണിക്കപ്പെടും.

സംശയാധീനമായ കാര്യങ്ങൾക്കു അനുകൂലമായൊരു വ്യാഖ്യാനം നല്കുവാൻ തുനിയുക. അറിഞ്ഞുകൂടാത്തതിനേക്കുറിച്ചു ഖണ്ഡിതമായി ഒന്നും പറയരുതു്. പ്രത്യക്ഷമായ സകല തിന്മയും തടയുക; ഇടർച്ചയെ ഒഴിച്ചുവിടുക; സഹോദരന്മാരുടെ തെററുകുററങ്ങൾ ക്ഷമയോടെ സഹിക്കുക. നിനക്കു തിരുത്താൻ പാടില്ലാത്തവ ദൈവത്തെ ഭരമേല്പിക്കുക.

ഇതുവരെയും ദൈവം നിന്നോടു ക്ഷമിച്ചെന്നും ഇന്നും ധാരാളം ബലഹീനതകൾ നിന്നോടു ചെറുക്കുന്നുവെന്നും ഓർക്കുക. എങ്കിലും നീ അവക്കു പരിഹാരം ചെയ്യുന്നില്ല. പലപ്പോഴും നീ വിചാരിക്കുന്നുണ്ടു്, പറയുന്നുമുണ്ടു്; 'നീ ആഗ്രഹിക്കുന്നു അവക്കു പരിഹാരം ചെയ്യുവാനെന്നു്.'

എന്നാൽ, ഇന്നും തന്റെ കരുണ, തപസ്സിലേക്കു് നിന്നെ നയിക്കുന്നതിനും നിന്റെ ബലഹീനതകൾ നിന്നെ ബോദ്ധ്യപ്പെടുത്തുന്നതിനും കാത്തിരിക്കുന്നു. വിനയപൂർവ്വം നീ മാപ്പപേക്ഷിക്കുന്നതിനും നിന്റെ സ്നേഹിതനെ നിർദ്ദയം വിധിക്കാതിരിക്കുന്നതിനും ഇതു് നിനക്കു സഹായകമാകും.

വളരെക്കാര്യങ്ങളിൽ ദൈവം നിന്നോടു കരുണ കാണിക്കുന്നെങ്കിൽ അല്പകാര്യങ്ങളിൽ നിന്റെ സമീപസ്ഥനോടു് നിനക്കും അങ്ങിനെ ചെയ്യരുതോ.

വളരെ സംസാരിക്കുന്നതു് ആത്മികപതർച്ചക്കു കാരണമായേക്കാമെന്നു കരുതി ഭക്തനും വിനീതനും അല്പമായേ സംസാരിക്കുന്നുള്ളൂ.

അഹങ്കാരി ധാർഷ്ട്യത്തോടെ സംസാരിക്കുന്നു. പരിതണിക്കാരൻ താൻ ഗുണദോഷിക്കുന്നവരുടെ ആത്മാക്കളിൽ അസുഖം ജനിപ്പിക്കുന്നു; സ്വയം തിരുത്തലിനു അധീനനാകേണ്ടിവരുമ്പോൾ അവൻ നിരസ്സപ്പെടുന്നതുപോലെ, ശാന്തശീലന്മാർ ക്ഷമയോടെ സഹിക്കുകയും മററുള്ളവരെ സത്പാതയിലേക്കു നയിക്കുകയും ചെയ്യുന്നു. ശകാരത്തേക്കാൾ അഭ്യർത്ഥനയാണവർ ചെയ്യുക. അവരുടെ ബലഹീനതകളിൽ സഹതപിക്കുകയും ഒരുത്തമ സ്നേഹിതനെന്നു് അവർക്കു കാട്ടുകയും ചെയ്യുന്നു.

www.malankaralibrary.com



പ്രഥമ സ്ഥാനിയാവൻ പരിശ്രമിക്കുന്നവൻ പലവിധ അനർത്ഥങ്ങളും വരുത്തിവയ്ക്കുകയും, സ്വയം അപമാനിതനാകയും ചെയ്യുന്നു.

വ്യർത്ഥാഭിമാനി ദീർഘമൌനം കാക്കുന്നതിനു ശക്തനല്ല. താണതും വിധേയത്വം നിറഞ്ഞതുമായ പ്രവൃത്തികൾ ചെയ്യുന്നതിൽ അവൻ ലജ്ജിക്കുന്നു. അവസാനപീഠത്തിൽ ഇരിക്കുവാൻ അവനു കഴിയുന്നില്ല. എന്നാലും, ഈ ലോകത്തിൽ മററുള്ളവർക്കു് കീഴ്പ്പെട്ടിരിക്കുന്നതുപോലെയോ എല്ലാററിലും വിധേയത്വം പരിശീലിക്കുന്നതുപോലെയോ സ്വേച്ഛയാ മററുള്ളവർക്കു് ദാസ്യമനുഷ്ഠിക്കുന്നതുപോലെയോ ശ്രേഷ്ഠമായ ബഹുമാനം മറെറാന്നില്ല. ക്രിസ്തുതന്നെ പറയുന്നു: "പരികർമ്മം ചെയ്യുന്നതിനായി ഞാൻ നിങ്ങളുടെ മദ്ധ്യേ ഇരിക്കുന്നു" (ലൂക്കാ. 22: 27.)

ആകയാൽ, യുവാവേ, പ്രായമുള്ളവരോടു സംസാരിക്കുമ്പോൾ വിഷമത നേരിടാതിരിപ്പാൻ മൌനം കാത്തുകൊൾക. വിഡ്ഢിത്തം എഴുന്നെള്ളിക്കാതിരിക്കുന്നതിനേക്കാൾ നല്ലതു് മൌനമായിരിക്കയല്ലേ?

4. മൌനത്തോടുകൂടി നീതീകരണം സ്വീകരിക്കുക ഒരു വലിയ കലയാകുന്നു. തക്കസമയത്തു് വേണ്ടവിധം സംസാരിക്കുക വിജ്ഞാനലക്ഷണമത്രേ. പണ്ഡിതന്മാരുടെ മദ്ധ്യേ ഉചിതവും മിതവും അല്ലാത്തതൊന്നും പറയാതിരിക്കുന്നതും ഉത്തമ ലക്ഷണംതന്നെ.

ഭോഷൻ സമയമോ ഉദ്ദേശ്യമോ ക്രമമോ ഒന്നും നോക്കുന്നില്ല സംസാരത്തിൽ. തൻമൂലം അവിവേകമായ അവൻെറ സംഭാഷണം വരുത്തിവെയ്ക്കുന്ന അപമാനവും ഖേദവും അവൻ സഹിച്ചേ മതിയാവൂ.

സാഹസികനും ആലോചനകൂടാതെ സംസാരിക്കുന്നവനുമായ യുവാവു് ത്തുക്കനെയുള്ള പാറയുടെ വക്കിൽ ശ്രദ്ധയില്ലാതെ നിൽക്കുന്ന ഭോഷനാകുന്നു. താല്പര്യത്തോടെ ഗുണദോഷങ്ങൾ ശ്രവിക്കുകയും മൌനപൂർവ്വം സ്വീകരിക്കുകയും അനുസരണയോടെ വർത്തിക്കുകയും ചെയ്താൽ അവൻ സുകൃതത്തിൽ അഭിവൃദ്ധി പ്രാപിക്കുമെന്നു് ആശിക്കാൻ വകയുണ്ടു്. ഒരു ദിവസം താഴ്വരയിലെ താമരക്കു തുല്യം അവൻ പ്രശോഭിതനാകയും ചെയ്യും.

www.malankaralibrary.com



പരിപക്വമതികളുടെ വിജ്ഞാനപ്രദങ്ങളായ ഉപദേശങ്ങളെ നിരാകരിക്കുകയും ദൈവഹിതത്തിനു വിരോധമായി സ്വാഭിപ്രായത്തെ മുറുകെപ്പിടിക്കുകയും ചെയ്യുന്നവന്റെ തണ്ടു് വളരെ കൂടിയതുതന്നെ.

സാധാരണക്കാരനു് അവന്റെ വാക്കുകളും പ്രവൃത്തികളും അതിർത്തിയിട്ടു ക്രമപ്പെടുത്തി, അങ്ങനെ അവന്റെ ആത്മാവിനെ പരിരക്ഷിക്കുക വിഷമമാകകൊണ്ടാണു് ഒരു സന്യാസി ഏകാന്തതയെ സ്നേഹിക്കുകയും മൗനവും ധ്യാനവും അന്വേഷിക്കുകയും ചെയ്യുന്നതു്. അങ്ങിനെ ലോകബഹളങ്ങളെ പരിവർജ്ജിച്ചു പ്രാർത്ഥനയ്ക്കു സമയവും സൗകര്യവും കണ്ടെത്തും.

# അദ്ധ്യായം 25

## അനിശ്ചിതമായ മരണം

"ഉണർന്നു കാത്തിരിപ്പിൻ; എന്തെന്നാൽ, ദിവസമോ സമയമോ നിങ്ങൾക്കറിഞ്ഞുകൂടാ" (മത്താ. 25: 13.)

സന്തോഷവും സന്താപവും, ബഹുമാനവും അപമാനവും അവസാനിക്കുന്ന ആ അന്ത്യവിനാഴികയെക്കുറിച്ചു് അനുധ്യാനം ചെയ്യുന്ന ആത്മാവു് അനുഗൃഹീതമാകുന്നു.

വിലോഭനീയവും ഉന്നതവുമായ ഈ ലോകമഹത്വത്തെ നിഷേധിച്ചുകൊണ്ടു് ദൈവത്തിൻ പക്കലേക്കു് നടന്നുചെല്ലുന്ന സാധുവായ തീർത്ഥകൻ സന്തുഷ്ടനായിരിക്കും. ആ അന്ത്യസമയത്തു്, കൊട്ടാരവും പട്ടണവും ഗ്രാമങ്ങളും, വെള്ളികൊണ്ടും സ്വർണ്ണംകൊണ്ടും നിർമ്മിതങ്ങളായ മനോഹര പാത്രങ്ങളും, മധുരതരങ്ങളായ ഭക്ഷ്യപദാർത്ഥങ്ങളും പരിമളം പരത്തുന്ന വീഞ്ഞു നിറച്ച എല്ലാ പാനപാത്രങ്ങളും, സകലവും നശിക്കും. അന്നു വീണയോ മദ്ദളമോ കാഹളമോ തംബുരുമോ ഒന്നും കേൾക്കയില്ല.

അന്നു വിനോദങ്ങളോ ആനന്ദങ്ങളോ നൃത്തങ്ങളോ അട്ടഹാസങ്ങളോ സംഗീതങ്ങളോ പൊട്ടിച്ചിരികളോ കേൾക്കയില്ല.

www.malankaralibrary.com



തെരുവീഥികളിൽ, കുടിച്ചാടിക്കുഴയുന്നവന്റെ സ്വരമോ പണ്യശാലകളിലെ നർമ്മഭാഷണമോ കേട്ടെന്നു വരികില്ല. ലോകം മുഴുവനും ദൈവസന്നിധിയിൽ വിറക്കുകയും സകല ഹൃദയങ്ങളും ഉണങ്ങിവരണ്ടുപോകയും ചെയ്യും ആ സമയത്ത്.

അനുദിനം ഇവയെ സ്മരിക്കുകയും കണ്ണീരിനാൽ, അനുഗ്രഹീതർക്കു ലഭിക്കാനുള്ള നിത്യാനന്ദത്തിനു തന്നെത്താൻ തയ്യാറാകുകയും ചെയ്യുന്നവൻ ധന്യൻ!

2. വിഷയസുഖങ്ങളിലേക്കു വശീകരിക്കാവുന്ന ഇഹലോക വഞ്ചനകളേയും കെണികളേയും മനഃപൂർവ്വം വേർപെടുത്തുന്നവൻ ധന്യനാകുന്നു. ക്രിസ്തുവിനോടുകൂടി സ്വർഗ്ഗത്തിൽ ആയിരിക്കുന്നതിനു, ഈ വിദേശവാസകാലത്ത് പ്രലപിക്കുകയും നെടുവീർപ്പിടുകയും മരണത്തെ കാംക്ഷിക്കുകയും ചെയ്യുന്ന തീർത്ഥകനും ധന്യനാകുന്നു. ലോകത്തേയും പാപത്തിനു പ്രേരകമാകാവുന്ന അതിലുള്ള സകലത്തേയും ഉപേക്ഷിക്കുന്നവനും, ഏലിയായെപ്പോലെ മരുഭൂമിയിലെ തന്റെ ആശ്രമത്തിലേക്കു പറന്നു പോകുന്നവനും ധന്യനാകുന്നു. അശ്രദ്ധയായ ആത്മാവിനെ നരകത്തിലേക്കു വലിച്ചു ചാടിക്കാവുന്ന അസംഖ്യങ്ങളായ അപകടമേഖലകളിൽനിന്നും.

രാപകൽ പ്രലോഭനങ്ങളെ സൂക്ഷിച്ചു നേരിടുന്നവൻ ഉത്തമൻ തന്നെ. പ്രവാചകനായ ഏലിയായെപ്പോലെ അവൻ വിളിച്ചു പറയുന്നു: "എനിക്കു മതിയായി. കർത്താവേ, എന്റെ ആത്മാവിനെയങ്ങ് സ്വീകരിക്കുക." (3. രാജാ. 19: 4.) തിന്മയ്ക്ക് സാക്ഷിയായി അനവധിയാപത്തുകളാൽ വലയം ചെയ്യപ്പെട്ട ഈ ലോകത്തിൽ ജീവിക്കുന്നതിനേക്കാൾ, എന്റെ ഹൃദയം പ്രത്യാശാപൂർണ്ണമായിരിക്കുമ്പോൾ പ്രസാദവര നിറവോടെ മരിക്കുക എനിക്കു നല്ലതാകുന്നു. ശരീരവും ആത്മാവും യോജിച്ചിരിക്കുന്നിടത്തോളവും ഭൂമി പുറപ്പെടുത്തുന്നവയാൽ ശരീരം പോഷിപ്പിക്കുന്നിടത്തോളവും സകല തിന്മയിൽനിന്നും ഒഴിഞ്ഞിരിക്കുക മനുഷ്യനു പ്രയാസം. അവൻ പ്രലോഭനങ്ങൾക്കതീതനോ വീഴുകയില്ല എന്നു തീർത്തു പറയപ്പെടാവുന്ന സ്ഥിതിയിലോ അല്ല.

നാളെ ഞാൻ എവിടെ ആയിരിക്കും എന്നറിഞ്ഞുകൂടാത്ത മനുഷ്യൻ, ഇവിടെ അനേകനാൾ ജീവിച്ചിരുന്നു പല കാര്യ

www.malankaralibrary.com


ങ്ങൾ ചെയ്യതീക്കണമെന്നാഗ്രഹിക്കുന്നെങ്കിൽ അതു് ഭോഷത്തവും ബുദ്ധിഹീനതയുമാകുന്നു.

3. ധനികനും ശക്തനും നിരവധി സന്തോഷങ്ങളിൽ നിറഞ്ഞവനുമായ മനുഷ്യാ, നീ മരിച്ച് മണ്ണിനടിയിലാകുമ്പോൾ നിനക്കെന്തു സംഭവിക്കുമെന്നറിയാമോ? നിനക്കുണ്ടായിരുന്ന സമ്പാദ്യങ്ങൾകൊണ്ടെല്ലാം നിനക്കെന്തുപകാരം?

ഇന്നു ഒരു രാജാവു് ജീവിക്കുന്നു. ഭരിക്കുന്നു. നാളെ നീ ഉണ്ടായിരിക്കയില്ല. നിൻെറ ശബ്ദം ഒരുവനും കേൾക്കയുമില്ല.

കിന്നരി വച്ച വിലയേറിയ വസ്ത്രങ്ങളും ധരിച്ച് സിംഹാസനത്തിൽ നീ ഉപവിഷ്ടനായിരിക്കുന്നു ഇപ്പോൾ. നാളെയോ? നീ കല്ലറയിൽ സംസ്കരിക്കപ്പെടും. പിന്നീടു നിന്നെയാരും കാണുകയുമില്ല.

ഇന്നു അനേകായിരങ്ങൾ നിൻെറ പാദത്തിങ്കൽ നമസ്കരിച്ച് നിന്നെ ബഹുമാനിക്കുന്നു; നാളെമുതൽ ആരും നിന്നെ ശ്രദ്ധിക്കുകയില്ല.

ഇന്നു നീ എല്ലാവരിലും ശ്രേഷ്ഠനാകുന്നു; നാളെ സമ്പാദ്യങ്ങളോ ബഹുമാനങ്ങളോ പട്ടണങ്ങളോ കൊട്ടാരങ്ങളോ നിനക്കുണ്ടായിരിക്കയില്ല.

ഇന്നു നീ എല്ലാവരിലും അതിസുന്ദരൻ, രാജാക്കളുടെ മദ്ധ്യേ എണ്ണപ്പെട്ടവൻ; നാളെയോ നീ കൃമികൾക്കാഹാരം. മൂക്കിനു അസഹ്യമായ ദുർഗന്ധവും.

നഗ്നനായി നീ ലോകത്തിലേക്കു വന്നതുപോലെ കബറിലേക്കു നീ വഹിക്കപ്പെടും. ഇഹലോകമോഹങ്ങളുടേയും സകല ആനന്ദാനുഭവങ്ങളുടേയും അന്ത്യം ക്ഷണത്തിൽ വന്നുചേരുന്നു. മരണവും ദുഃഖവും, പ്രലാപവും ഭീതിയുമാകുന്നു നമ്മുടെ ഓഹരി.

നമ്മുടെ പിതാവായ മാർപ്പാപ്പാ കാലം ചെയ്യുന്നു; കർദ്ദിനാളന്മാരും മററുള്ളവർ ആ സ്ഥാനം സ്വീകരിക്കുന്നു; അതേ ക്രമത്തിൽ മരിക്കുന്നതിനു്.

ഒരുവനും മരണത്തെക്കുറിച്ച് നിശ്ചയമില്ല. മരിക്കാതിരിക്കുന്നതിനു് പരിശുദ്ധ മാർപ്പാപ്പായിൽനിന്നും ഒരു വരം പ്രാപിക്കുന്നതിനും ആർക്കും കഴികയില്ല. ഒരിക്കലും നിഷേധിക്കപ്പെടുകയില്ലാത്ത ഒരു പ്രത്യേകത കൈവശപ്പെടുത്താനും സാദ്ധ്യമല്ല.

www.malankaralibrary.com



പരിഗണനകളും സംസ്ഥാനങ്ങളും ലഭിച്ചതിനുശേഷം, പലപ്പോഴും അറിയാത്ത അവസരത്തിൽ മരണം പിടികൂടുന്നു. അങ്ങിനെ എല്ലാം നശിക്കുന്നു. അപേക്ഷിക്കാൻ പോയപോലെ സാധുവും നഗ്നനമായി തിരിച്ചുപോരുന്നു.

4. ദീർഘകാലം ജീവിച്ച പലരുടേയും ചരിത്രം നമുക്കറിയാം. "ഇന്നയിന്ന പ്രകാരമുള്ള ഒരാൾ ജീവിച്ചിരുന്നു" എന്നു പലരെക്കുറിച്ചും നാം വായിക്കുന്നു. ഒടുവിലോ "എന്നിട്ട് അയാൾ മരിച്ചു" എന്ന്. "ഒരിക്കലും തിരിച്ചുവരാത്ത നദീജലംപോലെ നാമേവരും മരിക്കും." (2 രാജാ. 14: 14) എതിൽ നിന്നു നാം നിർമ്മിക്കപ്പെട്ടുവോ ആ പൊടിയിലേക്കു പിന്തിരിയും.

തന്റെ പാദങ്ങളെ പിന്തിരിഞ്ഞു നോക്കാത്ത ഒരു യാത്രികനും, ഒരു സുപ്രഭാതത്തിൽ ശോഭ മങ്ങുന്നതും അല്പനിമിഷം നിന്നിട്ടു പെട്ടെന്നു കടന്നുപോകുന്നതുമായ ഒരു കാററുമല്ലാതെ എന്താകുന്നു ജീവിതം?

നിമിഷനേരംകൊണ്ട് മിന്നൽപ്രഭ മങ്ങി മറയുന്നതുപോലെ ആയുസ്സ് കടന്നുപോകുന്നു. അതോടുകൂടി ഇഹലോകവും.

നിന്റെ ജീവിതത്തിലെ നാഴികകളും ദിവസങ്ങളും മാസങ്ങളും സംവത്സരങ്ങളും എങ്ങോട്ടു പോയി മറഞ്ഞുവെന്ന് പറയാമോ?

നിഴൽപോലെ നിന്റെ ദിവസങ്ങൾ കടന്നുപോയി. ചിലന്തിവലപോലെ നിന്റെ സംവത്സരങ്ങളും. കാററടിക്കുന്നു, ഇതിനെതിരായി അവയുടെ പ്രവൃത്തികൾ നില്ക്കുന്നതുമില്ല.

നിലനില്ക്കുന്നതായി ഒന്നുമില്ല. ആദാമിനേയും അവന്റെ സന്തതികളേയും കരുപ്പിടിച്ച ഈ ഭൂമിയിൽ നിത്യമായി നില്ക്കുന്നതുമൊന്നുമില്ല.

5. മഹത്വവും സൗന്ദര്യവും സന്തോഷവും, ഇഹലോകത്തുള്ളവയെല്ലാം, മായയും ചഞ്ചലവും ആകുന്നു.

ഇവയുടെ ആകർഷണം നിന്നെ വശീകരിക്കുകയോ നിരസനം നിന്നെ ഭീതിപ്പെടുത്തുകയോ ചെയ്യാതിരിക്കട്ടെ.

നിറത്തിന്റെ ശോഭ മരണത്തോടെ കെട്ടുപോകുന്നു. വിലയേറിയ മുത്തുകളും രത്നങ്ങളും പതിച്ച സ്വർണ്ണാഭരണങ്ങൾകൊ

www.malankaralibrary.com



ങ്ങലംകരിച്ച ശരീരം അന്ധകാരപൂൎണ്ണമായ ശവക്കല്ലറയിൽ വിലയില്ലാത്തതായി കിടക്കുന്നു.

നിന്റെ എല്ലാ പ്രവൎത്തികളിലും, അവ എന്തുതന്നെ ആയിക്കൊള്ളട്ടെ, എവിടെയെല്ലാം പോകുമോ എങ്ങോട്ടെല്ലാം സഞ്ചരിക്കുമോ അപ്പോഴെല്ലാം ജീവിതാന്ത്യത്തെക്കുറിച്ച് ചിന്തയുള്ളവനായിരിക്കുക. നീ അറിയാത്ത സമയം വന്നുചേരുന്ന ആ അവസാന വിനാഴികയെക്കുറിച്ചുതന്നെ. "മരിച്ച് ക്രിസ്തുവിനോടുകൂടെ ആയിരിക്കുന്നതു് എല്ലാററിലും നല്ലതെന്നു" കരുതിയ (ഫിലി: 2. 23) വി. പൗലോസിനെപ്പോലെ ചിന്തിക്കുന്നവൻ ധന്യനാകുന്നു. ഈലോകസാഗരത്തിൽ, കൊടുങ്കാററിൻ മദ്ധ്യേ, ദൈവത്തിനന്യനായി തീരാഭയത്തിൽ കഴിഞ്ഞുകൂടുന്നതിനേക്കാൾ എത്രയോ ശ്രേഷ്ഠമാകുന്നു, മരിച്ച് കൎത്താവിനോടുകൂടി ആയിരിക്കുക.

നിന്റെ ആത്മാവിൽ എല്ലായ്പോഴും ഈശോയെ നീ സംവഹിക്കുന്നെങ്കിൽ, ആത്മാൎത്ഥമായി നീ അങ്ങേ സ്നേഹിക്കുന്നെങ്കിൽ, നിത്യവും അങ്ങയോടു നീ പ്രാൎത്ഥിക്കുന്നെങ്കിൽ നിനക്കങ്ങയിൽ പൂൎണ്ണമായി ശരണപ്പെടാം. അങ്ങയുടെ രാജ്യത്തിൽ എത്തുകയും ചെയ്യാം. താൻ പറഞ്ഞിരിക്കുന്നു: "ഞാനെവിടെയോ അവിടെ എന്റെ ശുശ്രൂഷകരും" എന്നു്. (യോഹ. 12: 26)

"നല്ലവനും വിശ്വസ്തനുമായ ദാസാ, നീ നന്നായി ചെയ്തിരിക്കുന്നു. അല്പത്തിൽ നീ വിശ്വസ്തനായിരുന്നതുകൊണ്ടു് അധികത്തിൽ ഞാൻ നിന്നെ അധികാരിയാക്കും. നിന്റെ യജമാനന്റെ ആനന്ദത്തിലേക്കു പ്രവേശിക്കുക" (മത്താ. 25: 21) എന്നു അന്ത്യസമയത്തു കേൾക്കാൻ അർഹനാകുന്ന ഭൃത്യൻ അനുഗ്രഹീതനാകുന്നു.

MALANKARA
LIBRARY

www.malankaralibrary.com

# അദ്ധ്യായം 26

## നിത്യമഹത്വം.

"എന്റെ ആത്മാവേ, ദൈവത്തെ സ്തുതിക്കുക. തന്നിൽനിന്നു സകല നന്മയും ഉത്ഭവിക്കുന്നു. അവ എന്നേക്കും നിലനില്ക്കുകയും ചെയ്യുന്നു." (സങ്കീ. 145: 2)

സകല നന്മയുടേയും ആരംഭവും അവസാനവും ദൈവത്തിലാകുന്നു. അത്യഗാധമായ കൃതജ്ഞതമൂലം നീ അങ്ങേ സ്തുതിക്കണം. നിത്യജീവന്റെ ഉറവയിങ്കലേക്കും പ്രേമത്തിന്റെ നിത്യത്വത്തിലേക്കും നീ ചെന്നെത്തുംവരെ പുതിയ സ്വർഗ്ഗീയ വരങ്ങൾ ആറുപോലെ നിന്നിലേക്കു ചൊരിയുന്നതിനും നിനക്കവ വർദ്ധിക്കുന്നതിനും തന്റെ ദിവ്യസന്നിധിയിൽ ആയിരിക്കുന്നതിനും മഹത്വത്തെ നേരിട്ടു ദർശിക്കുന്നതിനും നീ അങ്ങേ സ്തുതിക്കണം.

തീക്ഷ്ണതയോടെ ദൈവത്തെ സ്നേഹിക്കുന്നതിലും അളവുകൂടാതെതന്നെ സ്തുതിക്കുന്നതിലും ഉപരിയായി നന്മയോ രക്ഷാകരമോ മാധുര്യപ്രദമോ സന്തുഷ്ടിദായകമോ വിലയുററതോ ഉന്നതമോ പരിപൂർണ്ണമോ ആനുകൂല്യമോ അനുഗ്രഹപ്രദമോ ആയി മറെറാന്നുമില്ല. ഇതു് ഒരു ആറ പ്രാവശ്യമല്ല, ആയിരം പ്രാവശ്യം ഞാൻ ആവർത്തിച്ചു പറയുന്നു. നിന്റെ സ്രഷ്ടാവും രക്ഷകനുമായ ദൈവത്തെ പൂർണ്ണഹൃദയത്തോടും പൂർണ്ണ ആത്മാവോടും പൂർണ്ണ ശക്തിയോടും സ്നേഹിക്കുന്നതും സ്തുതിക്കുന്നതുംപോലെ ശ്രേഷ്ഠമായ പഠിത്തമോ ഉത്തമമായ ഉദ്യോഗമോ വേറൊന്നുമില്ല.

നീ ജീവിച്ചിരിക്കുമ്പോൾ, നിനക്കു ബുദ്ധിയും ശക്തിയുമുള്ളപ്പോൾ അതു ചെയ്യുക. രാവും പകലും, പ്രഭാതത്തിലും പ്രദോഷത്തിലും, ജീവിതത്തിന്റെ സകല നാഴികകളിലും നിന്റെ പ്രധാന ലക്ഷ്യം ദൈവത്തെ സ്തുതിക്കുക, സ്നേഹിക്കുക എന്നതായിരിക്കട്ടെ.

2. പരിപൂർണ്ണമായും പരിശുദ്ധമായും നീ നിന്നെത്തന്നെ ദൈവത്തിനു സമർപ്പിക്കുക. നിന്റെ അറിവും ശക്തിയും അനുവദിക്കുംപോലെ ദൈവത്തോടു പററിച്ചേരുക. പ്രഥമവും പ്ര

www.malankaralibrary.com



ധ്യാനവുമായി സകല പ്രകാരേണയും ദൈവത്തെ സ്നേഹിക്കുക, സ്തുതിക്കുക, ബാഹ്യമായും കൊണ്ടാടുക. അങ്ങയിൽനിന്ന് അനുഭവിക്കുന്ന സന്തോഷത്തിന്നു അതിരുണ്ടാകയില്ല.

പരിശുദ്ധ ദൈവജനനി രക്ഷകനായ ഈശോയിൽ ആനന്ദിച്ചതുപോലെ വിശ്വസ്തയായ ആത്മാവേ, ദൈവത്തിൽ ആനന്ദിക്കുക.

നിന്നെ സൃഷ്ടിച്ചു പരിപാലിക്കുന്ന ദൈവത്തെ സ്തുതിച്ചാരാധിക്കുക. നിനക്കു ലഭിക്കുന്ന എണ്ണമററ സകല നന്മകളും അങ്ങയുടെ കാരുണ്യത്തിൽനിന്നാകുന്നു. നീ ഒരു മാലാഖ തന്നെ ആയിരുന്നുകൊള്ളട്ടെ എന്നാലും, നിൻെറ കൃതജ്ഞത ദൈവനന്മകൾക്കു തക്കവണ്ണമാകയില്ല.

ഒരു മർത്ത്യൻെറ കഴിവനുസരിച്ച് അങ്ങേ സ്നേഹിക്കുക, മഹത്വപ്പെടുത്തുക, ആരാധിക്കുക. എന്തെന്നാൽ, ഒരു മർത്ത്യനു ദൈവത്തെ കൂടാതിരിപ്പാൻ കഴിയുകയില്ല. അവൻ എപ്പോഴും ദൈവത്തെ അന്വേഷിച്ചും ദൈവത്തോട് അപേക്ഷിച്ചുമിരിക്കണം.

നീ പാപത്തിൽ വീണുപോയാലും ദൈവത്തെ സ്തുതിച്ച് കീർത്തിക്കുന്നതിൽ വിമുഖനാകരുത്. നിൻെറ അധർമ്മങ്ങൾ വർദ്ധിച്ചു പെരുകിയാലും നിരാശപ്പെടരുത്. എന്നാൽ, എളിമയോടും ഉജ്ജ്വലതയോടും പ്രാർത്ഥിക്കുക.

സ്നേഹിക്കുക; അപ്പോൾ നീയും സ്നേഹിക്കപ്പെടും. സ്നേഹം, ചെയ്തുപോയ സകല തിന്മകളിൽനിന്നും ആത്മാവിനെ ശുദ്ധീകരിക്കുന്നു; മുറിവുകളെ കഴുകി ഭേദപ്പെടുത്തുന്നു; ആത്മാവിനെ പ്രകാശിപ്പിക്കുന്നു; ഹൃദയത്തെ ചൂടു പിടിപ്പിക്കുന്നു; ദുഃഖത്തെ ദൂരീകരിക്കുന്നു; ഹൃദയസന്തോഷം സംജാതമാക്കുന്നു. ലോകം അറിഞ്ഞിട്ടില്ലാത്തതും മാംസവും രക്തവും ഗ്രഹിച്ചിട്ടില്ലാത്തതുമായ അവസ്ഥാവിശേഷം!!

ദൈവത്തെ പ്രകീർത്തിക്കുക: നീയും പ്രകീർത്തിതനാകും; വാഴ്ത്തുക, നീയും അനുഗ്രഹീതനാകും. തൻെറ നാമത്തെ പരിശുദ്ധമാക്കുക; അപ്പോൾ നീയും വിശുദ്ധനാകും; മഹത്വപ്പെടുത്തുക; അപ്പോൾ നിനക്കും ശ്രേഷ്ഠനാകാം. സ്തുതിക്കുക, അപ്പോൾ ശരീരത്തിലും ആത്മാവിലും നീയും സമുജ്ജ്വലനാകും.

www.malankaralibrary.com



3. ആത്മാവ്: ഇവയെല്ലാം എന്നു സംഭവിക്കും? അങ്ങേ വിശുദ്ധ ഗണത്തോടൊരുമിച്ച് അവിടത്തെ മഹിമാതിശയങ്ങളെ എന്നേക്കും പാടുവാൻ എന്റെ അധരങ്ങളെ അങ്ങ് എന്നാണു തുറക്കുക. മഹത്വത്തിൽ അങ്ങേ വിശുദ്ധരോടൊരുമിച്ച് എന്റെ ആത്മാവ് എന്നു സന്തോഷിക്കും; എന്റെ ഹൃദയം എന്ന് ആനന്ദപൂരിതമാകും?

കർത്താവ്: അല്പംകൂടി ക്ഷമിക്കുക. കാഹളം ധ്വനിക്കുമ്പോൾ അത്യത്ഭുതങ്ങൾ നീ കാണും. അപ്പോൾ എന്റെ വിശുദ്ധരുടെ വേദനകൾക്കും അദ്ധ്വാനങ്ങൾക്കും വിശ്രാന്തിയും നിത്യജീവനും പ്രതിഫലമായി ഞാൻ നൽകും. പിന്നെന്താണ് കൂടുതലായി നീ ആഗ്രഹിക്കുന്നതു്?

ആത്മാവ്: നാഥാ, മററു യാതൊന്നും ഞാൻ ആഗ്രഹിക്കുന്നില്ല. എന്റെ ദൈവമേ, അങ്ങുമാത്രം എനിക്കു മതി. അങ്ങേ സ്തുതിക്കുന്നവർക്കും സ്നേഹിക്കുന്നവർക്കും നിത്യജീവൻ നൽകുന്നുവല്ലൊ. നശ്വരവും കൊള്ളരുതാത്തതും ആയതിനു പകരം നന്മയും ധാരാളതയും അചിന്ത്യവും നിത്യവുമായവ അങ്ങു നൽകുന്നു.

കർത്താവ്: എങ്കിൽ നീ നിനക്കുള്ള സകലത്തേയും ദൈവത്തിനു സമർപ്പിക്കുക. ചെയ്യു സകലവും അങ്ങേക്കേല്പിക്കുക, നിന്റെ അറിവും ശക്തിയും എല്ലാം. എന്നാൽ, നീ ഇതുവരെ ആയിരുന്നതിനേക്കാൾ കൂടുതൽ ധനികനും പ്രീതിപാത്രവും ആകും.

വി. പൗലോസിനോടുകൂടെ ഇങ്ങിനെ പറയുക: "ഒന്നുമില്ലാത്തവരെപ്പോലെയെങ്കിലും ദൈവത്തിൽ സകലവും ഉള്ളവരെപ്പോലെയാകുന്നു നാം." (1 കോറി. 6: 10) മനുഷ്യരുടെ മുമ്പിൽ അഗതികളും ഞെരുക്കപ്പെടുന്നവരും നിന്ദിതരും ദൈവത്തിൽ ധനികരും "എപ്പോഴും സന്തോഷിക്കുന്നവരുമാകുന്നു" (1. തെസ്സ. 5; 16) "സ്വർഗ്ഗത്തിൽ നമ്മുടെ പ്രതിഫലം ലഭിക്കുമെന്നു നിശ്ചയമുള്ളവരുമാകുന്നു." (2. തീ. 4: 8)

ആത്മാവ്: എന്റെ മുഖത്തിന്റെ രക്ഷയും ദൈവവുമായ കർത്താവേ, സ്വർഗ്ഗരാജ്യത്തിൽ, എന്റെ ആത്മാവ്, പ്രതാപപൂർണ്ണമായ അങ്ങേ മുഖശോഭ കണ്ടാനന്ദിക്കുന്നതെന്നായിരിക്കും? നിത്യപ്രകാശത്തിന്റെ കിരണങ്ങൾ എന്നിലുള്ള അന്ധകാരത്തെ നീക്കുന്ന സുദിനം ഏതാകുന്നു?

www.malankaralibrary.com



സത്യസമാധാനമേ, ഉന്നതാനുഗ്രഹമേ, സമ്പൂർണ്ണസന്തോഷമേ, എന്റെ ഹൃദയത്തിൽ അങ്ങ് എന്ന് വാസമാരംഭിക്കും. അങ്ങിൽനിന്ന് എന്നെ അകററുന്ന സകലത്തേയും എന്നിൽനിന്നെടുത്തുകളയുക.

നാഥാ, അങ്ങേ അനുഗമിക്കാൻ ഞാനെന്നു ശക്തനാകും? എല്ലാ പ്രതിബന്ധങ്ങളും പ്രയാസങ്ങളും എന്ന് ഒഴിഞ്ഞുപോകും? അങ്ങേ ആഹ്വാനം ശ്രവിക്കുവാൻ എനിക്കെന്നു കഴിയും?

കണ്ണാടി കൂടാതെയും, കടങ്കഥയുടെ സഹായം ഉപേക്ഷിച്ചും, ഉപമകൾ ഇല്ലാതെയും സാദൃശ്യങ്ങളെ ആശ്രയിക്കാതെയും അനിശ്ചിതത്വം പററാതെയും സംശയംകൂടാതെയും വാദമുഖങ്ങളെ വിട്ടും പണ്ഡിതരോടന്വേഷിക്കാതെയും എന്റെ കണ്ണുകൊണ്ടങ്ങയെ കാണുവാൻ എനിക്ക് എന്നിടവരും?

സഭയിലേ മല്പാന്മാർ അവരുടെ ഉപദേശങ്ങളാലും എഴുത്തുകളാലും പഠിപ്പിച്ചവയും, വി. ഗ്രന്ഥങ്ങളിൽനിന്ന് ഞാൻ വിശ്വസിച്ചവയുമായ സത്യങ്ങളെല്ലാം നേരിട്ടു ഗ്രഹിക്കുന്നതിനു എനിക്കെന്നിടയാകും? സ്വർഗ്ഗവാസികളോടുകൂടെയുള്ള അചിന്ത്യമായ ആനന്ദവും സമാധാനത്തിന്റെ വരവും സ്വർഗ്ഗത്തിലേ സന്തോഷവും മഹത്വവും ദൈവദൂതന്മാരുടെ സംഘവും ദൈവത്തെ സംബന്ധിച്ച മററെല്ലാവും നേരായ് അറിയുന്നതിന് എപ്പോഴാകുന്നു അവസരം?

എപ്പോഴും ഞാനവിടെ വരും? അങ്ങേ തിരുസന്നിധിയിൽ ആനന്ദിക്കുന്നതെപ്പോഴായിരിക്കും? കെരൂബികളോടും സാക്ഷികളോടും അങ്ങേ സകല വിശുദ്ധ ഗണത്തോടുംകൂടെ അങ്ങേ മഹിമപ്രതാപത്തിൽ ശോഭയേറിയ തിരുമുഖത്തെക്കുറിച്ച് ധ്യാനിക്കുവാൻ എപ്പോഴും സാധിക്കും?

സമയമായിട്ടില്ല, സ്വർഗ്ഗവാതിലുകൾ ഇപ്പോഴും അടഞ്ഞുകിടക്കുന്നു. അതുകൊണ്ട് എന്റെ കർത്താവേ, ഞാൻ സങ്കടപ്പെടുന്നു. ഇവിടെ ഞാൻ വസിക്കുവോളം—അങ്ങിൽ ഞാൻ വന്നെത്തുംവരെ—ഞാൻ നെടുവീർപ്പിടുന്നു.

www.malankaralibrary.com

# അദ്ധ്യായം 27

## ദൈവഭക്തൻെറ പ്രാൎത്ഥന.

"എൻെറ പ്രാൎത്ഥന ധൂപംപോലെ അങ്ങേ സന്നിധിയിൽ എത്തുമാറാകട്ടെ." (സങ്കീ. 140: 2)

എൻെറ കൎത്താവും ദൈവവുമേ, എല്ലാ സ്ഥലത്തും എല്ലാ സമയത്തും അങ്ങേ വിശുദ്ധരോടും സകല സൃഷ്ടികളോടും ചേൎന്നു ഭക്തിപൂൎവ്വം അങ്ങേ സ്തുതിച്ചു ബഹുമാനിക്കുന്നതിനു് ഞാനാഗ്രഹിക്കുന്നു. അനന്തമായ അങ്ങേ പരിപൂൎണ്ണതയെ പരസ്യപ്പെടുത്തുന്നതിനും തികവോടെ അങ്ങേ സ്നേഹിക്കുന്നതിനും അവസാനമില്ലാതെ അങ്ങേ മഹത്വപ്പെടുത്തുന്നതിനും അങ്ങേ വിശുദ്ധനാമത്തിൻെറ മഹത്വവും പ്രതാപവും എന്നേക്കും പ്രകീൎത്തിക്കുന്നതിനും ഞാനാഗ്രഹിക്കുന്നു. ഓ! കൎത്താവേ, അങ്ങു് എൻെറ ദൈവമാകുന്നു. ഞാൻ അങ്ങയുടെ എളിയ ദാസനും.

ദൈവമേ, എൻെറ പ്രകാശവും പ്രതീക്ഷയും, എൻെറ ശക്തിയും ക്ഷമയും എൻെറ സ്തുതിയും പ്രതാപവും അങ്ങുതന്നെയാകുന്നു.

അവിടുന്നു് എൻെറ അറിവും ബുദ്ധിയും എൻെറ സൗന്ദൎയ്യവും എൻെറ മാധുൎയ്യവും ആകുന്നു.

എൻെറ ദൈവമേ, അങ്ങു് എൻെറ സംഗീതവും വീണയും എൻെറ വാദ്യവും വാദിത്രവുമാകുന്നു.

എൻെറ ദൈവമേ, എനിക്കു് ഹൃദയമോദം വരുത്തുന്ന സങ്കീൎത്തനവും എൻെറ പാട്ടും എൻെറ ഗീതവും എൻെറ സന്തോഷഗാനവും അങ്ങാകുന്നു.

എൻെറ ദൈവമേ, എൻെറ ശിരസ്ത്രാണവും പരിചയും, എൻെറ വില്ലും വാളും അങ്ങുതന്നെ.

എൻെറ ദൈവമേ, എൻെറ ഭണ്ഡാഗാരവും സ്വൎണ്ണവും വെള്ളിയും എൻെറ കടം വീട്ടുവാനുള്ള സകല സമ്പത്തും അങ്ങുതന്നെ.

എൻെറ ദൈവമേ, എൻെറ വിടുതിയും കോട്ടയും കൊട്ടാരവും നീയാകുന്നു. എൻെറ ദൈവമേ, എൻെറ പരിചയും, കൊ

www.malankaralibrary.com



ടിയും എൻെറ ഗോപുരവും ശക്തിയും എൻെറ ജീവൻെറ് സങ്കേതവും അങ്ങല്ലോ ആകുന്നു.

എൻെറ ദൈവമേ, എൻെറ പൂങ്കാവനവും ഉപവനവും പച്ചയായ പുല്ലുശാലയും ശീതളമായ വഴിത്താരയും അവിടുന്നുതന്നെ.

എൻെറ ദൈവമേ, എൻെറ ഭക്ഷണശാലയും ഭക്ഷണമേശയും എൻെറ ഭക്ഷ്യവും പേയവും അവിടുന്ന്. ദൈവമേ, അങ്ങയാൽ തയ്യാറാക്കപ്പെടാത്തതും രുചിപ്രദമാക്കപ്പെടാത്തതുമായ ഭക്ഷണം രസഹീനവും പുളിപ്പുള്ളതുമായി തോന്നുന്നു.

എൻെറ ദൈവമേ, പരിമളം നിറഞ്ഞ ചെടിയും മാധുര്യം നിറഞ്ഞ തൈലവും എൻെറ തിരഞ്ഞെടുക്കപ്പെട്ട മീറയും ജഡമാംസിയും വിലയേറിയ പരിമളവർഗ്ഗവും അവിടുന്നാകുന്നു.

എൻെറ ദൈവമേ, അങ്ങ് എൻെറ റോസയും ലില്ലിയും എൻെറ മഞ്ജരിയും പൂച്ചെണ്ടും ആകുന്നു.

എൻെറ ദൈവമേ, അവിടുന്ന് എൻെറ പ്രകാശവും എൻെറ വിളക്കും എന്നെ ആനന്ദിപ്പിക്കുന്ന താരയും ശോഭയുമാകുന്നു.

എൻെറ ദൈവമേ, അവിടുന്നു എൻെറ കിടപ്പറയും കിടക്കയും എൻെറ മേലങ്കിയും എൻെറ പുതപ്പുമാകുന്നു.

എൻെറ ദൈവമേ, അകവും പുറവുമെഴുതിയ പുസ്തകവും എന്നെ പഠിപ്പിക്കുന്ന അദ്ധ്യാപകനും സകല വിശുദ്ധ ലിഖിതങ്ങളുമുൾക്കൊള്ളുന്ന വേദവുമാകുന്നു അവിടുന്ന്.

അങ്ങയിൽ ഞാൻ സകലവും കാണുന്നു. എനിക്കുള്ളവ സകലവും അങ്ങയുടെ നന്മയാലും കരുണയാലുമാകുന്നു. ഞാനന്വേഷിക്കുന്നതും അങ്ങയിൽനിന്നന്യമായി ഞാനാഗ്രഹിക്കുന്നതും എൻെറ ആത്മാവിന് ഒട്ടും പ്രയോജനപ്പെടാത്തതായിരിക്കും.

അങ്ങേ വി. നിയമങ്ങൾക്കായി എൻെറ ഹൃദയത്തെ തുറക്കേണമെ. "അങ്ങയുടെ രക്ഷയുടെ ആനന്ദത്തെ എനിക്കു നൽകുക" (സങ്കീ. 50: 14) അങ്ങേ വഴികളിലൂടെ നടപ്പാൻ എൻെറ ഹൃദയത്തെ വിശാലമാക്കുക. അങ്ങേ വചനത്താൽ എന്നെ ഉറപ്പിക്കേണമെ. എന്തെന്നാൽ, അവിടുന്നൊഴികെ നിത്യജീവിതത്തിലേക്ക് എന്നെ ആർക്കും നയിച്ചുകൂടാ.

www.malankaralibrary.com



എൻെറ കത്താവും ദൈവവുമേ, സന്തോഷത്തിലും സന്താപത്തിലും രോഗത്തിലും സുഖത്തിലും ഞാൻ എന്നെ അങ്ങേക്കു സമർപ്പിക്കുന്നു. എൻെറ പ്രതിജ്ഞ സ്വീകരിക്കേണമെ. കാലാകാലത്തോളം അങ്ങേ സ്തുതിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

---

# അദ്ധ്യായം 28

## ദൈവവുമായുള്ള ഹൃദയൈക്യം.

"എൻെറ ആത്മാവേ, നിൻെറ വിശ്രമകേന്ദ്രത്തിലേക്കു പിന്തിരിയുക. എന്തെന്നാൽ, ദൈവം തൻെറ അനുഗ്രഹങ്ങളിൽ ധാരാളിയാകുന്നു." (സങ്കീ. 114: 7)

സത്യമായും ദൈവമാകുന്നു നിൻെറ വിശ്രാന്തിയും നിൻെറ സമാധാനവും നിൻെറ ജീവനും നിൻെറ രക്ഷയും നിൻെറ ആനന്ദവും. ആകയാൽ, നീ കാണുന്നതും കേൾക്കുന്നതും ചെയ്യുന്നതും എല്ലാം ദൈവത്തിൽനിന്നാകുന്നു എന്നു സമ്മതിക്കുക. അപ്പോൾ സമാധാനവും മനസ്സാക്ഷിയുടെ നല്ല സാക്ഷ്യവും നിനക്കുണ്ടാകും.

മററുള്ളവരിലോ നിന്നിൽതന്നെയോ നീ ആശ്രയിക്കരുത്. ദൈവത്തെ അഭയം ഗമിക്കുക; മുഴുവനായി, വിശുദ്ധമായി, ശക്തമായി. അങ്ങയുടെ നന്മയുടെ പ്രതാപത്തിലും കാരുണ്യത്തിൻെറ വലുപ്പത്തിലും എല്ലാം ചെയ്യുന്നവനും എല്ലാവക്കും എല്ലാം നൽകുന്നവനുമായ ദൈവത്തോടൊരുമിച്ചു വസിക്കുക.

ദൈവത്തിൻെറ സ്തുതിക്കും ബഹുമാനത്തിനും തക്കവണ്ണം അങ്ങേ അറിഞ്ഞനുസരിപ്പാനുള്ള വരം ആരെനിക്കു നൽകും? എൻെറ ദൈവമേ, സവ്വശക്തിയോടുംകൂടെ എനിക്കു കടപ്പെട്ടവയെല്ലാം ചെയ്‌വാനുള്ള കഴിവും ലൗകികമഹിമകളെ ശ്രദ്ധിക്കാതിരിപ്പാനും, അവ വലുതോ ചെറുതോ ആയിക്കൊള്ളട്ടെ, അങ്ങിൽനിന്ന് അവയാൽ വിദൂരിതനാകാതിരിപ്പാനും ലോകത്തിനു പരികമ്മിയാകാതിരിപ്പാനും എൻെറ ദേഹി ആകുലങ്ങളിലക

www.malankaralibrary.com



പ്പെടാതിരിപ്പാനും അങ്ങിനെ ഞാൻ തടയപ്പെടാതിരിപ്പാനും സംഗതിയാക്കേണമെ.

ഒരുപക്ഷെ, ഈ ജീവിതത്തിൽ അത്തരമൊരവസ്ഥ പ്രാപിക്കുക എനിക്കു സാദ്ധ്യമല്ലായിരിക്കും? അങ്ങിനെ പറയേണ്ട. ദൈവം സർവ്വവല്ലഭനാകുന്നു. നിമിഷംകൊണ്ടു് പ്രേമപൂർണ്ണയായ ആത്മാവു് അങ്ങയോടു പററിച്ചേരുന്നു. പരിശുദ്ധവും പരിപൂർണ്ണവുമായ സ്നേഹം ക്ഷണനേരംകൊണ്ടു് സകലവും മറന്നു ദൈവത്തോടു പൂർണ്ണമായി സംയോജിക്കുന്നു. ദൈവസ്നേഹാഗ്നിയിൽ തീവ്രമായി ജ്വലിക്കുകയും അല്ല, ഉരുകുകതന്നേയും ചെയ്യുന്നു.

എന്റെ ദൈവവും സ്നേഹവുമേ, ഈ പരദേശവാസത്തിൽ അങ്ങയോടു് പൂർണ്ണമായി എനിക്കു ചേരാമോ? അങ്ങു് കാരുണ്യപൂർവ്വം എനിക്കു നൽകിയിട്ടുള്ള ശക്തിക്കനുസരിച്ചു് എന്റെ ആത്മാവു് എപ്പോഴാണു് അങ്ങേ സ്നേഹിക്കുന്നതു്?

എന്റെ ദൈവമേ, സകല ജീവജാലങ്ങളും അങ്ങേ സന്നിധിയിൽ മൌനമായിരിക്കട്ടെ. നിത്യനും അനുഗ്രഹീതനുമായ ദൈവമേ, അങ്ങുമാത്രം എന്റെ ആത്മത്തോടു സംസാരിക്കുക. സഹായിക്കുകയും അതിനെ പ്രകാശിപ്പിക്കുകയും ചെയ്യുക. എല്ലാററിനും മതിയായവൻ അങ്ങുമാത്രമാകുന്നു. അന്തരീക്ഷത്തിലേ നക്ഷത്രങ്ങളെക്കാളും അങ്ങേ ശോഭ ശ്രേഷ്ഠമാകുന്നു.

ഈലോകത്തിൽവെച്ചു് പീഡിപ്പിക്കപ്പെടുകയും ദൈവത്താൽ ആശ്വസിപ്പിക്കപ്പെടുകയും, മനുഷ്യർക്കു് അറിയപ്പെടാതിരിക്കുകയും ദൈവദൂതന്മാരാൽ പ്രകീർത്തിക്കപ്പെടുകയും, ദുഷ്ടന്മാരാൽ നിന്ദിക്കപ്പെടുകയും, നല്ലവരാൽ അന്വേഷിക്കപ്പെടുകയും, അഹങ്കാരികളാൽ അപമാനിക്കപ്പെടുകയും, വിനീതരാൽ സ്നേഹിക്കപ്പെടുകയും, ഭൌതികരാൽ വേർതിരിക്കപ്പെടുകയും, ദൈവദാസരോടു ചേർന്നിരിക്കുകയും, പ്രതാപവാന്മാരാൽ ശകാരിക്കപ്പെടുകയും ചെറിയവരാൽ ബഹുമാനിക്കപ്പെടുകയും, ലോകത്തിനു മരിച്ചവനായിരിക്കുകയും, ദൈവത്തോടുകൂടെ ജീവിക്കുകയും, ശരീരത്തിൽ പീഡ അനുഭവിക്കുകയും, ആത്മാവിൽ സന്തോഷിക്കുകയും, ആരോഗ്യരഹിതനായിരിക്കുകയും, മാനസികശക്തിയുണ്ടായിരിക്കുകയും ചെയ്യുന്നവനും, മുഖം താഴ്ത്തിയാണെങ്കിലും മനഃസാക്ഷി ഉയർത്തിയും, അദ്ധ്വാനങ്ങളാൽ ഭാരപ്പെട്ടാണെങ്കിലും പ്രാർത്ഥനയാൽ ശക്തി പ്രാപിച്ചും, രോഗഭാരത്താൽ അവനമിത

www.malankaralibrary.com



നെങ്കിലും ആന്തരികാശ്വാസങ്ങളാൽ ഉയർത്തപ്പെട്ടും, ജഡബന്ധത്താൽ ഈലോകത്തിൽ ബന്ധിതനാണെങ്കിലും ആത്മാവിൽ സ്വർഗ്ഗസ്ഥിതനായും ക്രിസ്തുവിനോട് ചേർന്നവനായും കഴിയുന്നവനും അതീവ സന്തുഷ്ടൻ.

ഈ ജീവിതത്തിൽ, ഈശോയും മറിയവും സ്വർഗ്ഗദൂതന്മാരും ദൈവത്തിന്റെ വിശുദ്ധന്മാരും കൂട്ടായുള്ളവൻ അനുഗൃഹീതനാകുന്നു. അവർ അവന്റെ വഴിയെ നിയന്ത്രിക്കുന്നു; സംശയത്തിൽ ഉപദേശിക്കുന്നു, അദ്ധ്യയനത്തിൽ ഗുരുസ്ഥാനം വഹിക്കുന്നു, മേശയിൽ വായിക്കുന്നു, ഏകാന്തതയിൽ സഖികളാകുന്നു, സംഭാഷണത്തിൽ പരിചിതരാകുന്നു. ഗായകസംഘത്തിൽ സഹഗായകരാകുന്നു, ആപത്തിൽ സംരക്ഷകരാകുന്നു, പ്രലോഭനങ്ങളിൽ സഹായകരാകുന്നു, ശത്രുക്കൾക്കെതിരേ പരിരക്ഷകരാകുന്നു, പാപം ചെയ്തുപോയെങ്കിൽ മദ്ധ്യസ്ഥരാകുന്നു, അന്ത്യനിമിഷത്തിൽ താങ്ങുന്നവരാകുന്നു, അതിവേദനയിൽ ആശ്വസിപ്പിക്കുന്നവരാകുന്നു, വിധിദിവസത്തിൽ സഹായം അപേക്ഷിക്കുന്നവരാകുന്നു, ദൈവമുമ്പാകെ മദ്ധ്യസ്ഥം വഹിക്കുന്നവരാകുന്നു. സ്വർഗ്ഗഭവനത്തിൽ സ്വാഗതമാശംസിക്കുന്നവരുമാകുന്നു.

സന്ന്യാസിയായ ഭക്താത്മാവേ, ഈ ലോകത്തേയും, കുടുംബത്തേയും ഭവനത്തേയും ഉപേക്ഷിച്ച് ദൈവത്തെ പിതാവായി സ്വീകരിക്കുക. ഈശോയെ സഹോദരനായും മേരിയെ മാതാവായും ദൈവദൂതന്മാരെ സ്നേഹിതരായും കൂട്ടുസന്ന്യാസിമാരെ ബന്ധുക്കളായും കരുതുക.

സമസ്ത വിശ്വാസികളേയും നിന്റെ അയല്ക്കാരായും പ്രായമുള്ളവരെ പിതൃവ്യരായും യുവാക്കന്മാരെ ഭ്രാതാക്കളായും വിവാഹിതരായ സ്ത്രീകളെ മാതാക്കളായും യുവതികളെ നിന്റെ സഹോദരിമാരായും ദരിദ്രരെ നിന്റെ സ്നേഹിതരായും യാത്രക്കാരെ നിന്റെ പിതൃവ്യസുതരായും എളിയവരേയും ഹൃദയശാന്തരേയും നിന്റെ സ്നേഹിതരായും വിരക്തരേയും വിശുദ്ധരേയും നിന്റെ ഭക്ഷണത്തിൽ പങ്കാളികളായും, രോഗികളേയും ഞെരുക്കമനുഭവിക്കുന്നവരേയും നിന്റെ പരിചിതരായും പ്രയാസവും നിന്ദയും അപമാനവും സഹിക്കുന്നവരെ ശ്രേഷ്ഠമിത്രങ്ങളായും ഭക്തരെ ബഹുമാനാർഹരായും ക്രിസ്തുവിനെ സേവിക്കുന്നതിനാ-

www.malankaralibrary.com



യി ഈലോകം നിരസിച്ചവരെ സ്വർഗ്ഗത്തിൽ നിൻെറ സഹ ചാരന്മാരായും കരുതുക.

ഇതാകുന്നു വിശുദ്ധ ജനനവും ഉത്തമസന്താനവും; ദൈവത്തിൽനിന്നു ജനിച്ചതും ദൈവത്തെ പ്രീതിപ്പെടുത്തുന്നതും വിശ്വാസത്തിൽ സംസ്ഥാപിതവും. ഇതു് പ്രതീക്ഷയാൽ ശക്തീകരിക്കപ്പെട്ടതും സ്നേഹത്താൽ അലങ്കരിക്കപ്പെട്ടതും ക്ഷമയാൽ ആയുധം ധരിപ്പിക്കപ്പെട്ടതും പ്രതികൂലാഗ്നിയാൽ ശോധന ചെയ്യപ്പെട്ടതും സുസ്ഥിരമാണെന്നു് തെളിയിക്കപ്പെട്ടതുമാകുന്നു.

---

# അദ്ധ്യായം 29

## സത്യസമാധാനം ദൈവത്തിൽമാത്രമന്വേഷിക്കുക.

"നിങ്ങൾക്കു സമാധാനം. ഞാനാകുന്നു; ഭയപ്പെടേണ്ട" (യോഹ. 6: 20)

1. യേശുക്രിസ്തുവിലാകുന്നു ആത്മാവിൻെറ രക്ഷയും സത്യസമാധാനവും.

ക്രിസ്തുവിനെ സ്നേഹിക്കുന്നവൻ സമാധാനം അനുഭവിക്കുകയും തന്നിൽ വിശ്രമിക്കുകയും ചെയ്യുന്നു. ക്രിസ്തുവിനെയല്ലാതെ അന്യമായി ഒന്നും അവൻ ആഗ്രഹിക്കുന്നില്ല.

വിശ്വസ്തയായ ആത്മാവിൻെറ ആശ്വാസം, ക്രിസ്തുവിൻെറ നാമത്തെപ്രതിയും ദൈവസ്നേഹത്തെപ്രതിയും സഹിക്കുന്നതിൽ അടങ്ങിയിരിക്കുന്നു. നേരെമറിച്ചു് വിചാരിക്കുന്നവനു് അബദ്ധം പററിപ്പോയി. അവൻ സ്വയം വഞ്ചിതനുമായി. നിൻെറ സകല പ്രവൃത്തികളുടേയും ലക്ഷ്യവും നിൻെറ എല്ലാ ആഗ്രഹങ്ങളുടേയും കേന്ദ്രവും ദൈവമായിരിക്കുന്നില്ലെങ്കിൽ നിൻെറ സമയം പാഴായിപ്പോയി. "ദുഷ്ടനു യാതൊരാശ്വാസവുമില്ലെന്നു് ദൈവമായ കർത്താവരുളിച്ചെയ്യുന്നു" (യശ: 56: 21). എന്നാൽ, കർത്താവേ, അങ്ങേ പ്രമാണങ്ങൾ കാക്കുന്നവൻ സത്യസമാധാനം അനുഭവിക്കുന്നു.

---

www.malankaralibrary.com



2. ക്രിസ്തു പരീക്ഷിച്ചതും വാഗ്ദാനം ചെയ്തതുമായ സമാധാനം, അത്യാഗാധമായ എളിമയിലും പരിപൂർണ്ണമായ സ്വയനിരസ്സനത്തിലും കൊള്ളരുതാത്ത ചാച്ചിലുകളുടെ ഉപേക്ഷണത്തിലും ലോകസ്തുതികളുടെ തിരസ്കരണത്തിലും നശിക്കുന്നതും കടന്നുപോകുന്നതുമായ സകല വസ്തുക്കളുടേയും പരിത്യാഗത്തിലുമാകുന്ന അടങ്ങിയിരിക്കുന്നത്.

ആകയാൽ, നീ നിൻെറ ഹൃദയത്തെ പരിശോധിച്ചുനോക്കുക. അതിൻെറ ആകർഷകമായ വഞ്ചനയാൽ നീ വശീകരിക്കപ്പെടാതിരിക്കുവിൻ. ബാഹ്യേന്ദ്രിയങ്ങളെ നിയന്ത്രിക്കുക, നിൻെറ ആത്മജ്ഞാനത്തിന് ഹേതുവാകാവുന്ന സംതൃപ്തികളെ അന്വേഷിക്കാതിരിക്കേണ്ടതിന്.

എന്നാലും, സൃഷ്ടവസ്തുക്കൾ പലപ്പോഴും നമ്മുടെ ആദ്ധ്യാത്മിക പുരോഗതിക്ക് സഹായകമാകാം. ശരിയായും പൂർണ്ണമായും അവ ദൈവമഹത്വത്തിനും ബഹുമാനത്തിനുമായി നാം ഉപയോഗിക്കുമ്പോഴും, നമ്മുടെ അത്യാവശ്യങ്ങളെ നേരിടുന്നതിനായി ശരിയായ ക്രമത്തോടും നമ്മുടെ സഹോദരങ്ങളുടെ ഉപയോഗത്തിനായി അവയെ പ്രയോഗിക്കുമ്പോഴും മാത്രം.

3. എന്നാൽ, അവയുടെ മനോഹാരിത പലപ്പോഴും പാപത്തിനു സന്ദർഭമാകാം ജിജ്ഞാസയോടെ നോക്കുന്നതുകൊണ്ടും ദുർമ്മോഹത്താലും ജഡാസക്തിയാലും അതു നമ്മുടെ മനസ്സിൽ, ദൈവമഹത്വത്തിനും പരമോദ്ദേശ്യങ്ങൾക്കും വിരുദ്ധമായ ആഗ്രഹങ്ങളേയും പക്ഷങ്ങളേയും സംജാതമാക്കും. മിക്കപ്പോഴും ശ്രദ്ധയില്ലാത്തവൻ തോല്പിക്കപ്പെടുകയും വീണുപോകയും ചെയ്യുന്നു. എന്നാൽ, പരിജ്ഞാനിയും ഉത്തമനും അവരുടെ സുകൃതത്തെ സംരക്ഷിക്കുന്നതിൽ ശ്രദ്ധാലുക്കളായിരിക്കും.

ധനം പ്രലോഭിപ്പിക്കുന്നുവെന്നും, പണം ചതിയാക്കുന്നുവെന്നും ആനന്ദം ആത്മാവിനെ കളങ്കപ്പെടുത്തുന്നുവെന്നും വിരുന്നുകൾ പേടിപ്പിക്കുന്നുവെന്നും, വിജ്ഞാനം, ഡംഭ്, വളർത്തുന്നുവെന്നും ശക്തന്മാരുടെ സ്നേഹം അഹംഭാവം ഉളവാക്കുന്നുവെന്നും ബഹുമതികൾ അഹങ്കാരം ജനിപ്പിക്കുന്നുവെന്നും സദാ സ്മരിക്കുക.

ദുർമ്മതികളായ ചിലർ എളിമയുടെ വേഷം ധരിക്കുന്നു,

www.malankaralibrary.com



വ്യർത്ഥസ്തുതി അല്പജ്ഞരേയും ചിലപ്പോൾ ക്ഷുദ്രബുദ്ധികളെപ്പോലും വശീകരിക്കും.

ലൗകികാനന്ദങ്ങളെ അന്വേഷിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നതു് ദോഷ്ക്കും ദൗർബല്യവും ആകുന്നു. എന്തെന്നാൽ, ഹൃദയത്തിന്റെ സമാധാനമോ ആത്മാവിന്റെ സംതൃപ്തിയോ നൽകുവാൻ അതു പര്യാപ്തമല്ല. ലോകത്തിന്റേതായ സകലതും, പരാജയപ്പെടുന്നതും, അല്പകാലം മാത്രം നില്ക്കുന്നതുമാകുന്നു. ദൈവമല്ലാതെ പൂർണ്ണമായി ഒന്നുമില്ല. ഏററം നല്ലതായും അത്യാഹ്ളാദകരമായും അത്രയില്ല ദൈവമെന്യേ.

4. ആകർഷകമായി വശീകരിക്കുന്നവയെ സൂക്ഷിച്ചുകൊള്ളുക; അവ വസ്തുക്കളായാലും മനുഷ്യരായാലും വേണ്ടതില്ല. സൗന്ദര്യമോ മനോഹാരിതയോ, ആഭിജാത്യമോ സമുന്നതമായ ഉദ്യോഗമോ മൂലം നിന്റെ ഹൃദയസമാധാനവും ആത്മിക നൈർമ്മല്യവും നഷ്ടപ്പെടാതിരിപ്പാൻ ശ്രദ്ധിച്ചുകൊള്ളുക. ആരിൽനിന്നു സകല നന്മയും പ്രവഹിക്കുന്നുവോ ആരിൽ സകല ചരാചരങ്ങളും ജീവിക്കുകയും ചരിക്കുകയും ചെയ്യുന്നുവോ ആ ദൈവത്തിൽനിന്നല്ലാത്ത സമസ്തവും നിരർത്ഥകവും ക്ഷണികവും ഉപദ്രവകരവുമാകുന്നു.

ബലഹീനനും മർത്ത്യനുമായ മനുഷ്യാ, പലതിലും അബദ്ധം പിണഞ്ഞവനും പാപത്തിലേക്കു ചാഞ്ഞിരിക്കുന്നവനുമായ പുരുഷാ നീ പിന്നെന്തിന്നു അഹങ്കരിക്കുന്നു. അശക്തനും സുകൃതത്തിൽ നീണ്ടുനില്ക്കുവാൻ കഴിയാത്തവനുമല്ലേ നീ. ഉന്നത വിചാരങ്ങളാലും വ്യർത്ഥാലോചനകളാലും നിന്നിൽതന്നെ നീ അധികമായി ആശ്രയിക്കരുതു്. നിന്നിലോ അന്യരിലോ നിന്റെ പ്രതീക്ഷയെ സ്ഥാപിക്കയുമരുതു്. എന്നാൽ, പരിപൂർണ്ണമായി ദൈവത്തിലർപ്പിക്കുക (നിന്റെ പ്രത്യാശ.) നിന്നിലോ മററുള്ളവരിലോ ഉണ്ടെന്നു നീ വിചാരിക്കുന്ന സകല നന്മയും.

അപ്പോൾ, ക്രിസ്തുവിൽ ഹൃദയസമാധാനത്തേയും, നിഷ്ഫലമായി സകല സൃഷ്ടികളിലും നീ അന്വേഷിച്ച മാധുര്യപ്രദമായ വിശ്രാന്തിയേയും കണ്ടെത്തും. "ഹൃദയവിശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ, അവർ ദൈവത്തെക്കാണും" (മത്താ. 5: 8) എന്നു് മലം

www.malankaralibrary.com



യിലേ പ്രസംഗത്തിൽ ക്രിസ്തു അരുളിയ മധുരപൂരിതമായ വാഗ്ദാനം നിന്നിൽ പൂർത്തിയാകും.

അവനു് സർവ്വസൃഷ്ടികളിൽനിന്നും സ്തുതിയും ബഹുമാനവും ആധിപത്യവും ഇപ്പോഴും എന്നുമെന്നേക്കും ഉണ്ടായിരിക്കട്ടെ. ആമ്മേൻ.

---

# അദ്ധ്യായം 30

## നമ്മുടെ ലക്ഷ്യം ദൈവത്തിങ്കലേക്കു്.

"കർത്താവിൻെറ പക്കലേക്കു് ഞാൻ എൻെറ കണ്ണുകൾ തിരിക്കുന്നു. അവൻ എൻെറ പാദങ്ങളെ കെണിയിൽനിന്നു വിട്ടുവിക്കും" സങ്കീ. 24: 16.

നീ ചെയ്യുന്നവയെല്ലാം ദൈവത്തിൻെറ മഹത്വത്തിനും വണക്കത്തിനും പുകഴ്ച്ചയ്ക്കും ഉതകുന്നതിനും, നിൻെറ അയല്ക്കാരൻെറ സംസ്കാരത്തിന്നു കാരണമാകുന്നതിനും, നിൻെറ എല്ലാ വാക്കിലും വിചാരത്തിലും പ്രവർത്തിയിലും സുവ്യക്തവും പരിശുദ്ധവുമായ നിയോഗവുമുണ്ടായിരിക്കണം. എന്തെന്നാൽ, സകല നന്മയുടേയും ഉത്പത്തി ദൈവമാകുന്നു. നിത്യസമ്മാനത്തിൻെറ വററാത്ത നദിയും, നിൻെറ അദ്ധ്വാനഫലം നഷ്ടപ്പെടാതിരിക്കണമെങ്കിൽ ദൈവംതന്നെ നിൻെറ സദ്പ്രവർത്തികളുടെയെല്ലാം ആരംഭവും ലക്ഷ്യവും ആയിരിക്കണം. ദൈവത്തിൻെറ നീതിപൂർവ്വകമായ വിധിയെക്കുറിച്ചു് നീ ചുഴിഞ്ഞാലോചിക്കുന്നെങ്കിൽ മായാമോഹങ്ങൾ ഒരിക്കലും നിൻെറ ഹൃദയത്തെ സ്പർശിക്കുകയില്ല. വ്യർത്ഥസ്തുതി നിനക്കു് മാരകവിഷയമായിരിക്കും. തൻെറ കീർത്തി ലോകത്തിൽ മുഴക്കണമെന്നു വിചാരിക്കുന്നവൻ വ്യാജസ്തുതിയുടെ പാരമ്യം കാണിക്കുന്നു. അതു് അവൻ അഹങ്കാരംകൊണ്ടു നിറഞ്ഞവനാണെന്നും ദൈവവരപ്രസാദം തീരെയില്ലാത്തവനാണെന്നും സ്പഷ്ടമാക്കുന്നു.

പിന്നെ നീയെന്തു ചെയ്യും? പിന്നെ നീ ആരെ വിശ്വസിക്കും? നിന്നിലോ മററുള്ളവരിലോ ഭൂമിയിലേ യാതൊരു സ്ഥാ

www.malankaralibrary.com



ഷ്ടിയിലോ ആകാശത്തിലെ നക്ഷത്രങ്ങളിലോ പ്രത്യയം പ്രതിഷ്ഠിക്കരുതു്. ദൈവത്തിൽ മാത്രം. ആരുടേയും സഹായം ആവശ്യമില്ലാത്ത—തന്റെ വലതു കരത്തിന്റെ ശക്തിയാൽ സകല ജീവജാലങ്ങളേയും പോലെ നിന്നെയും സൃഷ്ടിച്ചു പരിപാലിക്കുന്ന—ആ ദൈവത്തിൽമാത്രം പ്രത്യാശിക്കുക. പ്രവാചകനായ ദാവീദിനോടുകൂടെ ഇപ്രകാരം ഉദീരണം ചെയ്യുക: "സദാ നേരവും എന്റെ കണ്ണുകൾ കർത്താവിങ്കലേക്കു തിരിഞ്ഞിരിക്കുന്നു. എന്തെന്നാൽ, അവൻ വഞ്ചനയിൽ നിന്നും എന്റെ പാദങ്ങളെ കാത്തുകൊള്ളും. (സങ്കീ. 24: 15) മറെറാരു സങ്കീർത്തനത്തിൽ നിന്നും ഇതു കൂട്ടിച്ചേർക്കുക: "കർത്താവേ, എന്റെ ആഗ്രഹങ്ങൾ അങ്ങേ തിരുമുമ്പാകെയിരിക്കുന്നു. എന്റെ നെടുവീർപ്പുകൾ അങ്ങേയ്ക്കു മറവായിരിക്കുന്നതുമില്ല" (സങ്കീ. 37: 10)

വഞ്ചനനിറഞ്ഞ മനുഷ്യന്റെ ആശ്വാസങ്ങളും ആലോചനകളും നിരസ്സിച്ചു്, നിന്റെ ആവശ്യനേരത്തു് ദൈവത്തിൻപക്കലേക്കു് ഓടിയടുക്കുക. തന്നിൽ പരിപൂർണ്ണമായി സമാശ്രയിക്കുക. ഹൃദയപൂർണ്ണമായ പ്രാർത്ഥനകൊണ്ടും വിശുദ്ധ ആഗ്രഹങ്ങൾ മൂലവും അങ്ങേ വിളിച്ചപേക്ഷിക്കുക. എന്തെന്നാൽ, "നിന്റെ പാതയിൽനിന്നും ഇരുട്ടറ തിരിക്കുവാൻ നിന്റെ പാദങ്ങളെ വലയിൽ നിന്നും വിടുവിക്കും". സുകൃതവ്യാപാരത്താലും യഥാർത്ഥമായ എളിമകൊണ്ടും അന്ത്യംവരെ ദൈവസേവനത്തിൽ സുസ്ഥിരമായി നിന്നുകൊണ്ടും ദൈവത്തിൽ ആശ്രയിക്കുക.

ദൈവത്തെപ്രതി ചെയ്ത എല്ലാ നല്ല പ്രവൃത്തിയും മനസ്സിനു് ആനന്ദവും ഹൃദയത്തിനു് പ്രകാശവും പ്രസാദവരത്തിനു് വർദ്ധനവും വളർത്തുന്നു. തിന്മപ്രവർത്തിക്കുന്നവനു് ദുഷ്പേരും ദിവ്യസമാധാനത്തിന്റെ നഷ്ടവും നേരിടുന്നു.

വ്യർത്ഥസ്തുതിക്കായി പ്രവർത്തിക്കുന്നവൻ നിഗളമാകുന്ന കാററിൽ തന്റെ ദീപശിഖയെ കെടുത്തിക്കളയുന്നു. മനുഷ്യപ്രീതിക്കുവേണ്ടി സുകൃതവാനായിരിക്കുന്നവനും അവരുടെ മുമ്പിൽ കേമനായി കാണപ്പെടുന്നവനും ദൈവകോപത്താൽ പെട്ടെന്നു ദൂരത്തെറിയപ്പെടും; നിലത്തുവീണു് ഉഴയും.

ലോകം പുഞ്ചിരിക്കൊള്ളുമ്പോൾ ഒരു ഭോഷനെപ്പോലെ നീ ആനന്ദിക്കരുതു്. നിന്റെ ശരീരത്തിന്റെ നശ്വരത ദൈവഭയത്തിൽ നിന്നെ നിലനിർത്തട്ടെ. സാധാരണ സംഭവിക്കു

www.malankaralibrary.com



ന്നു അബദ്ധങ്ങളും വീഴ്ചകളും നിന്നെക്കുറിച്ചുതന്നെ എളിമയോടും നിസ്സാരതയോടും, വിചാരിക്കുന്നതിനു സഹായകമാകും.

ജീവിക്കുമ്പോൾ ആരേയും കൂടുതലായി പ്രകീർത്തിക്കാതിരിപ്പാൻ ശ്രദ്ധിക്കുക. അല്പം കഴിഞ്ഞു് അവൻ എങ്ങിനെയായിത്തീരുമെന്നു നീ അറിയുന്നില്ല. വീഴുന്നവനെ നിഷ്ഠൂരണം ഭത്സിക്കയുമരുതു്. അവൻെറ കണ്ണുനീരിൽ അനുകമ്പ തോന്നി ദൈവം വീണ്ടും എഴുന്നേൽക്കുന്നതിനു വരം നൽകും.

ദൈവം സകലരേയും ദൈവത്തിനു സമർപ്പിച്ചുകൊണ്ടു് എല്ലാവക്കും വേണ്ടിയും പ്രാത്ഥിക്കുക.

എളിയവരെ സമാദരിക്കുകയും അഹങ്കാരികളെ ദൂരത്തുവെച്ചുതന്നെ അറിയുകയും നിലത്തു തള്ളിയിടുകയും ചെയ്യുന്ന ദൈവത്തിൻെറ മുമ്പാകെ നീ വലിയവനായി കാണപ്പെടുന്നതിനു് നിൻെറ ദൃഷ്ടിയിൽ നിന്നെത്തന്നെ മറച്ചുകൊള്ളുക.

മനുഷ്യൻ നിന്നെ നിന്ദിക്കുകയോ നിൻെറ സഹോദരങ്ങളെ അപേക്ഷിച്ചു് നിന്നെ കാര്യമായിക്കരുതാതിരിക്കുകയോ ചെയ്താൽ അമിതമായി നീ ദുഃഖിക്കരുതു്. എളിയവരോടും സാധുക്കളോടുംകൂടെ മനുഷ്യദൃഷ്ടിയിൽ എളിയവനായി കാണപ്പെടുന്നതു് ദൈവത്താൽ പരിത്യക്തരായ നിഗളികളോടും ധനികരോടുംകൂടെ ആയിരിക്കുന്നതിനേക്കാൾ കൂടുതൽ നല്ലതും സുരക്ഷിതവുമാകുന്നു.

മനുഷ്യരിൽനിന്നുള്ള ബഹുമാനം അന്വേഷിക്കാതിരിക്കുക; ഉയത്തപ്പെടുന്നതിനേക്കുറിച്ചു് ഭയപ്പെടുക. ബഹുമതികൾ നിനക്കു ലഭിക്കുന്നെങ്കിൽ ലജ്ജിതരാകുക; ലോകബഹുമാനങ്ങളിൽ നിന്നകലുക; നിന്നെത്തന്നെ മറയ്ക്കുന്നതിനും ദൈവശുശ്രൂഷയിലും വി. ഗ്രന്ഥങ്ങൾ പഠിക്കുന്നതിലും പ്രാത്ഥനയിൽ ഉററിരിക്കുന്നതിലും ശ്രദ്ധിക്കുക.

ദൈവത്തെപ്രതി സ്തുതിയും ബഹുമാനവും ഉപേക്ഷിക്കുന്ന ഒരുവനു് സ്തുതിയും ബഹുമാനവും ഇല്ലാതെ പോകുന്നില്ല. അവൻ ആശ്വാസരഹിതനുമാകുന്നില്ല; ഈ ലോകത്തിലെ സന്തോഷങ്ങളെ അവൻ നിസ്സാരമായി ഗണിക്കുന്നു, സ്വന്തഇച്ഛയ്ക്കുതന്നെ വിരോധമായ സകലത്തേയും സന്തോഷപൂവ്വം സഹിക്കു

www.malankaralibrary.com



ന്നു, ക്രിസ്തുവിനോടുള്ള സ്നേഹത്താൽ, സ്വർഗ്ഗത്തിൽ അദ്ദേഹത്തോടൊന്നിച്ചു ചേരുന്നതിനായിട്ടാകുന്നു അവൻെറ ശ്വാസോച്ഛ്വാസങ്ങൾതന്നെയും.

---

# അദ്ധ്യായം 32

## യേശുവിനോടും പരിശുദ്ധന്മാരോടുമുള്ള വി. കൂട്ടായ്മ.

"ദൈവത്തെ അന്വേഷിക്കുക, അപ്പോൾ നിൻെറ ആത്മാവു് ജീവിക്കും" (സങ്കീ. 15: 6.)

ഇതിനേക്കാൾ കൂടുതൽ ആദായകരമായി എന്തുണ്ടു്? ഇതിലുപരി നിന്നെ അനുഗ്രഹിക്കുന്നതായി ഒന്നുമില്ല. എന്തെന്നാൽ, മറ്റേതെങ്കിലും ഒന്നിനെ അന്വേഷിക്കുന്നവൻ അവസാനം ഒന്നും കണ്ടെത്താതെ പോകുന്നു.

ഞെരുക്കത്തിൻെറ നാളിൽ ആശ്വസിപ്പിക്കുന്ന ഒരു യഥാർത്ഥ മിത്രത്തെ ലഭിക്കാൻ നീ ആഗ്രഹിക്കുന്നെങ്കിൽ ഈശോയെ സമീപിക്കണം. ആട്ടിടയരോടൊന്നിച്ചു് ആ പുൽത്തൊട്ടിയെ സമീപിക്കുക. (ലൂക്കാ 1) മാതാവിൻെറ കരങ്ങളിൽ ഇരിക്കുന്ന ശിശുവിനെ നമസ്കരിക്കുന്നതിനു വിദ്വാന്മാരോടുകൂടെ വരുക. (മത്താ. 2) ദൈവാലയത്തിലേക്കു് അങ്ങേ അനുഗമിക്കുക, ശിമോനും അന്നായും ചേന്നു്. (ലൂക്കു്. 2) മാർത്തായോടുകൂടെ പട്ടണത്തിലേക്കും (ലൂ 10) മറിയയോടുകൂടെ കല്ലറയുടെ സമീപത്തേക്കും (യോഹ. 20) ഉത്സാഹവും സന്തോഷവും നിറഞ്ഞ വിചാരത്താൽ പൂരിതരായി, പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്നതിനു് മാളികയുടെ മുകളിലേക്കും കയറിച്ചെല്ലുക. (അ. പ്ര. 2)

ശരീരത്തിൽ മാത്രമല്ല, ആത്മാവിലും സത്യത്തിലും, ഇവിടെയും മറ്റെല്ലാ സ്ഥലത്തും ഈശോയെ അന്വേഷിക്കുന്നവൻ ധന്യനാകുന്നു.

www.malankaralibrary.com



അൻപിനം ക്രിസ്തുവിൻെറ സാന്നിദ്ധ്യം അൻപേഷിക്കുന്നതിനും ഉൽഗിയേറിയ ആ ദർശനം ലഭിക്കുന്നതിന സ്വയം തയ്യാറാകുന്നവനും, ക്രിസ്തുവിനോടു സംയോജിക്കുന്നതിനു് തീക്ഷ്ണമായ ആഗ്രഹത്താൽ എരിയുന്നവനും, സ്ഥലകാലഭേദമെന്യേ നിൻെറ ഹൃദയത്തിൻെറ അടിത്തട്ടിൽ ഈശോയെ അന്വേഷിക്കുന്നവനും ധന്യരിൽ ധന്യനാകുന്നു.

തൻെറ ജീവിതത്തിൽ ക്രിസ്തുവിനോടുകൂടെ കാൽവരിയിലേക്കു പോകുന്നവനും തൻെറ കുരിശു ക്രിസ്തുവിനോടുകൂടെ വഹിക്കുന്നവനും അനുഗൃഹീതൻ. എന്തെന്നാൽ, അവൻെറ അന്ത്യനിമിഷത്തിൽ രക്ഷകൻെറ സാഹായ്യം അവന ലഭിക്കും. പാപികളുടെമേൽ ആപതിക്കുന്ന ഭയങ്കരമായ വിധി വാചകത്തെക്കുറിച്ചു് അവന ഭയപ്പെടേണ്ടതില്ല.

2. യേശുവിനെ മാത്രമല്ല; അങ്ങേ ശിഷ്യന്മാരേയും അങ്ങേ സ്നേഹിച്ച സകലരേയും കാണുക. ക്രിസ്തുവിനെ പ്രീതിപ്പെടുത്താൻ ഈ ജീവിതത്തിലെ വേദനകളും സങ്കടങ്ങളും ക്ഷമാപൂർവ്വം സഹിക്കുക, എന്തെന്നാൽ, ദൈവസ്നേഹം ലോകത്തെ നിരസിക്കുവാൻ ഒരുവനെ പ്രാപ്തനാക്കുന്നു. അശുദ്ധവും വ്യർത്ഥവുമായ സകലത്തേയും അവൻ നിഷേധിക്കുകയും ചെയ്യുന്നു.

ഏകാന്തതയിലും ഭക്തിയിലും ജീവിക്കുന്നതിനു് തടസ്സമാകുന്ന എല്ലാ മിത്രങ്ങളേയും വേഴ്ചകളേയും സാഹചര്യങ്ങളേയും അകററുക. അതു് നിൻെറ പ്രത്യേക സമാശ്വാസത്തിനും വിശുദ്ധമായ ഏകാന്തതയിൽ പരിശുദ്ധ ശ്ലീഹന്മാരോടും ഈശോയുടെ സഹോദരന്മാരോടും ചേർന്നും ആനന്ദിക്കുന്നതിനും, അവർ ദൈവരാജ്യത്തിൽ നിന്നോടു സംഭാഷിക്കുന്നതിനും, തിരഞ്ഞെടുക്കപ്പെട്ടവരുടെ ആനന്ദം എത്ര വലിയതെന്നു് നിന്നെ അറിയിക്കുന്നതിനും, ഞെരുക്കമാകുന്ന വഴിയിലൂടെ കടന്നുപോകുന്നതുകൊണ്ടു് ഇത്ര ശ്രേഷ്ഠമായ അന്ത്യം എങ്ങിനെ പ്രാപിക്കാമെന്നതും നീ മനസ്സിലാക്കുന്നതിനും തന്നെ.

സ്വർഗ്ഗത്തിലെ പൗരന്മാരും സ്ത്രീപുരുഷന്മാരുമായ വിശുദ്ധന്മാരുടെ മുമ്പിലേക്കു വരുക. ലോകബഹളങ്ങളെ പരിത്യജിച്ചു് പരി. കന്യകാ മറിയത്തിൻെറ പ്രാർത്ഥനാലയമായ വി. കൂടാരത്തിലേക്കു പ്രവേശിക്കുക. നിനക്കാവശ്യമായ സമാശ്വാസങ്ങളും അവിടെയിരുന്നു് പ്രാർത്ഥിച്ചുവാങ്ങുക. ക്രിസ്തുവിൻെറ

www.malankaralibrary.com



മനുഷ്യാവതാര രഹസ്യത്തെക്കുറിച്ചും മനുഷ്യവർഗ്ഗത്തിന്റെ രക്ഷയെക്കുറിച്ചും സുവിശേഷിച്ച കർത്താവിന്റെ ദൂതനെ ശ്രദ്ധിക്കുക.

അവിടെ ഗബ്രിയേൽ അതിദൂതനോടും വാഴ്ത്തപ്പെട്ട കന്യകാ മറിയാമിനോടും ഒരുമിച്ച് ദിവ്യരഹസ്യങ്ങളെ മനസ്സിലാക്കുന്ന ദിവസം എത്ര അനുഗ്രഹീതവും ആ സമയം എത്ര ആനന്ദപ്രദവുമായിരിക്കും!! ദൈവത്തേയും ദൈവത്താൽ അയക്കപ്പെട്ടവനേയും മറിയം വിശ്വസിച്ചതുപോലെ, ദൂതൻ പ്രസ്താവിച്ച സകലവും നീയും ശക്തിയോടെ വിശ്വസിക്കണം.

പിന്നീട്, മരുഭൂമിയിലേക്ക തിരിഞ്ഞ് വി. യോഹന്നാൻ മാംദാനായെ അന്വേഷിക്കുക. യേശുക്രിസ്തുവിന്റെ മുന്നോടിയായ അദ്ദേഹം അവിടെ ഒളിച്ചു വസിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ മുമ്പിൽ സാഷ്ടാംഗം പ്രണമിച്ചുകൊണ്ട് ഭക്തിപൂർവ്വം ഇങ്ങനെ പറയുക: "യേശുക്രിസ്തുവിനു അത്യന്ത സ്നേഹമുള്ള വി. യോഹന്നാനേ, നിനക്കു വന്ദനം! അങ്ങേ വിസ്മയകരമായ ജീവിതത്തെക്കുറിച്ചും സുകൃതത്തെക്കുറിച്ചും ഞാൻ പലപ്പോഴും കേട്ടിട്ടുണ്ട്. അങ്ങെ സംബന്ധിച്ചുള്ള നിരവധി അത്ഭുതസംഭവങ്ങളും ഞാൻ കേട്ടിട്ടുമുണ്ട്. അങ്ങയുടെ അതിവിസ്മയകരവും അതിവിശുദ്ധവുമായ ജനനവും എനിക്കജ്ഞാതമല്ല. അങ്ങയുടെ ശൈശവംമുതൽ അതികഠിനമായ തപോനിഷ്ഠയിൽ മരുഭൂമിയിൽ അങ്ങു ജീവിച്ചുപോന്നതായും ചരിത്രം ഘോഷിക്കുന്നു. അങ്ങനെ കളങ്കമില്ലാത്ത വിശുദ്ധി വിചാരത്തിലും വചനത്തിലും പാലിക്കുവാൻ അങ്ങു ശക്തനായി."

അദ്ദേഹത്തോടു ചോദിക്കുക എത്രകാലംമരുഭൂമിയിൽഏകനായി കഴിച്ചുകൂട്ടിയെന്നു്. സമയം അനുവദിക്കുന്നപോലെ നീയും അദ്ദേഹത്തോടുകൂടെ വിജനതയിൽ വസിക്കണം.

അദ്ദേഹത്തോടു ചോദിക്കുക അവിടെ ഭക്ഷണവും പാനീയവും എന്തായിരുന്നുവെന്നു്. ആരായിരുന്നു അദ്ദേഹത്തിന്റെ ആവശ്യങ്ങൾ നടത്തിക്കൊടുത്തിരുന്നതു്. അദ്ദേഹത്തിന്റെ അമ്മയോ അപ്പനോ എന്തെങ്കിലും കൊടുത്തയച്ചിരുന്നുവോ എന്നുനോക്കു. അവർ അങ്ങോട്ടു ചെല്ലുകയോ അദ്ദേഹം അവരുടെ പക്കലേക്കു പോകുയോ ചെയ്തുവോ? ഗബ്രിയേൽ മാലാഖ ഇറങ്ങിവന്നു് നിഗൂഢരഹസ്യങ്ങൾ അദ്ദേഹത്തിനു വെളിപ്പെടുത്തുക

www.malankaralibrary.com



യോ, ഈശോതന്നെയും പ്രത്യക്ഷപ്പെട്ട അദ്ദേഹത്തെ ശക്തിപ്പെടുത്തുകയോ ചെയ്തുവോ? സുവിശേഷത്തിൽ ഇങ്ങിനെ എഴുതിയിരിക്കുന്നു: "ദൈവതൃക്കരം അവൻെറമേൽ ഉണ്ടായിരുന്നു." (ലൂ. 1: 66)

വി. യോഹന്നാൻ മാംദാനായിൽ കാണുന്ന ഈ പ്രത്യേകതകൾ എന്തെങ്കിലും ആയിക്കൊള്ളട്ടെ. അദ്ദേഹത്തിൽ നിറഞ്ഞിരുന്ന പരിശുദ്ധാത്മാവിന് നിന്നെത്തന്നെ സമർപ്പിക്കുക. ഏതാത്മാവിനാൽ അദ്ദേഹം ഉപദേശിക്കപ്പെട്ടുവോ, ആരാൽ അദ്ദേഹത്തിൻെറ ജീവിതം സുകൃതപൂർണ്ണമാക്കപ്പെട്ടുവോ മരുഭൂമിയിലും മററ സ്ഥലങ്ങളിലും, കാരാഗൃഹത്തിലെ ബന്ധനത്തിലും ഏതൊരു ശക്തി അദ്ദേഹത്തെ സൂക്ഷിച്ചുപോന്നുവോ അന്ത്യസമയത്ത് രക്തസാക്ഷിത്വത്തിൻെറ പുതിയ പതാക ധരിച്ചപ്പോൾ ആരു് അദ്ദേഹത്തിൻെറ ആത്മാവിനെ സ്വീകരിക്കുകയും ചെയ്തുവോ ആ പരിശുദ്ധാത്മാവിനു നിന്നെത്തന്നെ ഭരമേല്പിക്കുക.

5. പിന്നീട്, ക്രിസ്തുവിൻെറ ശിഷ്യന്മാരെ സമീപിക്കുക; പ്രത്യേകിച്ച് വി. പത്രോസിനെ. വിശുദ്ധനെ പിന്തുടന്നു പ്രാർത്ഥിക്കുന്നതിനായി ദൈവാലയത്തിലേക്കു പോകുക. "പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്നതിനു" (അ. പ്ര. 2) തന്നോടുകൂടെ മുകളിലെ മുറിയിലേക്ക് കയറി പ്രാർത്ഥിക്കുക.

വി. പൗലോസിനെ അനുധാവനം ചെയ്തു ദമാസ്ക്കോസിലേക്കു പോകുക; ശരീരത്തിലല്ല, ആത്മാവിൽ ക്രിസ്തുവിനെ പ്രസംഗിക്കുവാൻ എഫേസൂസിലേക്കും.

മററുള്ളവരുടെയെല്ലാം അദ്ധ്വാനത്തെ എങ്ങിനെ അദ്ദേഹം അതിശയിക്കുന്നുവെന്നു നോക്കുക. ഏതു നേരവും പ്രാർത്ഥിക്കുന്നു. മിക്കപ്പോഴും, പ്രാർത്ഥനയിൽ സ്വർഗ്ഗത്തേക്കു എടുക്കപ്പെടുകയും ചെയ്യുന്നു.

ഈ വലിയ ദാനങ്ങൾ എല്ലാവക്കും ലഭിച്ചിട്ടില്ല എന്നതു പരമാർത്ഥമാണ്. എന്നാൽ അതു ലഭിച്ച അപ്പസ്തോലൻ പറയുന്നു: "ഞാൻ എന്നെത്തന്നെ കാര്യമായി ഗണിച്ചിട്ടില്ല" (ഫിലി. 3. 13) എന്നും മറെറാരിടത്തു്, യേശുക്രിസ്തുവിൻെറ ജീവിതത്തോടും കഷ്ടാനുഭവത്തോടും അവർ തുല്യരാകണമെന്ന് വിശ്വാസികളെ പഠിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ, അദ്ദേഹം വീണ്ടും പറയുന്നു: "ക്രൂശിതനായ ഈശോയെ അല്ലാതെ, എന്നെ നിങ്ങളുടെ മ

www.malankaralibrary.com



ബോധ്യ അറിയിക്കണമെന്ന് ഞാൻ കരുതുന്നില്ല' (1. കോരി. 2: 2)

വി. പൗലോസിനെ അനുഗമിക്കുക. അദ്ദേഹം നിന്നെ കുരിശിന്റെ നേരായ മാർഗ്ഗത്തൂടെ സ്വർഗ്ഗത്തേക്ക് നയിക്കും.

കുറേക്കൂടി പോകുക. 'ആക്കായിയാ' പ്രദേശങ്ങളിലേക്ക്. ക്രൈസ്തവവിശ്വാസത്തെ അവിടെ പ്രസംഗിക്കുന്ന വി. അന്ത്രയോസിനെ ശ്രദ്ധിക്കുക. യേശുക്രിസ്തുവിന്റെ നാമത്തെപ്രതി കുരിശിനോടു ചേർത്താണി തറയ്ക്കപ്പെട്ടപ്പോൾ കുരിശിനെ അഭിവാദനം ചെയ്ത വാക്കുകൾ ശ്രവിക്കുക. അവ നിന്റെ ഹൃദയഫലകത്തിൽ രേഖപ്പെടുത്തേണ്ടതുതന്നെ. വിശുദ്ധാത്മാവിന്റെ പ്രചോദനത്താലും സാഹായ്യത്താലും അവ സന്തോഷത്തോടെ പൂർത്തിയാക്കാൻ ശ്രമിക്കുക. അദ്ദേഹം നിന്നോടു പറയുന്നതു ക്രിസ്തുവിന്റെ പീഡാനുഭവവും വി. കുരിശിന്റെ മഹത്വവും മാത്രമാകുന്നു.

വി. വലിയ യാക്കോബിനെ നോക്കുക. ഹേറോദേസിന്റെ കാലത്തുതന്നെ അദ്ദേഹം രക്തസാക്ഷിയായി. ദുരിതപൂരിതമായ ജീവിതത്തിലേ സങ്കടകരമായ കാസാ അദ്ദേഹത്തോടൊരുമിച്ച് പാനം ചെയ്യുക. ദൈവസ്നേഹത്തെപ്രതിയും നിന്റെ ആത്മരക്ഷക്കായും എല്ലാ ഞെരുക്കങ്ങളും ക്ഷമയോടെ സഹിക്കുക.

തുടരുക. അടുത്തതായി വത്സലശിഷ്യനായ വി. യോഹന്നാനെ സന്ദർശിക്കു. ക്രിസ്തുവിന്റെ നാമത്തെപ്രതി വിദേശവാസത്തിന് അദ്ദേഹം വിധിക്കപ്പെടുന്നു. ലോകത്തിന്റെ ബഹുമതികളും താല്പര്യപ്രകടനങ്ങളുമെല്ലാം അദ്ദേഹത്തിൽനിന്നും വേർതിരിക്കപ്പെട്ടു അവിടെ ദിവ്യദർശനത്താൽ, നിഗൂഢവും പ്രതിരൂപനിബദ്ധവുമായ 'വെളിപാട്' എഴുതുകയും യുദ്ധം ചെയ്യുന്നതും വിജയം വരിച്ചതുമായ സഭയുടെ അവസ്ഥകളെ അതിൽ രേഖപ്പെടുത്തുകയും ചെയ്തിരിക്കുന്നു. അതിനുശേഷം അദ്ദേഹം തന്റെ സുവിശേഷം എഴുതി. സഭകളേയും അതിലെ വിശ്വാസികളേയും ഉപദേശിക്കുന്നതിനും ആശ്വസിപ്പിക്കുന്നതിനും അവർക്ക് സാക്ഷ്യം നൽകുന്നതിനും എല്ലാററിലും മേലായി ക്രിസ്തുവിന്റെ ദിവ്യത്വം സംസ്ഥാപിക്കുന്നതിനുമായിട്ട്.

ഇതും വി. ലിഖിതത്തിലെ ഇതര പുസ്തകങ്ങളും വായിച്ചു പഠിക്കുക; നിന്റെ ഗ്രഹണശക്തിക്കനുസരിച്ചും എന്റെ ആജ്ഞ

www.malankaralibrary.com



ശ്യങ്ങളുടെ ഏററക്കുറച്ചിലിനൊപ്പിച്ചും. വിദേശവാസമാകുന്നു ഈ ഭൂമിയിൽ, മനുഷ്യദൃഷ്ടിയിൽ, പണ്ഡിതനും വിജ്ഞനുമായി കാണപ്പെടണമെന്ന ലക്ഷ്യം നീനക്കുണ്ടായിരിക്കരുതു്. പ്രത്യുത, മരണത്തോളം വിനയമുള്ളവനും ക്ഷമയുള്ളവനും അനുസരണയുള്ളവനുമായിത്തീരുന്നതിനായി മാത്രം.

നിന്റെ ആശ്വാസത്തിനുവേണ്ടി, ദൈവസേവനത്തിൽ വ്യാപൃതരായിരിക്കുന്ന ഇതര ശ്ലീഹന്മാരേയും സന്ദർശിക്കുക. അവരും ദൈവസ്നേഹത്തെപ്രതിയും വിശ്വാസത്തിനുവേണ്ടിയും രക്തസാക്ഷിത്വം വരിക്കുകയും നല്ല മാതൃകയാലും വചനത്താലും വിശ്വാസികളെ പുണ്യപാതയിലൂടെ നയിക്കുകയും ചെയ്തു.

നമ്മുടെ കർത്താവിന്റെ സഹോദരനായ വി. യാക്കോബ് തന്റെ കാതോലിക്ക ലേഖനം എഴുതുന്നതായി ദർശിക്കുക, അതിൽ ഒരു ക്രൈസ്തവ ജീവിതതത്വം അടങ്ങിയിട്ടുണ്ട്; നമ്മുടെ ജീവിതത്തിന്റെ മുഴുവൻ പൂർണ്ണതയും.

നമ്മുടെ കർത്താവിന്റെ തിരുമുറിവുകളെ ആദരപൂർവ്വം സ്പർശിക്കുകയും എല്ലാവരിലും ശക്തിയായി വിശ്വസിക്കുകയും ജ്വലിക്കുന്ന സ്നേഹത്താൽ "എന്റെ കർത്താവും എന്റെ ദൈവവുമേ" എന്നു വിളിച്ചു പറകയും ചെയ്ത (യോഹ. 20: 28) വി. തോമ്മസ് അപ്പസ്തോലനെ അന്വേഷിച്ച് ഇൻഡ്യയിലേക്കു തിരിയുക.

അതേ ശുഷ്കാന്തിയോടെ വിശുദ്ധനും അപ്പസ്തോലനും വിജ്ഞാനിയുമായ മത്തായി ഏവൻഗേലിസ്തനെ നോക്കുക. സകല ലോകത്തിന്റേയും പാരായണത്തിനായി ക്രിസ്തുവിന്റെ സുവിശേഷം എബ്രായഭാഷയിൽ അദ്ദേഹം വിരചിച്ചു. എന്തിനു? സർവ്വജനത്തിന്റേയും എല്ലാ ജാതിക്കാരുടേയും ഭാഷക്കാരുടേയും രക്ഷക്കായിട്ട്.

അതുപോലുള്ള ശുഷ്കാന്തിയോടും ഭക്തിയോടും യേശുക്രിസ്തുവിന്റെ ശിഷ്യന്മാരും അപ്പസ്തോലന്മാരുമായവരേയും പിന്തുടരുക. ഓരോരുത്തരും പല സ്ഥാനങ്ങളിലും സ്ഥലങ്ങളിലും ജീവന്റെ വചനത്തെ കാത്തുസൂക്ഷിക്കുകയും, ജനനത്തെ പഠിപ്പിക്കുകയും കർത്താവിന്റെ മുന്തിരിത്തോപ്പിൽ മരണപര്യന്തം അദ്ധ്വാനിക്കുകയും ചെയ്തു.

കണ്ടാലും! തങ്ങളുടെ രക്തം വിലകൊടുത്തും രക്തസാക്ഷിത്വത്തിന്റെ കിരീടം സമ്പാദിച്ചും നിത്യജീവൻ നേടിയവരും

www.malankaralibrary.com



അങ്ങിനെ സ്വർഗ്ഗപ്രവേശത്തിന്ന അർഹരുമായ ഇവരാകുന്നു ദൈവത്തിൻെറ വിശുദ്ധന്മാരും സ്നേഹിതന്മാരും. അവരുടെ അദ്ധ്വാനത്തിൻേറയും ഞെരുക്കത്തിൻേറയും ഗീതത്തെ സന്തോഷപൂർവ്വം ആലപിക്കുക. അപ്പോൾ നിൻെറ അദ്ധ്വാനങ്ങളിലും അല്പമായ ഞെരുക്കങ്ങളിലും നിനക്കും ആശ്വാസമനാകാം. ദൈവസേവനത്തിൽ ക്രിസ്തുവിനെപ്രതി വിശുദ്ധരും രക്തസാക്ഷികളും സഹിച്ചതിനോട് താരതമ്യപ്പെടുത്തിയാൽ നിൻെറ കഷ്ടപ്പാടും ഞെരുക്കവും എത്ര നിസ്സാരം!

---

# അദ്ധ്യായം 34

## ദൈവം തന്നേ നിൻെറ പരമലക്ഷ്യം

"അങ്ങേ പ്രതാപം ദർശിക്കുമ്പോൾ ഞാൻ സംതൃപ്തനാകും." (സങ്കീ. 116: 15)

1. ആത്മാവ്: കർത്താവേ, മനുഷ്യനെങ്ങനെ ഈ മഹത്വം പ്രാപിക്കും?

യേശുക്രിസ്തു: തന്നെത്താൻ നിരസിക്കുന്നതിനാലും ഭൗമികവസ്തുക്കളെ ഉപേക്ഷിക്കുന്നതിനാലും ദിവ്യവസ്തുക്കളെ തീക്ഷ്ണതയോടെ സ്നേഹിക്കുന്നതിനാലും ഈ മഹത്വം പ്രാപിക്കാം.

സ്വർഗ്ഗത്തിൽ ആനന്ദമനുഭവിക്കുന്ന വിശുദ്ധന്മാരും പാപത്തിൻെറ വശീകരണങ്ങൾക്കെതിരായി ഇവിടെ ഭൂമിയിൽ, യുദ്ധത്തിൽ ഏർപ്പെട്ടിരിക്കുന്ന വിശ്വാസികളും ഇതിന് എൻെറ സാക്ഷികളാകുന്നു.

എന്നാൽ, അന്ധകാരത്തിൻെറ അഹംഭാവികളായ ഭൂതന്മാർ, അവിശ്വാസികളായ വിജാതികൾ, ദുർമ്മതികളായ യഹൂദന്മാർ, കഠിനഹൃദയരായ പാഷണ്ഡികൾ, ജഡാസക്തരായ മനുഷ്യർ, ലൗകിക മോഹങ്ങളാൽ ആകർഷിക്കപ്പെട്ടവർ, ദൈവസേവനം പരിത്യജിച്ചവർ, തങ്ങളുടെ പ്രവൃത്തികളിൽ നല്ല

www.malankaralibrary.com



നിയോഗമില്ലാത്തവർ, ഭൗമികനന്മകളിൽ ആനന്ദിക്കുന്നവർ, മനുഷ്യപ്രീതിയും ബഹുമാനവും കാംക്ഷിക്കുന്നവർ ഇവരെല്ലാം അത്യുന്നതമായ ദിവ്യദർശനത്തിൽനിന്നും നിത്യമഹത്വത്തിൽനിന്നും അകന്നവരാകുന്നു.

ഹാ! എന്റെ ദൈവമേ, എനിക്കു ദുരിതം! പ്രയാസകരമായ യാത്രയിലും, അദ്ധ്വാനക്ഷമമായ അദ്ധ്യയനത്തിലും സുദീർഘമായ ജാഗരണത്തിലും മടിക്കൂടാത്ത പ്രവൃത്തനത്തിലും അവസാനിക്കാത്ത ഉത്കണ്ഠയിലും എല്ലാ പ്രകാരത്തിലും ലോകർ നിമഗ്നരായിരിക്കുന്നു. അവരുടെ ആഗ്രഹങ്ങൾക്ക് അവരെ അടിമകളാക്കുന്ന ആ സന്തോഷങ്ങളെ വർദ്ധിപ്പിക്കുന്നതിനും വച്ചു സൂക്ഷിക്കുന്നതിനുംതന്നെ. അവർ അമിതമായി ദാഹിച്ചു അതിന്റെ ഒരംശമെങ്കിലും ലഭിക്കുമ്പോൾ, അവരുടെ അദ്ധ്വാനഫലം വക്രമായോ അവക്രമായോ ലഭിക്കുമ്പോൾ അവർ സംതൃപ്തരല്ല. കൂടുതൽ കൂടുതൽ അവർ ആശിക്കുന്നു. അവരുടെ മോഹം യാതൊന്നിനേയും ഇവിടെ പരിത്യജിക്കുന്നില്ല. അവർ ഊതി വീർക്കുന്നു. വിജ്ഞാനികളെന്നും മനുഷ്യരുടെ ബഹുമാനാദരങ്ങൾക്കർഹരെന്നും അവർ സ്വയം ചിന്തിക്കുന്നു. അവരുടെ സഹോദരന്മാരിൽനിന്നും അവർ ബഹുമാനപ്രകടനം ആവശ്യപ്പെടുന്നു. ഇതെല്ലാം എത്ര നാളത്തേക്ക്. വ്യർത്ഥതയും ബലഹീനതയും ഇല്ലായ്മയുമല്ലാതെ എന്താണിത്. അവർ അന്വേഷിക്കുന്നതും ആഗ്രഹിക്കുന്നതുമെല്ലാം അവരുടെ നിത്യരക്ഷക്കു വിഘാതമാകുന്നു. അവരുടെ ആത്മാക്കളുടെ നന്മക്കുതകാത്തതും, അപകടപൂർണ്ണവുമത്രേ.

ലൗകികങ്ങളിൽ മാധുര്യം കണ്ടെത്തുന്നതും താല്ക്കാലികങ്ങളിൽ ആനന്ദം ദർശിക്കുന്നതുമായ സകല പ്രവൃത്തികളിലും നീനക്കബദ്ധം പററി. അവയിലെല്ലാം നീ വഞ്ചിതനായി. ഈ ആനന്ദങ്ങളൊന്നും ശാശ്വതങ്ങളല്ല. ഓരോ ദിവസവും നീ മരണത്തോടും ദൈവത്തിന്റെ ന്യായവിധിയോടും സമീപിക്കുന്നുവെന്ന് ഓർത്തുകൊള്ളുക.


എത്രതന്നെ മനോഹരമായാലും മധുരതമമായാലും സൃഷ്ടവസ്തുക്കൾ നൽകുന്നവയിൽ കയ്പു കലരാത്തതായി ഇഹലോകത്തിൽ യാതൊരനുഭവങ്ങളുമില്ല. ഇവയൊന്നിനും ആത്മാവിനെ തൃപ്തിപ്പെടുത്തുക സാദ്ധ്യവുമല്ല. തിന്മയിൽനിന്ന് ഇവയൊന്നും ആത്മാവിനെ സ്വതന്ത്രമാക്കയുമില്ല. അവസാനിക്കാത്ത ആ

www.malankaralibrary.com



നന്ദംകൊണ്ടാത്മാവിനെ നിറെക്കുന്നതിനും നന്മകൊണ്ടു സമ്പൂർണ്ണമാക്കുന്നതിനും ഇവ പര്യാപ്തമല്ല. നിത്യനും അപ്രമേയനും അത്യുത്തമനുമായ ദൈവത്തിനല്ലാതെ, അനുഗ്രഹീതമായ ഈ സത്ഫലങ്ങളെ നമ്മിൽ ഉല്പാദിപ്പിക്കുവാൻ ആർക്കും കഴികയില്ല. ദൃശ്യവും അദൃശ്യവും, ദൂതന്മാരും മനുഷ്യരും, എല്ലാററിനുമുപരിയും എല്ലാററിനുംമുമ്പുമുള്ളവനായി എന്നേയ്ക്കും വാഴ്ത്തപ്പെട്ടവനായ ദൈവമാകുന്നു സകലത്തിന്റെയും സ്രഷ്ടാവ്.

സ്വർഗ്ഗത്തിലേ വിശുദ്ധന്മാർക്കോ ഭൂമിയിലുള്ളവർക്കോ ദൈവത്തെക്കുറിച്ച് അർഹമായവിധം ചിന്തിക്കുന്നതിനോ സംസാരിക്കുന്നതിനോ കഴിയുമോ? ഒരു സൃഷ്ടിക്കു വിചാരിക്കാവുന്നതിലുമധികം ഉയർന്നവനാകുന്നു ദൈവം. അങ്ങേ ദൃഷ്ടിയിൽ സകല സൃഷ്ടികളും നിസ്സാരവും ഒന്നുമില്ലാത്തതുമാകുന്നു. ദൈവത്തിൽനിന്നകന്നുപോയ ആത്മാവ് സ്വയം വഞ്ചിക്കപ്പെടുന്നു. ദൈവസ്നേഹത്തിൽനിന്നും അതിനെ പിടിച്ചുമാററുന്ന വാസനകളെ അത് തഴുകുന്നു. പക്ഷേ, അവസാനം അതാത്മാവിനെ ദാരിദ്ര്യത്തിലും അന്തരോദ്ധ്യമായ നിർദ്ധനതയിലും കൊണ്ടുചാടിക്കും.




MALANKARA
LIBRARY

MALANKARA
LIBRARY